സീറോ മലബാർ ആരാധനക്രമം നൂറാണ്ടുകളിലൂടെ

DHARMARAM COLLEGE
LIBRARY
BANGALORE-29

ഡോക്ടർ വെള്ളിയാൻ

2561
IVH.82

Catholic Mission Press, Kottayam

1967

Dharmaram College Library
Acc. No. 88025
Call. No. F96/N545

NIhil Obstat,

Rev. Mathew Naduvileparambil, Ph. D.

Imprimatur

Rt. Rev. Mar Thomas Tharayil,
Bishop of Kottayam.

Kottayam,
2-2-1967.

ഉള്ളിലേയ്ക്ക് കടന്നാൽ

അവതാരിക

പ്രസ്താവന

അദ്ധ്യായം ഒന്ന്—ഉദയംപേരൂർ സൂനഹദോസുവരെ

പതിനാറാം നൂറ്റാണ്ടിനുമുമ്പ്—പോർട്ടുഗീസ് ഇൻഡ്യയും—പോർട്ടുഗീസുകാരും ഇൻഡ്യൻസഭയും—പതിനാറാം നൂറ്റാണ്ടിൽ—മാർ യാക്കോബ്—മാർ യൗസേപ്പ്—മാർ അബ്രാഹം. 1—12

അദ്ധ്യായം രണ്ട്—ഉദയംപേരൂർ സൂനഹദോസും

ആരാധനക്രമവും

i മെനേസസ്സ് മെത്രാപ്പോലീത്തായും സൂനഹദോസും.

ii സൂനഹദോസ്സ് ഡിക്രികളും ആരാധനക്രമവും
വി. കുർബാനയിലെ അനാഫൊറകൾ - കൂദാശവചനങ്ങൾ - വി. കുർബാനയിലെ മറ്റു മാറ്റങ്ങൾ - തക്സാതിരുത്തി ഉപയോഗിക്കണം - മാർപ്പാപ്പായുടെ നാമം - നെസ്തോർ, തിയഡോർ മുതലായവർ—വിശ്വാസപ്രമാണം - ലത്തീൻ കുർബാനയുടെ തജ്ജമ - കാനോനജപം - മറ്റനുകരണങ്ങൾ.

iii കൂദാശകളും കൂദാശാനുകരണങ്ങളും.
കാനോനജപം - ഹന്നാൻവെള്ളം - പ്രാർത്ഥനകൾ - ദർശനത്തിരുനാൾ - മറ്റു നിർദ്ദേശങ്ങൾ. 13—30

അദ്ധ്യായം മൂന്ന്—ഇൻഡ്യൻരീതികൾ—

അനുഭവണം

കൈവാലയ നിർമ്മാണം - മരിച്ചവരുടെ ശേഷക്രിയകൾ - വി. കുർബാന സ്നേഹഭോജനം - തിരുന്നാളുകൾ - മാമ്മോദീസാ - രോഗിലേപനം - സ്നാനം - അഗ്നി - വിവാഹാഘോഷം. 31—39

അദ്ധ്യായം നാല്—റോസ് മെത്രാൻ 40—46

അദ്ധ്യായം അഞ്ച്—റോസ് മെത്രാനുശേഷം

17-ം 18-ം നൂറ്റാണ്ടുകൾ

ആരാധനക്രമപുസ്തകങ്ങൾ അച്ചടിക്കുന്നു - കരിയാറിൽ മെത്രാപ്പോലീത്താ. 47—52

അദ്ധ്യായം ആറ്—19-ാം നൂറ്റാണ്ട്

തക്സാ, കൂദാശക്രമങ്ങൾ - ബർണ്ണർദീനോസ് മെത്രാപ്പോലീത്താ 53—58

അദ്ധ്യായം ഏഴ്—19-ാം നൂറ്റാണ്ടു (തുടർച്ച)

A. ദൈവദാസൻ ചാവറ ബ. കുര്യാക്കോസ് ഏലിയാ സച്ചൻ.
ഉ:ദ്ദേശനിയോഗ്യ ക്രമം.
B. ലെയൊനാർദ്ദ മെത്രാപ്പോലീത്താ.
കാനോൻജപം - തക്സാ.
C. യാക്കോബായ സഭയും പാശ്ചാത്യ സിറിയൻ ആരാധനക്രമവും. 59–74

അദ്ധ്യായം എട്ട്—റീത്തു പുനരുദ്ധാരണം

A. നാട്ടുമെത്രാന്മാർക്കു ലഭിച്ച റീത്തു്.
B. റീത്തുപുനരുദ്ധാരണത്തിനു മുൻപു്.
C. പൊന്തിഫിക്കൽ:
പുനരുദ്ധാരണത്തിനു മുമ്പു് - പുനരുദ്ധാരണം. 73–83

അദ്ധ്യായം ഒൻപതു്— റീത്തുപുനരുദ്ധാരണം (തുടർച്ച)

D. കുർബാനക്രമം
നാട്ടുമെത്രാന്മാർക്കു ലഭിച്ച തക്സാ - തക്സായുടെ പുനരുദ്ധാരണം.
E. കാനോനജപം
ഞായറാഴ്ചകളിലെയും തിരുന്നാളുകളിലെയും നമസ്കാരം - ഇടദിവസങ്ങളിലെ നമസ്കാരം. 83–92

അദ്ധ്യായം പത്തു്—ചില പ്രത്യാശകൾ

1. റീത്തിന്റെ പ്രകൃതത്തിനൊത്ത വളർച്ച : ബേമാ പുനരുദ്ധരിക്കുക—വേദപുസ്തക വായനകൾ—ദൈവവചന ശുശ്രൂഷ - കാറോസൂസ - കാനോന നമസ്കാരം - തിരുപ്പട്ടങ്ങൾ -
2. അനുരൂപണം: ഭദ്രദീപം - തിരുനാളുകൾ - പനിനീരുകളഭവും—സമാധാനാശംസ—ഷ്മൂസ് — ആശിർവ്വാദങ്ങൾ — സംഗീതം 93—117

ഉപസംഹാരം 107—113

അനുബന്ധം I ആരാധനക്രമത്തെപ്പറ്റി ഉദയംപേരൂർ സൂനഹദോസിന്റെ തീരുമാനങ്ങൾ 114 - 120

അനുബന്ധം II പോർട്ടുഗീസ് ഭാഷ മലയാളത്തിൽ 121—122

സൂചിക (അകാരാദി) 123–126

Bibliography 127—128

അവതാരിക

സീറോ-മലബാർ ആരാധനക്രമചരിത്രത്തിലെ ഒരു സുപ്രധാന ഘട്ടത്തിലാണു് നാമിപ്പോൾ. തീരുസ്സഭയിലെങ്ങും ദൃശ്യമാകുന്ന നവോത്ഥാനത്തിന്റെ പ്രതികരണങ്ങളും ഇവിടെയും രേഖപ്പെടുത്തിയ തോതിലെങ്കിലും ആരംഭിച്ചുകഴിഞ്ഞു. ജനങ്ങൾക്കു് ആരാധനക്രമം കൂടുതൽ സുഗ്രഹമാകുന്നതിനും മലയാളതർജ്ജമകളുണ്ടാക്കിത്തുടങ്ങി. അതോടൊപ്പം തന്നെ പൗരസ്ത്യ റീത്തുകളുടെ പ്രകൃതിയും ചൈതന്യവും അനുകരണസ്വാതന്ത്ര്യവും (freedom for adaptation) സുഗമമാക്കുവാൻ റീത്തു പുനരുദ്ധാരണവും നടന്നുവരികയാണു്. ഈ ഘട്ടത്തിൽ, "സീറോ-മലബാർ ആരാധനക്രമം നൂറാണ്ടുകളിലൂടെ" തികച്ചും കാലോചിതവും ഏറ്റവും പ്രയോജനകരവുമായ ഒരു പ്രസിദ്ധീകരണമാണു്.

സീറോ-മലബാർ സഭയെസ്സംബന്ധിച്ചു പ്രസിദ്ധംചെയ്തിട്ടുള്ള ചരിത്രരേഖകളിൽ വിരളമാണു്; പ്രത്യേകിച്ചും ആരാധനക്രമത്തെപ്പറ്റി. 'അവിടവിടെയായിക്കണ്ട ചില രേഖകൾ കൂട്ടിച്ചേർത്തു' സീറോ-മലബാർ ആരാധനക്രമത്തെപ്പറ്റി പ്രതിപാദിക്കുകയാണു് ഗ്രന്ഥകാരൻ. ഇതിലെ 'പ്രതിപ്രായം പരിപൂർണ്ണമല്ലെ'ന്നു ഗ്രന്ഥകാരൻതന്നെയും സമ്മതിക്കുന്നുണ്ടു് (P. viii). കാരണം സ്പഷ്ടം. ചരിത്രസംബന്ധമായ നിരവധി രേഖകൾ ഇനിയും വെളിച്ചംകാണാനുണ്ടു്. സത്യാനേഷികളായ ചരിത്രപഠിതാക്കൾക്കു് സീറോ-മലബാർ സഭയെപ്പറ്റി ഇവിടെയും യൂറോപ്പിലും കണ്ടെക്കാവുന്ന രേഖകൾ കണ്ടെടുത്തു് പ്രസിദ്ധംചെയ്യുവാൻ ഈ ഗ്രന്ഥം മാർഗ്ഗദർശകമാകുമെന്നു പ്രത്യാശിക്കുകയാണു്.

സീറോ-മലബാർ സഭയുടെ ചരിത്രത്തിന്റെ നല്ലൊരുഭാഗം ഇരുളടഞ്ഞതാണു്; പ്രത്യേകിച്ചും ആദ്യത്തെ പതിനാറു നൂറാണ്ടുകളിലെ ആരാധനക്രമരീതികൾ. പ്രകാശപൂർണ്ണമെന്നുകണക്കാക്കപ്പെടുന്ന ചില ഭാഗങ്ങൾതന്നെ ഏകപക്ഷീയമായി സ്ഥാപിതതാല്പര്യങ്ങൾകൊണ്ടു നിറച്ചിട്ടുള്ള രേഖകൾ അല്ലേ എന്നു് ഇന്നു സകാരണം സംശയിക്കപ്പെടുന്നു. വിദേശചരിത്രകാരന്മാർ നിയമാനുസൃതമെന്നു് പഠിപ്പിച്ചിരുന്ന

ഉടയംപേരൂർ സുനഹദോസ് മെനെയാമികമായി സാധുവല്ലെന്നു അടുത്തകാലത്തെ ഗവേഷണങ്ങളും തെളിയിച്ചതു് ഈ ചിന്താഗതിക്കു ഉപോൽബലകമാണു് (Thaliath Jonas, The Synod of Diamper, Rome, 1958). പുതിയ ഗവേഷണങ്ങളുംവഴി ചരിത്രയാഥാർത്ഥ്യങ്ങൾ കണ്ടുപിടിക്കുന്നതിനും പ്രസിദ്ധപ്പെടുത്തുന്നതിനുമുള്ള ശ്രമത്തിൽ ഈ ചെറു ഗ്രന്ഥം ഒരു കൈത്തിരിയായിത്തീരട്ടെ.

സീറോ-മലബാർ ആരാധനക്രമത്തിനു വളരെയധികം വ്യതിയാനം വരുത്താൻ ശ്രമിച്ച ഉടയംപേരൂർസുനഹദോസിനെപ്പറ്റി രണ്ടാമദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിച്ചതും, "ആരാധനക്രമത്തെപ്പറ്റി ഉടയംപേരൂർസുനഹദോസിന്റെ തീരുമാനങ്ങൾ" എന്ന അനുബന്ധം ചേർത്തതും ഉപയോഗപ്രദമായി. റോമുമെത്രാൻ, ലെയോനാർദ്ദ് മെത്രാപ്പോലീത്താ തുടങ്ങി സീറോ മലബാർ സഭയുടെ നന്മയ്ക്കുവേണ്ടി ആത്മാർത്ഥമായി യത്നിച്ചവരെയും ഈ ഗ്രന്ഥത്തിൽ പഠനവിഷയമാക്കിയതു് തീർത്തും ശരിതന്നെ. സീറോ മലബാർ റീത്തു് ലത്തീൻ മയമാക്കാൻ സഹായിച്ചവരെങ്കിലും സഭയുടെ നന്മയ്ക്കുവേണ്ടി സദ് വിശ്വാസത്തോടെ (bona fide) അവർ പണിയെടുത്തുവെന്നു ഗ്രന്ഥകാരൻ സൂചിപ്പിച്ചിട്ടുണ്ടു് (P. 73). അതു് പൊതുവിൽ വാസ്തവം തന്നെ; എങ്കിലും അതിനു അപവാദങ്ങളുണ്ടെന്നുള്ളതു് വിസ്മരിക്കാവുന്നതല്ല.

റീത്തു പുനരുദ്ധാരണപ്രസ്ഥാനമാണു് എട്ടും ഒൻപതും അദ്ധ്യായങ്ങളിലെ പ്രതിപാദ്യവിഷയം. പൊന്തിഫിക്കലിന്റേയും തക്സായുടെയും പുനരുദ്ധാരണരീതി വളരെ വിശദമായിപ്പറഞ്ഞിട്ടുണ്ടു്. റീത്തുപുനരുദ്ധാരണത്തെപ്പറ്റി തിരുസ്സഭയുടെ വീക്ഷണഗതി എന്തെന്നു വളരെ ചുരുക്കമായി (PP.109-111) പ്രസ്താവിച്ചിട്ടുണ്ടു്. അതു് അല്പംകൂടി വിശദീകരിച്ചിരുന്നെങ്കിൽ നന്നായിരുന്നു. അതിനു, "മാർപ്പാപ്പാമാരും പൗരസ്ത്യ റീത്തുകളും" എന്ന ശീർഷകത്തിൽ ഗ്രന്ഥകാരൻ 'അപ്പസ്തോലി'ന്റെ 1955 ഡിസംബർ 18, 25 എന്നീ ലക്കങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളിലേക്കു് അനുവാചകരുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

പുനരുദ്ധാരണം പരിശുദ്ധ സിംഹാസനം കൈവിട്ടിയെല്ലിച്ചതല്ല. സീറോ-മലബാറുകാർ, തങ്ങളുടെ പരമ്പര്യ സിറിയൻ റീത്തു് അതിന്റെ പവിത്രതയിൽ നല്കണമെന്നും പരി. സിംഹാസനത്തോട് പലപ്പോഴും അഭ്യർത്ഥിച്ച സന്ദർഭങ്ങളാം ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നുണ്ടു് (PP. 73-74). ഈ അടുത്ത കാലത്തു ചെയ്ത ഇത്തരത്തിലുള്ള അഭ്യർത്ഥനകളും വേറെയും കണ്ടേക്കാം. റോമൻകൂറിയായിലെ രേഖകളാം നൂറു വർഷം പഴക്കം ചെന്നശേഷം മാത്രം ഗവേഷകർക്കു നല്കുന്നതുകൊണ്ടു് നമുക്കിപ്പോളം അവയെപ്പറ്റി അധികാരികമായി അറിയുക അത്ര എളുപ്പമല്ല എന്നു മാത്രം.

പതിനാറാംനൂറ്റാണ്ടിനു മുമ്പു് അരാധനക്രമത്തിലുണ്ടായ അനുരൂപണ (adaptation)ങ്ങളാം ഏവരെയുന്നു പറയുന്നതോടൊപ്പം പുനരുദ്ധാരണത്തെ തുടർന്നു നടത്താവുന്ന അനുരൂപണരീതികളാംക്കു സൂചനയും ഗ്രന്ഥകാരൻ നല്കുന്നുണ്ടു്. അതു് പൊതുജനങ്ങളുടെ ചിന്താവിഷയമാകേണ്ടതാണു്.

ഇങ്ങനെ എല്ലാംകൊണ്ടും അനുകാലികവും ഉപകാരപ്രവുമായ ഈ പ്രസിദ്ധീകരണത്തിനു് ഗ്രന്ഥകാരനു അനുമോദിക്കുകയും അഭ്യുദയത്തിനു് ആശംസകളാം നേരുകയും ചെയ്യുന്നു.

ഫാദർ സിറിയക്കു് തേവർമണ്ണിൽ.

Kottayam,
14-2-1967.

പ്രസ്താവന.

മനുഷ്യപ്രകൃതിയുടെ മൗലികമായ പ്രത്യേകതയാണു്, ഈശ്വരനെ ആരാധിക്കുക. ഇതിനുള്ള മനുഷ്യന്റെ അഭിനിവേശം വളരെ ഉത്കടമാണു്. പ്രകൃതിയിലെ വിസ്മയാവഹമായ പ്രതിഭാസങ്ങളെ അവൻ പൂജിക്കുന്നതിന്റെ രഹസ്യവും മറ്റൊന്നല്ല. അതുകൊണ്ടുതന്നെ മനുഷ്യൻ പ്രകൃത്യുതന്നെ ഈശ്വരാരാധകനാണെന്നു പറയാറുള്ളതു്. ദൈവാരാധനയ്ക്കായുള്ള മനുഷ്യപ്രകൃതിയുടെ മതിവരാത്ത ആവേശത്തേയും ഒതുങ്ങാത്ത ആഗ്രഹത്തേയും ശരിയായി നയിക്കാനും പൂർണ്ണമായി സംതൃപ്തമാക്കാനും സാധിക്കുമോ? സാധിക്കുമെന്നു ക്രൈസ്തവാരാധന സമർത്ഥിക്കുന്നു.

ക്രൈസ്തവാരാധനയുടെ കേന്ദ്രം പരിശുദ്ധ കുർബാന തന്നെ. ക്രിസ്തു രക്ഷാകരവേലയിലൂടെ നേടിത്തന്ന ദൈവജീവൻ നൂറുങ്ങുകളിലൂടെ മനുഷ്യഹൃദയങ്ങളിലേക്കെത്തിച്ചുകൊണ്ടിരിക്കുന്നതു് വി. കുർബാനയും മറ്റു കൂദാശകളുമാണു്. കൂദാശകളും കാനോനനമസ്കാരവുമാണു് ക്രൈസ്തവത്തിൽ ആരാധനക്രമം. വ്യാപകാർത്ഥത്തിലാകട്ടെ, സഭാശ്രേഷ്ഠരുടെ നേതൃത്വത്തിൽ സമൂഹമായി നടത്തപ്പെടുന്ന മറ്റും അംഗീകൃത ഭക്തകൃത്യാനുഷ്ഠാനങ്ങളെല്ലാംതന്നെ.

ആദിമനൂറ്റാണ്ടുകളിൽ പലതരം ആരാധനക്രമങ്ങൾ സഭയുടെ വിവിധ കേന്ദ്രങ്ങളിൽ—ജറുശലമിലും അന്ത്യോക്യയിലും റോമിലുമൊക്കെ—രൂപമെടുത്തു. അവയുടെ കാതലായ ഭാഗം ക്രിസ്തുനാഥനിലും അപ്പസ്തോലന്മാരിലും നിന്നു് സ്വീകരിച്ചതാണു്. മാറുവാൻ അർഹം അധികാരമില്ലാത്ത ഈ കാതലായ ഭാഗത്തോടു് വിവിധ സംസ്കാരരീതികളും അനുരൂപണംചെയ്തുവിഭാവിച്ചവയാണു് പലതരം ആരാധനക്രമങ്ങൾ. സംസ്കാരരീതികളും സ്ഥലകാലങ്ങളുമൊക്കെത്തും മാറിക്കൊണ്ടിരിക്കും. അവ പുനരനുരൂപണവിധേയമാണു്. ആരാധനക്രമപരിഷ്കരണത്തിന്റെ അടിസ്ഥാനതത്വവും ഇതുതന്നെ. ഇവയിൽനിന്നെല്ലാം ഒരുകാര്യം വിശദമാണു്: വിവിധങ്ങളായ ആരാധനക്രമങ്ങൾ സഭയിലുണ്ടു്; അവയെല്ലാം ഘടനയിലും അനുഷ്ഠാനവിധികളും

ളിലും വ്യത്യസ്തമാണു്. പക്ഷേ സത്തയിൽ എല്ലാം ഒന്നു തന്നെ.

ഈ ആരാധനക്രമങ്ങളോടു പ്രത്യേക തരത്തിലുള്ള സഭാ രേണനിയമങ്ങളും മറ്റും കൂട്ടിച്ചേർത്തു് വിവിധ റീത്തുകളും ഉണ്ടായി: പാശ്ചാത്യ റീത്തുകളും പൗരസ്ത്യ റീത്തുകളും. പാശ്ചാത്യ റീത്തുകളിൽ പ്രമുഖം റോമൻ റീത്താണു്. അമ്പ്രോസിയൻ റീത്തു് (മിലാൻ), വിസിഗോത്തിക് റീത്തു് (സ്പെയിൻ), ലിയോൺ റീത്തു് (ഫ്രാൻസു്) തുടങ്ങിയവയും നിലവിലുണ്ടു്.

പൗരസ്ത്യറീത്തുകളെ അഞ്ചായി തിരിക്കാം: നെസ്തോറിയൻ, അർമ്മേനിയൻ, അന്ത്യോക്യൻ (പാശ്ചാത്യ സിറിയൻ) അലക്സാന്ത്രിയൻ, കൽദായ (പേർഷ്യൻ, പൗരസ്ത്യസിറിയൻ). ഇവയിൽ കൽദായശാഖയിൽപ്പെട്ടവരായി നാലു വിവിധവിഭാഗക്കാരുണ്ടു്: കൽദായ കത്തോലിക്കർ, മലങ്കരപൂർവ്വദേശത്തെ നെസ്തോറിയർ, സിറോ മലബാർ കത്തോലിക്കർ, തൃശ്ശൂരിലെ സുറായികളും. വിശ്വാസത്തിൽ വ്യത്യാസമുണ്ടെങ്കിലും ഈ സഭകൾക്കെല്ലാംതന്നെ സാമാന്യം പൊതുവായ ആരാധനക്രമമാണുള്ളതു്.

മലബാറിൽ വന്നുചേർന്ന പൗരസ്ത്യ സുറിയാനി ആരാധനക്രമത്തിനു്, അനുക്രമണത്തിലൂടെ വളർന്നു് സ്ഥിരപ്രതിഷ്ഠ ലഭിച്ചു. ഇതാണു് സിറോ മലബാർ റീത്തു്. ഇതിനു് നൂറാണ്ടുകളിലൂടെ വന്ന വ്യതിയാനമാണു് ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം. ഇതിലെ പ്രതിപാദ്യം പൂർണ്ണമാണെന്നു് ഒരു തരത്തിലും ഗ്രന്ഥകർത്താവിനു വിചാരമില്ല. ചരിത്രപരമായി ലഭിച്ച കുറെ രേഖകൾ കൂട്ടിവെച്ചു എന്നു മാത്രം. ആരാധനക്രമത്തെ നേരിട്ടു സ്പർശിക്കുന്ന രേഖകൾ സുലഭമല്ലെന്നതു് വാസ്തവമാണു്. റോമിലും പോർട്ടുഗലിലും മറ്റുമുള്ള പുരാതന ഗ്രന്ഥശാലകളിലെ കൈയെഴുത്തുപ്രതികൾ പരിശോധിച്ചാൽ ഇനിയും രേഖകൾ ധാരാളം കിട്ടിയേക്കാം. എങ്കിലും സാധാരണ രീതിയിൽ ഒരു സാമാന്യജ്ഞാനം ലഭിക്കാൻ ഈ പുസ്തകത്തിലെ രേഖകൾ ഉപകരിക്കുമെന്നു് കരുതുന്നു. ആരാധനക്രമമനുസരിച്ചു് യുഗങ്ങളുടെ ചിന്താഗതിയുമായി പരിചയപ്പെടാൻ ഈ ചെറുഗ്രന്ഥം കൈത്തിരിയാകുമെന്നു പ്രതീക്ഷിക്കുന്നു.

എല്ലാ കാലഘട്ടങ്ങളെയുംപറ്റി ഒരുപോലെ പ്രതിപാദിക്കാൻ സാധിച്ചില്ല. കാരണം സ്പഷ്ടമാണ്. ആദ്യനൂറ്റാണ്ടുകളിലെ രേഖകൾ സുലഭമല്ല.

ഈ വർഷം 16 ലേഖനങ്ങളായി അപ്പോസ്തോലൻ പ്രകാശം കാണിച്ചുവയാണ് പുസ്തകത്തിന്റെ സാരാംശം. പുസ്തകരൂപത്തിലാക്കിയപ്പോൾ ചില ഭാഗങ്ങൾ തിരുത്തേണ്ടി വന്നു, ചിലതു് ക്രമപ്പെടുത്തി; മറ്റു ചിലതു് കൂട്ടിച്ചേർക്കുകയുമുണ്ടായി. ഇതിന്റെ കൈയെഴുത്തുപ്രതികളിലൂടെ സസൂക്ഷ്മം കടന്നുപോയ ആറു കണ്ണുകളുണ്ട്: പെ. ബ. പ്ലാസിഡ് C. M. I., Ph. D., D. D., D. C. L., പെ. ബ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ D. C. L., L. Ph., L. D., ബ സി. റവ്വി. വയലിൽ M. A., L. Ph., L. D. ഈ ചെറുഗ്രന്ഥത്തിന്റെ രൂപവും ഭാവവും കഴിവതും ഉന്നതമാക്കുന്നതിൽ ഇവരുടെ നിർദ്ദേശങ്ങൾ എന്നെയേറെ സഹായിച്ചിട്ടുണ്ട്. ഇവർക്കും, സമ്പുഷ്ടമായ ഒരവതാരിക നല്കിയ ബവ. ഡോക്ടർ സിറിയക്ക് തേവർമണ്ണിൽ അവർകൾക്കും, പ്രസിദ്ധീകരണത്തിനു സഹായിച്ച മറ്റു സുഹൃത്തുക്കൾക്കും അകൈതവമായ കൃതജ്ഞത.

ഫാദർ ജേക്കബ് വെള്ളിയാൻ

St: Thomas Ap. Seminary,
Kottayam-10.
25th Dec. 1966.

സീറോ മലബാർ ആരാധനക്രമം നൂറാണ്ടുകളിലൂടെ.

അദ്ധ്യായം ഒന്ന്

ഉദയംപേരൂർസൂനഹദോസുവരെ

ആരാധനക്രമത്തിൽ വ്യതിയാനക്ഷമവും വ്യതിയാനക്ഷമമല്ലാത്തതുമായ ഘടകങ്ങളുണ്ട്. ക്രിസ്തുവും അപ്പസ്തോലന്മാരും നല്കിയതു പ്രധാനമായും വ്യതിയാനക്ഷമമല്ലാത്ത ഘടകങ്ങളാണ്. വ്യതിയാനം വരുത്താവുന്ന ഭാഗങ്ങളും പല നൂറാണ്ടുകളിലൂടെ പരിവർത്തനങ്ങൾക്കു വിധേയമായാണു് ആരാധനക്രമത്തിനു് ഇന്നു നിശ്ചിതരൂപമുണ്ടായതു്. ഇത്തരം രൂപവൽക്കരണം വിവിധകൈസ്തവകേന്ദ്രങ്ങളിലായി സാധിച്ചതു്, മൂന്നും നാലും അഞ്ചും നൂറാണ്ടുകളിലാണ്. അതുവരെ തിരുക്കർമ്മങ്ങൾക്കു ക്ലിപ്തരൂപമില്ലാതിരുന്നതിനാൽ കാർമ്മികന്റെ അറിവിനും വിവേകത്തിനും അനുസൃതമായി ഓരോ തിരുക്കർമ്മാനുഷ്ഠാനത്തിനും താൽക്കാലികരൂപം നൽകുകയാണു ചെയ്തതു്. അതിനു് ആരാധനക്രമത്തിന്റെ അവ്യവസ്ഥാപിതഘട്ടം (Fluid Stage of Liturgy) എന്നു പറയുന്നുണ്ടു്. മലങ്കരയിലെ ആരാധനക്രമത്തിനും അങ്ങനെയൊരു അനിശ്ചിതരൂപത്തോടുകൂടിയ കാലഘട്ടമുണ്ടായിരുന്നിരിക്കണം. റോമും അന്ത്യോക്യയും പേർഷ്യയുമൊക്കെ ഓരോരോ ആരാധനക്രമത്തിനു് രൂപം നൽകിയതുപോലെ മലങ്കര സഭ നൽകിയോയെന്നു് നമുക്കു കൃത്യമായി അറിഞ്ഞുകൂടാ.

പതിനാറാംനൂറ്റാണ്ടിനു മുമ്പ്.

ചരിത്രരേഖകളിൽനിന്നു മനസ്സിലാക്കാവുന്നിടത്തോളം പതിനാറാം നൂറ്റാണ്ടുവരെ മലബാർ സഭ ഉപയോഗിച്ചിരുന്നതു് പേർഷ്യൻ സഭയുടെ (പൗരസ്ത്യ സിറിയൻ സഭയുടെ) ആരാധനക്രമം തന്നെയാണു്. ഇതിനിടയ്ക്കിയ സാംസ്കാരുങ്ങളും പലതാണു്. പേർഷ്യൻപ്രദേശങ്ങളുമായി മലബാറിനു ക്രിസ്തുവർഷത്തിന്റെ ആദിമശതകങ്ങളിലുണ്ടായിരുന്ന വ്യാപാരബന്ധവും, പേർഷ്യയിൽനിന്നുള്ള കുടിയേറ്റപാർക്കലുമാണു് അവയിൽ ശ്രദ്ധാർഹം. ഈ പേർഷ്യൻറീത്തു് തോമ്മാശ്ലീഹായുമായി ബന്ധപ്പെട്ടതാണെന്നു വിശ്വസിച്ച മലബാർകാർ അതിനെ അതിയായി സ്നേഹിക്കുകയും "തോമ്മായുടെ മാർഗ്ഗം" എന്ന പേരിൽ അതു് അനുഷ്ഠിക്കയും ചെയ്തുവന്നു. അതിന്റെ ഫലമായിട്ടു 16-ാംനൂറ്റാണ്ടിൽ ലത്തീൻറീത്തിൽ തിരുപ്പട്ടം സ്വീകരിച്ചുവന്ന തങ്ങളുടെ മക്കളെ സ്വന്തം ഇടവകകളിൽ ലത്തീൻക്രമത്തിൽകുർബാന ചൊല്ലുന്നതിനു മാതാപിതാക്കന്മാർ വിസമ്മതം പ്രകടിപ്പിച്ചതു് (1).

പേർഷ്യയും ഇൻഡ്യയും

ക്രിസ്ത്വബ്ദത്തിനു മുമ്പു മുതൽക്കേ തെക്കേഇൻഡ്യയ്ക്കു് മദ്ധ്യപൂർവ്വദേശവുമായി ബന്ധമുണ്ടായിരുന്നുവെന്നു "കൽദായരുടെ ഊർ" ബാബിലോൺ തുടങ്ങിയ സ്ഥലങ്ങളിലെ ട്ടഗർഭഗവേഷണങ്ങളും തെളിയിച്ചിട്ടുണ്ടു്. അവിടങ്ങളിൽ നമ്മുടെ നാട്ടിൽ മാത്രം വളരുന്ന തേക്കിന്റെ അവശിഷ്ടങ്ങളും കാണുകയുണ്ടായി. ഹൈന്ദവർ പൂജ്യമായി കരുതുന്ന 'തുളസി' അതേ പേരോടുകൂടി മദ്ധ്യപൂർവ്വദേശത്തും അറിയപ്പെടുന്നു. തുളസി എന്നതിനു് അവിടെ അർത്ഥം "വിശുദ്ധീകരിക്കുന്നതു്" എന്നാണു്. പേർഷ്യൻസഭയും മലബാർസഭയും തമ്മിൽ ഭരണപരമായ കാര്യങ്ങളിലുണ്ടായിരുന്ന ബന്ധം പേർഷ്യൻറീത്തു് നമ്മുടെ മണ്ണിൽ വേരുപിടിക്കാൻ വളരെ സഹായിച്ചു. (2). ഈ ബന്ധം സുദൃഢമാക്കിയ മറ്റൊരു ഘടകമുണ്ടായിരു

---

(1) Gouvea A., Journada do Arcebispo de Goa, Dom Frey Alexio de Menezes, Coimbra, 1606, I. C. 10.

(2) Tisserant Cardinal, Eastern Christianity in India, Calcutta 1957 p. 18, Placid, The Syrian Church of Malabar, Changanacherry 1938 pp. 5—18.

ന്നു. പൗരസ്ത്യദിക്കുകളിൽ ആദിമനൂറ്റാണ്ടുകളിലെ വ്യാപാരത്തിനുപയോഗിച്ചിരുന്ന (commercial language) അറമായ (സുറിയാനി) ഭാഷയാണത്രേ. അശോകന്റെ (III-IV B. C.) വിളംബരങ്ങളിൽ രണ്ടെണ്ണം അറമായയിൽ ആലേഖനം ചെയ്യപ്പെട്ടവ തക്ഷശിലയിൽനിന്നു കണ്ടുകിട്ടി. യഹൂദജനത്തിനു വടക്കേഇൻഡ്യയിലുണ്ടായിരുന്ന സ്വാധീനതയും സ്ഥാനവുമല്ലേ ഇതു സൂചിപ്പിക്കുക (3).

പേർഷ്യൻസഭ.

പൌരസ്ത്യത്തിരുനാളിൽ വി. പത്രോസിനെ ശ്രുവിച്ചവരുടെകൂടെ മെസപ്പൊത്താമിയാക്കാരും ഉണ്ടായിരുന്നുവെന്നു അപ്പസ്തോലനടപടി (II, 9)യിൽ നാം കാണുന്നു. അക്കൂട്ടർ തിരിച്ചുവന്നു മെസപ്പൊത്താമിയായിലും ചുറ്റുപാടും പ്രസംഗിച്ചുകാണണം. വി. തോമ്മാശ്ലീഹ തന്റെ ശിഷ്യനായ 'മാറി'യെ എദേസ്സയ്ക്കു അയക്കുകയും, 'മാറി'യുടെ ശിഷ്യനായ 'അദ്ദായ്' സെലൂഷ്യയിൽ സുവിശേഷം പ്രസംഗിക്കുകയും ചെയ്തുവെന്ന പാരമ്പര്യമുണ്ടു. ചരിത്രത്തിൽനിന്നു നാം അറിയുന്ന ആദ്യത്തെ സെലൂഷ്യൻ മിഷ്ണപ്പു മാർ "പാപ്പാ" (3-4 നൂറ്റാണ്ടു) ആണു. 345-ൽ സെലൂഷ്യയിൽ വിളിച്ചുകൂട്ടിയ സൂനഹദോസിൽവച്ചു തന്റെ കീഴിൽ പേർഷ്യൻസഭയ്ക്കു സ്വയമായിയായ ഒരു ഭരണഘടന നൽകുവാൻ അദ്ദേഹം ശ്രമിച്ചു. എന്നാൽ അപ്പസ്തോലികസ്ഥാപനത്തിൽ അഭിമാനിച്ചിരുന്ന പേർഷ്യയിലെ പ്രധാനശ്രുപതകൻ അതു സമ്മതിച്ചില്ല. ഏതായാലും സ്വാതന്ത്ര്യം ചെയ്യുവാൻ നിർബന്ധിക്കപ്പെട്ട "പാപ്പാ" അന്ത്യോക്യയുടെ സഹായത്തോടുകൂടി വീണ്ടും അധികാരിയായി. 410-ലെ സെലൂഷ്യൻ സൂനഹദോസിൽവച്ചു മറ്റു പേർഷ്യൻ ശ്രുപതകരും സെലൂഷ്യൻശ്രുപതയുടെ അധികാരം അംഗീകരിച്ചു. 424-ലെ മർക്കബ്ബത്താ സൂനഹദോസ്, അന്ത്യോക്യയിൽ നിന്നു സെലൂഷ്യ പൂർണ്ണ സ്വതന്ത്രയായിയെന്നു പ്രഖ്യാപിച്ചു.

---

(3) Cfr. Burnet, Armaic Inscriptions from Taxfla, Journal of Asiatic studies, 1915, pp 340 - 342, യഹൂദജനത്തിനു പുരാതനകാലം മുതൽ ഇൻഡ്യയിലുണ്ടായിരുന്ന ബന്ധത്തെപ്പറ്റി കാണുന്നതിനു: The Jewish Encyclopedia Vol. 5, 'India' pp. 553 - 554.

പേർഷ്യൻ സഭയും ഇൻഡ്യൻ സഭയും

പേർഷ്യൻ നെസ്തോറിയൻ മേലദ്ധ്യക്ഷന്മാരാണ് ഇൻഡ്യയിലേക്കു മെത്രാന്മാരെ അയച്ചിരുന്നതു്. പേർഷ്യ സെലൂഷ്യയുടെ കീഴിലായിക്കഴിഞ്ഞിട്ടും മെത്രാന്മാരെ ഇൻഡ്യയ്ക്കു വിടാനുള്ള അവകാശം പേർഷ്യ നഷ്ടപ്പെടുത്തിയില്ല. 'മെസൻറ്' തോമസും മൗണ്ടിലും' മലബാറിൽ മറ്റു പലയിടത്തും കാണുന്ന പേർഷ്യൻകുരിശുകളും പേർഷ്യയുമായുള്ള ബന്ധമാണു സൂചിപ്പിക്കുക.

325-ലെ നിഖ്യ സുന്നഹദോസിൽ കൂടിയ പിതാക്കന്മാരിൽ "പേർഷ്യയുടെയും വലിയ ഇൻഡ്യയുടെയും മെത്രാപ്പോലീത്ത"യായ യോഹന്നാനും ഉൾപ്പെട്ടിരുന്നു. എന്നാൽ ഇതിൽ പറഞ്ഞിരിക്കുന്ന ഇൻഡ്യ നമ്മുടെ മാത്രമാജ്യത്തെയാണോ, അതോ പേർഷ്യൻരാജ്യത്തിനു കീഴുള്ള പ്രദേശങ്ങളെയെല്ലാമാണോ സൂചിപ്പിക്കുന്നതെന്നു് നിശ്ചയമില്ല (4).

345-ൽ ഇവിടെ വന്നെത്തിയ കനായിത്തോമ്മായുടെകൂടെ എദേസ്സായിലെ മെത്രാനായ മാർ യൗസേപ്പിനേയും കാതോലിക്കോസ് അയച്ചുവെന്നു പാരമ്പര്യം സാക്ഷിക്കുന്നുണ്ടു്. മി. പി. യു. ലൂക്കോസ് പ്രസിദ്ധീകരിച്ച 'പുരാതനപാട്ടു'കളിൽ കനായിത്തോമ്മായുടെ ആഗമനത്തെപ്പറ്റി പറയുന്നതിപ്രകാരമാണു്.

"ഉറഹാ മാർ യൗസേപ്പെഴുന്നള്ളുന്നു.
കുത്തങ്ങാം നാലരിരികയുണ്ടു്
ശെമ്മാശന്മാരവർ പലരുമുണ്ടു്
ശീപ്പായിമാരവരരികേയുണ്ടു്" (5).

അലക്സാന്ത്രിയാക്കാരനായ കോസ്മോസ് (522) തന്റെ 'സ്ഥലവിവരണ'ത്തിൽ പറയുന്നുണ്ടു്, പേർഷ്യയിൽ നിന്നും നിയമിതനായ ഒരു നെസ്തോറിയൻപട്ടക്കാരൻ ഒരു ഡീക്കനേയും ക്രിസ്ത്യാനികളേയും സിലോണിൽ കണ്ടുവെന്നു്. "കുരുമുളകു വി

(4) Mingana A, The early spread of Christianity in India, Manchester, 1926, pp 489 f

(5) ഉറഹ=ഏദേസ്സ Cfr. KEAY F. E, A History of the Syrian Church in India, Delhi, 1960 p. 20, കെ. ഇ. ജോബ്, കേരളത്തിലെ ക്രിസ്തുമതം, ചങ്ങനാശ്ശേരി, 1927, pp. 18 - 23.

ളയുന്ന" (മാമല)യിലും ക്രിസ്ത്യാനികളുണ്ടെന്നു് അദ്ദേഹം സാക്ഷിക്കുന്നു. "കല്യാണ"യിൽ പേർഷ്യയിൽനിന്നും നിയമിതനായ ഒരു മെത്രാൻ ഉണ്ടായിരുന്നെന്നും അദ്ദേഹം പറയുന്നുണ്ടു് (6).

സെലൂഷ്യൻ പാത്രിയർക്കാ ഈശോയഹ്ബു് മൂന്നാമൻ (650-660) പേർഷ്യയിൽ റിവാർദ്ദ ശീറി'ലെ മെത്രാപ്പോലീത്താ മാർ ശെമഓനു് എഴുതിയ ഒരു കത്തിൽ ഇൻഡ്യ പേർഷ്യയുടെ കീഴിലാണെന്നു സമ്മതിച്ചിട്ടുണ്ടു് (7).

സെലൂഷ്യയിലെ തിമോത്തി ഒന്നാമൻ (780-823) ഇൻഡ്യൻ സഭയെ പേർഷ്യൻമെത്രാപ്പോലീത്തായുടെ അധികാരത്തിൽനിന്നു മാറ്റി തന്റെ കീഴിലാക്കി (8).

അതിനല്പംമുമ്പു മാത്രമാണു് ഇൻഡ്യൻസഭയെ ഒരു മെത്രാപ്പോലീത്തായുടെ കീഴിലാക്കിയതു്. തിയഡോഷ്യസ് പാത്രിയർക്കാ (852-855) ഒരേവിശ്വാസമാണെന്നു കാണിക്കുന്ന പത്രികയും (letter of communion) പാത്രിയർക്കാ കൊട്ടാരത്തിന്റെ സൂക്ഷിപ്പിനു് ആറു കൊല്ലത്തിലൊരിക്കൽ ഒരു തുകയും ഇൻഡ്യൻസഭയിൽനിന്നു് ആവശ്യപ്പെട്ട (9). എല്ലാക്കൊല്ലവും മെത്രാന്മാർ പാത്രിയർക്കായെ ചെന്നു കാണണമെന്ന നിയമത്തിനു് അല്പം ഭേദഗതി വരുത്തിക്കൊണ്ടുള്ള ഒരു തീരുമാനമാണു് ഇവിടെ പ്രതിപാദ്യം.

ലോകത്തിലാകെ പടർന്നു പന്തലിച്ചു മിഷ്യനറിചൈതന്യം കവിഞ്ഞൊഴുകിയ ഒരു സഭയായിരുന്നു പൗരസ്ത്യ സിറിയൻസഭ. ഒരുകാലത്തു് അതിനു് 27 മെത്രാപ്പോലീത്തൻ ശ്രുപതകളും 200 മെത്രാസന ശ്രുപതകളും ഉണ്ടായിരുന്ന

---

(6) കല്യാണ = കല്യാൺ, കൊല്ലം, മലബാർ, ഫാദർ പ്ലാസിഡ്, ക്ലനൻകരിശിനു മുമ്പു്, തിരുവല്ല, 1940, 119, 138 വശങ്ങളും കാണുക.

(7) Assemani J. S., Biblistheca Orientalis, Vol. III, 2, p. 438.

(8) Fortescue. A. The lesser Eastern Churches, London, 1913, p. 350.

(9) Bar Hebreus, Chronieon Eccl. II p. 172. ed. Lamy Paris - Louvain, 1877.

ത്തു (10). 14-ാം നൂറ്റാണ്ടിൽ പൗരസ്ത്യ സിറിയൻസഭയിലെ അതിരൂപതകളുടെ പേരുനൽകുന്ന "ആമ്പർ" ഇൻഡ്യൻ പ്രോവിൻസിനു് 15-ാമത്തെ സ്ഥാനം നൽകുന്നു; 14-ാം സ്ഥാനം ചൈനാ പ്രോവിൻസിനും (11).

1301-ൽ കൊടുങ്ങല്ലൂർവച്ചെഴുതിയ കയ്യെഴുത്തുപ്രതിയിൽ (Vat. Syr 22) മലബാർ മെത്രാന്റെയും സെലൂഷ്യൻ പാത്രിയാർക്കായുടെയും പേരുകൾ ഒന്നിച്ചുപറയുന്നു. കൊടുങ്ങല്ലൂർ വി. കുരുശ്ശേരിയിൽവച്ചു് "യാബാലാഹാ പാത്രിയാർക്കായുടെയും മാർ യാക്കോബു് മെത്രാപ്പോലീത്തായുടെയും കാലത്താണു്" ഇതു പകർത്തിയതു്.

പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനവും മെത്രാന്മാരെ ലഭിക്കാൻ മലബാറുകാർ സെലൂഷ്യൻ പാത്രിയർക്കായെ സമീപിച്ചുവെന്നു് അക്കാലത്തെ ചില രേഖകളും സൂചിപ്പിക്കുന്നു. (12) അതിനെത്തുടർന്നും മെത്രാന്മാർ സെലൂഷ്യൻസഭയിൽനിന്നു് ഇവിടെ വന്നിരുന്നുവെന്നു പോർട്ടുഗീസുരേഖകളും തന്നെ സാക്ഷിക്കുന്നുണ്ടു്. 16-ാംനൂറ്റാണ്ടിന്റെ അവസാനംവരെ ഇവിടെ പൗരസ്ത്യ സിറിയൻ മെത്രാന്മാരാണു് ഭരിച്ചിരുന്നതു്. അവസാനത്തെ ആറു മാർ അബ്രാഹം ആയിരുന്നു. ഈ ദീർഘകാലബന്ധം ഇവിടെ പൗരസ്ത്യ സിറിയൻ ആരാധനക്രമം ശ്രദ്ധമൂലമാക്കിയതിൽ അത്ഭുതമില്ല.

പൗരസ്ത്യ സിറിയൻ ആരാധനക്രമം തന്നെയാണു് പതിനാറാം നൂറ്റാണ്ടുവരെ മലബാറിൽ ഉപയോഗിച്ചുവന്നിരുന്നുവെന്നതിനു് ചില പ്രമാണരേഖകളുണ്ടു്. Vatican Syriac Codex 22 ആണു്, അവയിൽ ഇന്നറിയപ്പെട്ടിട്ടുള്ളവയിൽവച്ചേറ്റവും പുരാതനം. 1301-ൽ കൊടുങ്ങല്ലൂരിൽ വ

---

(10) Stewart J. Nestorian Missionary Enterprise; A Church on fire, Edinbury 1928

(11) Gismondi H., Maris Amri et Slibae de patriarchis Nestorianorum commentaria, Rom, 1896-99, p. 125.

(12) Vat Syr. 204, Cfr. Tisserant Cardinal, Eastern Christianity in India, pp. 24 - 25.

ച്ചാണു് ഇതെഴുതിയതു്. (13) നമ്മുടെ കർഛാനയിൽ ആണ്ടുവട്ടം വായിക്കാൻ ക്രമപ്പെട്ടുത്തിയ വി. പൌലോസിന്റെ ലേഖനങ്ങളാണു് ഇതിലെ ഉള്ളടക്കം. മലബാറിലെ ഉപയോഗത്തിനുവേണ്ടി എഴുതിയ അതിലെ ക്രമീകരണം പൗരസ്ത്യ സിറിയൻ (കൽദായ, നെസ്തോറിയൻ) സഭകളിലേതുപോലെയാണു്.

പതിനാറാം നൂറ്റാണ്ടിൽ

പോർട്ടുഗീസു് മിഷ്യനറിമാർ കേരളത്തിൽ വന്നതു് പതിനാറാംനൂറ്റാണ്ടിന്റെ ആരംഭത്തിലാണല്ലോ. അഞ്ചോ ആറോ പേർഷ്യൻ മെത്രാന്മാർ അക്കാലത്തു് മലബാറിലുണ്ടായിരുന്നു. (14) സാമ്പത്തികമായും മറ്റും സഹായം ചെയ്തു് അവരുമായി മിഷനറിമാർ അടുപ്പത്തിൽ കഴിഞ്ഞുവന്നു. മെത്രാന്മാരെ അവർ ബഹുമാനിക്കുകയും തങ്ങളുടെ പള്ളിയിൽ വിശുദ്ധ ബലി അർപ്പിക്കുന്നതിനു് അവരെ ക്ഷണിക്കുകയും ചെയ്തു. ഈ വിവരങ്ങളെല്ലാം 1504-ൽ ഇവിടെയുണ്ടായിരുന്ന കൽദായ മെത്രാന്മാർ അന്നത്തെ കൽദായ പാത്രിയാർക്കീസിനയച്ച കത്തിൽ കാണുന്നുണ്ടു്. (15) ഒരു പ

---

(13) Vat. Syr. 22. add I. അതിന്റെ 93–ാം പേജിൽ രണ്ടാം ഖണ്ഡികയിൽ ഇങ്ങനെ കാണുന്നു: ''ഈ വി. ഗ്രന്ഥം ....മലബാറിൽ ശങ്ങല (കൊടുങ്ങല്ലൂർ) നഗരത്തിൽ വച്ചു' എഴുതപ്പെട്ടു. പൗരസ്ത്യ ദിക്കിലെ കത്തോലിക്കാ സഭയുടെ ഭരണം സ്വീകരിച്ചിരിക്കുന്ന.....യബാലാഹാ അഞ്ചാമൻ (മൂന്നാമൻ) കാതോലിക്കാ പാത്രിയർക്കീസായിരിക്കുമ്പോൾ.....വി. തോമ്മാശ്ലീഹായുടെ വി. സിംഹാസനത്തിന്റെ....ഭരണകർത്താവു്,—നമ്മുടെയും ഇൻഡ്യയിലെ ക്രിസ്ത്യാനികളുടെ സഭ മുഴുവന്റെയും ഭരണകർത്താവു്—മാർ യാക്കോബു' അപ്പസ്തോലപ്പെട്ട മെത്രാപ്പോലീത്ത ആയിരുന്നു. അക്കാലത്തു് ഗ്രീക്കു വർഷം 1612–ൽ (1301) ഹസീറാൻ മാസത്തിലെ (ജൂൺ) ഒരു ബുധനാഴ്ച ദിവസമാണു ഈ പുസ്തകം എഴുതിയതു്. സ്തെഫാനോസിന്റെ പൗത്രനും യൗസേപ്പിന്റെ പുത്രനുമായ സ്തെഫാനോ ദിയാക്കോൻ ഇതു പകർത്തി.

(14) Schurhammet G. The Malabar Church and Rome, Trichinapoly, 1934, pp 1 - 2.

(15) Naga Ayam, Travancore State Manual II Trivandrum, 1936, p. 149.

ള്ളിയിൽത്തന്നെ രണ്ടു റീത്തുകളിലും വി. ബലി അർപ്പിച്ചിരുന്നതത്രേ. മലബാറിലെ ഒരു കൽദായ മെത്രാനായിരുന്നു മാർ യാക്കോബിന്റെ സത്യവിശ്വാസത്തേയും വിശ്വാസിയേയും പറ്റി വി. ശ്ലീഹായർ തന്നെയും എത്ര കായ്മയായി സാക്ഷിച്ചിരിക്കുന്നു:

1949 ജനുവരി 26-ാം തീയതി പോർട്ടുഗലിലെ ജോൺ മൂന്നാമൻ രാജാവിനു് അയച്ച ഒരു കത്തിൽ "മാർ യാക്കോബു് ആബ്രഹാം സുകൃതംകൊണ്ടും വിശ്വാസികൊണ്ടും ദൈവത്തിനു് സംപ്രീതനാണെന്നു് വിശ്വാസികൾ സാക്ഷിക്കുന്നു. രാജാവിനു വേണ്ടി ദൈവത്തിനു മുമ്പാകെ മദ്ധ്യസ്ഥപ്രാർത്ഥന നടത്താൻ പറ്റിയ ആളായിട്ടാണു് വിശ്വാസികൾ മാർ യാക്കോബിനെ ചിത്രീകരിക്കുന്നതു്. കത്തോലിക്കരല്ലാത്തവരെപ്പറ്റി വിശ്വാസികൾ ഇപ്രകാരം പറയുമോ? (16) തന്നെയുമല്ല, മാർ യാക്കോബു് പോർട്ടുഗീസുകാരുടെ ചാപ്ലിനായി ജോലിനോക്കുകയും വി. കർമ്മാനുഷ്ഠാനത്തിൻ റീത്തിൽ അർപ്പിക്കുകയും ചെയ്തിരുന്നതത്രേ!

വർഷങ്ങളും കടന്നുപോയി. നാട്ടു ക്രിസ്ത്യാനികളുടെ ആചാരങ്ങളും റീത്തുവൃത്യാസവും മിഷനറിമാരിൽ അസംതൃപ്തിയുളവാക്കി. ലത്തീൻ റീത്തിൽനിന്നും തികച്ചും വിഭിന്നമായ ഒരാരാധനക്രമമത്രേ അവർ ഇവിടെ കണ്ടതു്. ആ ആരാധന ക്രമത്തെപ്പറ്റി മിഷനറിമാർ തീർത്തും അജ്ഞരായിരുന്നു. ഫലമോ? പാവനവും പുരാതനവുമായ ആ ആരാധനക്രമം അത്രയും അബദ്ധസങ്കലിതമാണെന്ന നിഗമനത്തിൽ അവർ എത്തി. നെസ്തോറിയൻ ചിന്താഗതിയുടെ സാഹചര്യങ്ങളിൽ വളർന്ന പേർഷ്യൻ സഭയുമായി മലബാർ റീ

---

(16) Cfr. Coleridge S. J., Life and Letters of St. Francis Xavier, London, 1872, Vol. II pp. 73 - 74.

ത്തിനുണ്ടായിരുന്ന ഖണ്ഡം അവരുടെ അനുമാനത്തെ ഉറപ്പിച്ചു (17).

പേർഷ്യൻ റീത്തു് അതേപടി സ്വീകരിക്കയല്ല മലബാർകാർ ചെയ്തിരുന്നതു്. (മൂന്നാം അദ്ധ്യായം കാണുക) പുലകളി, ശ്രാദ്ധം തുടങ്ങിയ ഇൻഡ്യൻ രീതികൾകൂടി ചേർക്കപ്പെട്ടിരുന്നു. ഇതിൽനിന്നു മിഷനറിമാർ ഊഹിച്ചതു് ഹിന്ദുക്കളുടെ അന്ധവിശ്വാസവും അബദ്ധാചാരവും മലബാർറീത്തിൽനിന്നു ഒഴിഞ്ഞുകയറിയിട്ടുണ്ടെന്നായിരുന്നു. ഇതിന്റെ യെല്ലാം ഫലം ദുരുപദേശമായിരുന്നു. ഇവിടത്തെ കീഴ്ക്കൻ റീത്തു് കഴിവതും ലത്തീൻ റീത്തുമായി അനുരൂപപ്പെടുത്തി, ശുദ്ധീകരിക്കാൻ തന്നെ മിഷനറിമാർ തീരുമാനിച്ചു. അവരുടെ സ്നേഹശൂന്യത ഇവിടെ ചോദ്യം ചെയ്യുന്നില്ല. മലബാർ സഭയുടെ ഭരണം സെലൂഷ്യൻ പാത്രിയർക്കീസിൽ നിന്നു മാറ്റി പോർത്തുഗീസു് രാജാവിന്റെ കീഴിലാക്കാൻ അവർ ആഗ്രഹിച്ചു. ഇക്കൂട്ടരെപ്പറ്റി Roz S. J. പറയുന്നതു്: ലത്തീൻ റീത്തിനു് അനുമായി ഒന്നുംതന്നെ അവർക്കു് അറിയാൻ പാടില്ലായിരുന്നു. അനുമായതെല്ലാം പാഷണ്ഡതയും അന്ധവിശ്വാസവുമായി അവർ കരുതിയിരുന്നു (18).

1540–41-ൽ കൊടുങ്ങല്ലൂരിൽ ഒരു പോർത്തുഗീസു് മിസ്സമിനാരി ആരംഭിച്ചു. അവിടെ മലബാർ റീത്തിൽപ്പെട്ട യുവാക്കളെ പരിശീലിപ്പിച്ചു് ലത്തീൻ റീത്തിൽ അവർക്കു വൈദികപട്ടം കൊടുത്തു. മലബാർകാരായ (നാട്ടു) വൈദികർ തങ്ങളുടെ വിശ്വാസികളോടുകൂടി കൊടുങ്ങല്ലൂർനിന്നും

(17) പേർഷ്യൻ, സെലൂഷ്യൻ സഭകളിൽ വളർന്നതാണു് പൗരസ്ത്യ സിറിയൻ റീത്തു് എന്നതു വാസ്തവം തന്നെ. എന്നാൽ പശ്ചിമേഷ്യയുടെ ഭൂമിശാസ്ത്രപരമായ കിടപ്പിനേയും അവിടത്തെ സഭയെ അസ്വസ്ഥമാക്കിയ ദൈവശാസ്ത്രപരമായ വിവാദങ്ങളെയും പറ്റി അറിവില്ലാതിരുന്ന മലബാറുകാർക്കു (P. J. Thomas, Christians and Christianity in India and Pakistan, London, 1954 p 40) പൗരസ്ത്യ സിറിയൻ ആരാധന പുസ്തകങ്ങളിൽ ചില അബദ്ധങ്ങളുണ്ടായിരുന്നുവെന്നതു് സുഗ്രാഹ്യമായിരുന്നില്ല. അബദ്ധങ്ങളുണ്ടെന്നറിഞ്ഞപ്പോഴും അവർ അവ തിരുത്തുകയും ചൊല്ലാതിരിക്കുകയും ചെയ്തിരുന്നുവെന്നു പോർട്ടുഗീസു' മിഷ്യനറിമാർ തന്നെ സാക്ഷിച്ചിട്ടുണ്ടു്.

(18) Jesuit archives in Rome, Goa 65, 43.

പോർത്തുഗീസു കേന്ദ്രങ്ങളിൽനിന്നും ഓടിപ്പോകുവാനിടയാക്കിയ മറ്റു ചില സംഭവവികാസങ്ങളുംകൂടി നടന്നു. പൗരസ്ത്യ റീത്തുകളിൽ വലിയ നോമ്പു്, പെന്തുർത്താ കഴിഞ്ഞു വരുന്ന തിങ്കളാഴ്ചയാണു് ആരംഭിക്കുന്നതു്. എന്നാൽ ലത്തീൻ റീത്തിലെപ്പോലെ വലിയനോമ്പു് വിട്ടതിത്തിരുനാളിൽ മാത്രം ആരംഭിക്കുന്നതിനു് പോർത്തുഗീസു് മിഷ്യനറിമാർ വ്യവസ്ഥ ചെയ്തു. നാട്ടുക്രിസ്ത്യാനികളെ ഈ മാറ്റം രോഷാകുലരാക്കിയെന്നു പറയേണ്ടതില്ലല്ലോ. കൂടാതെ, വി. കർബ്ബാനയ്ക്കു് പുളിച്ച അപ്പമാണു് പൗരസ്ത്യർ ഉപയോഗിച്ചിരുന്നതു്. ഈ മാറ്റം, ലത്തീൻ റീത്തിലെ നടപ്പനുസരിച്ചു് പുളിക്കാത്ത അപ്പം ഉപയോഗിക്കാൻ നാട്ടുവൈദികരെ പ്രേരിപ്പിച്ചതും വിവാഹിതരായ പുരോഹിതർ ടിവുങ്കലി അപ്പിക്കരുതെന്നു് അനുശാസിച്ചതുമെല്ലാം മലബാർകാരിൽ പോർത്തുഗീസു വിദ്വേഷം ആളിക്കത്താൻ ഇടയാക്കിയ ചില സംഭവങ്ങളാണു്. ഇവയെല്ലാം തെളിയിക്കുന്നതിനു രേഖകളുണ്ടു് (19).

മാർ യാക്കോബു് (1503–1549)

പൗരസ്ത്യ സിറിയൻ റീത്തിലെ മാമ്മോദീസായുടെ സാധുതയെപ്പോലും തെളിയിക്കാൻ മാർ യാക്കോബിനു വളരെയധികം വാദിക്കേണ്ടിവന്നുവെന്നു പറയപ്പെടുന്നു.

വിദേശ മിഷ്യനറിമാരുടെ നിർബന്ധവും പ്രേരണയുംമൂലം മാർ യാക്കോബു് പാപ്പാസങ്കീർത്തനക്രമം ലത്തീനിൽനിന്നു സുറിയാനിയിലേക്കു തർജ്ജമ ചെയ്തു. മാർ യൗസേപ്പു് അതു് അല്പം പരിഷ്കരിച്ചെന്നും പറയപ്പെടുന്നു. (20) ആരാധനക്രമ പഞ്ചാംഗത്തിലും (Liturgical calendar) ലത്തീൻ ക്രമമനുസരിച്ചു ചില വ്യത്യാസങ്ങളൊക്കെ മാർ യാക്കോബു വരുത്തി (21).

---

(19) Roz S. J., Relacao da Serra, 1604, British Museum Add. Ms 9853 fol. 90.

(20) Roz, Relacao fol. 91.

(21) ഫാദർ പ്ലാസിഡ്, നമ്മുടെ റീത്തു്, മാന്നാനം 1951 p 52; F, Nau, Fragments de Mar Aba VI, Trois Petits Calandriers, Paris 1912.

മാർ യൗസേപ്പ് (+1569)

ലത്തീൻറീത്തിലെ തിരുവസ്ത്രങ്ങളും, പുളിക്കാത്ത അപ്പവും എന്നിവ നമ്മുടെ റീത്തിൽ ഉപയോഗിക്കണമെന്നു നിശ്ചയിച്ചതു് മാർ യൗസേപ്പാണെന്നതു ചില ചരിത്രരേഖകളിൽ നിന്നും അനുമാനിക്കേണ്ടതു്. കൂടാതെ അദ്ദേഹം ഒരു തക്സായും (കർബാനപ്പുസ്തകം) ക്രമപ്പെടുത്തി. ആ തക്സായുടെ കയ്യെഴുത്തു പ്രതി വത്തിക്കാൻ ഗ്രന്ഥാലയത്തിൽ ഇപ്പോഴും സൂക്ഷിച്ചു വച്ചിട്ടുണ്ടു് (22). അതിലെ കൂദാശവചനങ്ങളും ലത്തീൻ മയമാണു്. കാനോനനമസ്കാരം ക്രമപ്പെടുത്തിയതും അദ്ദേഹമാണെന്നു കരുതപ്പെടിയിരിക്കുന്നു (23).

മാർ അബ്രാഹം (+ 1597)

1885-ൽ ഗോവയിൽവച്ചു നടന്ന പ്രാദേശിക സൂനഹദോസിൽ മാർ അബ്രാഹവും സന്നിഹിതനായിരുന്നു. അതിന്റെ നിശ്ചയമനുസരിച്ചു ലത്തീൻ കർബാന, കൂദാശക്രമങ്ങളും കൂദാശാനുകരണക്രമങ്ങളുമടങ്ങിയ Roman Ritual, കാനോനനമസ്കാരം, മെത്രാൻ അനുഷ്ഠിക്കുന്ന തിരുക്കർമ്മ വിധികളുമടങ്ങിയ പൊന്തിഫിക്കൽ ഇവ ലത്തീനിൽനിന്നു് സുറിയാനിയിലേക്കു തർജ്ജമ ചെയ്യാൻ ശ്രമങ്ങളാരംഭിച്ചു സുറിയാനി ഭാഷയിൽ പ്രാഗത്ഭ്യമുണ്ടായിരുന്ന ഫാദർ റോസു് (Roz) S. J. യെ മാർ അബ്രാഹമിനു സഹായിയായി ഇതിലേക്കു നൽകി. പക്ഷേ, സൂനഹദോസിന്റെ തീരുമാനം അതേപടി പ്രാവർത്തികമായില്ല. Ritual ന്റെ ചില ഭാഗങ്ങളും മാത്രമേ വയ്പിക്കോട്ട സെമ്മിനാരിയിൽ വച്ചു് റോസു് തർജ്ജമ ചെയ്തതായി കാണുന്നുള്ളൂ. മാർ അബ്രാഹമിന്റെ അനാൽസുക്യമായിരിക്കാം മറ്റുള്ള ഭാഗങ്ങളും തർജ്ജമ ചെയ്യാനിടയാകാതിരുന്നതിന്റെ കാരണം. പോർത്തുഗീസുകാരും ഈശോസഭക്കാർ തന്നെയും തന്റെ അളകളെ ലത്തീൻ റീത്തനുസരിച്ചു നടത്തുവാൻശ്രമിക്കുന്നുവെന്നു മാർ അബ്രാഹം

---

(22) Vat. Syr. Codex 66.

(23) D'Souza, Orient Conquesta, Bombay, 1881, I p. 86.

1578-ൽ മാർപ്പാപ്പായെ ധരിപ്പിച്ചു (24). സുറിയാനി റീത്ത നനുസരിച്ചു പട്ടം സ്വീകരിച്ചവർക്കു വീണ്ടും പട്ടം കൊടുക്കണമെന്നുകൂടി ആ സുനഹദോസ് നിശ്ചയിക്കുകയുണ്ടായത്രെ (25).

വയ്പിക്കോട്ട സെമ്മിനാരിയിൽ ആരാധനാഭാഷയായ സുറിയാനി പഠിപ്പിക്കേണ്ടതില്ലെന്നപോലും കാണിച്ചു ചിലർ റോമിലേക്കെഴുതി. പക്ഷേ മാർപ്പാപ്പായുടെ മറുപടി മറിച്ചായിരുന്നതുകൊണ്ട് സുറിയാനി തുടർന്നു പഠിപ്പിക്കാൻ തുടങ്ങി. അതിന്റെ കാരണം മാർപ്പാപ്പാ തിരുമേനി തന്നെ തരുന്നുണ്ട്. "വിവിധതരം വസ്ത്രങ്ങളാൽ അണിഞ്ഞൊരുങ്ങിയാണു സഭ. പലതരം റീത്തുകളത്രേ അവളുടെ ആഭരണങ്ങളാം" (26).

---

(24) Giamil S., Genuinae Relationes, p. 74.

(25) ഉദയംപേരൂർ സുനഹദോസിനു മുൻപു് മലബാർ ക്രിസ്ത്യാനികളുടെ വിശ്വാസം എന്തായിരുന്നു എന്നറിയുന്നതിനു മാർ എബ്രാഹവും പരിശുദ്ധ സിംഹാസനവും തമ്മിലുള്ള എഴുത്തുകുത്തുകളും സഹായകമാണു്. ആ രേഖകൾക്കു് Cfr. Giamil S., Genuinae Relationes inte sedem Apostolicam et...chaldaeorum Ecclesiam, Rome, 1902, pp. 69-100, 553-629, Beltrami G., La chiesa chaldea nel secolo dell' unione, Rome 1933, passim, ഇവയിലുള്ള പല രേഖകളുടേയും ഇംഗ്ലീഷ് തർജ്ജമയ്ക്കു്: V. C. George, The Syro-chaldean church in Malabar, Tiruvalla, 1956 passim; C. J. George Cathanar, The Orthodoxy of the St. Thomas Christians, Kottayam, 1904 passim.

(26) Ferroli D., Jesuits in Malabar, Bangalore, Vol. I, 939, pp. 169-170.

അദ്ധ്യായം രണ്ട്.

ഉദയംപേരൂർ സൂനഹദോസും ആരാധനക്രമവും

മലബാറിലെ പുരാതന രീതിൽ ഏറെറവുമധികം മാറ്റങ്ങൾ വരുത്തിയതു് 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസാണു്. അതിനു സൂത്രധാരകത്വം നല്കിയതു് ഗോവ മെത്രാപ്പോലീത്തായായിരുന്ന മെനേസസ് ആണു്. ഒരാഴ്ചയോളം നീണ്ടുനിന്ന സൂനഹദോസിന്റെ ലക്ഷ്യം മലബാർ സഭയെ കഴിവതും ലത്തീൻമയമാക്കുക എന്നതായിരുന്നുവെന്നു പറയാം. അതിനു പല നടപടികളും സ്വീകരിച്ചു വിശ്വാസം, ആരാധനക്രമം, ധാർമ്മികനിയമങ്ങൾ ഇവയെല്ലാം ചർച്ച ചെയ്തു. നിയമങ്ങൾ ഉണ്ടാക്കി. (1) 133 വൈദികരും 20 ശമ്മാശ്ശന്മാരും 660 അല്മായ പ്രതിനിധികളും സൂനഹദോസിൽ സംബന്ധിച്ചു.

1. മെനേസസ് മെത്രാപ്പോലീത്തായും സൂനഹദോസും

ഉദയംപേരൂർ സൂനഹദോസ് വിളിച്ചുകൂട്ടുവാൻ 1599 ഫെബ്രുവരി 1-ാം തീയതി ഗോവയിൽനിന്നു കൊടുങ്ങല്ലൂരെത്തിയ മെനേസസ് മെത്രാപ്പോലീത്തായെപ്പറ്റി കെ. ഇ. ജോൺ നല്കുന്ന വിവരണം ശ്രദ്ധിക്കുക. "ഇദ്ദേഹത്തിനു് ഈ അവസരത്തിൽ കഷ്ടിച്ചു നാല്പതു വയസ്സു് പ്രായമേ ഉണ്ടായിരുന്നുള്ളൂ. സ്പെയിൻ രാജാവായ ഫിലിപ്പ് II-ാമന്റെ രാജധാനിയിൽ താമസിക്കയിൽ ഗോവ മെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ട ഇദ്ദേഹം ഒരു അസാമാന്യ പുരുഷനായിരുന്നെന്നു ചരിത്രം ഘോഷിക്കുന്നു. കുശാഗ്രബു

(1) സൂനഹദോസ് ഡിക്രികൾക്കു്: K. N. Daniel, ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകം, തിരുവല്ല, 1956, GEDDES M, The History of the Church of Malabar from the time of its being discovered by the Portuguese in the year 1501, London, 1694, HOUGH J. The History of Christianity in India, II London, 1839.

ടിയും പ്രവർത്തന ശക്തനുമായിരുന്ന ആ മഹാനുഭാവന്റെ മതതീക്ഷ്ണതയും പ്രശംസനീയമായിരുന്നു. പക്ഷേ കാര്യങ്ങൾ പ്രവർത്തിക്കുന്നതിലുള്ള അനാവശ്യമായ ധൃതികൂട്ടലും സപക്ഷം മാത്രം ശരിയാണെന്നുള്ള ബോധവും, പരിമിതമായ ജ്ഞാനത്തിന്റെ അഭാവവുംമൂലം മുൻപറഞ്ഞ സദ്ഗുണങ്ങളെല്ലാം അദ്ദേഹത്തിൽ വിഫലീഭവിച്ചുപോയി എന്നാണ് വിചാരിക്കേണ്ടത്.” (2)

സുനഹദോസിൽ സംബന്ധിക്കുന്നതിനുള്ള കല്പനകൊണ്ടുമെത്രാപ്പോലീത്തായും ആർച്ചുഡീക്കനും കൂടി ഒപ്പിട്ടാണ് അയച്ചത്. എല്ലാ ഇടവകകളും (പ്രായാധിക്യം, അസുഖം, വലുതായ ജോലിത്തിരക്ക്, ഇവകളാൽ തടയപ്പെട്ടാത്തവർ) ഓരോ പള്ളിയിൽനിന്നും നാലു പ്രതിനിധികളും 1599 ജൂൺ 20-ാം തീയതി ഉദയംപേരൂരിൽ എത്തിക്കൊള്ളണമെന്നാണ് കല്പന. (Sub Poena excommunicationis latae Sententiae) അനുശാസിച്ചത്. 20-ാം തീയതി മുതൽ ഏഴു ദിവസങ്ങളിലായി ഒൻപതു സമ്മേളനങ്ങളാണ് നടന്നത്. ഈ സുനഹദോസിന്റെ പ്രത്യേക പ്രകൃതി എവരും അറിയേണ്ടതാണ്. മലങ്കാർ സഭയുടെ ഉദ്ഭവണത്തിൽ യാതൊരധികാരവുമില്ലാത്ത ആളാണ്, ഒരു “രൂപതാസുനഹദോസ്” ഇവിടെ വിളിച്ചുകൂട്ടി അടിസ്ഥാനപരമായ വ്യതിയാനങ്ങൾ വരുത്താൻ യാതൊരവകാശവുമില്ലാത്ത ആളാണ്, സുനഹദോസിന്റെ സൂത്രധാരകത്വം വഹിച്ചത്. “സുനഹദോസിലെ സകല നിയമങ്ങളുടേയും നിർമ്മാതാവ് മെനേസ്സസ് മെത്രാപ്പോലീത്താ തന്നെങ്കാൻ ആയിരുന്നെന്നു മാത്രമല്ല, സപാർശ്വവർത്തികളായ ചിലയാളുകളുടെ പക്കൽ ഈ നിശ്ചയങ്ങൾ കൊടുത്തത് അവയെ വായിപ്പിക്കുകയുണ്ടായതും. മെത്രാപ്പോലീത്തായും സുനഹദോസിന്റെ നാമത്തിൽ നിയമങ്ങൾ പാസ്സാക്കേണ്ട ആവശ്യം നേരിട്ട അവസരങ്ങളിലൊക്കെയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട ആളുകൾ ഉത്തരം പറയണമെന്നും മുൻകൂട്ടി ശട്ടംകെട്ടിയിരുന്നു. എന്നതന്നെയല്ല സകലവിധ രഹസ്യാലോചനകളും ഭേദമായി മെത്രാൻ ശിക്ഷയിൻ കീഴ് അദ്ദേഹം വിലക്കുകയും ചെയ്തിരുന്നു.

(2) കെ. ഇ. ജോബ്. കേരളത്തിലെ ക്രിസ്തുമതം, 63—ാം വശം.

ഈ സ്ഥിതിക്ക ഉടയംപേരൂർ സുനഹദോസിന്റെ നിശ്ചയങ്ങളെ കേരള നസ്രാണികളുടെ വിശ്വാസസംബന്ധമായ ഒരു രേഖയായി സ്വീകരിക്കുവാൻ പാടുള്ളതല്ല. (3)

ഫാദർ പൗളീനൂസ് മലബാർ സഭയുടെ കാനൻനിയമത്തിന്റെ ശ്രോതസ്സുകളെപ്പറ്റി പഠിക്കുകയിൽ ഈ ആശയം പ്രകടിപ്പിച്ചിട്ടുണ്ട്. "Nobis videtur Dom Menezium nullum habuisse titulum celebrandi Synodum diocesanum Diamperitanum" (4) അവഗാഢമായ ഒരു ഗവേഷണത്തിന്റെ അന്തിമനിഗമനമായി ഫാദർ തള്ളിയത്തു പ്രസ്താവിക്കുകയാണ്. "What Menezes did in the council was ultra-vires and ill-advised". "So, unless and until one is able to produce a document showing the formal approbation of the Holy See, redeeming (i) the lack of authority in the one who convoked it, (ii) the absence of intention in the one who conducted it, (iii) the lack of form in the manner of conducting it, and (iv) the lack of integrity in the text promulgated, the invalidity of the Synod stands proved" (5).

ആധുനിക ഗ്രന്ഥകർത്താക്കളുടെ ഈ ആശയം മെനേസിസ് മെത്രാപ്പോലീത്തായുടെ 'വലംകൈ'യായി സുനഹദോസിൽ വർത്തിച്ച റോസ് മെത്രാൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. 1603 നവംബർ 20-ാം തീയതി ഈശോസഭാജനറലിനും അ വർഷം ഡിസംബർ 26-ാം തീയതി പോർച്ചുഗലിലേക്കുള്ള ജസ്യൂട്ട് അസിസ്റ്റന്റും ജനറലിനും അയച്ചതായ കത്തുകളും ഇതിനു സാക്ഷ്യം വഹിക്കുന്നു. (6) ഈ കത്തുകളും ഏതാണ്ടിപ്രകാരം സംഗ്രഹിക്കാം.

---

(3) കെ. ഇ. ജോബ്, കേരളത്തിലെക്രിസ്തുമതം. 66-ാം വശം.

(4) Fontes Juris Canonic; Fonti serie II fase. IX Rome, 1940, p. 7 note 1.

(5) THALIATH Jonas, The Synod of Diamper, Rome, 1958, pp. III, 172.

6) Jesuit archives in Rome, Goa 15, fol. 155, 176.

1) ഉടയംപേരൂർ സൂനഹദോസ് നെയ്യുമികമല്ല.
(non in forma)

2) സൂനഹദോസിന്റ് മെനേസിസ് വിളിച്ചുകൂട്ടിയ അളകംക്കുഡിക്രികളുടെ ഉള്ളടക്കം അറിയാൻ പാടില്ലായിരുന്നു. അതേപ്പററി അവരോട് ആലോചിച്ചില്ല. പരസ്യമായ ചർച്ചകളൊന്നും നടന്നുമില്ല. ചർച്ചയ്ക്കും തിരുത്തലുകൾക്കും സ്ഥാനമില്ലാതിരുന്നതിനാൽ യഥാർത്ഥത്തിൽ ഉടയംപേരൂരിൽ ശരിയായ സൂനഹദോസ് ഇല്ലായിരുന്നു. കുറെ നിയമങ്ങൾ എഴുതിയുണ്ടാക്കി എന്നുമാത്രം.

3) രക്ഷയുടെ മാർഗ്ഗം യാതൊരു പ്രതിബന്ധവുമില്ലാതെ കാണിക്കുവാനാണ് താൻ അപ്രകാരം ചെയ്തതെന്ന് മെനേസിസ് പറയുന്നു.

4) ക്രിസ്ത്യാനികൾക്ക് ഉസ്സാഹമായ പലതും ഈ സൂനഹദോസിന്റെ അകംടുകളിലുണ്ട്.

5) ഇവിടെയുള്ള ക്രിസ്ത്യാനികളുടെ ആചാരങ്ങളേയും സമ്പ്രദായങ്ങളേയും സംബന്ധിച്ചുള്ള ഡിക്രികൾ മാർപ്പാപ്പാ അംഗീകരിക്കുകയാണെങ്കിൽ അതു് മാരകപാപം ചെയ്യുന്നതിനു അവർക്കവസരമുണ്ടാക്കിക്കൊടുക്കുകയായിരിക്കും.

6) റോസ് മെത്രാൻ നിർബന്ധിച്ചതിനാലാണ് സമ്മേളിതർ ഡിക്രികൾക്ക് ഒപ്പുവച്ചതു്.

7) സൂനഹദോസിന്റെ സമാപനത്തിനുശേഷം മെനേസിസ് കുറെ ഡിക്രികൾ കൂടി ഉണ്ടാക്കി എഴുതിച്ചേർത്തു.

8) എല്ലാവരേയും സമാധാനിപ്പിക്കാൻ റോസ് 1603-ൽ നിയമാനുസൃതമായി ഒരു സൂനഹദോസ് നടത്തി. ഉടയംപേരൂർ തീരുമാനങ്ങളിൽ ചില ഭേഗതികൾ വരുത്തി. ഈ ക്രിസ്ത്യാനികളുമായി ചർച്ച ചെയ്യാതെയും ഇവരുടെ അറിവുകൂടാതെയും ചെയ്ത ഈ തീരുമാനങ്ങളിൽ ഇപ്രകാരം മാറ്റം വരുത്തിയതു് അവർ ആവശ്യപ്പെട്ടതിനനുസൃതമാണ്.

9) സൂനഹദോസ് നടപടികളും സമ്മേളിതരുടെ ഒപ്പുകളും റോസ് മെത്രാൻ മെനേസിസിനു് അയച്ചുകൊടുത്തിട്ടുണ്ട്; താമസിയാതെ മെനേസിസ് അവ മാർപ്പാപ്പായ്ക്കു് അയയ്ക്കും. എന്നാൽ അവയ്ക്കു മാർപ്പാപ്പാ അംഗീകാരം നൽകാ

തിരിക്കാൻ ഇദ്ദേഹത്തിന്റെ ശ്രേഷ്ഠന്മാർ ശ്രമിക്കണമെന്നും മെത്രാൻ വണ്ടി കത്തിലും അഭ്യർത്ഥിക്കുന്നുണ്ട്. (7)

പാദ്രമ്മാക്കലച്ചൻ എഴുതിയ യാത്രാവിവരണത്തിൽ (വർത്തമാനപുസ്തകം 1785) തന്നെയും പറയുന്നുണ്ട് ഉദയംപേരൂർ സൂനഹദോസ് സ്വീകരിക്കാത്ത പലരും അന്ന് മലബാറിൽ ഉണ്ടായിരുന്നെന്ന്. യാക്കോബായ സഭയിൽ നിന്നും കത്തോലിക്കാ സഭയിലേക്ക് തിരിച്ചുവരുവാൻ ഒരുങ്ങിയിരിക്കുന്ന മാർത്തോമ്മാ ആറാമൻ ഉദയംപേരൂർ സൂനഹദോസിനെ സ്വീകരിക്കുന്നില്ല, എന്നു മാത്രമല്ല കർമ്മലീത്താ വൈദികൻ പോർട്ടുഗലിലേക്ക് എഴുതി. അതു ഇങ്ങനെ വിമർശിക്കുന്നതിപ്രകാരമാണ്:—"ഉദയംപേരൂർ സൂനഹദോസ് കൈക്കൊള്ളുവാൻ അയാൾക്കു മനസ്സില്ല എങ്കിൽ എന്തു? പക്ഷേ ഇതുകൂടി പറഞ്ഞേ തീരൂ. വിശ്വാസത്തിൽ കൈക്കൊള്ളുന്നതിനുമാത്രം മെല്ല, മെല്ല. അതെന്തെന്നാൽ ഉദയംപേരൂർ സൂനഹദോസ് വിശ്വാസത്തിന്റെ വകുപ്പുകളെന്നവണ്ണം മിശിഹായും ശ്ലീഹന്മാരും പഠിപ്പിച്ചുമില്ല. ശ്ലൂഹാപള്ളി എത്രപ്പോഴും പരസ്യപ്പെടുത്തിയതുമില്ല. പല നാടുകളിൽ ഉദയംപേരൂർ സൂനഹദോസ് എന്ന നാമംപോലും കേട്ടിട്ടില്ലാത്ത എത്രയോ വിശ്വാസികൾ ഉണ്ട്. എന്നതന്നെയല്ല നമ്മുടെ മലങ്കരയിലെന്നുള്ളതിൽ വടക്കുപുറത്തുള്ള പള്ളിക്കാരെ മേൽപ്പറഞ്ഞ സൂനഹദോസ് ഉണ്ടായ നാളുകളിൽത്തന്നെ ആയതു കൈക്കൊണ്ടതുമില്ല. ഇതിൻവണ്ണം ഈ സൂനഹദോസ് കൈക്കൊള്ളാത്ത നാടുകൾ പലതുണ്ട്. എന്നുവരുമ്പോൾ അവർ എല്ലാവരെയും ഇടത്തുടുകാരോ അല്ല കത്തോലിക്കാരർ ആകുന്നു എന്നു നീതന്നെ പട്ടാങ്ങു പറയുന്നു". (8)

ഇതൊക്കെ വാസ്തവമാണെങ്കിലും നമ്മുടെ ആരാധനക്രമത്തിൽ വലുതായ പ്രേരണ ചെലുത്തി എന്ന കാരണത്താൽ ഉദയംപേരൂർ സൂനഹദോസിനെ അവഗണിക്കുക സാദ്ധ്യമല്ല.

---

(7) Fr. Placid, The present Syro-Malabar Liturgy Menezian or Rozian, Orient Christ Periodica, XXIII (1957) 324.

(8) വർത്തമാനപുസ്തകം 508—ാംവശം.

II സൂനഹദോസ് ഡിക്രീകളും ആരാധനക്രമവും

ഉദയംപേരൂർ സൂനഹദോസിന്റെ നിശ്ചയങ്ങളും ഒൻപതു ആക്ട് (Act) കളായിട്ടാണ (Gouvea) നൽകുന്നതു്. (9)

ഒന്നാം ആക്ട് — ആമുഖം.
രണ്ടാം ആക്ട് — വിശ്വാസപ്രതിജ്ഞ
മൂന്നാം ആക്ട് — വിശ്വാസം
നാലാം ആക്ട് — മാമ്മോദീസാ സ്നൈഹ്യലേപനം.
അഞ്ചാം ആക്ട് — വിശുദ്ധ കുർബാന.
ആറാം ആക്ട് — പാപസങ്കീർത്തനം.
ഏഴാം ആക്ട് — തിരുപ്പട്ടം, വിവാഹം.
എട്ടാം ആക്ട് — സഭാഭരണപരിഷ്കാരം.
ഒമ്പതാം ആക്ട് — നടപടിക്രമങ്ങളുടെ പരിഷ്കാരം.

ഇവയിൽ ആരാധനക്രമത്തെ അധികമായി ബാധിക്കുന്ന ആക്ടുകളാണ മൂന്നുമുതൽ ഏഴുവരെയുള്ളവയാണു്. മൂന്നാമത്തേതിൽ ദൈവമാതാവിനെക്കുറിച്ചു് നെസ്തോറിയന്മാരുടെ അബദ്ധപ്രബോധനം (ഡിക്രി 6), നെസ്തോറിയൻഗ്രന്ഥങ്ങളം (ഡിക്രി 14), കാനോനജപത്തിലെ തെറ്റുകളും (ഡിക്രി 15) സുറിയാനിപുസ്തകങ്ങളിൽ വരുത്തേണ്ട തിരുത്തലുകളും (ഡിക്രി 16), ഇവ ശ്രദ്ധേയങ്ങളാണു്. ഏറ്റവും പ്രധാനമുമർഹിക്കുന്ന അഞ്ചാം ആക്ടിൽ വി. കുർബാനയെ ക്ലേശം, ബലി എന്നിങ്ങനെ തിരിച്ചു് 24 ഡിക്രീകളിൽ പ്രതിപാദിക്കുന്നു. നാല്പതോളം മാറ്റങ്ങളം വരുത്താനാണു് കൗൺസിൽ ഉദ്ദേശിച്ചതു് (10). ഇവയിൽ കാനോസുന്നാകളിൽ ആറെണ്ണവും, കീർത്തനങ്ങളിൽ ഏഴും, ദിയാക്കോന്റെ അറിയിപ്പുകളിൽ നാലും ജനങ്ങളുടെ മറുപടി, സുവിശേഷവായന, വിശ്വാസ

(9) ഇതിൽനിന്നും അല്പസ്വല്പ വ്യത്യാസങ്ങളോടെ സൂനഹദോസു് ഡിക്രീകളുടെ മലയാള തർജ്ജമ അക്കാലത്തു് ഇടവകകളിൽ സൂക്ഷിച്ചിരുന്നതു് കെ. എൻ. ഡാനിയേൽ. ഉദിയംപേരൂർസൂനഹദോസിന്റെ കാനോനകളം, (തിരുവല്ല, 1952) എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

(10) The Journal of Theological studies XV (1914) 572-73.

പ്രമാണം ഇവയിൽ ഓരോന്നും ഉൾപ്പെട്ടതു. കുമ്മികന്റെ പ്രാർത്ഥനകളിൽ വരുന്നവയിൽ അനാഫോറയുടെ മുമ്പു് അഞ്ചും, അനാഫോറയിൽ നാലും, ഉത്ഥാനായിൽ (സമാപനാശീർവാദം) ആറുമാണു് ഇത്തരത്തിലുള്ള വ്യത്യാസങ്ങൾ. പതിനഞ്ചു വ്യത്യാസങ്ങളും കർത്താവിന്റെ പേരിനെ അംഗീകരിച്ചവയാണു്. നെസ്റ്റോറിയനിസത്തെ ഭയന്നു വരുത്തിയ പരിഷ്കാരങ്ങളാണവ. "തന്റെ മിശിഹാ" എന്നിടത്തു് "തന്റെ പുത്രൻ നമ്മുടെ കർത്താവായ ഈശോമിശിഹാ" എന്നാക്കി. കുഴ്ബവയ്യിൽ ലഭിവിസ്മക്കളെ മുൻകൂട്ടി (anticipated) ശരീരവും രക്തവും എന്നു പറയുന്നതു് തെറ്റാണെന്നു സുന്നഹദോസു് പഠിപ്പിച്ചു.

VI. കുർബാനയിലെ അനാഫൊറകൾ

നമ്മുടെ റീത്തിൽ ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന "ശ്ലീഹന്മാരുടെ അനാഫൊറ" (11) ഒഴികെ മറ്റു അനാഫൊറകളും നിരുത്തലാക്കി. (12). എങ്കിലും രണ്ടാമത്തേതു് എന്നറിയപ്പെട്ടിരുന്ന അനാഫൊറയിലെ "ലൗയേൽ ബമ്റൗമെയല്ലായേ" (sursum dialogue) അഭിപ്രായമായ തിരുനാളുകളിൽ ചില വൈദികർ ഒന്നാമത്തെ അനാഫൊറയിൽ ചേർത്തു പാടാറുണ്ടു്.

ക്രിയാശവചനങ്ങളും

ആരാധനക്രമത്തിനു് ഏറ്റവും അവശ്യകമായി മൈനസ്സിസും ക്ലൃപ്തിയും കണ്ടതു്, ലത്തീൻ റീത്തിലെ തമ്മനം ക്രിയാശവചനങ്ങളും സുറിയാനി റീത്തിൽ തർജ്ജമ ചെയ്തു ചേർക്കുകയെന്നതാണു് "..... എന്തുകൊണ്ടെന്നാൽ (enim) ഇതെന്റെ ശരീരമാകുന്നു....." "..... എന്തുകൊണ്ടെന്നാൽ ഇതു നിങ്ങൾക്കും വളരെപ്പേർക്കുമായി ചിന്തപ്പെടുന്ന പുതിയതും നിത്യവുമായ നിയമത്തിലെ വിശ്വാസത്തിന്റെ രഹസ്യമായ എന്റെ രക്തത്തിന്റെ കാസായാകുന്നു" എന്നി

(11) ഗ്രന്ഥകാരന്റെ 'സീറോ മലബാർ സഭയുടെ പുനരുദ്ധരിക്കപ്പെട്ട കുർബാന'യുടെ 12, 13 വശങ്ങൾ കാണുക.

(12) Diamper Synod, V, decrees 2/2

ങ്ങനെയുള്ള പ്രയോഗങ്ങളും ഉപേക്ഷിച്ചിട്ടു ലത്തീനിൽനിന്നും ആ തർജ്ജമ തുടർച്ചയായിട്ടെടുത്തു (13).

കാസാ കുർബാന ചെയ്യുന്നതിനെത്തുടർന്നും ചൊല്ലുന്ന "ഇതു നിങ്ങൾക്കും എന്നേക്കും അപ്പാരമായിരിക്കും" (Hoc erit vobis piqnus in saecula saeculorum) എന്നതും കുർബാനവാക്യമല്ലെന്നും അക്ഷരങ്ങളാൽ തിരുരക്തമുയർത്തി ആരാധിച്ച ശേഷമേ, അതു ചൊല്ലാവു എന്നും കൌൺസിൽ നിശ്ചയിച്ചു. In saecula saeculorum എന്നതും usque ad consumationem saeculi എന്നു മാറ്റി. അപ്പവും വീഞ്ഞും കുർബാന ചെയ്യുന്നതും കർത്താവിന്റെ വാക്കുകളും ഉപയോഗിച്ചുകൊണ്ടാൽ എത്ര നല്ലതും കേതിലോകവുമെന്ന തോന്നിയാലും മറ്റൊരു വാക്കും കൂട്ടിച്ചേർക്കേണ്ടതില്ല. അതേ സമയം ലത്തീൻ ക്രമത്തിൽ കൂട്ടിച്ചേർത്തിട്ടുള്ള 'enim' (എന്തുകൊണ്ടെന്നാൽ), aeterni (നിത്യം), mysterium fidei (വിശ്വാസരഹസ്യം) ഇവ അപ്പസ്തോലിക പാരമ്പര്യത്തിൽനിന്നു സ്വീകരിച്ചിട്ടുള്ളതാകയാൽ കൂട്ടിച്ചേർക്കുന്നതിൽ തെറ്റില്ല. ഈ രീതിയിലാണു സൂനഹദോസു ചിന്തിച്ചതു! (14)

തുടർന്നു സൂനഹദോസിന്റെ പ്രബോധനവും "സ്കൂമാസ്റ്റിക്കസിസ്റ്റ"ത്തിന്റെ ചൈതന്യവും നന്നായി ലളിച്ചിരുന്ന മെനേസിസു കാസായുടെ കുർബാനവാക്യത്തെ പ്പറ്റി (forma Consecrationis Calicis) നിശ്ചയിച്ച തിപ്രകാരമാണു.

"Item in consecratione calicis, dum dicitur "novi testamenti, qui pro vobis" addantur Christi Verba novi et aeterni testamenti, mysterium fidei, qui pro vobis et pro multis etc. Itaque verba consecrationis tam corporis quam sanguinis reformentur, ac in omnibus apponatur missalibus, iuxta eanonem, quo utitur Ecclesia Romana et Universalis; ita ut nihil addatur vel dematur, necnon eaedem adorationes,

(13) ഫാദർ പ്ലാസിഡ് 'നമ്മുടെ ദീത്ത' വശങ്ങൾ 60–61.

(14) The Journal of Theological studies XV (1914) 576

inclinationes et ceremoniae fiant, quae Missali Romano praescribuntur. (15) അതായതു്, റോമൻ റീത്തിലേപ്പോലെ കുമ്പിടൽ ചെയ്യണമെന്നും അചാരം കാണിക്കണമെന്നും.

VI. കർബാനയിലെ മറ്റു മാറ്റങ്ങൾ

മുപ്പതിൽപരം മാറ്റങ്ങൾ വരുത്താനാണു് സൂനഹദോസു് ഉദ്ദേശിച്ചിരുന്നതു്. പക്ഷെ എല്ലാമൊന്നും പ്രവൃത്തിയിലായില്ല. നെസ്തോറിയനിസം യേനും അക്കൈസ്സവരാജാക്കന്മാർക്കുവേണ്ടി പ്രാർത്ഥിക്കാനാവില്ലെന്ന കൂത്തിയും കൂത്താലിക്കും സിദ്ധാന്തങ്ങളും കൂടുതൽ വിശദീകരിക്കണമെന്നുദ്ദേശിച്ചും ഒരു 'ഹുത്താമ്മ'യിൽ (സമാപനാശീർവ്വാദം) ത്തന്നെ ആറു മാറ്റങ്ങളും വരുത്തണമെന്നും സൂനഹദോസു് നിശ്ചയിച്ചുവെങ്കിലും ആ 'ഹുത്താമ്മ' ഇന്നു നമ്മുടെ ഉപയോഗിക്കുന്നില്ല സൂനഹദോസിന്റെ മറ്റാരു നിർദ്ദേശം തിരുരക്തത്തിൽ മുക്കിയ തിരുവോസ്തിയുടെ അറ്റം കടക്കുന്നതു് അബദ്ധമാണെന്നായിരുന്നു. ഇത്തരത്തിലുള്ള 24 നിർദ്ദേശങ്ങളാണു് മുമ്പോട്ടു കൊണ്ടുവന്നതു്. അവയൊന്നും ആരും സ്വീകരിച്ചില്ലെന്നു മാത്രം. പഴയ രീതി തുടരുകയാണുണ്ടായതു്. ബലിവസ്തുക്കളിലോരോന്നും കുമ്പിടൽ ചെയ്യുക എന്ന രീതിയെന്തുകൊണ്ടോ ലത്തീൻ രീതിയെന്തുകൊണ്ടോ അതു് ഉയർത്തുകയും തുടർന്നു് ഒരു മുട്ടുകുത്തി ആരാധിക്കുകയും ചെയ്യണമെന്നും സൂനഹദോസു് നിശ്ചയിച്ചു.

പേരുകളിലും പ്രയോഗങ്ങളിലും ചില തിരുത്തലുകളും സൂനഹദോസു് ചെയ്തു. അവയിൽ ശ്രദ്ധാർഹമായ ചിലതാണു്, "പൗരസ്ത്യ കാത്തോലിക്കോസിന്റെ സിംഹാസനം" എന്നതു് "റോമാസിംഹാസനം"എന്നും "മിശിഹായുടെ മാതാവു്" എന്നതു് "ദൈവമാതാവു്" എന്നും മാറ്റണമെന്നും നിർദ്ദേശിച്ചതു്. മറിയം ദൈവമാതാവല്ലെന്നു പ്രതിപാദിച്ചിരുന്ന ഗ്രന്ഥങ്ങളും കേരളത്തിൽ അക്കാലത്തില്ലായിരുന്നുവെന്നു പറയുകവയ്യ. പക്ഷെ ഒന്നുണ്ടു്. മറിയത്തി

(15) Cfr. Raulin, op. cit. p. 146, Bullarium Patronatus Portugalliae curante Vicegerente De Paiva Maso, Appendix, Tomus I, Olisipione, 1872, p. 233.

ന്ന ദൈവമാതാവെന്നുള്ള സംപൂജ്യ ബഹുമതി നൽകിക്കൊ
ണ്ടു നസ്രാണി ദൈവടികർ അന്നു പ്രസംഗിച്ചിരുന്ന ഈ
വസ്തുത അങ്കമാലിയിലെ റോസും മെത്രാൻ തന്നെയും രേഖ
പ്പെടുത്തിയിട്ടുണ്ടു (16). പരിശുദ്ധ കന്യകയെ കാനോന
ജപത്തിൽ ഞങ്ങളുടെ ദൈവത്തിന്റെ മാതാവു'' എന്നു
വിളിക്കുന്നുണ്ടു, ബുധനാഴ്ചത്തെ റംശായിലെ "സ്ലോസാദ്
ത്തുറായിൽ". പഴയകാലത്തും ഈ സംജ്ഞ ഉള്ളതായി കാ
നോന ജപത്തിന്റെ പുരാതന കൈയെഴുത്തു പ്രതികളും സാ
ക്ഷിക്കുന്നുണ്ടു. 1584-ൽ കുറവിലങ്ങാട്ടു പള്ളിസ്ഥായി വാർ
ത്തതും ഇന്നും അവിടെ സൂക്ഷിക്കുന്നതുമായ ഓട്ടുരുണിയിൽ
ചെപ്പിച്ചിരിക്കുന്ന അക്ഷരങ്ങളിൽ "ദൈവമാതാവു'' (എമ്മെ ദാലാ
ഹാ) എന്ന വാർത്തിരിക്കുന്നു.

"മിശിഹാ നിന്റെ പ്രാർത്ഥന കേൾക്കട്ടെ'' എന്ന
പ്രാർത്ഥനയിൽ റോമൻ കുർബാനയിലെ "Te igitur'' എ
ന്ന പ്രാർത്ഥനയുടെ ഒരു ഭാഗം കൂട്ടിച്ചേർത്തു. ക്രമേണവാകും,
വിശ്വാസപ്രമാണം ഇവ കൂടാതെ റോമൻ റീത്തിൽ നിന്നെ
ടുത്തു കൂട്ടിച്ചേർത്ത മൂന്നാമത്തെ ഭാഗമാണിതു.

തക്സാ തിരുത്തി ഉപയോഗിക്കണം

നെസ്തോറിയൻ അബദ്ധം കാരണം തക്സാകർമം എല്ലാം
മാറ്റിപ്പിച്ചേക്കേണ്ടതാണെങ്കിലും കുർബാന ചൊല്ലുവാൻ വേറെ
ഇല്ലാത്തതുകൊണ്ടു മാർപ്പാപ്പ മുമ്പു ശരിപ്പെടുത്തിക്കൊടുക്ക
ുന്നതുവരെ ഉപയോഗത്തിലുള്ള തക്സാകർമം തിരുത്തി കുർ
ബാന ചൊല്ലുണമെന്നു കൗൺസിൽ നിശ്ചയിച്ചു (17). നെ
സ്തോറിയൻ ഗ്രന്ഥങ്ങളുടെ ഒരു പട്ടിക തന്നെ സുനഹദോ
സു നൽകുന്നുണ്ടു. (Acts III Decree 14).

മാർപ്പാപ്പായുടെ നാമം

ബലിയിലും കാനോൻ ജപത്തിലും പാത്രിയർക്കീസി
ന്റെ പേരു മാറ്റി പകരം മാർപ്പാപ്പായുടെ പേരു ചൊല്ലുന

---

(16) De Erroribus Nestorianorum, Orient. Christ. 40 (1928) 21.

(17) Raulin, Op. cit. p. 145.

മെന്നു് സുനഹദോസു് നിർദ്ദേശിച്ചു (18). അന്നിവിടെ ഉപയോഗിച്ചിരുന്ന പല പ്രാർത്ഥനകളിലും മാർപ്പാപ്പായുടെ പരമാധികാരത്തെ ഏറ്റവും പറയുന്ന ഭാഗങ്ങളും ഉണ്ടായിരുന്നുവെന്ന സത്യം അർക്കും നിഷേധിക്കാനാവില്ല. ഉദാഹരണത്തിനു് ഒരു പ്രാർത്ഥനയുടെ അല്പഭാഗം ഇവിടെ ഉദ്ധരിക്കാം. കാനോന നമസ്കാരത്തിൽ "ക്ലേശം എത്ത" (പള്ളിയുടെ വിശുദ്ധീകരണം) കാലത്തിലാണു് അതു ചൊല്ലിയിരുന്നതു്. പ്രാർത്ഥന ഇപ്രകാരമാണു്: "എന്നന്നേക്കുമായി സഭ പണിയപ്പെട്ടിരിക്കുന്നുവെന്നും രാജാക്കന്മാരാലും ശക്തികളാലും അവിടം പരാജിതമാവുകയില്ലെന്നും റോമാ പറയുന്നു" ഇതു സൂചിപ്പിക്കുന്നതു് വി. മത്തായിയുടെ സുവിശേഷം 16-ാം അദ്ധ്യായം 18-ാം വാക്യം തന്നെയാണല്ലോ. "നീ കേപ്പായാകുന്നു, ഈ കേപ്പായിന്മേൽ എന്റെ പള്ളി ഞാൻ പണിയും. നരകവാതിലുകളും അതിന്മേൽ പ്രബലപ്പെടുകയില്ല."

പത്രോസു് ശ്ലീഹാന്മാരുടെ തിരുനാളിലെ നമസ്കാരത്തിൽ പത്രോസിന്റേയും റോമിന്റേയും പരമാധികാരത്തെപ്പറ്റി ആവർത്തിച്ചാവർത്തിച്ചു പറയുന്നുണ്ടു്: "രാജാക്കന്മാരുടെ നഗരവും സ്വർഗ്ഗീയ മണവാളന്റെ മണവാട്ടിയുമായ മഹത്വമുള്ള റോമ്മായെ, നീ ഭാഗ്യവതിയാകുന്നു. .....നമ്മുടെ കർത്താവു് തന്റെ വിശ്വസ്തയായ സഭയെ പത്രോസിന്റെ സ്ഥിരതയിന്മേൽ പണ്ടു. അപ്പസ്തോലന്മാരുടെ ആദ്യജാതനും തലവനുമായ യോനായുടെ പുത്രൻ ശിമയോനേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. എന്തുകൊണ്ടെന്നാൽ അന്തരാപിശാക്കു് വാതിൽ തുറന്നുകൊടുക്കുന്നതിനുവേണ്ടി നിന്റെ നാഥൻ നിന്നെ തിരഞ്ഞെടുത്തു സ്വർഗ്ഗത്തിന്റെ താക്കോലുകളും നിനക്കു തന്നു. "പത്രോസേ, നീ ഭാഗ്യവാനാകുന്നു, എന്തെന്നാൽ നീയാകുന്ന അടിസ്ഥാനം.....

"റോമൻ തെരുവീഥിയിലൂടെ പന്ത്രണ്ടുപേരുടെ തലവനായ പത്രോസു് പിശാചുക്കളുടെ ആലയങ്ങളെ നശിപ്പിക്കാൻ ചുറിസഞ്ചാരിച്ചു. വിജാതീയരുടെ സഭ നിനക്കു് ഇന്നു് കൃതജ്ഞത പ്രകടിപ്പിക്കുന്നു. എന്തെന്നാൽ, ... പന്ത്രണ്ടുപേരുടെ തലവനായ പത്രോസിന്റെ നിശ്വാസമാ

(18) യഥാർത്ഥത്തിൽ മാർപ്പാപ്പായ്ക്കു തുല്യാധികാരിയായിട്ടല്ലായിരുന്ന കാസോലിക്കായുടെ പേരു് ഉപയോഗിച്ചിരുന്നതു്.

കുന്ന പാറമേൽ, നീ അതിന്റെ അടിസ്ഥാനമിട്ടു. നീ ന്റെ ആണാടുകളേയും പെണ്ണാടുകളേയും മേയിക്കാനായി പത്രോസിനെ എല്പിച്ച മിശിഹായെ....."(19).

നെസ്തോർ, തിയഡോർ മുതലായവർ

പാഷണ്ഡതകളുടെ നാമങ്ങളുടെ കൂടെ പകരം മാറു വിശ്വാസങ്ങളുടെ നാമങ്ങളും ചേർക്കണമെന്നു കൗൺസിൽ നിർദ്ദേശിച്ചു. ഇക്കൂട്ടരുടെ പേരുകളും തക്സായിൽ ഉണ്ടായിരുന്നതു് ചില പ്രതികളിൽ മായിച്ചുകളഞ്ഞിരുന്നെന്നും ഉടയം പേരുർ സുനഹദോസും കാനോന ശ്രുതിയിലുണ്ടായിരുന്നതു ചൊല്ലാതെ ഉപേക്ഷിച്ചിരുന്നുവെന്നും ഫാദർ റോസും പ്രസ്താവിക്കുന്നതിൽ നിന്നു ജനങ്ങളും മനഃപൂർവം അവരെ വണങ്ങിയിരുന്നില്ലെന്നു മനസ്സിലാക്കാം (20) തെറ്റാണെന്നറിഞ്ഞപ്പോൾ അവർ അതു തിരുത്തിയെന്നല്ലേ ഇതിൽനിന്നും അനുമാനിക്കേണ്ടതു? ദൈവശാസ്ത്രപരമായി വിശേഷങ്ങളിൽ നടന്ന വാദപ്രതിവാദങ്ങളിൽ നിശ്ചയമില്ലാതിരുന്ന സാധാരണ ജനങ്ങളും ഇപ്രകാരം ചെയ്തിരുന്നതിൽ വലിയ അസാധാരണത്വമൊന്നും കാണ്മാനില്ല.

വിശ്വാസപ്രമാണം

വിശ്വാസപ്രമാണം ലത്തീൻ ബലിയിലേയ്ക്കു പോകലയാക്കുവാനും ശ്രമങ്ങളും നടന്നു. "ദൈവത്തിൽനിന്നുള്ള ദൈവവും...." എന്നു തുടങ്ങിയ ഭാഗങ്ങളും ചേർക്കപ്പെട്ടു. ഇങ്ങനെ കൂട്ടിച്ചേർക്കപ്പെട്ടവ മുഴുവൻ ആദിമ സുനഹദോസുകളും രൂപം കൊടുത്ത മൂലത്തിലുള്ളതല്ല. കുറെ ഭാഗം ലത്തീൻ സഭകൂട്ടിച്ചേർത്തതാണു്. അതു് അതേപടി തർജ്ജമ ചെയ്യുകയാണുണ്ടായതു്. പിതാവിന്റെ ഒരേ സത്തയെന്നായാണു് പുത്രന്റെതുമെന്നു കാണിക്കുന്ന "ബർക്യാനാ" എന്ന സുറിയാ

(19) Breviarium Chaldaicum, Vol. III pp 456 465 passim സ്തൈര്യലേപനം, രോഗിലേപനം, പാപസങ്കീർത്തനം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന ഈവക കാര്യങ്ങളിൽ സുനഹദോസു് കണ്ട പോരായ്മകളും അവയെപ്പറ്റിയുള്ള വിമർശനവും, കാണുന്നതിനു്: ഫാദർ പ്ലാസിഡ്, കുനൻകുരിശിനു മുമ്പു്, തിരുവല്ല, 1940, 283–286 വശങ്ങളും.

(20) Jesuit Archives in Rome, Goa 15, f 52.

നി പദത്തിൽനിന്ന അർത്ഥവുംപറ്റി ഗ്രഹിക്കാതെ പകരം അതേ അർത്ഥമുള്ള "ഫൊവുമ്മാസിയോസ്" എന്ന ഗ്രീക്കു പദം പ്രയോഗിച്ച ലത്തീനിലെ, "പീഡയനുഭവിക്കുകയും സംസ്കരിക്കപ്പെടുകയും (Passus et sepultus) എന്ന പ്രയോഗങ്ങളും അതുപടി സുറിയാനിയിലാക്കി. ലത്തീൻ passus passio എന്നിവ കൊണ്ട് 'മരിച്ച' എന്നർത്ഥം സിദ്ധിക്കുന്നതാണ്. എന്നാൽ Passus എന്നതിനു പകരം ഉപയോഗിച്ച 'ഫശ്' (=പീഡ സഹിച്ച) എന്ന സുറിയാനി വാക്കിനു് അതുയും അർത്ഥവുംപറ്റിയുണ്ടോ എന്നു സംശയമാണ്. "ഞങ്ങളും വിശ്വസിക്കുന്നു" എന്ന സുറിയാനി രൂപം മാറ്റി ലത്തീൻ രീതിയിലേതുപോലെ 'ഞാൻ വിശ്വസിക്കുന്നു' എന്നാക്കിയില്ല എന്നതു പ്രത്യേകം ശ്രദ്ധാർഹമാണ്. (21)

ലത്തീൻ കുർബാനയുടെ തർജ്ജമ

സമൂഹമില്ലാതെ ബലിയർപ്പിക്കുമ്പോൾ (Private Mass) സമയലാഭത്തിനു വേണ്ടി ലത്തീൻ കുർബാനയുടെ സുറിയാനി തർജ്ജമ ഉപയോഗിക്കാമെന്നു തീരുമാനിച്ചു. അതിനായി തയാറാക്കിയ കൈയ്യെഴുത്തു പ്രതികൾ വത്തിക്കാനിലേയും പാരീസിലേയും ഗ്രന്ഥാലയങ്ങളിൽ കാണ്മാനുണ്ട്. വൈദികരുടെ എതിർപ്പുകൊണ്ടു് ഈ തർജ്ജമ നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്നു മാത്രം (22).

കാനോന ജപം

പൗരസ്ത്യ സിറിയൻ കാനോന നമസ്കാരത്തിനു പകരം ലത്തീൻ നമസ്കാരം ഉപയോഗിക്കണമെന്നു് സൂനഹദോസിൽ മെനേസസ് ആവശ്യപ്പെട്ട 'കൽദായക്കാർ'ക്ക് അതു ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടു് ചില തിരുത്തലുകൾ മാത്രം വരുത്തിയാൽ മതിയെന്നു് അവസാനം മെനേസസ് റോമാപ്പാപ്പായോടു് സമ്മതിച്ചു (23).

---

(21) ഫാദർ പ്ലാസിഡ്, നമ്മുടെ റീത്തു്, 64–65.

(22) Hanssens J. M , Institutiones Liturgicae Vol. II n 743—45.

(23) Tisserant, op. cit. p. 58.

മാറനകരണങ്ങൾ

പിറവിത്തിരുന്നാളിൽ ലത്തീൻ വൈദികരെപ്പോലെ സുറിയാനി വൈദികരും മൂന്നു കുർബാന അർപ്പിക്കുവാൻ സൂനഹദോസു് അനുവദിച്ചു. വി. കുർബാനയുടെ തിരുനാൾ ലത്തീൻ റീത്തിലേതുപോലെ ആഘോഷിക്കണം. ആറാം പട്ടക്കാരൻ ലത്തീൻ റീത്തിൽ ചെയ്യുന്നതുപോലെ ഉയർത്തി ധരിക്കണം. ഇടത്തെ തോളിൽനിന്നു കീഴ്പ്പോട്ടു മീട്ടിയിട്ട വലത്തെ കയ്യുടെ താഴെ കെട്ടണം; (സുറിയാനി ക്രമമനുസരിച്ചു ഇടത്തെ തോളിൽനിന്നു മുൻപിലും പിറകിലുമായി കീഴ്പോട്ടു തൂക്കിയിടുകയേ ചെയ്തിരുന്നുള്ളൂ).

"പാഷണ്ഡ"തയെ ഭയന്നും സത്യവിശ്വാസം പരിരക്ഷിക്കണമെന്ന ശുഭാപേക്ഷയോടുകൂടിയും ആരാധനക്രമത്തിൽ നിരവധി വ്യത്യാസങ്ങൾ വരുത്തണമെന്നു കൗൺസിൽ നിശ്ചയിച്ചു. പല കാരണങ്ങളാൽ അവയിൽ ചിലതു മാത്രമേ പ്രയോഗത്തിൽ വന്നുള്ളൂ. വി. ബലിയിൽ പ്രാർത്ഥനകളുടെ ക്രമത്തെ സംബന്ധിച്ചിടത്തോളം കാര്യമായ വ്യത്യാസമൊന്നും സൂനഹദോസു് വരുത്തിയില്ല എന്നതും പ്രസ്താവ്യമാണു് (24).

III ക്രിയാശകലും ക്രിയാശാനുകരണങ്ങളും

ക്രിയാശ ക്രമങ്ങൾ അടങ്ങിയ Rituale Romanum സുറിയാനിയിലേക്കു തർജ്ജമ ചെയ്യണമെന്ന സൂനഹദോസു നിശ്ചയം നേരത്തെ കണ്ടതാണല്ലോ. അക്കാലത്തു ലത്തീൻ റീത്തിൽതന്നെയും ഓരോ ദേശത്തു് അല്പസ്വല്പ പ്രത്യേകതകളോടുകൂടിയാണു ക്രിയാശകർമ്മം ചെയ്തിരുന്നതു്. പ്രാർത്ഥനകളിൽത്തന്നെയും ചില ചില്ലറ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. നമുക്കായി അന്നു തർജ്ജമ ചെയ്തു് റോമിൽ ഉപയോഗിച്ചിരുന്ന Rituale അല്ല പോർട്ടുഗലിൽ ബ്രാഗാരൂപതയിൽ ഉപയോഗിച്ചിരുന്ന Rituale ആണു്. അതിന്റെ ഓരോ കോപ്പി 'കൊച്ചുവച്ചന്മാർക്കു' (പുതുതായി നിയമിക്കപ്പെട്ട വികാരിമാർക്കു) നൽകിയെന്നു കൗൺസിൽ രേഖകളിൽ കാണുന്നുണ്ടു്. (Actio IX). അന്നു തർജ്ജമ ചെയ്തു പുസ്തകംതന്നെയായിരിക്കണം ഇന്നും നാം ഉപയോഗിക്കുന്നതു്.

(24 Hanssens, ibidem.

മാമോദീസാ, രോഗീലേപനം, വിവാഹം, വിവാഹ വഴ്വ്, പാപസങ്കീർത്തനം, വി. കുർബാന എഴുന്നള്ളിച്ചുകൊണ്ടു പോകുക, പിശാചിനെ ഒഴിക്കുക, ഫന്നാൻഅവള്ളും, കുരി, തിരി, മാല ഇവ ആശീർവദിക്കുക, പള്ളിയും സിമിത്തേരിയും ശുദ്ധീകരിക്കുക എന്നീ ക്രമങ്ങളുടെ തർജ്ജമ പുസ്തകമാണ് കൗൺസിൽ നൽകിയതെന്നു രേഖയുണ്ട്. (Actio XII, 22). എന്നാൽ ഇവയിൽ ചിലതിന്റെയെങ്കിലും സുറിയാനി തർജ്ജമ നാം ഇപ്പോഴും ഉപയോഗിക്കുന്ന പുസ്തകങ്ങളിലൊന്നും കാണുന്നില്ല.

മൂറോൻ (chrism) സ്നാനാർത്ഥികളുടെ തൈലം, (oleum Catechumenorum), രോഗികളുടെ തൈലം (Oleum infirmorum) ഇവ മെത്രാൻ ലത്തീൻ റീത്തിലെ ക്രമംതന്നെ ഉപയോഗിച്ച് ആശീർവദിക്കേണ്ടതാണെന്ന് സുനഹദോസ് നിർദ്ദേശിച്ചു. അവ ആണ്ടുതോറും പുതുക്കുന്നതും മീറുമുള്ളതു കത്തിച്ചുകളയുന്നതും ലത്തീൻ സഭയിലേതുപോലെതന്നെ. മാർതോമ്മാ ക്രിസ്ത്യാനികളും പഴയ നിയമത്തിലെ പേരുകളും വളരെയധികം സ്വീകരിച്ചിരുന്നു. പുതിയ നിയമത്തിലെ വിശുദ്ധരുടെ പേരുകളും ധാരാളം പ്രചരിപ്പിക്കുന്നതോടൊപ്പം ഓമനപ്പേർ വിളിക്കുന്ന രീതി നിറുത്തണമെന്നും കൗൺസിൽ നിശ്ചയിച്ചു.

അന്നു ലത്തീൻ റീത്തിലുണ്ടായിരുന്ന രീതിതന്നെയാണു നാമിന്നു മാമോദീസാ നൽകുന്നതിൽ ചെയ്യുവരുന്നതു (25). സുനഹദോസിന്റെ കാലത്തു ലത്തീൻ റീത്തനുസരിച്ചു രോഗീലേപനത്തിൽ പൂശിയിരുന്ന അവയവങ്ങളെല്ലാം നമ്മുടെ റീത്തിലും പൂശണമെന്നു സുനഹദോസ് നിഷ്കർഷിച്ചു.

സ്ഥൈര്യലേപനം ലത്തീൻ റീത്തനുസരിച്ചു നൽകിത്തുടങ്ങിയതു ജനങ്ങൾക്കു 'പുതുമ' ആയിരുന്നു മെനേസസ് മെത്രാപ്പോലീത്താ പറവൂർപള്ളിയിൽവച്ചു സ്ഥൈര്യലേപനം

(25) കാർമ്മികൻ ഉമിനീർ തള്ളവിരലിലെടുത്തു് കുട്ടിയുടെ ചെവിയിൽ പുരട്ടുന്ന രീതി ആരോഗ്യകരവും മാന്യവുമല്ലെന്നു കണ്ടതിനാൽ ലത്തീൻ സഭയിൽ ആ ചടങ്ങു് നീക്കിക്കളഞ്ഞിട്ടുണ്ടു്. എന്നാൽ നാം പഴയ തർജ്ജമ ഉപയോഗിച്ചു് ലത്തീൻ റീത്തിലെ പുരാതന രീതി പുലർത്തിക്കൊണ്ടുവരികയാണു്.

നൽകിയപ്പോൾ ലത്തീൻ രീതിയനുസരിച്ചു കവിളിൽ അടിക്കുന്നതു കണ്ടു് 'ഇതൊരു കുദാശയല്ല' എന്നു ജനങ്ങൾ പറഞ്ഞതായി രേഖകളുണ്ടു്. ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാണു്. സൂനഹദോസു വരെ സ്ഥൈര്യലേപനം വൈദികരാണു് നൽകിയിരുന്നതു്; അതും വ്യത്യസ്ത രീതിയിൽ.

കാനോനജപം

കഴിവുള്ളടത്തോളം രൈവദികർ ഒരുമിച്ചുകൂടി കാനോനജപം ചൊല്ലണം. അഞ്ചോ പട്ടം മുതൽ ഇതിനു കടമയുണ്ടു്. നമസ്കാരപ്പുസ്തകമില്ലാത്തവർ പ്രഭാതജപത്തിനു പകരം 303 സ്വർഗ്ഗ. 303 നന്മ. 303 ത്രീതൈസ്തുതിയും, കുടാതെ 9 സ്വർഗ്ഗ. 9 നന്മ. 9 ത്രീതൈസ്തുതി മരിച്ചവർക്കുവേണ്ടിയും, ഒന്നു് മെത്രാനു വേണ്ടിയും ചൊല്ലണം. സായംകാലജപത്തിനു പകരം 303 സ്വർഗ്ഗ 303 നന്മ 303 ത്രീതൈസ്തുതിയും കുടാതെ മാതാവിന്റെ സ്തുതിക്കായി 9 നന്മനിറഞ്ഞ മറിയമേകൂടി ചൊല്ലുണമെന്നും കാനോനജപത്തിന്റെകുടെ വി. അന്തനേഷ്യസിന്റെ വിശ്വാസപ്രമാണം തർജ്ജമ ചെയ്തു ചേർക്കണമെന്നും സൂനഹദോസു് നിശ്ചയിച്ചു.

കുദാശാനുകരണങ്ങളും പ്രാർത്ഥനകളും

ഹന്നാൻവെള്ളം

തോമ്മാശ്ലീഹായുടെ കുവറിടത്തിൽ നിന്നെടുത്ത മണ്ണു കലക്കിയാണു് മാർതോമ്മാ ക്രിസ്ത്യാനികൾ ഹന്നാൻവെള്ളം ഉണ്ടാക്കിയിരുന്നതു്. അതു നിരുത്തി അതിനു പകരം ലത്തീൻ രീതിയിലെ വെഞ്ചരിപ്പു ക്രമം സുറിയാനിയിലേക്കു തർജ്ജമചെയ്തു വെഞ്ചരിച്ച വെള്ളം ഉപയോഗിക്കണമെന്നു കൊൺസിൽ നിഷ്കർഷിച്ചു. ഞായറാഴ്ചയും തിരുനാളുകളിലും വികാരി എല്ലാവരേയും ഹന്നാൻവെള്ളം തളിക്കണം.

പ്രാർത്ഥനകൾ

സ്വർഗ്ഗസ്ഥനായ പിതാവേ, നന്മനിറഞ്ഞ മറിയമേ, വിശ്വാസപ്രമാണം തുടങ്ങിയവ മുൻപതിവുപോലെ സുറിയാനിയിലല്ലാതെ മലയാളത്തിൽ ചൊല്ലണം. 'ഈശോ' എന്ന നാമം കേൾക്കുമ്പോൾ എവരും തല കുനിക്കണം.

ഃവിശുദ്ധ കുരിശിന്റെ അടയാളത്താൽ ഞങ്ങളുടെ ശത്രുക്കളിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ' എന്നതു ചൊല്ലുമ്പോഴും കർഖാനയ്ക്കു പുറമേ നെറ്റിയിലും മുഖത്തിലും മാർവ്വിലും കുരിശടയാളം വരയ്ക്കുന്ന രീതി പോർട്ടുഗീസുകാരുടേതാണു്. യൂറോപ്പിൽ അവരും സ്പെയിൻകാരുമാത്രമേ അപ്രകാരം ചെയ്യുന്നുള്ളു. കുരിശുവരയ്ക്കുമ്പോൾ പഴയ നടപ്പുപോലെ ചെയ്യാതെ കൈയ് ഇടത്തെ തോളിൽനിന്നു വലത്തെ തോളിലേക്കു കൊണ്ടുപോകണമെന്നു സുന്നഹദോസു് നിഷ്കർഷിച്ചു. ഈ പറഞ്ഞ പഴയ രീതിയാണെല്ലൊ റീത്തു പുനരുദ്ധാരണത്തിൽ സ്വീകരിച്ചിരിക്കുന്നതു്.

ദർശനത്തിരുനാൾ

എല്ലാ പള്ളികളിലും ദർശനം (കൊമ്പിരിയം) സ്ഥാപിക്കണമെന്നതും മാതാവിന്റെ വിശുദ്ധീകരണത്തിരുനാളിൽ വെഞ്ചരിച്ച തിരി കത്തിച്ചുപിടിച്ചുകൊണ്ടു പ്രദക്ഷിണം നടത്തണമെന്നതും സുന്നഹദോസു് തീരുമാനങ്ങളാണു്.

മറ്റു നിർദ്ദേശങ്ങൾ

ത്രൈണോസു് അലങ്കരിക്കുന്നതിനു പ്രതിമകളോടുകൂടിയ രഥമാ' പണിയണം. പ്രസംഗപീഠവും വാർപ്പുമണിയും എല്ലാ പള്ളികളിലും ഉണ്ടായിരിക്കണം. തൽക്കാലത്തേയ്ക്കു പഴയപതിവുപോലെ മരമണി ഉപയോഗിക്കാവുന്നതാണു്.

ഉദ്ദിഷ്ടകാര്യം സാധിക്കാൻ എട്ടു നോമ്പിലെന്നതുപോലെ അങ്കമം പള്ളിയിൽ ഃജനം' ഇരിക്കാറുണ്ടായിരുന്നു. ആ രീതി നിറുത്തണമെന്നു സുന്നഹദോസു് അനുശാസിച്ചു.

ഉദയംപേരൂർ സുന്നഹദോസു് നമ്മുടെ റീത്തിന്റെ ഒരു നിസ്തുലമായ ഘട്ടമായിരുന്നു. അതിൽവച്ചു് മെനേസിസ്സ് മെത്രാപ്പോലീത്താ സ്തുത്യർഹമായ നിരവധി സേവനങ്ങളും നമ്മുടെ സഭയ്ക്കു ചെയ്തുവെന്നു കൃതജ്ഞതയോടെ നാം സ്മരിക്കണം. എന്നാൽ അതോടൊപ്പംതന്നെ അദ്ദേഹത്തിന്റെ ചെയ്തികളും നമ്മുടെ റീത്തിനെ അംഗഭംഗപ്പെടുത്തുകയും അലങ്കോലപ്പെടുത്തുകയും ചെയ്തുവെന്നതും വിസ്മരിക്കരുതു്. "നമ്മളും റോമ്മായോടു ബന്ധപ്പെട്ടിരുന്നെങ്കിലും അജ്ഞതനിമിത്തം നമ്മുടെയിടയിൽ നഴഞ്ഞു കയറിയിരുന്ന അബദ്ധ

ങ്ങളും ദുരാചാരങ്ങളും അദ്ദേഹം മുഖേന ഉന്മൂലനം ചെയ്യപ്പെട്ടുകയും അങ്ങനെ നമ്മിൽ കത്തോലിക്കാ ചൈതന്യം നവീകരിക്കപ്പെട്ടുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ അതിതീഷ്ണതയും പൗരസ്ത്യസംഗതികളിലുള്ള അജ്ഞതയും ഹേതുവാൽ നമ്മുടെ റീത്തിനെ വാസ്തവത്തിൽ അദ്ദേഹം അംഗഭംഗപ്പെടുത്തി. സ്തുത്യർഹങ്ങളായ നമ്മുടെ പല സമുദായാചരണങ്ങളും അബദ്ധമെന്നു കരുതി അദ്ദേഹം നമ്മിൽനിന്നു മാറ്റി. നാം ശീശ്മക്കാരായിരുന്നെന്നുള്ള ധാരണ ലോകം മുഴുവൻ പ്രചരിപ്പിക്കുവാൻ അദ്ദേഹം കാരണഭൂതനായിത്തീർന്നു. മെനേസസ് മെത്രാപ്പോലീത്താ ഉടയം പേത്തർ സുന്നഹദോസിൽവച്ചു പ്രവർത്തിച്ചവയെല്ലാം നമ്മുടെ ന്യായവും തിന്മയുടെ ന്യായവും അധികാരമില്ലാതെയാണു പ്രവർത്തിച്ചതെന്നുകൂടി പറയേണ്ടതായിട്ടുണ്ട്. നമ്മുടെയിടയിൽ ഒരു ശ്രുപതാ സുന്നഹദോസും (ഉടയംപേത്തർ സുന്നഹദോസും) നടത്തുവാൻ അദ്ദേഹത്തിനും അധികാരമില്ലായിരുന്നു. ഇങ്ങനെയാണു നമ്മുടെ ഇന്നത്തെ റീത്തിന്റെ ഉത്ഭവം" (26).

---

(26) ഫാദർ പ്ലാസിഡ്, നമ്മുടെ റീത്ത്, 85–ാം വശം.

അദ്ധ്യായം മൂന്ന്.

ഇൻഡ്യൻ രീതികർമ്മം — അന്നപ്രാശനം

മലബാറിൽ അടുക്കലും മുൻപുള്ള ഉപയോഗത്തിലിരുന്നതു്, കർമ്മമായ അഥവാ പേർഷ്യൻ രീതിയാണെന്നു് നാം കണ്ടുകഴിഞ്ഞുവല്ലോ. എന്നാൽ പേർഷ്യയിൽനിന്നും മെസപ്പൊട്ടോമിയായിൽനിന്നും ഇവിടെ പ്രവേശിച്ച രീതിയു് അപ്പാടെ ഇവിടെ സ്വീകരിക്കുകയാണോ ചെയ്തതു്? അതോ ദേശത്തിന്റെ സംസ്കാരത്തിനനുസൃതമായി എന്തെങ്കിലും പരിഷ്കാരം വരുത്തിയോ? ക്രൈസ്തവാരാധനക്രമത്തിനു് ദേശം എന്തു സംഭാവന നൽകി?

വ്യക്തങ്ങളായ രണ്ടു ചിന്താഗതികർമ്മം ഒത്തുപോകുന്നതിനു്, പരസ്പരം, കൊള്ളുന്നതിനും, കൊടുക്കുന്നതിനും, ഇരുകൂട്ടരും സന്നദ്ധരാകണം. ക്രൈസ്തവമതം ഇവിടെ വേരുറയ്ക്കുന്നതിനു് അതതുവശങ്ങളുമായിരുന്നു. എന്തെല്ലാം കാര്യങ്ങളിലാണു് ഇൻഡ്യൻരീതികർമ്മം സ്വീകൃതമായതെന്നറിയുവാൻ സീറോ മലബാർ രീതിയു് മാത്രമറിഞ്ഞതായ കർമ്മമായ രീതിൽനിന്നും എത്രയെല്ലാം വിട്ടിറങ്ങിയാണെന്നു കാണണം. അന്ധവിശ്വാസമെന്നു പറഞ്ഞു് ഉദയംപേരൂർ പഴിച്ച ചില ഘടകങ്ങളും ഈ പഠനത്തിനു് നമുക്കു സഹായകമാണു്. ദൈവാലയനിർമ്മാണം, മരിച്ചവർക്കുവേണ്ടിയുള്ള ശുശ്രൂഷകർമ്മം (ശേഷക്രിയാകർമ്മം) വിവാഹ ചടങ്ങുകർമ്മം, വി. കുർബ്ബാന തിരുനാളാഘോഷങ്ങൾകർമ്മം, മാമ്മോദീസാ, രോഗീലേപനം, അഗ്നിക്കും ജലത്തിനും നൽകുന്ന മതപരമായ അർത്ഥങ്ങൾകർമ്മം ഇവ പ്രധാനമായും.

ദൈവാലയനിർമ്മാണം.

17-ാം നൂറ്റാണ്ടിനു മുൻപു് മലബാറിലെ ക്രൈസ്തവ ദൈവാലയങ്ങൾകർമ്മം നിർമ്മിക്കുന്നതു് ഹിന്ദുക്ഷേത്രങ്ങളെ (Pagodas) അനുകരിച്ചായിരുന്നു (1) എന്നാൽ പള്ളിയുടെ മുകളിലെ 'മാർതോമ്മാക്രൂശുകർമ്മം' കൊണ്ടു് അവയെ തിരി

(1) Raulin J. F., Historia Ecclesiae Malabaricae cum Synodo Diamperitana, Rome 1745 p 394.

ച്ചിരിയാമായിരുന്നു. (2) ഈ കുരിശുകളുടെ ഇരുവശങ്ങളിലും മയിലുകളുടെ രൂപമുണ്ടായിരുന്നു. മിഷനറിമാരുടെ വരവിനുശേഷം ക്ഷേത്രത്തിന്റെ കാര്യങ്ങളിലുള്ള മൈലാപ്പൂരിലെ പകരം പോർട്ടുഗീസ് "സെന്റ്തോമ"യിൽ പള്ളികൾ പണിയുവാൻ തുടങ്ങി. 17-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഫാദർ ഫനീഷ്യോ (Fanicio S. J.) പാലയൂരിൽ തെക്കേകാണ്ട പണ്ടത്ത പുരാതന പള്ളിക്കു സമീപം കല്ലുകൊണ്ട് ഒരു പള്ളി പണ്ടത്തു എന്നു് അദ്ദേഹംതന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (3). പഴയരീതി പണികളും കല്ലുപ്പാറ, കായംകുളം, കണ്ണറ എന്നീ ചുരുക്കം ചില പള്ളികളിലേ ഇന്നു കാണ്മാനുള്ളൂ.

മരിച്ചവരുടെ ശേഷക്രിയകൾ

ചിലയിടങ്ങളിൽ ശവസംസ്കാരത്തിനുശേഷം വൈദികൻ മരിച്ചയാളിന്റെ വീട്ടിൽവന്നു് ഒരു 'കുരിശ്ശു' അനുഗ്രഹിച്ചു് അതിൽനിന്നു അല്പം കുടിക്കുന്നു. ബാക്കി മരിച്ചയാളിന്റെ അടുത്ത ബന്ധുക്കൾക്കു കുടിക്കാൻകൊടുക്കുന്നു. മരിച്ചവർക്കുവേണ്ടിയുള്ള ബലിയിൽ ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം 'കുരിശ്ശു' ഒരു പ്രധാന ഘടകമാകുന്നതു് ഇവിടെ സ്മരണീയമാണു്. തുടർന്നു നടത്തുന്ന "പട്ടിണിക്കഞ്ഞി" ഹിന്ദുക്കളുടെ രീതിയുടെ അനുരൂപമാണു്. ബന്ധുവിന്റെ മരണം മുതൽ വീട്ടുകാർ അനുഷ്ഠിക്കുന്ന ഉപവാസത്തിന്റെ ലക്ഷ്യമാണിതു്. അതിൽ സസ്യഭോജനമേ വിളമ്പുള്ളൂ. തുടർന്നു നിർദ്ദിഷ്ട പ്രാർത്ഥനകൾക്കുശേഷം വൈദികൻ ജനങ്ങളെ അനുഗ്രഹിക്കുകയും സന്നിഹിതർ അദ്ദേഹത്തിൽനിന്നു "കസ്തൂരി" (സമാധാനം) വാങ്ങിക്കുകയും അല്പം ജീരകം തിന്നുകയും

(2) മാർ തോമ്മാ ശ്ലീഹാ മരണം വരിച്ച 'പെരിയ മല'യിലെ, അത്ഭുതകരമായി രക്തം വിയർത്ത (പേർഷ്യൻ) കുരിശിനേയും, മലബാറിൽ കോട്ടയം വലിയപള്ളി, ആലങ്ങാട്ട്, കടമറ്റം, മുട്ടുചിറ എന്നിവിടങ്ങളിലേതുപോലുള്ള (പേർഷ്യൻ) കുരിശുകളെയുമാണു് 'മാർ തോമ്മാ കുരിശ്ശു' എന്നു പറഞ്ഞിരിക്കുന്നതു്.

(3) Jaricus p. Thesaurus rerum indicarum, Cologne 1615, 11. 2 p. 50—51.

ള്ളിയെടുത്തു രക്ഷിക്കുകയും ചെയ്യുന്നു (4) ബ്രാഹ്മണരീതി യനുസരിച്ചു ശവസംസ്കാരത്തിന്റെ പതിമൂന്നാംദിവസം 'പുലകുളി' എന്നൊരു ചടങ്ങുണ്ടു്. മരണംകൊണ്ടു് കുടുംബത്തിലുണ്ടായ 'പുല' (defilement) നീക്കുന്നതിനുള്ള ഒരു ചടങ്ങാണതു്. അന്നു സുറിയാനി ക്രിസ്ത്യാനികൾക്കും വൈദികകർമ്മങ്ങളൊക്കെയുണ്ടു്. മരിച്ചയാളിന്റെ മൂത്ത പുത്രനാണു വൈദികനു ജീവകൽപ്പാലം സമർപ്പിക്കുന്നതു്. സുറിയാനിക്രൈസ്തവരുടെ "ചാത്തവും" ഹിന്ദുക്കളുടെ ശ്രാദ്ധവും ഒന്നുതന്നെ. ഇരു കൂട്ടർക്കും 'നെയ്യപ്പം' ശ്രാദ്ധത്തിന്റെ ഒരു പ്രധാന വിഭവമാണു്.

വി. കുർബാന.

വി. ബലി അർപ്പിക്കുന്നതിലും ചില ദേശീയ രീതികൾ കടന്നുകൂടി. ബലിക്കുള്ള അപ്പം കാഴ്ചവയ്പിന്റെ സമയത്തു് താമരയിലയിൽ കൊണ്ടുവന്നിരുന്നതായി വിൻസെൻസോ മരിയ എന്ന മിഷനറി സാക്ഷിച്ചിട്ടുണ്ടു്. കുർബാനയുപയോഗിച്ചിരുന്ന അപ്പം മുകളിൽ ഒരു ഗോളത്തോടുകൂടി വൃത്താകൃതിയിലുള്ളതായിരുന്നുവെന്ന മോൺസെറാറ്റും സാക്ഷിക്കുന്നു (5). അരികൊണ്ടുള്ള അപ്പവും തെങ്ങിൽനിന്നുണ്ടാക്കിയ വീഞ്ഞും ഉപയോഗിച്ച മലബാറുകാർ വി. ബലിഅപ്പിച്ച മോശമായ രീതി ഫ്രാൻസീസ്കുനച്ചന്മാർ തിരുത്തിയെന്നു മറ്റൊരു രേഖയുണ്ടു് (6). ഇപ്രകാരം ചെയ്യുവെങ്കിൽ അതു് കാലദേശങ്ങൾക്കനുയോജ്യമായ അനുരൂപണം നടത്താനുള്ള ബലഹീനതയിലായിരിക്കാം. നമ്മുടെ നാട്ടിൽ ഗോതമ്പും മുന്തിരിയും ഇല്ലാത്തതുകൊണ്ടു് ഇങ്ങനെ ചെയ്തതായിരിക്കാം. ഇതിനുപോൽബലകമായ മറ്റു രേഖകളും ലഭിച്ചിട്ടില്ലാത്തതു

---

(4) സഹോദരസ്നേഹവും രമ്യതയുമാണു് കസ്ത്തൂരി കൊടുക്കയിലൂടെ സൂചിതമാകുന്നതു്. ശരിയായ വാക്കു് ''ഭസ്ത്തൂർ'' ആണു്, കടപ്പെട്ടതു് എന്നർത്ഥം.

(5) Monserrate. Informacion de los Christianos de St. Thome' (1579) Ms Goa 35 (Jesuit Archives Rome) f 149.

(6) Soledad. F. Historia Scraphica de ordem des Frades Minores de S. Francisco na provincia de Portugal, Lisbon 1775 p. 916.

കൊണ്ടും (7) ആ രീതിയുടെ ദൈവശാസ്ത്രപരമായ സാധുത ഇന്നും പ്രശ്നപൂർണ്ണമായതിനാലും ഇതു് നാം ഗണ്യമാക്കേണ്ടതില്ല. ഇപ്പോഴും നാം ചെയ്യുവരുന്നവിധം തിരുനാളുകളിൽ പള്ളിയിൽ സമർപ്പിക്കുകയും വിശ്വാസികൾക്കു് വിതരണം ചെയ്യുകയും ചെയ്യുന്ന നേർച്ചയപ്പം വി. കുർബാനയ്ക്കുള്ള അപ്പമായി വിദേശികൾ തെറ്റിദ്ധരിച്ചതുമാകാം.

സ്നേഹഭോജനം (Agape)

ആദിമ ക്രിസ്ത്യാനികൾ ഒന്നിച്ചുകൂടിയിരുന്നപ്പോൾ പല പ്പോഴും അവർ സ്നേഹവിരുന്നു് (agape) നടത്തിയിരുന്നു. വിശ്വാസികൾ എല്ലാവരും ഒരു കുടുംബത്തിലെ അംഗങ്ങളെന്നപോലെ ഒന്നിച്ചു ഭക്ഷണം കഴിക്കുന്നതിനുള്ള അവസരമായിരുന്നു അതു്. സഹോദരസ്നേഹം സുദൃഢമാക്കുന്നതിനും സാധുക്കളെ സഹായിക്കുന്നതിനും ആ സന്ദർഭങ്ങൾ വിനിയോഗിക്കപ്പെട്ടു (നടപടി 12, 42—47). ശ്ലാഘനീയമായ ഈ സമ്പ്രദായം മലബാർസഭയിലും നടപ്പിലിരുന്നു: "സ്നേഹവിരുന്നു്" ആഘോഷിക്കുന്ന പുരാതന സമ്പ്രദായം മാർത്തോമ്മാക്രിസ്ത്യാനികൾക്കു് ഇപ്പോഴുമുണ്ടു്. അവർ അതിനെ "നേർച്ച" എന്നു വിളിക്കുന്നു. കരിമ്പു്, അരി, വാഴയ്ക്കാ, തേൻ, അരിപ്പൊടി മുതലായവയെല്ലാം അവർ വീതിച്ചുകൊണ്ടുവരുന്നു. അപ്പം എന്ന പലഹാരം പള്ളിയ്ക്കുള്ളിലുള്ള ഒരു മുറിയിൽ ശരിപ്പെടുത്തുന്നു. അതു മധുരത്തോടുകൂടിയും അല്ലാതെയുമാവാം. തിരുനാളിനു ദിവസങ്ങളിൽ അപ്പം വെഞ്ചരിക്കപ്പെടുന്നു. ജനങ്ങളും പല പന്തികളിലായി തങ്ങളുടെ പാത്രമോ വാഴയിലയോ കൈയിൽപിടിച്ചുകൊണ്ടു നിൽക്കുന്നു. നിശ്ശബ്ദരായിരിക്കാൻ വൈദികർ ഏവരോടും ആജ്ഞാപിക്കുന്നു. തുടർന്നു കൈക്കാരന്മാർ അപ്പം വിതരണം ചെയ്യുന്നു. മിച്ചമുള്ളതു വിജാതീയർക്കു (അക്രൈസ്തവർക്കു) നൽകുന്നു. ഇതു പൊതുവായ ഉപവിയിൽ അവരെ ഭാഗഭാക്കാക്കുന്നതിനും അങ്ങനെ അവരെ ക്രൈസ്തവ മതത്തിലേക്കു് ആകർഷിക്കുന്നതിനുമാണു്. അമ്പായിരമോ അറായിരമോ എഴായിരമോ ആളുകൾ—പുരുഷന്മാരും, സ്ത്രീകളും, കുഞ്ഞുങ്ങളും—കാണും

(7) ഉദയംപേരൂർ ഇതിനെപ്പറ്റി മൗനം അവലംബിക്കുന്നു.

ബഹുമാനങ്ങളോടെ അപ്പം വാങ്ങിക്കുന്നതു് കാണുകതന്നെ കേൾക്കുന്നതിനേക്കാളും ആകർഷകവുമാണു്. അതു ഉപവിയുടെയും പരസ്പരം കൈമാറുന്ന സമാധാനത്തിന്റെയും അടയാളമാണു്. എന്നിട്ടും യൂറോപ്പുകാരായ ക്രിസ്ത്യാനികൾ എന്നോടു പറയുന്നു, 'ഈ കിരാതരായ മലബാർ ക്രിസ്ത്യാനികളിൽനിന്നു നമുക്കെന്താണു പഠിക്കുവാനുള്ളതു്' എന്നു്" (8)

ആദിമസഭയിലെ അടിസ്ഥാനമായ ഈ സ്നേഹഭോജനം മലബാറിൽ സാധാരണമാണു്. അതിനുള്ള കാരണങ്ങളിലൊന്നു ഹിന്ദുക്കളുടെ നിവേദ്യവും പ്രസാദവുമായി ഇതിനുള്ള സാദൃശ്യമായിരിക്കുമോ? ദൈവാലയത്തിൽനിന്നു ലഭിക്കുന്ന പൂജ്യമായ ഭക്ഷണം ക്രിസ്ത്യാനികൾ ബഹുമാനാദരവുകളോടെ അവിടെവച്ചുതന്നെ ഭക്ഷിക്കുന്നുവത്രെ

തിരുന്നാളുകൾ.

ഹൈന്ദവോത്സവങ്ങളിലെ മുത്തുക്കുട, ചെണ്ട, കതിനാവെടി ഇവയൊക്കെ പള്ളിയിലെ തിരുനാളുകളിലും ഉപയോഗിച്ചുതുടങ്ങി.

മാമ്മോദീസാ

കൂട്ടികൾക്കു് മാമ്മോദീസായിൽ പഴയനിയമത്തിലെ വിശുദ്ധരുടെ പേരുകൾ നൽകിയിരുന്നു; അതും ദേശീയമായ തത്ഭവങ്ങളിലൂടെ. "യാക്കോബു്" എന്നതു 'ചാക്കോ', 'ചാക്കോച്ചൻ', 'ചാക്കണ്ണി', 'ചാക്കപ്പൻ', 'കാക്ക' എന്നിങ്ങനെയായി. മാമനപ്പേർ ഉപയോഗിക്കാതെ പുതിയനിയമത്തിലെ വിശുദ്ധരുടെ പേരുകൾ കൂട്ടികൾക്കു നൽകണമെന്നു ഉടയംപേരൂർ സൂനഹദോസു് നിശ്ചയിച്ചതായി മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ.

---

(8) 18--ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ മലബാറുകാർ സ്നേഹവിരുന്നു നടത്തിയതിനെപ്പറ്റി പൗളീനൂസു് എന്ന കർമ്മലീത്താ മിഷണറി നൽകുന്ന വിവരണമാണിതു്. ദീർഘനാൾ ഇവിടെ ജീവിച്ചു് മലയാളഭാഷയിൽ തന്നെയും പ്രാവീണ്യം നേടിയിരുന്ന അദ്ദേഹത്തിന്റെ പുസ്തകത്തിൽ മലയാള പദങ്ങളും ഉപയോഗിച്ചിട്ടുണ്ടു്. അദ്ദേഹം സഹോദരസ്നേഹദ്യോതകമായ ഈ വിരുന്നിനെ വളരെയധികം പ്രശംസിക്കുന്നു. (Fra Paulino da S. Bartholomeo, Viaggio alle Indie orientali, Rome, 1796, p. 138.

രോഗീലേപനം

പതിനാറാം നൂറ്റാണ്ടിനുമുമ്പ് മലബാറിൽ 'രോഗീലേപനം' ഒരു കൂദാശയായി പരികർമ്മം ചെയ്തിരുന്നുവെന്നതിന് രേഖയൊന്നും ലഭിച്ചിട്ടില്ല. വൈദികൻ രോഗിയെ ആശീർവദിക്കുകയും സുവിശേഷം വായിക്കുകയും ചെയ്തിരുന്നു. രോഗിക്ക് വേദപുസ്തക വാക്യങ്ങളെഴുതിയ "ഓല" കെട്ടുന്നതിനു നൽകിയിരുന്നു. ഇതു ഹിന്ദുക്കളും "മന്ത്രം" ഓലയിൽ എഴുതിക്കെട്ടുന്നതിനെ അനുകരിച്ചായിരിക്കണം. കൂടാതെ തോമ്മാശ്ലീഹായുടെ കബറിടത്തുനിന്നും കൊണ്ടുവന്ന മണ്ണ് കലക്കി രോഗിക്കു കുടിക്കാൻ കൊടുത്തിരുന്നു (9). ഇതിനു മാർക്കോപോളോ ഒരു ദൃക്സാക്ഷിയാണ് (10).

ഈ അവസരത്തിൽ ഒരു കാര്യം സൂചനീയമാണ്. ആ ബ്രാഹ്മണരാണ്ടിൽ റോമൻ സഭയിൽ മൂന്നു വിധത്തിൽ രോഗികൾക്കു ഈ കൂദാശ നൽകിയിരുന്നു. അതായത് എണ്ണ പൂശിയും, തളിച്ചും, കുടിപ്പിച്ചും. എണ്ണ കുടിപ്പിച്ചുകൊണ്ടു കൂദാശ നൽകിയിരുന്നപ്പോൾ എണ്ണയോടുകൂടെ വെള്ളവും ചേർത്തിരുന്നു (11).

സ്നാനം അഗ്നി

"ജനനം, വിവാഹം, മരണം, എന്നുവേണ്ട ഹിന്ദുവിന്റെ എല്ലാ പ്രധാന മുഹൂർത്തങ്ങളിലും സുപ്രധാനമായ ഒരു ചടങ്ങാണ് ജലംകൊണ്ടുള്ള ക്ഷാളനം. പല ക്രിസ്ത്യാനികളുടെ ഇടയിലും ഈ സമ്പ്രദായം കടന്നുകൂടിയിട്ടുണ്ട്". (12). ഉപവാസത്തിനു മുൻപു ക്രിസ്ത്യാനികൾ സ്നാനം

---

(9) കൽദായക്കാർ രക്തസാക്ഷികളുടെ കബറിടത്തിൽ നിന്നെടുത്ത മണ്ണുപയോഗിച്ച് ഹന്നാൻ വെള്ളം ഉണ്ടാക്കിയിരുന്നു.

(10) Cf. Medlycott A., India and the Apostle St. Thomas, London 1905 p. 845.

(11) L'Osservatore Romano Jan. 31 1963 p. 5

(12) Krishna Ayer A., Anthropology of the Syrian Christians, Ernakulam 1926 p 94. ഉഷ്ണരാജ്യമായ ഇന്ത്യയിൽ സ്നാനം, ഉണർവും ഉന്മേഷവും ആരോഗ്യവും പ്രദാനം ചെയ്യുമെന്നുള്ളതു പ്രസ്താവ്യമാണ്.

ചെയ്തിരുന്നതു് ഉദയംപേരൂർ സുനഹദോസു് വിലക്കിയതിരുന്നതായി മുകളിൽ കണ്ടുകഴിഞ്ഞു. അതുപോലെതന്നെ കല്യാണത്തിന്റെ തലേ രാത്രിയിലും അതിന്റെ നാലാം ദിവസവും കളിക്കാറുള്ളതു് (Ceremonial bath) യഹൂദന്മാരുടെ സംപ്രദായമാകയാൽ ഉപേക്ഷിക്കണമെന്നു സുനഹദോസു് വിധിച്ചു (13).

ക്രിസ്ത്യനി സാഹിത്യത്തിൽ ക്രിസ്തുവിനെ ദീപവും ദീപ്തിയുമായി ചിത്രീകരിക്കാറുണ്ടു്. ഇതു തികച്ചും ശരിയാണു്, സുറിയാനി സാഹിത്യത്തിലും സുറിയാനി ആരാധനക്രമത്തിലും. അഗ്നിക്കും പ്രകാശത്തിനും ഹിന്ദുക്കളും മതപരമായ അർത്ഥം കല്പിക്കാറുണ്ടു്. വിവാഹവേളയിൽ അവർ കോലുവിളക്കു കത്തിച്ചുവയ്ക്കുന്നു. ഇങ്ങനെ പല മുഹൂർത്തങ്ങളിലും അഗ്നിദേവനെ അവർ സാക്ഷിയായി നിർത്തുന്നു. ക്രിസ്ത്യാനികളും കല്യാണക്കാരി പള്ളിയിൽ കെടാവിളക്കിനു താഴെവച്ചു തയ്യാറാക്കിയിരുന്നു. ഈ രീതി ഇന്നു കാണുന്നില്ല എന്നാൽ അന്തംചാർത്തൽ, മൈലാഞ്ചി ഇടൽ, മാർഗ്ഗംകളി, കല്യാണം കെട്ടിക്കയറൽ, എന്നിങ്ങനെയുള്ള അവാന്തരങ്ങളിൽ കത്തിച്ച വിളക്കിനു പ്രത്യേക സ്ഥാനമുണ്ടു്. ഇത്തരം സന്ദർഭങ്ങളിൽ യഹൂദരും കൽദായരും വിളക്കിനു പ്രത്യേകസ്ഥാനം നൽകുന്നുണ്ടു്. പേർഷ്യൻ രീതി ഇവിടെയും തുടരാൻ ഇവിടത്തെ ഹിന്ദുക്കളുടെ സംപ്രദായം പ്രേരിപ്പിച്ചുകാണും.

വിവാഹാഘോഷം

കല്യാണാവസരങ്ങളിലെ ചില പ്രത്യേകതകളും നാം കണ്ടുകഴിഞ്ഞു. കൽദായക്കാർ കല്യാണത്തിനു മോതിരമിടുന്നു. നാം 'താലികെട്ടുക'യാണു ചെയ്യുക. ഹിന്ദുക്കളും താലി ഉപയോഗിക്കുന്നു. അതിൽ ചില ഹിന്ദുരൂപങ്ങളും കാണുമെന്നു മാത്രം. അതു കെട്ടാൻ ഉപയോഗിക്കുന്ന നൂൽ സുറിയാനിക്കാരും ഹിന്ദുക്കളും എടുക്കുന്നതു മണവാട്ടിയുടെ മന്ത്രകോടിയിൽനിന്നാണു്. 'താലികെട്ടു്' (മിന്നുകെട്ടു്)

(13) കൽദായക്കാരുടെയും യഹൂദന്മാരുടെയും ഇടയ്ക്കു് ഈ രീതി നടപ്പിലുണ്ടായിരുന്നു.

വിവാഹത്തിന്റെ കാതലായ ഒരു ചടങ്ങായിത്തീർന്നിരിക്കുകയാണു്. വിവാഹം കഴിക്കുന്നതിനു് 'കെട്ടുക' എന്നാണല്ലോ പറയാറുള്ളതു്.

ഇതുപോലെ പഠഞ്ഞതിൽനിന്നു്, മലബാറിലെ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ സാമൂഹികരീതികളും ചില ആരാധനക്രമസംപ്രദായങ്ങളും പോലും ദേശത്തിനും സാഹചര്യത്തിനും അനുരൂപപ്പെട്ടുത്തുവാൻ ഒരു പ്രവണതയുണ്ടായിരുന്നുവെന്നു മതളിയുന്നുണ്ടു്. ഇതു് ആദിമസഭയിൽ ഉണ്ടായിരുന്ന ശക്തിയായ ഒരു ചിന്താഗതിക്കനുസൃതമാണു്. രക്ഷയുടെ ചരിത്രംതന്നെ പഠിപ്പിക്കുന്നുണ്ടു്, ഇത്തരം അനുരൂപണം ശ്ലാഘനീയമാണു്, ആവശ്യമാണു് എന്നു്. മനുഷ്യരക്ഷയ്ക്കുവേണ്ടി ദൈവം മനുഷ്യനായിത്തീർന്നതും അട്ടശുമായ ദൈവവരപ്രസാദം മനുഷ്യന്റെ പ്രകൃതിക്കു യോജിച്ചവിധം ഭൗമികവസ്തുക്കളുടെ മറവിൽ കൂദാശകർമം വഴിയായി നൽകുന്നതുമെല്ലാം ദൈവംതന്നെ മനുഷ്യനുമായി അനുരൂപപ്പെടുന്നതിന്റെ അടയാളങ്ങളാണു്. സഭാചരിത്രത്തിൽ യഥാർത്ഥത്തിലുള്ള അനുരൂപണ പദ്ധതി പ്രാവർത്തികമാകാതിരുന്ന ചില അവസരങ്ങളിലും ഈ യാഥാർത്ഥ്യത്തെപ്പറ്റി സഭ അവബോധമുള്ളവളായിരുന്നു. ആരാധനക്രമം, ആധുനികയുഗത്തിൽ സഭ, വാർത്താവിനിമയ മാർഗ്ഗങ്ങളും, സന്നാസികസംഘം തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി രണ്ടാംവത്തിക്കാൻ സൂനഹദോസു് നൽകുന്ന പ്രബോധനങ്ങളും ഇത്തരത്തിലുള്ള കാലഃദേശാനുരൂപണം അനുവദിക്കുകയും ശക്തിയായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുവെന്നു മാത്രമല്ല, നിർദ്ദേശിക്കുകയും കല്പിക്കുകയും ചെയ്തിട്ടുണ്ടു്. ആരാധനക്രമത്തെ സംബന്ധിച്ച കോൺസ്റ്റിട്യൂഷന്റെ 37-ാം വകുപ്പു പഠിപ്പിക്കുന്നു: "ആരാധനക്രമത്തിൽപോലും വിശ്വാസത്തെയോ സാമൂഹ്യപൊതുനന്മയെയോ ബാധിക്കാത്ത കാര്യങ്ങളിൽ കർക്കശമായ ഐകരൂപ്യം അടിച്ചേല്പിക്കുവാൻ സഭ ആഗ്രഹിക്കുന്നില്ല; പ്രത്യുത, വിവിധ വർഗ്ഗങ്ങളുടെയും ജനപദങ്ങളുടെയും സംസ്കാരത്തെയും വൈഭവങ്ങളെയും അവയും ആദരിക്കുന്നു. ജനങ്ങളുടെ ജീവിതരീതികളിൽ അന്ധവിശ്വാസത്തോടും അബദ്ധത്തോടും അപരിതാജ്യമായവിധം കെട്ടുപിണഞ്ഞതു കണ്ടെത്തുകയും സഭ അനുഭാവപൂർവ്വം പഠിക്കുകയും

കഴിയുന്നിടത്തോളം അന്യൂനം പരിരക്ഷിക്കുകയും ചെയ്യുന്നു. ആരാധനക്രമത്തിന്റെ യഥാർത്ഥവും അധികാരികവുമായ ചൈതന്യത്തോടു ചേരുന്നപക്ഷം താളശീലകങ്ങളെ സഭ ആരാധനക്രമത്തിൽ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്."

16-ാം നൂറാണ്ടിൽ നമ്മുടെ റീത്തു് പാഷണ്ഡമായതെന്ന സംശയത്തോടെ വീക്ഷിക്കപ്പെട്ടതിനാലും അന്നു മുതൽ നമ്മുടെ റീത്തു് ലത്തീൻ റീത്തിന്റെ അക്കാലത്തെ ചിന്താഗതിക്കു വിധേയമായിരുന്നതിനാലും സ്വതന്ത്രമായ വളർച്ചയോ മേല്പറഞ്ഞ തരത്തിൽ കൂട്ടലായുള്ള അനുരൂപണമോ ആസ്വദിച്ചില്ല. ഇപ്പോൾ രണ്ടാം വത്തിക്കാൻ സൂനഹദോസ് അനുശാസിച്ചുശീർവദിച്ചിരിക്കുന്ന ഈ അനുരൂപണം കൂട്ടലായി സാധിക്കുവാനുള്ള സന്ദർഭമാണു്. ഒരേ സാഹചര്യത്തിൽ വളരുന്ന ഇവിടെയുള്ള ലത്തീൻ, സീറോ-മലങ്കര, സീറോ-മലബാർ എന്നീ റീത്തുകൾക്കു ഭാരതസംസ്കാരം ദേശിയരീതികൾ മുതലായവയിൽനിന്നു പൊതുവായും അതതു റീത്തിന്റെ പ്രകൃതിക്കനുസൃതമായി പ്രത്യേകിച്ചും സ്വീകരിക്കാവുന്ന പല സംഗതികളും ഉണ്ടായേക്കാം. അവയെപ്പറ്റിയെല്ലാം ഖണ്ഡപ്പെട്ടവർ പഠിക്കാൻ പറ്റിയ സുവർണ്ണാവസരമാണിതു്.



അദ്ധ്യായം നാല്

റോസ് മെത്രാൻ

(1599—1624)

ഉടയംപേരൂർ സുനഹദോസിനെപ്പറ്റി റോമാ അറിയുന്നതിനു മുമ്പുതന്നെ 1599 നവംബർ 5-ാംനു- മാർ അബ്രാഹത്തിന്റെ പിൻഗാമിയായി ഫാദർ റോസ് എസ്സ്. ജെ. അങ്കമാലി രൂപതാധ്യക്ഷനായി നിയമിക്കപ്പെട്ടു. 1599 ഡിസംബർ 20-ാംനു- ഗോവ അതിരൂപതയുടെ ഒരു സാമന്ത രൂപതയായി അങ്കമാലിയെ തരംതാഴ്ത്തി. അതോടെ അങ്കമാലി പോർട്ടുഗൽ ഗവണ്മെൻറിന്റെ കീഴിലാവുകയും ചെയ്തു— (പേട്രോണോ=Patronage). അങ്ങനെ സെലൂഷ്യൻ പാത്രിയർക്കീസ്സിന് മലബാറിലുണ്ടായിരുന്ന അധികാരം നഷ്ടപ്പെട്ടു. ഇതിനു് ഒരു സാക്ഷിയായി 16-ാം നൂറ്റാണ്ടു കടന്നുപോയി.

1599 മുതൽ 1896 വരെ മലബാർ സഭയെ ഭരിച്ച മെത്രാന്മാരെല്ലാവരും തന്നെ ലത്തീൻറീത്തുകാരായിരുന്നു. അവരിൽ ചിലരൊഴിച്ചെല്ലാം പോർട്ടുഗീസുപട്രോണോയാണു നിയമിച്ചതു്. ലത്തീൻ റീത്തുനു കാരണത്തിനു് ഇതു വഴിതെളിച്ചു. തനി സുറിയാനി ക്രമങ്ങളും പലതും തിരോഭവിച്ചു. അവരിൽ പ്രമുഖനായ റോസ് മെത്രാൻ തന്നെ പറഞ്ഞിട്ടുണ്ടു് "മലബാറുകാർ റോമൻകത്തോലിക്കാ വിശ്വാസം ഏറ്റുപറയുന്നു"വെന്നു(1). വീണ്ടും, "വിശുദ്ധാരാധന ഉപേക്ഷിച്ച നമ്മുടെ പരിശുദ്ധ വിശ്വാസം വി. തോമ്മാശ്ലീഹാ വഴി സ്വീകരിച്ച ഈ പൗരസ്ത്യനാട്ടിലെ ഏറ്റം പുരാതന ക്രിസ്ത്യാനികളാണിവർ. അനാഗതരുടെയും യഹൂദന്മാരുടെയും മുഹമ്മദീയരുടെയും ഇടയ്ക്കു ജീവിക്കുന്നെങ്കിലും ഇവർ ഇന്നുവരെ എന്നാളും (Semper usque ad hoc tempus) വിശ്വാസത്തിൽ വളരെ ഉറച്ചുനിന്നുപോരുന്നു"വെന്നു് അദ്ദേഹം മറ്റൊരിടത്തു പ്രസ്താവിച്ചിട്ടുണ്ടു് (2). സംഗതികളും ഇപ്രകാരമായി

(1) De erroribus Nestorianorum, Orientalia Christiana no 40, 1928. p. 15.
(2) Jesiut Archives in Rome, Goa 15, f. 52.

രിക്കെ സുറിയാനി റീത്തു് ലത്തീൻസങ്കരമോ ലത്തീൻമയമോ ഒക്കെ ആക്കാൻ ശ്രമിക്കാതെ, മലുപൂവ്ദേശങ്ങളിൽനിന്നു വന്നു ഇവിടെ ഉപയോഗിച്ചിരുന്ന പുസ്തകങ്ങളിലെ തെറ്റുകുറ്റം തിരുത്തിയാൽ മതിയായിരുന്നു. എന്നാൽ അക്കാലത്തിന്റെ ഗതിയും ആളുകളുടെ ചിന്താഗതിയും മറിച്ചായിരുന്നു. ലത്തീൻ റീത്തിലെ ചില പ്രാത്ഥനകളും തന്നേയും നമ്മുടെ ആരാധനക്രമങ്ങളിൽ കൂട്ടിച്ചേർക്കപ്പെട്ടു.

റോസ് മെത്രാൻ (1593–1624)

"ഇൻഡ്യൻ സഭയിലെ റാസക്രമം: തന്റെ രേണത്തിന്റെ നാലാംകൊല്ലം നാലാംമാസം അങ്കമാലി സൂനഹദോസിൽവച്ചു് മാർ ഫ്രാൻസിസ്കോസ് (റോസ്) ക്രമപ്പെടുത്തിയതു്" എന്ന തലക്കെട്ടോടുകൂടിയ ഒരു കുർബാനക്രമം മാന്നാനത്തു കർമ്മലീത്താ ആശ്രമത്തിൽ സൂക്ഷിച്ചിട്ടുണ്ടു്. 1603-ൽ റോസ് മെത്രാൻ അങ്കമാലി സൂനഹദോസിൽവച്ചു് പുതുതായി ഒരു തക്സാ (കുർബാനക്രമം) ക്രമപ്പെടുത്തിയെന്നാണല്ലോ തലക്കെട്ടതന്നെ സൂചിപ്പിക്കുന്നതു്. ഇതുപോലെതന്നെ കാനോനജപവും അദ്ദേഹം ക്രമപ്പെടുത്തിയതായി രേഖകളുണ്ടു്. മലങ്കരെ മാർ തോമ്മാശ്ലീഹാടെ എടവകേടെ കല്പനകളം'(തുക്കാസേ് മാറിസ്യാ തോമായ്ത്തരേ് ഫെന്തോ) എന്ന നിയമാവലിയിൽ(Statutes)"എന്നാൽ നാം അനേകരം ഒണ്ടിച്ചു ചിതറിക്കിടക്കുന്ന സുറിയാനി നമസ്കാരത്തിനു ചിതം വരുത്തിയതു (codified) പോലെ കണ്ടു പേർത്തു് (copy) എല്ലാ പള്ളിയിൽ പട്ടക്കായ് എല്ലാവരും നൊസ്സരിക്കയും വേണം" എന്നു് റോസ് മെത്രാൻ അനുശാസിക്കുന്നു (3).

പൊതുവിൽ പറഞ്ഞാൽ ഉദയംപേരൂർ സൂനഹദോസിലെ തീരുമാനങ്ങളാം പ്രാവർത്തികമാക്കുക എന്ന ചുമതല വന്നു പതിച്ചതു് റോസ് മെത്രാനിലായിരുന്നു. അദ്ദേഹം അതു് ഏതാണ്ടു കഴിവുപോലെ ചെയ്തു.

ഉദയംപേരൂർ സൂനഹദോസിൽ മെനേസ്സിസ് തയ്യാറാക്കിയ ആരാധനക്രമം റോസ് മെത്രാൻ അതേപടി സ്വീകരി

(3) Vatican Codex Borgia Indiano 18.

ച്ചില്ല. അതിൽ ചില ഭേഗതികളും വരുത്തിയാണു നടപ്പിലാക്കിയതു്. "തന്റെ ഭരണത്തിന്റെ നാലാംകൊല്ലം അങ്കമാലി സൂനഹദോസിൽ വച്ചു തയ്യാറാക്കിയതു്" എന്ന തലക്കെട്ടോടുകൂടിയ ഒരു റോമക്രമം മാന്നാനത്തുണ്ടെന്നു് മുകളിൽ പറഞ്ഞല്ലൊ. ഈ സൂനഹദോസു് 1603-ൽ നടത്തിയതാണു്. ആ വർഷം വി. അംബ്രോസിന്റെ തിരുനാളിൽ റോമു് മെത്രാൻതന്നെ സുറിയാനി ഭാഷയിൽ കുർബാന അപ്പിച്ചശേഷമാണു് കൗൺസിൽ ആരംഭിച്ചതെന്നു ഭംഗംസാക്ഷിയായ Campari S. J. തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു് (4).

1606 മെയു് 16-ാംനു- കൊടുങ്ങല്ലൂർ വച്ചു റോമു് മെത്രാൻ നടപ്പാക്കിയ കല്പനകളെപ്പറ്റി മുകളിൽ പറഞ്ഞല്ലൊ. അതിന്റെ രണ്ടാംപുസ്തകത്തിലെ (5) പത്താംഅദ്ധ്യായം വി. കുർബാനയുടെ അപ്പന്നത്തെപ്പറ്റിയാണു്. വൈദികർ വി. കുർബാന പല വിധത്തിൽ ചൊല്ലുന്നതുകൊണ്ടു ക്രമഭംഗം ഉണ്ടാകുന്നു. അതുകൊണ്ടു മേലിൽ രണ്ടാമത്തെ അങ്കമാലി സൂനഹദോസിൽവച്ചു റോമിന്റെ അഞ്ജയനുസരിച്ചുണ്ടാക്കിയ തക്കുസാ ഉപയോഗിച്ചു കുർബാന ചൊല്ലിയാൽ മതി; അങ്ങനെ ചെയ്യാൻ ഇഷ്ടമില്ലെങ്കിൽ വൈദികർ കുർബാന ചൊല്ലേണ്ടതില്ല. അങ്ങനെ പലതും അരുശാസിച്ചിട്ടുണ്ടു് ആ അദ്ധ്യായത്തിൽ (6).

ഇതിൽനിന്നും റോമു് മെത്രാൻ തയ്യാർചെയ്ത തക്കുസാതന്നെയാണു പ്രാബല്യത്തിൽ വരുത്തിയതെന്നു ഗ്രഹിക്കാം. മറ്റു വാക്കിൽ, ഉടയംപേരൂർ തക്കുസാ അടിസ്ഥാനം വ്യത്യാസപ്പെടുത്തി. അജ്ഞതകൊണ്ടു ചിലർ കാഴ്ചവയ്പിനുശേഷം ലേഖനവും സുവിശേഷവും വായിച്ചിരുന്നുവെന്നും ആ രീതി മാറ്റി പുതിയ തക്കുസായിലെ ക്രമമനുസരിച്ചു ബലിയർപ്പിക്കണമെന്നും അടിസ്ഥാനം മറ്റൊരിടത്തു പറയുന്നുണ്ടു്(7) ഇവിടെ ഒരു കാര്യം ശ്രദ്ധിക്കണം മെത്രാസിസിന്റെ കുർബാനക്രമങ്ങളിൽ കാഴ്ചവയ്പു് കുഴിഞ്ഞാണു് വായനകളും. അതു് അ

(4) Letter of Campori S. J., Jan. 9, 1604, quoted by Ferroli op cit. p 300.

(5) നാല പുസ്തകമായിട്ടാണു തിരിച്ചിരിക്കുന്നതു്.

(6) Vat. Codex Borgia Indiano 18 fol. 45.

(7) Ibid fol, 47.

ഇതെങ്കിൽ' ചെയ്യുന്നതാണെന്നു പറഞ്ഞു റോമ്മെക്കാൻ ഉടയംപേരുർ തങ്ങൾ തിരുഞ്ഞുകയാണു ചെയ്തതു്. മെനേസിസിന്റെ കൂർബാന ക്രമം വിശ്വാസികളെ വി. കൂർബാന നൽകുന്നതിന്റെ ക്രമത്തെപ്പറ്റി ഒന്നും പറയുന്നില്ല. എന്നാൽ ഗ്രന്ഥകർത്താവിന്റെ രണ്ടാം പുസ്തകത്തിൽ 8-ാം അദ്ധ്യായത്തിൽ വി. കൂർബാന നല്കുന്നക്രമം കൊടുത്തിട്ടുണ്ടു് (8): വി. കൂർബാന സ്വീകരിക്കുന്നതിനു പ്രാദേശികരീതിയനുസരിച്ചു പുരുഷന്മാർ വടക്കുഭാഗത്തും സ്ത്രീകൾ തെക്കുഭാഗത്തും മുട്ടുകുത്തണം. ശുശ്രൂഷിയും വി. കൂർബാന സ്വീകരിക്കാനുള്ളവരും 'ഞാൻ പിഴയാളി' ചൊല്ലണം. വൈദികർ ജനങ്ങളുടെ നേരേ തിരിഞ്ഞു 'നെസ്രാഹം അലൈഹോൻ....' ചൊല്ലി അവരെ ആശീർവദിക്കണം. അതിനു ശുശ്രൂഷി 'ആമ്മേൻ' പറയണം. തിരുമേശസ്ഥി ജനങ്ങളെ കാണിച്ചുകൊണ്ടു വൈദികൻ 'ഏമറേ മാലാഹാ'—ചൊല്ലണം. തുടർന്നു കർത്താവേ, നിന്റെ വേനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല....' എന്ന പ്രാർത്ഥന (മലയാളത്തിൽ വിശ്വാസികളും) ചൊല്ലണം. മെത്രാൻ വി. കൂർബാന എഴുന്നള്ളിച്ചു കൊടുക്കുമ്പോഴും ഓരോരുത്തരും മെത്രാന്റെ മോതിരം ചുംബിച്ചേ വി. കൂർബാന സ്വീകരിക്കാവൂ വി. കൂർബാന എഴുന്നള്ളിച്ചു കൊടുക്കുമ്പോഴും തക്സായിലെ പ്രാർത്ഥന ചൊല്ലണം. കൂർബാന സ്വീകരിക്കുന്നവരുടെ മുൻവശത്തു് തുണി വിരിച്ച ഒരു ബഞ്ചു് ഇടേണ്ടതാണു്. കൂർബാന സ്വീകരിച്ചവരെ ശുശ്രൂഷി ഒരു കാസായിൽനിന്നോ മറ്റു പാത്രത്തിൽനിന്നോ കുടിപ്പിക്കണം. അതിനു ശേഷം ചുണ്ടുകൾ തുടയ്ക്കുന്നതിനു ഒരു തുവാല നീട്ടിക്കൊടുക്കണം. വി. കൂർബാന സ്വീകരിച്ചവർ ഒരു സ്വാഗ്....ഒരു നന്മ....യും ചൊല്ലണം അവസാനം 'ബ്ശൂക്കൂസ മാലാഹാ' ചൊല്ലി ആശീർവ്വദിക്കണം. അതിന്റെ കൂടെ സമാധാനത്തിൽ പോവുക; മേലിലിനിയും പാപം ചെയ്യരുതു്" എന്നുകൂടി ഉത്ബോധിപ്പിക്കുന്നു. ഈ ക്രമത്തിൽ കാണുന്നതു് പഞ്ചു് ഇരുനൂറ്റാണ്ടിലും കൂർബാന നൽകിയിരുന്നതിന്റെ ഒരവശിഷ്ടമായിരിക്കാം. കാസായിൽ

(8) Ibid fol. 36

നിന്നു ഡീക്കൻ വിശ്വാസികളെ തിരുകർമ്മം കൂടിപ്പിച്ചിരുന്നതിന്റെ രീതി (9).

ഇതുവരെ പറഞ്ഞതിൽനിന്നു ഒരു കാര്യം വിശദമാണു്. മെനേസീസിന്റെ ക്രമത്തിൽ തന്നെയും റോസ് വ്യത്യാസങ്ങൾവരുത്തി; പുതിയ പരിഷ്കാരങ്ങൾ കൂട്ടിച്ചേർത്തു. പുനരുദ്ധാരണത്തിനു മുമ്പു് ഇവിടെ ഉപയോഗിച്ചിരുന്ന കുർബാനക്രമത്തിനു മെനേസീസിന്റെ കുർബാനയോടെന്നതിനേക്കാൾ റോസിന്റെ കുർബാനയോടാണു കൂടുതൽ സാധർമ്മ്യം. ഇതിനു കൂടുതൽ ഉത്തരവാദി റോസ് മെത്രാനാണു് എന്നതാണു വാസ്തവം. വളരെ ശാസ്ത്രീയമായ ഒരു പഠനത്തിനുശേഷം ഫാദർ പ്ലാസിഡ് എത്തിച്ചേർന്നിട്ടുള്ളതാണു് ഈ അനുമാനം. (10)

റോസ് മെത്രാന്റെ റാസക്രമത്തിൽ ലത്തീൻരീതി വളരെ ചേർത്തിട്ടുണ്ടു്: ശുശ്രൂഷികൾക്കു് അംശങ്ങൾ പദവികളിൽ ഇരിക്കാം. വേദപുസ്തക ഭാഗങ്ങളും ശുശ്രൂഷികളും ആഘോഷമായി പാടുമ്പോൾ കർമ്മികൻ താണസ്ഥാനത്തിൽ അവ വായിക്കണം. റാസയുടെ പ്രാരംഭത്തെപ്പറ്റി തക്സായിൽ ആദ്യം നൽകുന്ന വിവരം ശ്രദ്ധേയമാണു്:

ശുശ്രൂഷയ്ക്കു വേണ്ടതു വൈദികരും ശെമ്മാശന്മാരുമുള്ള സ്ഥലത്തു പ്രധാന തിരുനാളുകളിലും ഞായറാഴ്ചകളിലും റാസക്കുർബാന അർപ്പിക്കണം. ഇതിനു് വൈദികരും ആറാം പട്ടക്കാരനും, അഞ്ചാം പട്ടക്കാരനും കുറഞ്ഞതു നാലു ശെമ്മാശന്മാരും ഉണ്ടായിരിക്കേണ്ടതത്രേ. രണ്ടു പേർ ആറാം പട്ടക്കാരെപ്പോലെ വസ്ത്രം ധരിക്കണം. മറ്റുള്ളവർ വെള്ളയങ്കി ഇടണം. മദ്ബഹായുടെ വലത്തുവശത്തു നിലത്തു് ഉറച്ചു നിൽക്കുന്ന ഒരു മേശയും അതിന്മേൽ രണ്ടു തിരിയും, കൈറിയാനായും (മുഖ്യമായും പഴയനിയമം) ശ്ലീഹായും (വി. പൗലോസിന്റെ ലേഖനങ്ങളും) അടങ്ങിയ പുസ്തകവും ഒരുക്കിവയ്ക്കേണ്ടതാണു്. ഏവൻഗലിയോൻ പുസ്തകമാകട്ടെ പീഠത്തിന്മേൽ

(9) ഫാദർ വെള്ളിയാൻ, പുനരുദ്ധരിക്കപ്പെട്ട സീറോ-മലബാർ കുർബാന, 26, 27 വശങ്ങൾ.

(10) Cfr. Placid, The present Syro-Malabar Liturgy Menezian or Rozian? Orient Christ. Periodica XXIII (1957) 313–331.

തന്നെ വച്ചിരിക്കണം. ശുശ്രൂഷ്യക്കാവശ്യപ്പെട്ടവരെല്ലാം തയ്യാറായിക്കഴിയുമ്പോൾ ശുശ്രൂഷ ആരംഭിക്കുന്നു. കാർമ്മികന്റെ വലതുവശത്തു് ആദ്യം പട്ടക്കാരനും ഇടതുവശത്തു അഞ്ചാം പട്ടക്കാരനും കുറേ പിറകിലേക്കു മാറി നിൽക്കുന്നു. മറ്റുള്ളവർ ക്രമമായി മുട്ടുകുത്തുന്നു. എല്ലാവരും അതതു ടി വസത്തേയ്ക്കുള്ള മർമീസാ ചൊല്ലുന്നു.....”

കുർബ്ബാനയിലെ വായനകളും ലത്തീൻ റീത്തിലേതു തന്നെയാക്കി. പ്രശീത്താ'യിൽനിന്നുള്ള വായനകളിൽ ലത്തീൻ വ്യംഗാത്തായുമായി യോജിക്കാത്ത ഭാഗമെല്ലാം വ്യംഗാത്തായിൽനിന്നു തർജ്ജമ ചെയ്തു. ഉദാഹരണത്തിനു്, മരിച്ചവർക്കുവേണ്ടിയുള്ള കുർബ്ബാനയിലെ കൊറിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിൽ പതിനഞ്ചാമദ്ധ്യായം 51–ാം വാക്യമെടുക്കുക. “നാമെല്ലാവരും നിദ്രപ്രാപിക്കുകയില്ല. എന്നാൽ ....നാമെല്ലാവരും രൂപാന്തരപ്പെടും” എന്ന പ്രശീത്താ ഭാഗത്തിനു് പകരം വ്യംഗാത്തായിലെ “തീർച്ചയായും നാമെല്ലാവരും രൂപാന്തരപ്പെടുകയില്ല” എന്നാക്കി. (11)

മാതാവിന്റെ ശുദ്ധീകരണം, ഓശാന ഞായർ, വിഭൂതി ത്തിരുനാൾ, പെസഹാ വ്യാഴം, ദുഃഖവെള്ളി മുതലായ ദിവസങ്ങളിലെ ശുശ്രൂഷകളും സുറിയാനിയിലേക്കു തർജ്ജമ ചെയ്തു ചേർത്തു. അവയെല്ലാംപ്പിച്ച കാനോനനമസ്കാരവും ഉണ്ടാക്കി. ഇവയിലെല്ലാം പൗരസ്ത്യസുറിയൻ റീത്തിന്റെ ഘടന പാലിച്ചിട്ടുണ്ടെന്നതു് പ്രസ്താവുമാണു്, ശ്ലാഘനീയമാണു്. നമ്മുടെ ചില പഴയ പ്രാർത്ഥനകളോടുകൂടി ലത്തീൻ നമസ്ക്കാരത്തിന്റെ തർജ്ജമയും പുതിയ പ്രാർത്ഥനകളും ചേർത്താണു് ഈ ക്രമങ്ങളുണ്ടാക്കപ്പെട്ടതു്. വി. കുർബ്ബാനയുടെ തിരുനാളിനുള്ള കനോനജപത്തിന്റെ ഗണ്യമായ ഭാഗം റോസ് മെത്രാൻ 1605-ൽ ലത്തീനിൽനിന്നു സുറിയാനിയിലേക്കു വിവർത്തനം ചെയ്തവനു ഫാദർ ഫോസ്റ്റൻ പറഞ്ഞിട്ടുണ്ടു്. വി. കുർബ്ബാനയുടെ തിരുനാളിൽ ലത്തീൻ വാഴ്വിന്റെ പ്രാർത്ഥന (Deus qni nobis Sub Sacra-

---

(11) The best texts read: "We shall not all sleep (i. e. die); but we shall all be changed." Cfr. A Catholic Commentary on Holy Scripture, 882 c.

mento mirabili) യുണ്ടല്ലോ. ലത്തീൻ പ്രാർത്ഥനകളും ഓടാപ്പും ഗ്രീക്ക് പ്രാർത്ഥനകളും റോസ് മെക്രാൻ തർജ്ജമ ചെയ്തവെന്നതാണ് വാസ്തവം. ആ ദിവസത്തെ വേസ്പരയുടെ 'മാനീസാ ദഖ്ദം' (ലഹശാമീസാ ദ് റാസേ) ഖൊസൻറയിൻ റീത്തിൽ പെസഹാ വ്യാഴാഴ്ചത്തെ കുർബാനയിൽ ചൊല്ലുന്ന പ്രാർത്ഥനയാണ് (12).

ഉടയംപേരൂർ സുനഹദോസിൻെറ നിശ്ചയമനുസരിച്ചു കാനോന ജപത്തിൽ വി. അഞ്ചനാസിയൂസിൻെറ വിശ്വാസ പ്രമാണം ചേർക്കപ്പെട്ടു; നെസ്റ്റോറിയൻ പേരുകൾക്കു പകരം വിശുദ്ധരുടെ നാമങ്ങളും.

---

(12) Book of Divine Prayers and services of the Catholic Orthodox Church of Christ N. Y., 1961, p. 799.

അദ്ധ്യായം അഞ്ച്

റോസ് മെത്രാന്റെ ശ്രേഷ്ഠം

17-ം 18-ം നൂറ്റാണ്ടുകൾ

1624-1641 വരെ മലങ്കാർ സഭയെ ഭരിച്ച ബ്രിട്ടോ മെത്രാപ്പോലീത്തായ്ക്കെതിരായി അന്നത്തെ ഗീവർഗീസ് അർക്കദ്യാക്കോൻ 1632-ൽ പോർത്തുഗൽ രാജാവിനെ പരാതി സമർപ്പിച്ചതായി രേഖയുണ്ട്. ബ്രിട്ടോ മെത്രാപ്പോലീത്തായ്ക്ക് സുറിയാനി അറിയാൻ പാടില്ലാഞ്ഞതുകൊണ്ട് റീത്തിനെ പറ്റിയ തകരാറുകൾ, സുറിയാനി പഠിപ്പിക്കുന്നതിൽ ഈശോ സഭക്കാരുടെ അലസത, ലത്തീൻ ക്രമത്തോടു യോജിക്കാത്തവയെല്ലാം നീക്കുകയും ലത്തീൻ രീതികൾ കൂട്ടിച്ചേർക്കുകയും ചെയ്യുന്നതിൽ മലബാർ സഭയ്ക്കുള്ള അതൃപ്തി ഇവയൊക്കെയാണ്. ആ കത്തിലെ ഉള്ളടക്കം (1). ഗീവർഗീസ് അർക്കദ്യാക്കോന്റെ പിൻഗാമിയായ തോമാ അർക്കദ്യാക്കോനെഞ്ചായ അതൃപ്തി ആക്കിക്കത്തിയതിന്റെ തിക്തഫലമാണല്ലോ 1653-ലെ കൂനൻ കുരിശു സത്യവും തുടർന്നുണ്ടായ സഭാപിളർപ്പും. ഇതൊക്കെയായിരുന്നിട്ടും ഇക്കാലത്തു് പള്ളിക്രമങ്ങളും, ഉപവാസം, കാനൻ ജപം ഇവയെല്ലാം മിക്കവാറും കൽദായക്രമത്തിന്റെ തന്നെയാണ് ഇവിടെ നടത്തിയിരുന്നതു് (2).

1663-ൽ ഇവിടത്തെ വികാരി അപ്പസ്തോലിക്കായായി കുറവിലങ്ങാട്ട് ഇടവകക്കാരൻ പള്ളിവീട്ടിൽ ഛാണ്ടിമെത്രാൻ നിയമിതനായി. റീത്തുകാര്യങ്ങളിൽ അദ്ദേഹം ലത്തീൻ ക്രമം അനുസരിച്ചു എന്നു തോന്നുന്നു. കുറവിലങ്ങാട് പള്ളിമേടയിലിരിക്കുന്ന ചിത്രത്തിൽ അദ്ദേഹം ലത്തീൻ മെത്രാന്മാരെപ്പോലെ വടി, മുടി, മോതിരം മുതലായവ ധരി

---

(1) ഫാദർ പ്ലാസിഡ്, നമ്മുടെ റീത്തു് 95-ാം വശം.

(2) Vincezo Maria, II Viaggio all' Indie Orientalil, Lib II, p 146.

ച്ചിട്ടുണ്ട്. അമ്പഴക്കാട്ട് സ്ഥാപിക്കപ്പെട്ട സെമിനാരി – പണ്ടത്തെ വയ്പിഴക്കാട്ട സെമിനാരി – റെക്ടർ ഫാദർ മച്ചാദോയുടെ സഹായത്തോടുകൂടി റോസ് മെത്രാൻ ആരംഭിച്ച ലത്തീൻ പൊന്തിഫിക്കലിന്റെ തർജ്ജമ ചാണ്ടി മെത്രാൻ പൂർത്തിയാക്കി. എന്നാൽ ബിഷപ്പ് സെബസ്ത്യാനി സാക്ഷിക്കുന്നുണ്ട്, താൻ ഇന്ത്യ വിടുന്നതിനു മുമ്പുതന്നെ (1633-ൽ) ഈ തർജ്ജമ കടവിൽ ചാണ്ടിക്കത്തനാരും മറ്റു ചിലരും കൂടി പൂർത്തിയാക്കിയെന്ന് (3).

ആരാധനക്രമപുസ്തകങ്ങൾ അച്ചടിക്കുന്നു

മലബാർ സഭയെ സംബന്ധിച്ചിടത്തോളംപ്രതിനെട്ടാം നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവമാണ് കൂർബാന തക്സായും (1774) Rituals-ഉം (1775) അച്ചടിച്ചതു്. തക്സായിൽ ഇന്ത്യാമാത്രമാണുള്ളതു്, റോമിൽനിന്നും പ്രസിദ്ധം ചെയ്യുന്ന ഏതൊരു പുസ്തകത്തിനേയുംപോലെ Master of the Apostolic palace-നേരത്താണ്.

1557-ൽ വരാപ്പുഴ നിന്ന് ഇഗ്നേഷ്യസ് എന്ന കർമ്മലീത്താ വൈദികൻ നമ്മുടെ തക്സാ തെറ്റു തിരുത്തി അടിക്കണമെന്നും പ്രൊപ്പഗാന്താ തിരുസ്സംഘത്തോടു് അഭ്യർത്ഥിച്ചുവെന്നു മതിരുസ്സംഘത്തിന്റെ അക്കാലത്തെ ഒരു രേഖയിൽ കാണുന്നുണ്ട്. തിരുസ്സംഘം ആ ഭാരം പൗരസ്ത്യരുടെ പുസ്തകങ്ങളും തിരുത്തുന്നതിനുള്ള കമ്മീഷനെ ഏല്പിച്ചു. (Congregatio super correctionem librorum Ecclesiae Orientalis, 1719) അച്ചടിക്കാൻ മലബാറിൽ ഉപയോഗത്തിലിരുന്ന പല തക്സാകളും കൽദായ തക്സാകളും പരിശോധിക്കപ്പെട്ടു. ഉദയംപേരൂർ തക്സാ കമ്മീഷൻ തെരഞ്ഞെടുത്തെങ്കിലും മലബാർ വൈദികന്മാർ എതിർത്തു. മലബാറിലെ അന്നത്തെ വികാരി അപ്പസ്തോലിക്ക ഫ്രോറെന്തീനൂസ് കുറെ വൈദികരെ വിളിച്ചുകൂടി അഭിപ്രായം ആരാഞ്ഞു. അറബി വായനകളുംക്കൊള്ളുന്ന കൽദായ തക്സാ വേണ്ടെന്നും പകരം നാട്ടിൽ സാധാരണമായി ഉപയോഗത്തിലിരിക്കുന്ന ക്രമം മതിയെന്നും അവർ തീരുമാ

(3) Op. cif. Lir. II, C. 2.

നിച്ച റോമിലറിയിച്ചു. അങ്ങനെ അച്ചടിച്ച തക്സാ റോസ് മെത്രാൻ ക്രമപ്പെടുത്തിയ തക്സാ തന്നെ (4).

തക്സായിൽ കാണുന്ന വിധം വി. കുർബാന സ്വീകരണത്തിനും ചില ലത്തീൻ പ്രാർത്ഥനകളും കൂട്ടിച്ചേർത്തു. അതിനു മുമ്പുള്ള 'അവാദ്ഖുശ്ത' എന്നാരംഭിക്കുന്ന പ്രാർത്ഥനയും അപ്പത്തോടു വിടവാങ്ങുന്ന പ്രാർത്ഥനയും (പൂശ്ഖ്ലാമ്മ) മാറോനീത്താ റീത്തിലുള്ള വയാണ്. സ്രോഗിലെയാക്കോബു രചിച്ച 'അവാദ്ഖുശ്ത', 'വേറൊരു പ്രതിയിൽ കണ്ടതു്' എന്ന കുറിപ്പോടുകൂടിയാണു് ഈ തക്സായിൽ ചേർത്തിരിക്കുന്നതു്. ഈ 'വേറൊരു പ്രതി' കൽദായക്കാർ അനുപയോഗിച്ചിരുന്ന തക്സായാണു്. അതിൽ ഈ പ്രാർത്ഥന മാറോനീത്താ റീത്തിൽനിന്നെടുത്തു് ചേർത്തതായിരുന്നു. സീറോ-മലബാർ തക്സാ അച്ചടിക്കുന്നതിനുള്ള കമ്മീഷനിൽ മാറോനീത്താക്കാരനായ മേൽ അംഗസ്സമാനി ഒരംഗമായിരുന്നു. ഇക്കാരണത്താലായിരിക്കണം മേല്പറഞ്ഞ മാറോനീത്താ പ്രാർത്ഥനകളും നമ്മുടെ തക്സായിൽ കയറിയതു്. 'അവാദ്ഖുശ്ത' എന്ന പ്രാർത്ഥന, "മ്പാറക്കർത്ത മറിയ" എന്ന മറ്റൊരു പ്രാർത്ഥനയുടെ പകുതിയോടുകൂടിയാണു് അച്ചടിച്ചതു്. 'മ്പാറക്കർത്താമറിയ' മുഴുവനും ഉടനെപേരും തക്സായിൽ ഉണ്ടായിരുന്നുവെന്നുള്ളതു് പ്രസ്താവനയോഗ്യമാണു്.

ചില ചോദ്യങ്ങൾക്കുത്തരമായി പ്രൊപ്പഗാന്താ തിരുസംഘത്തിൽനിന്നു കർദ്ദിനാൾ കൊസ്തല്ലിയുടെ ഒപ്പോടുകൂടി 1768 ജനുവരി 28-ാംനു പുറപ്പെട്ട ഒരു രേഖ ഈ സന്ദർഭത്തിൽ സ്മരണീയമാണു്. പുസ്തകങ്ങൾ തിരുത്തുവാനുള്ള കമ്മീഷനംഗങ്ങളുടെ നിശ്ചയങ്ങളുടെ അന്തിമാഭിപ്രായത്തിനുള്ള 'കൂദാശക്രമങ്ങൾ' എന്ന പ്രാർത്ഥന കൽദായരുടെ തക്സായിലും മെനേസീസ് തിരുത്തിയ തക്സായിലും ഉള്ളതുകൊണ്ടു് നമ്മുടേതിലും കൂട്ടിച്ചേർക്കണം. സുവിശേഷവായനയ്ക്കു മുമ്പുള്ള 'ലാക്ക് ഈസമറാദ്ഖുവ്ഹേ' എന്ന പ്രാർത്ഥനയിൽ കുനോമ്മാ (person)യ്ക്കു പകരം സാരാംശം എന്നർത്ഥമുള്ള പദം ചേർക്കേണ്ടതു്. കൽദായക്കാർ ചെയ്തു

---

(4) Vellian J. പുനരുദ്ധരിക്കപ്പെട്ട സീറോ-മലബാർ കുർബാന, ഇരിഞ്ഞാലക്കുട, 1962, 14–15 വശങ്ങൾ.

തുപോലെ കൂർബാനയിൽ പാത്രിയർക്കായുടെയും മെത്രാന്റെയും പേരോടുകൂടി മാർപ്പാപ്പായുടെ പേരും ചേർക്കണം. കുർബാനക്കുള്ളതും ഉച്ചരിച്ചു കഴിഞ്ഞയുടനെ തിരുശരീരരക്തങ്ങളും ആരാധനയ്ക്കായി ഉയർത്തണം (5).

ലത്തീൻ മിസ്സാലും (കൂർബാനപുസ്തകം) മാതൃകയായി സ്വീകരിച്ചാണ് നമ്മുടെ തക്സായിലെ ഉള്ളടക്കം ക്രമപ്പെടുത്തിയതു്. പഞ്ചാംഗവും ഓരോ ദിവസത്തിനുള്ള വായനകളും മിക്കവാറും ലത്തീൻ ക്രമത്തിലേതു തന്നെ. തോമ്മാശ്ലീഹായുടെ തിരുനാളുകളായ ജൂലൈ മൂന്നും (ഉർഹായ) ഡിസംബർ പതിനെട്ടും (മൈലാപ്പൂരിലെ കൽക്കുരിശു വീയർത്തതിന്റെ ഓർമ്മ) അതിലുണ്ടെങ്കിലും മൂന്നു നോമ്പിനുള്ള വായനകളില്ല. കാരണം ലത്തീൻ റീത്തിലതില്ല (6). ഓരോ കൂർബാനയ്ക്കും ഈരണ്ടു വായനകളേ ഉള്ള ലത്തീൻ 'വുംഗാത്താ'യുമായി യോജിക്കാത്ത 'പൗരസ്ത്യ' മേഗങ്ങളെല്ലാം തന്നെ 'വുംഗാത്താ'യ്ക്കു് അനുരൂപമാക്കി.

വിഭൂതിത്തിരുനാൾ (Ash Wednesday), ഓശാന ഞായർ, പെസഹാ വ്യാഴാഴ്ച, ദുഃഖവെള്ളിയാഴ്ച എന്നീ ദിവസങ്ങളിലെ ശുശ്രൂഷകളും ഫെബ്രുവരി 2-ാംനു- യിലെ തിരിവെഞ്ചിപ്പു ക്രമവും ലത്തീനിൽനിന്നു തർജ്ജമ ചെയ്തു ചേർത്തു. ഓശാനഞായറാഴ്ചത്തെ ക്രമത്തിൽ വൈദികൻ വാതിലിൽ മുട്ടുമ്പോൾ പാടുന്ന "ആറീം തറ ഏ" ലത്തീനിൽ ഇല്ലെന്നതു പ്രസ്താവ്യമാണു്. പെസഹാവ്യാഴാഴ്ചത്തെ "കാൽകഴുകൽ" ശുശ്രൂഷ തർജ്ജമ ചെയ്തു. ദുഃഖവെള്ളിയാഴ്ച വി. കൂർബാന അടക്കുന്ന ക്രമം (Mass of the presanctified) ലത്തീന്റെ തർജ്ജമയാണെങ്കിലും, സുറിയാനിക്കൂർബാനയിലെ 'ശപാലൻ മാറൻ വാലാഹൻ' എന്ന പ്രാർത്ഥന അതിന്റെ സ്ഥാനത്തു ലത്തീനിലുള്ള Praeceptis salutaribus എന്നതിനു പകരം ചേർത്തുവെന്നതു പ്രത്യേകം ശ്രദ്ധാർഹമാണു്. ദുഃഖശനിയാഴ്ചത്തെ ക്രമം തക്സായിൽ ചേർത്തില്ല (7).

(5) Hanssens J M, Institutiones liturgicae de Ritibus Orientalibus Vol II Rome, 1930 n. 745.

(6) മുന്നമ്പോമ്പിന്റെ വായനകളും പത്തൊമ്പതാം നൂറ്റാണ്ടിലാണു് കൂട്ടിച്ചേർക്കപ്പെട്ടതു്.

(7) ഇതു് പത്തൊൻപതാം നൂറ്റാണ്ടിലേ തർജ്ജമചെയ്യുള്ളൂ. 20-ാം നൂറ്റാണ്ടിൽ അച്ചടിച്ചു.

1774-ലേ തക്സായിൽ ഒരു വ്യത്യാസമുണ്ടു്. പക്ഷേ അതു വിശദമായിട്ടല്ല കൊടുത്തിരിക്കുന്നതു്. മാമ്മോദീസായും മറ്റുള്ളാശുദ്ധകൃമങ്ങളുമടങ്ങിയ Ritual 1775-ൽ അടിച്ചെന്നു മുകളിൽ പറഞ്ഞിട്ടുണ്ടല്ലൊ. അതു മുഴുവൻ ലത്തീനിൽ നിന്നുള്ള തർജ്ജമയാണു്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വളരെപ്പേർക്കും മാമ്മോദീസാ നൽകുക, കല്യാണം കഴിച്ചു വാഴ്വു കൊടുക്കുക, മരണസമയത്തു പൂർണ്ണദണ്ഡവിമോചനം നൽകുക, പുതിയ വീടും മറ്റും വെഞ്ചരിക്കുക എന്നിങ്ങനെയുള്ള പല കൃമങ്ങളും അതിലുണ്ടു്.

കരിയാറ്റിൽ മെത്രാപ്പോലീത്താ (1782—1786)

1785-ൽ എഴുതപ്പെട്ട "വർത്തമാനപ്പുസ്തക"ത്തിൽ കരിയാറ്റിൽ മെത്രാപ്പോലീത്താ പോർട്ടുഗലിൽവച്ചു 'കാരോയപ്പട്ടം' ലത്തീൻ ക്രമത്തിന്റെ സുറിയാനി തർജ്ജമ ഉപയോഗിച്ചു നല്കിയതായി കാണുന്നുണ്ടു്. പക്ഷേ സ്ഥൈര്യലേപനം നൽകാൻ അദ്ദേഹം ലത്തീൻ പൊന്തിഫികൽ തന്നെ ഉപയോഗിച്ചു (8). ലത്തീൻ വൈദികമേലദ്ധ്യക്ഷന്മാരെപ്പോലെ തന്നെ കരിയാറ്റിൽ മെത്രാപ്പോലീത്തായും വേഷഭൂഷണങ്ങളും അണിഞ്ഞിരുന്നുവെന്നു രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ള അദ്ദേഹത്തിന്റെ കുരിശും മോതിരവും സൂചിപ്പിക്കുന്നു. 1768-ൽ അദ്ദേഹം രചിച്ചുവെന്നു കരുതിയിരുന്ന "വേദതർക്ക"ത്തിൽ (9) പട്ടക്കാരുടെ വിവാഹം, കർബ്ബാനയിലെ പൂ

---

(8) ഈ തർജ്ജമ 1782—ൽ കരിയാറ്റിൽമെത്രാന്റെ ഉപയോഗത്തിനായി ബ. പാറേമാക്കലച്ചൻ തയാറാക്കിയതാണു്. അതിനു് മാർ യൗസേപ്പു് (+ 1569) തയാറാക്കിയ റോമൻ പൊന്തിഫിക്കലിന്റെ തർജ്ജമ ക്രമപ്പെടുത്തേണ്ട ആവശ്യമേ ഉണ്ടായിരുന്നുള്ളുവെന്നു് അതിന്റെ ആമുഖത്തിൽ ബ. പാറേമാക്കലച്ചൻ പറയുന്നുണ്ടു്. (Chaldean Library cf. Mardin, Codex 39, Catelogus of A Scher, p. 76)

(9) 1943—ൽ ഫാദർ പ്ലാസിഡു് നടത്തിയ ഒരു ഗവേഷണത്തിന്റെ അനുമാനം ഈ പ്രബന്ധം കരിയാറ്റിൽ മെത്രാന്റേതല്ലെന്നാണു്. അതു് 1768—നു മുമ്പു് എഴുതപ്പെട്ടതാണെന്നാണു് ഫാ. പ്ലാസിഡിന്റെ അഭിപ്രായം. ഏതായാലും അക്കാലത്തെ ചിന്താഗതി ഗ്രഹിക്കാൻ ഈ പ്രബന്ധം ഉപയുക്തമാണു്.
Cfr. Fr. Placid, Three apologetic treatises in Malayalam, The Scholastic, Chethipuzha, 1943, pp. 10—17.

ളിക്കാത്ത അപ്പം, മുട്ടുകുത്തൽ മുതലായവയെക്കുറിച്ചു പ്രദർശിപ്പിച്ചിട്ടുള്ള ആശയം തികച്ചും അക്കാലത്തെ ലത്തീൻ ചിന്താഗതിക്കു അനുസൃതമായിരുന്നു. മുട്ടുകുത്തൽ സംബന്ധിച്ചു 'പുത്തൻകുറുകാരനു' എതിരായി അതിൽ പറയുകയാണു്: "എടോ പുത്തൻകുറുകാരാ, ഇപ്പോഴും നിങ്ങടെ കർബാന കാണുമ്പോളും കർബാന കൈക്കൊള്ളുമ്പോളും നമസ്കരിക്കുമ്പോളും, ഉടയതമ്പുരാനോടു വേണ്ടുന്ന ആചാരമൊക്കെയും മുട്ടുകുത്തി ആചാരം ചെയ്യാതെ നിന്നുകൊണ്ടു ചെയ്വാൻ എന്തു വകാശം? ഇങ്ങനെ നിവൃന്മാരും ശ്ലീഹന്മാരും സഹദേന്മാരും പുണ്യവാളന്മാരും അടിയാരും രാജാക്കളും രാജാക്കളുടെ രാജാവായ മിശിഹാതമ്പുരാൻകൂടെയും മുട്ടുകുത്തി നമസ്കരിച്ചു എന്നു് എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ നിന്നുകൊണ്ടു നമസ്കരിച്ചു എന്നും ചില സംഗതിക്കു ചിലർ ചെയ്ത പ്രകാരം എഴുതപ്പെട്ടിട്ടുണ്ടെങ്കിലും മുട്ടുകുത്തി നമസ്കരിക്കുന്നതത്രേ പട്ടാങ്ങുള്ള ആചാരവഴക്കം എന്നു് എല്ലാവർക്കും അറിയാമല്ലോ" (10).

(10) റവ. കെ. ജോസഫ്, കരിയാറിൽ മപ്പാന്റെ വേദതർക്കം, കോട്ടയം മാസിക, 1920 സെപ്റ്റംബർ.

അദ്ധ്യായം ആറു്.

19-ാം നൂറ്റാണ്ടു്.

ജോൺ ദോഫോർത്തോ പെയ്ശിയോത്തോ (+1838) എന്ന പോർട്ടുഗീസു് വൈദികൻ ഗോവർണ്ണദോർ ആയിരിക്കുമ്പോഴാണു മൂന്നു വൈദികർ മാത്രം ചേർന്നുള്ള റാസ. അതേപ്പറ്റി ഫാദർ ബർണ്ണാർദു് പറയുന്നു: "വടക്കൻ ദിക്കുകളിൽ അക്കാലത്തു് വൈദികന്മാരുടെ സംഖ്യ കുറവായിരുന്നതിനാൽ മൂന്നു പട്ടക്കാർ മാത്രം ചേർന്നു് 'റാസ' എന്ന തിരുക്കർമ്മം അനുഷ്ഠിക്കുന്നതിനു ഇളേഹത്തോടു് അനുവാദം ചോദിക്കുകയും അപേക്ഷപോലെ അളേഹം അനുവദിക്കുകയും ചെയ്തു. (ഈ അനുമതി, കായ്മം മനസ്സിലാക്കിക്കൊണ്ടു് നൽകിയെന്നു വിചാരിക്കുവാൻ വഴി കാണുന്നില്ല) (1). ഇപ്പോഴും തൃശ്ശൂർ രൂപതയിൽ മൂന്നു വൈദികർ ചേർന്നു റാസ നടത്തുന്ന രീതി ഇങ്ങനെ ആരംഭിച്ചതായിരിക്കാം.

"എക്ലീസിയാസ്റ്റിക്കൽ ഗോവർണ്ണദോർ അരമനയിൽ നിന്നു് കൊടുങ്ങല്ലൂർ രൂപതയിൽ സുറിയാനിപ്പള്ളികൾക്കു് (1868 ഫെബ്രുവരി 6-ാംനു) എഴുതുന്ന പടിസംബന്ധ കല്പന"യിൽ റീത്തിനെപ്പറ്റി ചില കായ്മങ്ങളുണ്ടു്. കടമുള്ള ദിവസങ്ങളിൽ....പള്ളിയിൽ ജനങ്ങളോടുകൂടി വികാരി കൊന്തനമസ്ക്കാരം നടത്തണം. ളോവയും ചെരിപ്പും ധരിക്കാതെ പട്ടക്കാർ പള്ളിയിൽ പ്രവേശിക്കരുതു്. പള്ളിശുശ്രൂഷ നടത്തുമ്പോഴും എല്ലാ പട്ടക്കാർക്കും 'സപ്പാത്തും മേസും' (Shoes and stockings) ഉണ്ടായിരിക്കണം.

നമ്മുടെ കർമ്മാനയിൽ തിരുശരീരം തിരുരക്തത്തിൽ മുക്കുന്ന സമ്പ്രദായം നിറുത്തണമെന്നു് മീലെസു് മെത്രാൻ (1819–31) നിഷ്കർഷിച്ചു. പക്ഷേ, നടന്നില്ല. മല്പാന്മാരും കൊടുങ്ങല്ലൂർ ഗോവർണ്ണദോരും വിസമ്മതിച്ചതുകൊണ്ടു് (1 a). അക്കാലത്തു കർമ്മലമാതാവിന്റെ ദർശനത്തി

(1) മാർത്തോമ്മാക്രിസ്ത്യാനികൾ, II, 251–252 വശങ്ങൾ.

(1a) നമ്മുടെ റീത്തു് വശം 120.

രുനാം, വൈദികരുടെ വെള്ള ളോവ, കയ്യുള്ള സൂർപ്പലേശ് ഇവ നടപ്പിലാക്കാൻ ബ. പാലയ്ക്കൽ മല്പാൻ വളരെ ശ്രമങ്ങളം നടത്തി.

തക്സാ, ക്രമാശക്രമങ്ങളം

1844-ൽ നമ്മുടെ തക്സായും ഒരു കൊല്ലത്തിനുശേഷം ക്രമാശക്രമങ്ങളും റോമിൽ അച്ചടിച്ചു. അതിൽ ഹന്നാൻവെള്ളം വെഞ്ചരിച്ചു തളിക്കുന്നതിനും, സ്ഥലം, തിരി, ക്ഷേണസാധനങ്ങളം, പ്രതിമകളം, പടങ്ങളം ആദിയായവ വെഞ്ചരിക്കുന്നതിനുമുള്ള ക്രമങ്ങളും കൂട്ടിച്ചേർത്തിട്ടുണ്ട്. കൂട്ടികൾക്കു പ്രായം ചെന്നവർക്കും മാമ്മോദീസാ നൽകാനുള്ള ക്രമം ഒന്നുതന്നെ. "പ്രായം ചെന്നവരെ മുക്കുന്നതിനു്" എന്ന തലക്കെട്ടിൽ ലത്തീൻക്രമത്തിലെ ശുശ്രൂഷയിൽനിന്നു് ചില പ്രാർത്ഥനകളം മാത്രം ചേർത്തിട്ടുണ്ടു്.

ബർണ്ണർദീനോസ് മെത്രാപ്പോലീത്താ (1853—68)

ആണ്ടിൽ ഒമ്പതു ദിവസംമാത്രം ഉപവസിച്ചാൽ മതിയെന്ന രീതി 18-ാം നൂറാണ്ടിൽ പശ്ചിമദേശത്തിൽ ചേർന്നിരുന്ന സുറിയാനിപ്പള്ളികളിൽ നടപ്പിലായിരുന്നു. 1855-ൽ അതു സാർവത്രികമായി (2). എട്ടുനോമ്പു്, മാതാവിന്റെ സ്വർഗ്ഗാരോപണത്തിനു മുമ്പുള്ള പതിനഞ്ചു ദിവസത്തെ നോമ്പു് മുതലായവ ആചരിക്കേണ്ട എന്നായി. ഇതിനുള്ള അനുവാദത്തിനു ബർണ്ണർദീനോസ് മെത്രാപ്പോലീത്താ നേരത്തെതന്നെ റോമിൽ ചോദിച്ചിരുന്നതാണു്. "മലയാളത്തിലെ സുറിയാനിക്രമത്തിലാക്കിയ ആണ്ടിൽ ഒൻപതുദിവസംമാത്രമേ ഉപവാസം അനുസരിപ്പാൻ കടമയുള്ളുവെന്നും ശേഷമുള്ള ദിവസങ്ങളം ശ്ലൂഹ. സിംഹാസനത്തിൽനിന്നു് ഇളവുകൊടുത്തിട്ടുണ്ടെന്നും ചാവറ അച്ചൻ മെത്രാപ്പോലീത്തായെ ധരിപ്പിച്ചു. അതിനു് ഉടയംപേരൂർസൂനഹദോസിന്റെ നിയമങ്ങളനുസരിച്ചു് നോമ്പുദിവസങ്ങളിലെല്ലാം ഒരുനേരമൂണുതന്നെ ഉപവസിക്കണമെന്നും ഇളവു കിട്ടിട്ടുണ്ടെങ്കിൽ അതിനു ലക്ഷ്യം കാണിക്കണമെന്നുമായിരുന്നു മെത്രാപ്പോലീത്താ

(2) ആണ്ടിൽ ഒമ്പതു ദിവസം ഉപവസിച്ചാൽ മതിയെന്ന ആനുകൂല്യം ഈസ്റ്റ് ഇൻഡീസ് രാജ്യങ്ങൾക്കായി (ലത്തീൻ റീത്തുകാർക്കു്) മാത്രം ആദ്യം നൽകിയതാണു്.

യുടെ മറുപടി. എന്നാൽ കൊട്ടക്കല്ലൂർ രൂപതയെ രേഖിച്ചിരുന്ന അതിപ്രബലന്മാരായ മെത്രാപ്പോലീത്തന്മാർ ഈ സംഗതിയിൽ ഒഴിവു വാങ്ങിയിട്ടുണ്ടായിരുന്നു. അതിനുള്ള ലക്ഷ്യം പുത്തൻചിറ അയിരുന്നതിനാൽ അതു വരുത്തി കാണിക്കുന്നതിനു് സമയത്തെർഘും വേണ്ടിവന്നതിനാൽ ചാവറഅച്ചൻ പുത്തൻചിറപള്ളിവികാരിക്കു് ഒരു കത്തയക്കുകയുണ്ടായി. തൽഫലമായി അവിടെനിന്നു ലഭിച്ച രേഖകളെ ഖർണ്ണർദീനോസു് മെത്രാപ്പോലീത്തായിക്കു സമർപ്പിച്ചു. അദ്ദേഹം ഇതു കണ്ടശേഷം പടിഞ്ഞാറേ ഇൻഡ്യാക്കാരായ ലത്തീൻകാർക്കു വേണ്ടിയോ, കിഴക്കേ ഇൻഡ്യാക്കാരായ സുറിയാനിക്കാർക്കു വേണ്ടിയോ എന്ന സംശയത്താൽ റോമ്മായ്ക്കു് എഴുതി. പ്രസ്തുത അനുവാദം ലത്തീൻകാർക്കുവേണ്ടിയാണെന്നും എങ്കിലും സുറിയാനിക്കാർ തങ്ങൾക്കു് ലഭിച്ചതായിട്ട് കരുതി ഉത്തമവിശ്വാസത്തോടുകൂടി ഉപയോഗിച്ചുവന്നിരുന്നതിനാലും നാട്ടിന്റെ ഉല്ലാധികും മുതലായ സാഹചര്യങ്ങളാലും ഉ-ംപീയൂസു് പാപ്പാ കിഴക്കർക്കും നൽകി സ്ഥിരപ്പെടുത്തിയാണും മറുപടി അയച്ചതു്. ഈ വിവരം ചാവറ അച്ചനേയും മെത്രാപ്പോലീത്താ അറിയിച്ചു" (2 a). പരി. കന്യകാമറിയത്തിന്റെയും വി. യൗസേപ്പ്പിതാവിന്റെയും മാദ്ധ്യവണക്കങ്ങളും

(2a) (ഫാദർ വലേരിയൻ സി. ഡി., ചാവറ കുര്യാക്കോസു് ഏലിയാസച്ചൻ, മാന്നാനം; 1939, 103–104 വശങ്ങൾ)

1301–ൽ എഴുതപ്പെട്ട Vat. Syr. Codex. 22 യക്കാലത്തു് മലബാറിൽ അനുഷ്ഠിച്ചിരുന്ന നോമ്പുകളും നൽകുന്നുണ്ടു് 'അവ' കന്യകകളുടെ ഉപവാസം, പത്രോസ പൗലോസു് ശ്ലീഹന്മാർ, ഏലിയാ, അപ്പസ്തോലന്മാർ ഈ തിരുനാളുകളോടനുബന്ധിച്ചുള്ള ഉപവാസങ്ങളും, വലിയ നോമ്പു് ഇവയാണു്. 1501–ൽ ഇൻഡ്യാക്കാരനായ യൗസേപ്പു് (Joseph the Indian) മലബാർ സഭയുടെ സ്ഥിതിയെപ്പറ്റി റോമിലും വെനീസിലും നൽകിയ വിവരണത്തിൽ ഇവിടത്തെ ആഗമനകാലത്തിലെയും വലിയനോമ്പിലെയും ഉപവാസരീതിയെപ്പറ്റി പ്രത്യേകം പറയുന്നുണ്ട്'. (Schurhammer op cit p 26) 1578–ൽ ഡയനീഷ്യസു് S.J. കൊച്ചിയിൽനിന്നെഴുതിയ ഒരു കത്തിൽ വലിയ നോമ്പുകൂടാതെ തിരുപ്പിറവി, പെന്തക്കുസ്താ, സ്വർഗ്ഗാരോഹണം, സ്വർഗ്ഗാരോപണം, വി. ഹെർമിസ്'ദസു് ഈ തിരുനാളുകളുടെ തലേ ദിവസങ്ങളും ഉപവാസദിനങ്ങളായി മലബാറുകാർ ആചരിച്ചുപോന്നിരുന്നെന്നു പറയുന്നുണ്ടു്. കൂടാതെ ഭക്തജനങ്ങളും പതിനഞ്ചു്

ആഴ്ചയായി ഇവിടെ നടപ്പിലാക്കിയതും ഖർണ്ണർദീനോസ് മെത്രാപ്പോലീത്താതന്നെ (3) തിരുനാളുകളുടെ 'നൊവേന' കാലത്തിനിൽനിന്നു സുറിയാനിയിലേക്കു തർജ്ജമ ചെയ്തതും പിന്നീടു 1893-ൽ മാന്നാനത്തു അച്ചടിച്ചു.

കുർബാനയ്ക്കുശേഷം വിശ്വാസം, ശരണം, ഉപവി എന്നിവയുടെ പ്രകരണങ്ങളും, "എത്രയും ദയയുള്ള മാതാവേ" എന്നിവ ചൊല്ലണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഞായറാഴ്ചതോറും ഏവൻഗേലിയോൻ കഴിഞ്ഞു പ്രസംഗിക്കുകയോ ഏതെങ്കിലും നല്ല പുസ്തകം വായിക്കുകയോ ചെയ്യണം. 'അമ്പത്തുമൂന്നുമണിജപം' എല്ലാ കുടുംബങ്ങളിലും ചൊല്ലണം. വിവാഹത്തോടനുബന്ധിച്ചു വീടുകളിൽ നടത്തിയിരുന്ന 'അ

(3) മാർതോമ്മാ ക്രിസ്ത്യാനികളം, II പുറം 264.

നോമ്പിനും ആഗമന കാലത്തും നിനിവേ നോമ്പിനും ഉപവസിച്ചിരുന്നതെ.'' (Silva Rego, Documentacao, 12, Lisbon, 1958, P. 407)

മലബാർ റീത്തിന്റെയും ലത്തീൻ റീത്തിന്റെയും ഉപവാസദിനങ്ങളം മലബാറുകാർ ആചരിക്കണമെന്നു ഉദയംപേരൂർ സൂനഹദോസ് നിർദ്ദേശിച്ചുവെന്നു പറയാം. ബുധൻ, വെള്ളി ഈ ദിവസങ്ങളിലെ ഉപവാസവും പത്രോസ് പൗലോസ് ശ്ലീഹന്മാർ, ഏലിയാ, കന്യകകളം എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന ഉപവാസങ്ങളും അനുഷ്ഠിക്കേണ്ടെന്നു സൂനഹദോസ് നിശ്ചയിച്ചു. രൂപാന്തരീഭാവം, പെന്തക്കുസ്താ, സ്വർഗ്ഗാരോഹണം, വി. ഹെർമിസ്ഭേസ്, ദൈവാലയ മദ്ധ്യസ്ഥൻ എന്നീ തിരുനാളുകളുടെ തലേ ദിവസത്തെ ഉപവാസവും വേണ്ടെന്നു വച്ചു. (കെ, എൻ. ദാനിയേൽ, 159–161 വശങ്ങൾ) റോസ് മെത്രാന്റെ കല്പനകളിലും മലബാറിൽ അനുഷ്ഠിക്കേണ്ട ഉപവാസദിനങ്ങളം നല്കുന്നുണ്ട്: അമ്പതു നോമ്പ് (തിങ്കളാഴ്ച ആരംഭിക്കുന്നു), ഇരുപത്തഞ്ചു നോമ്പ്, പതിനഞ്ചു നോമ്പ്, മൂന്നുനോമ്പ്, പെന്തക്കുസ്താദിവസത്തിനും അപ്പസ്തോലന്മാരുടെ തിരുനാളുകളുടേയും തലേ നാളുകളം (വി. ഫിലിപ്പ്, വി. യാക്കോബ്, ഇവരുടെ തിരുനാളുകളംക്കില്ല); പെന്തക്കുസ്താദിവസം കർത്താവിന്റെ തിരുനാളും കഴിഞ്ഞുവരുന്ന ബുധൻ, വെള്ളി, ശനി. ഈ കല്പന ക്രമപ്പെടുത്തിയതു സാവ്ത്രികസഭയുടേയും മലബാർ സഭയുടേയും അങ്കമാലി രൂപതയുടെയും നിലവിലിരുന്ന നടപടിക്രമങ്ങളനുസരിച്ചാണ് എന്ന കല്പനയിൽത്തന്നെ പറഞ്ഞിട്ടുണ്ട്. (codex Borgiano Indiano 18, f. 3) ഇത്തരത്തിലിരുന്ന ഒരു നടപടിക്രമമാണ് ഇവിടെ പരിഷ്കരിച്ചതു.

ടച്ചുതുറ'യ്ക്കു പട്ടക്കാർ പോയിരുന്ന പതിവു് അദ്ദേഹം മുടക്കി. തിരുശ്ശേഷിപ്പുകളും അരുളിക്കായും സാക്ഷിപത്രവും കൂടാതെ വണക്കത്തിനു വയ്ക്കരുതു്.

ബർണ്ണർദിനോസു് മെത്രാപ്പോലീത്ത കാപ്പിൽ ബ. മത്തായി അച്ചനു് 'മെപ്പത്താദാ' (Delegate) യി നൽകിയ 'മെദ്രക്കുത്തി'ൽ ഏതെല്ലാം ക്രമക്കേടുകളും ഒഴിവാക്കണമെന്നും "ആരാധനക്രമത്തിനു തക്കതായി എന്തെല്ലാം നടത്തി ക്രമപ്പെടുത്തണമെന്നും" എണ്ണിയെണ്ണിപ്പറയുന്നുണ്ടു്. ഇടവകധ്യാനം കഴിച്ചശേഷം നടത്തിയ "ഇടയനടുത്തു സന്ദർശനത്തിൽ" താൻ നേരിട്ടു കണ്ട ക്രമക്കേടുകളും തീർക്കാനുള്ള നിയമങ്ങളുമാണു് ഇതിൽ പറഞ്ഞിരിക്കുന്നതു്. അവയിൽ ചിലതു് തഴെ ചേർക്കുന്നു.

"ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും.... ഓരോ കുർബാന തുടങ്ങുന്നതിനു കാൽ നാഴിക മുമ്പിൽ വലിയമണി ജനങ്ങളെ കേട്ടു കൂടുവാൻ തക്കവണ്ണം അധികമായിട്ടു കൊട്ടിക്കൊള്ളണം.

"പട്ടക്കാരു് കുർബാന ചൊല്ലുന്നതിനു മുമ്പിൽ ചമയപ്പുരയിൽ വച്ചു തന്നെ കാസാ ആസ്ഥമാക്കി കുർബാന ചൊല്ലുവാൻ പോകുമ്പോൾ ത്രോണോസിൽ കൊണ്ടുപോകയും കുർബാന കഴിഞ്ഞു അതിൻവണ്ണംതന്നെ ചമയപ്പുരയിൽ കൊണ്ടുപോരികയും, ശോശപ്പയും കെത്താന ശീല വയ്ക്കാനുള്ള ഉറയും കുർബാനക്കുപ്പായത്തിന്റെ തരത്തിൽ ഏറിയ നിറത്തിൽ ഉണ്ടാക്കിക്കൊള്ളുകയും വേണം.

"പുത്തനായിട്ടു കുർബാനക്കുപ്പായം മുതലായവ ഉണ്ടാക്കുമ്പോൾ അതു മുഴുവനും അതിനു ചേർച്ചയായ ശോശപ്പായും കെത്താന വയ്ക്കുന്ന ഉറയും ഒരു നിറത്തിലായിരിക്കയും അതിനു വേണ്ടുന്ന ഇടത്തിൽസ്ലീവാ വച്ചുകാണുകയും മുമ്പു ഉള്ളതിനു വേണ്ടുന്ന ഇടത്തിൽ സ്ലീവാ ഇല്ലെങ്കിൽ നാം വചനത്താലെ അറിയിച്ചിട്ടുള്ളപ്രകാരം സ്ലീവാ വച്ചുകാണുകയും (വേണം). എന്നാൽ ശ്ര. പള്ളിയിൽ പെരുമാറിവരുന്ന നിറം അഞ്ചാകുന്നു. അതായതു—വെള്ള, ശ്രമപ്പ, കുറുപ്പ, പച്ച, മാന്തളിർനിറം.....അതതു നിറത്തിനടുത്ത സമയത്തിലും പെരുന്നാളിലും പെരുമാറിക്കൊള്ളണം."

"അടിമരികളിലും മറ്റും നിറച്ച രൂപം വച്ചിരിക്കുന്ന തിൻവണ്ണം രോഗാണുക്കളിൽ നിറച്ച രൂപങ്ങളും വെയ്ക്കുന്നതെ ടിഷ്ടതിക്കും ക്രമത്തിനും വേണ്ടുന്ന രൂപങ്ങളും മാത്രമേ വയ്ക്കാവൂ"

"വിശ്വാസികളുടെ വീടുകളിൽ കൊണ്ടുപോയി സൂക്ഷിച്ച പല വട്ടവും ഹനുമാൻ വെള്ളം എല്ലാവരും നെറ്റിയിൽ തൊടുന്നതിനും വീടുകളിൽ തളിക്കുന്നതിനും പ്രത്യേകം ദിനക്കാരുടെമേൽ തളിക്കുന്നതിനും ശ്രദ്ധിക്കണം"

"എടവകയുടെ വലിപ്പം പോലെ വേണ്ടുന്ന കുമ്പസാരക്കുട്ടകം, ചുരുങ്ങിയാൽ നാലു കുമ്പസാരക്കുട്ടകം, ഓരോ പള്ളികളിൽ ഉണ്ടാക്കിക്കൊടുക്കയും സ്ത്രീകളേയും പെൺപൈതങ്ങളേയും ശമയപ്പുരയിലും മറ്റും വച്ചു കുമ്പസാരിപ്പിച്ചുകൂടായെന്നു ശ്രദ്ധമാന പള്ളി കണിശമായിട്ടു മുടക്കി ഇരിക്കകൊണ്ടു കുമ്പസാരക്കുട്ടകളിൽ കുമ്പസാരിപ്പിച്ചുകൊള്ളണം."

"നേർച്ചവിളമ്പുവാൻ ഉണ്ടായിരുന്നാൽ പള്ളിക്കു പുറത്തു അടക്കത്തോട്ടം ക്രമത്തോട്ടം സ്ത്രീകളും പുരുഷന്മാരും വേർതിരിഞ്ഞിരുന്നു വിളമ്പുകയും വാങ്ങുകയും ചെയ്യുന്നതല്ലാതെ പള്ളിക്കകത്തു് ഒരിക്കലും ഒരുവക നേർച്ചയും വിളമ്പുകയോ ആചാരക്കേടായി ഉയർന്ന സ്വരത്തിൽ വിളിക്കയോ സംസാരിക്കയോ മറ്റു ക്രമക്കേടായിട്ടു പെരുമാറുകയോ .. .. ചെയ്യുകൂടാ."

"നമ്മുടെ കർത്താവിന്റെ പിറവിയുടെ രാത്രിയിൽ മൂശയ്ക്കു മുംമ്പരത്തുമ്മേൽ തീ കാണിച്ച ഓർമ്മക്കായിട്ടോ മറ്റോ ചില സ്ലോസാകളും തീ കത്തിച്ച ക്രമങ്ങളും ചില പള്ളികളിൽ ചെയ്യുവരുന്ന പ്രകാരം നാം കേൾക്കയാൽ ആയ്ത എടത്തുടിനടുത്തും യൂതൻമാർക്കടുത്തും ആയ ഒരു ക്രമമല്ലാതെ പഴെ മാർഗ്ഗങ്ങളിലും പുത്തൻമാർഗ്ഗത്തിൽ ശ്ര. പള്ളിയുടെ ഒരു ക്രമത്തിലും ഇല്ലാത്തതാകയാൽ മേലെഴുതിയ തീയുഴിച്ചു എന്ന ക്രമം ചെയ്യുകൂടായെന്നും എതുയും ശക്തിയായി നാം മുടക്കുന്നു. മുടക്കു മറന്നു ചെയ്യുന്ന പട്ടക്കാർക്കും അൽമേനികൾക്കും നമുക്കു മാത്രമേ പോക്കാവൂ എന്ന ഇൻതർദിക്തം എന്ന മുടക്കു ഇതിനാൽ തന്നെ നാം കല്പിച്ചിരിക്കുന്നു."

അദ്ധ്യായം ഏഴ്

19—ാം നൂറ്റാണ്ട് (തുടർച്ച)

A. മൈവാസൻ ചാവറ ഖ. കുര്യാക്കോസ് ഏലിയാസച്ചൻ

(+ 1871)

ഒൻപതു് അദ്ധ്യായങ്ങളുള്ള ഒരു ചെറുഗ്രന്ഥമായി, ഖ ലിസമർപ്പണത്തിലുള്ള കർമ്മാനുഷ്ഠാന വിധികളെല്ലാം എഴു തിയുണ്ടാക്കിയതു് അമലോത്ഭവ മാതാവിന്റെ സഭയുടെ (CMI) അടുത്തെ പ്രിയോരായ ഖ. ചാവറ അച്ചനാണു്. ഇന്നു പുനരുദ്ധരിക്കാത്ത റീത്തു് അനുസരിച്ചു് പോരുന്നതു് ഈ ചെറു ഗ്രന്ഥത്തിലെ നിർദ്ദേശങ്ങളാണു്. 1952-ൽ പരി ഷ്കരിച്ചു് അച്ചടിച്ച തുക്കാസ അഥവാ മലയാളത്തിലെ സു റിയാനി റീത്തനുസരിച്ചുള്ള പൂജാനുഷ്ഠാന വിധികളും" എന്ന പുസ്തകത്തിന്റെ പ്രാരംഭത്തിൽ കണ്ടത്തിൽ മാർ അഗുസ്തീ നോസ് മെത്രാപ്പോലീത്താ തിരുമേനി പ്രസ്താവിക്കുന്നതു് ശ്ര ദ്ധാർഹമാണു്. ".....പഴയ നടപ്പും മറും അടിസ്ഥാ നപ്പെടുത്തി കർമ്മലീത്താ കൊവേന്തകളുടെ പ്രിയോർ ജന റാളായ ചാവറ കുറിയാക്കോസ് ഏലിയാ അച്ചൻ എഴുതി ഉ ണ്ടാക്കിയതും ഖർണ്ണേലിനോസ് മെത്രാപ്പോലീത്തായുടെ അ നുമതിയോടുകൂടി 1868-ാം കാലം അടിച്ചിട്ടുള്ളതുമായ "സുറി യാനി ക്രമത്തിലെ പൂജാകർമ്മങ്ങളും" എന്നപറയുന്ന പഴയ തുക്കാസാ പുസ്തകത്തിന്റെ പ്രതികളും ആവശ്യമുള്ളിടത്തോ ളം കിട്ടുവാൻ പ്രയാസമായിരിക്കുന്ന .....അതുകയാൽ ഈ പു സ്തകം ഇപ്പോഴും നടപ്പുള്ള ഭാഷയിൽ അച്ചടിക്കുന്നതിനായിട്ട് അതിലെ കാഴ്ച്ചകളും ചേർക്കപ്പെടുത്താതെ ഭാഷ മാത്രം പരിഷ്കരിച്ചു് എഴുതിത്തരുന്നതിനു വലിയവീട്ടിൽ പെ. ഖ. ഗീവറു ഗീസച്ചനോടും, കു. നി. മൂ സ. ഖ. മണി അച്ചനോടും ആവ ശ്യപ്പെടുകയും അവർ ഓരോരുത്തരും സസന്തോഷം ആ ജോ ലി നിർവഹിക്കുകയും ചെയ്തു".

ഖ. ചാവറയച്ചൻ ഈ തുക്കാസ ക്രമപ്പെടുത്തിയപ്പോൾ ലത്തീൻ മിസ്സാളിൽ കൊടുത്തിട്ടുള്ള Ritus Servandus in

Celebratione Missae ഉപയോഗിച്ചിരുന്നുവെന്നു തോന്നുന്നു. ഉദാഹരണമായി, തുക്കാസായുടെ ഒന്നാം അദ്ധ്യായം രണ്ടാം നമ്പരിലെ "സങ്കീർത്തിയിൽ നിന്നു ക്രോണോസിലേക്കു" എന്ന ഖണ്ഡികയും റോമൻ മിസ്സാളിൽ Ritus Servandus എന്നതിലെ രണ്ടാം ഖണ്ഡിക De ingressu sacerdotis ad altare" യും താരതമ്യപ്പെടുത്തിയാൽ ഇതു മനസ്സിലാക്കാം.

നാല്പതുമണി ആരാധനയുടെ നമ്മുടെ നാട്ടിൽ പ്രചാരം സിദ്ധിച്ചതു് ബ. ചാവറയച്ചന്റെ പ്രോത്സാഹനഫലമായിട്ടാണു്. (1). റോമിലും മറ്റു യൂറോപ്യൻ ദേശങ്ങളിലും ഈ ഭക്തകൃത്യം എത്ര ഭക്തിയോടുകൂടിയും ഫലപ്രദമായും നടത്തുന്നുവെന്നു ലെഓപ്പോൾദ് എന്ന മിഷനറിയിൽനിന്നു് ദൈവദാസൻ കേട്ടു. വി. കുർബാനയുടെ വിശിഷ്ടക്ഷേത്രമായ അദ്ദേഹത്തെ അതു വളരെയധികം സ്പർശിച്ചു. 1866-ൽ (2) വലിയ നോമ്പിലെ ആദ്യ ആഴ്ച ക്ലനമ്മാവു് ആശ്രമത്തിലാണു് നാല്പതുമണി ആരാധന ആദ്യമായി ഇവിടെ നടത്തിയതു്. പിറ്റേവർഷം ക്ലനമ്മാവിലും, വാഴക്കുളം, മാന്നാനം എന്നീ ആശ്രമങ്ങളിലും ആഘോഷമായി ഈ ഭക്തകൃത്യം നടത്തപ്പെട്ടു. വിശ്വാസികളുടെ ഭക്തിയ്ക്കും ഭക്തജീവിതത്തിനും പ്രചോദനം നൽകിക്കൊണ്ടു് അതു മറ്റു് ആശ്രമങ്ങളിലും ഇടവകകളിലും നടത്തിപ്പോരുന്നു.

നാല്പതുമണി ആരാധന'യുടെ ക്രമം ലത്തീനിൽനിന്നു സുറിയാനിയിലേക്കു തർജ്ജമ ചെയ്തതു് ബ. ചാവറയച്ചനാണു്. ആ തർജ്ജമ അദ്ദേഹത്തിന്റെ കൈപ്പടയിൽത്തന്നെ മാന്നാനത്തു സൂക്ഷിച്ചിട്ടുണ്ടു്. അതുപോലെതന്നെ നാല്പതുമണി ആരാധനയുടെ ദൈവാലയം അലങ്കരിച്ചൊരുക്കേണ്ടതു സംബന്ധിച്ച നിർദ്ദേശങ്ങളും തർജ്ജമചെയ്തതു് അദ്ദേഹത്തിന്റെ കൈപ്പടയിൽ മാന്നാനത്തുണ്ടു്. ഇപ്പോഴും നാം അനുസരിച്ചുപോരുന്നതു് ഈ ക്രമങ്ങളാണു്. അതിലെ ഒരു ഭാഗം ഉദ്ധരിക്കുന്നു: "ഈ ദിവസങ്ങളിൽ വെടി, വാദ്യം ആദിയായ ബാഹ്യാഘോഷങ്ങളും ഉണ്ടായിരിക്കരുതു്. അപ്രകാരംതന്നെ ഗ്ര. പള്ളിയുടെ സംഗീതങ്ങളല്ലാതെ മറ്റൊന്നും

(1) മാന്നാനം നാളാഗമം, 1864–72, pp. 89–90.
(2) 1966, ഇതിന്റെ ശതാബ്ദജൂബിലിയാണു്.

പള്ളിയിൽ പാടുകയും അരുതു്. പള്ളിയിലെ അലങ്കാരങ്ങളും തിരുസഭയുടെ നിയമമനുസരിച്ചു കഴിയുന്നതും വിശേഷമായിരിക്കണമെങ്കിലും ഇതിൽ ലൗകികമൊന്നും ഉണ്ടാകേണ്ടതല്ല. കൂടാതെയും, പീഠത്തിന്മേൽ കുടലാസു്, തുണി, പട്ടു് മുതലായതുകൊണ്ടുള്ള പൂക്കളുവയ്ക്കാതെ നല്ല സൗരഭ്യമുള്ള പച്ചപ്പുക്കളും ചാർത്തണം. വെളുത്ത മെഴുകുകൊണ്ടുള്ള നല്ല തിരികളും പീഠത്തിന്മേൽ ഉണ്ടായിരിക്കണം. പള്ളിയുടെ ജനലുകളും മഞ്ഞ അഥവാ ചുവപ്പു് നിറത്തിലുള്ള തിരശ്ശീലകളും ഇട്ടിരുന്നതു കൂടാതെ പുറമേയുള്ളവർ പള്ളിക്കകത്തുള്ളവരെ കാണാതിരിക്കത്തക്കവണ്ണം പള്ളിയുടെ പ്രധാന വാതുക്കൽ ഒരു പച്ചകുടലാസുകൊണ്ടുള്ള തിരശ്ശീലയും ഉണ്ടായിരിക്കണം. ശുദ്ധ. കുർബ്ബാനയുടെമീതെ പാലിക പിടിക്കുന്നതിനു് ആറു് അല്ലെങ്കിൽ എട്ടു പട്ടക്കാരേ, പട്ടക്കാർ ഇല്ലാത്തപക്ഷം സുപ്പ്രദ്യാക്കോനു് ധരിച്ച ശമ്മാശന്മാരെങ്കിലും ഉണ്ടായിരിക്കണം. ഈ മൂന്നു ദിവസങ്ങളിൽ പള്ളിക്കകത്തു് പള്ളിക്കായിട്ടു വേണ്ടിയാണെങ്കിൽപ്പോലും ഭിക്ഷാപാത്രം പിടിച്ചുകൊണ്ടു നടക്കുകയും. മാത്രമല്ല, ഭിക്ഷ ഇരക്കുന്നവരുണ്ടായിരുന്നാൽ പള്ളിയിൽ നിന്നു് നൂറുകോൽ ദൂരെ അകറ്റി നിറുത്തുകയും വേണം. പാട്ടുകുർബ്ബാനയിൻ കുർബ്ബാനയുടെ സഹായികൾക്കും ഇരിക്കുന്നതിനു കസേര ഉപയോഗിക്കാതെ ചകലാസുകൊണ്ടു മൂടിയ ഒരു ബഞ്ചു് ഉണ്ടായിരിക്കണം. ഈ ബഞ്ചിനു് ചാരുബഞ്ചായിരിക്കാം. പള്ളിക്കകത്തും പരിസരങ്ങളിലും പൂജ്യമായ മൗനം അനുഷ്ഠിക്കണമെന്നു് അവരെ ഉപദേശിക്കയും ഈ കാര്യത്തിൽ മേൽനോട്ടക്കാരായി വിവേകവും ഭക്തിയുമുള്ള രണ്ടു ദർശനക്കാരെയെങ്കിലും മറ്റാരാ നിശ്ചയിക്കയും വേണം."

നാല്പതുമണി ആരാധനയോടുകൂടി വി. കുർബ്ബാനയുടെ വാഴ്വും വി. കുർബ്ബാനയുടെ പ്രദക്ഷിണവും കൂട്ടുതൽ പ്രചാരത്തിലായി. 'ശമ്പഹ്മലെശ്ശാൻ' ലത്തീനിലെ, Pange lingua യുടെ തർജ്ജമയാണു്. എന്നാൽ 'കൊല്ലൻ ദശ്മനി'യിൽ വിശ്വാസത്തെപ്പറ്റി വി അപ്രേമിന്റെ ചില ആശയങ്ങളും ചേർത്തിട്ടുണ്ടു്. അന്നതിനു ദിവ്യകാരുണ്യം സാധാരണമല്ലാതിരുന്ന അക്കാലത്തു് ഒരു സന്യാസസമൂഹത്തിൽനിന്നു ഒരാളെങ്കിലും ദിവസവും വി. കുർബ്ബാന സ്വീകരിക്കണമെന്നു് അദ്ദേഹം നിഷ്കർഷിച്ചു.

മൂന്നു പേർ ചേർന്നു നടത്തുന്ന സ്തുപസു കർബാനയുടെ ക്രമം എഴുതിയുണ്ടാക്കിയതും ബ. ചാവറയച്ചനത്രെ. (3). പഴയ ക്രമത്തിലുള്ള "ഉ അൽ അറഅ" സുറിയാനിക്രമത്തിലില്ലാത്തതു് ലത്തീൻരീതി അനുസരിച്ചു ചേർത്തതാണു്. ലത്തീൻ രീതിയിൽ തിരുനാളുകളും തിരുവസ്ത്രത്തിന്റെ നിറവുമെല്ലാം ചേർത്തു് അച്ചടിച്ചു. വൈലികപബ്ലിഷിംഗ് തയാറാക്കി. തിരുനാളുകളുടെ 'വേസ്പര' ക്രമപ്പെടുത്തിയതിൽ ലത്തീൻ തർജ്ജമകളുമുണ്ടെന്നു മാറൻ അമകോൻ (Dominus Vobisecum), നം സല്ലെ (oramus) മെശിഹാ മാറൻ (per Christum Dominum nostrum) എന്നിവ പള്ളികളിൽനിന്നു മനസ്സിലാക്കാം. പെരുനാളിനു കൊടികയറുന്നതിനും പ്രക്ഷിണം നടത്തുന്നതിനുമുള്ള ക്രമങ്ങളും ബ. ചാവറയച്ചനായിരിക്കണം തയാറാക്കിയതു്. (4)

ഓരോ ദിവസത്തെയും പ്രാത്ഥനകളും ഒന്നിച്ചു ചേർത്തു് ഇപ്പോൾ വൈദികർ ഉപയോഗിക്കുന്ന രീതിയിലുള്ള 'ആഘീപ്പുടി' നമസ്കാരം ക്രമപ്പെടുത്തിയതു് ബ. ചാവറയച്ചനാണു്. ഞായറാഴ്ചകളും തിരുനാളുകളുമുള്ള നമസ്കാരവും അച്ചടിച്ചു ക്രമപ്പെടുത്തി. (5)

പരി. കന്യകയുടെ ഉറ്റ കൂട്ടുകാരിയായിരുന്ന ബ. ചാവറയച്ചൻ "റോമ്മായിൽ പരിശുദ്ധ മൈവമാതാവിന്റെ അമലോത്ഭവം ഉറപ്പിച്ചതറിഞ്ഞു വളരെ സന്തോഷിക്കുകയും അതിന്റെ ഉപകാരസ്മരണയ്ക്കായി ആഘോഷമായ പാട്ടുകർബാനയും ലുക്കോ അലഹോ"യും പാടുന്നതിനു് എല്ലാ കൊവേന്തകളിലും അറിയിക്കുകയും ചെയ്തുവെന്നു" അച്ചടിത്തിന്റെ സഹപ്രവർത്തകനായ പോത്രക്കരഅച്ചൻ സാക്ഷിക്കുന്നുണ്ടു്.

കഴിയുന്നതായാൽ എല്ലാദിവസവും കുട്ടുബാഗങ്ങളും വി. കുർബാന കാണണമെന്നു് അച്ചടിച്ചു. "എന്നാൽ ഇതു പ്രയാസമെങ്കിൽ തിങ്കളാഴ്ച മരിച്ച അമ്മാക്കുംകൂടെവേണ്ടിയും, വെള്ളിയാഴ്ച പങ്കുപ്പാടിന്റെ കേയ്യുരയിട്ടും, ശനിയാഴ്ച മൈവമാതാവിന്റെ വ്യാകുലത്തിന്റെ

(3) മാന്നാനം നംളാഗമം. 1864–72, pp. 89–90,
(4) ഫാദർ വലേരിയൻ, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ-മാന്നാനം, 1989, 222–ാം വശം)
(5) നമ്മുടെ റീത്തു്, 130–136 വശങ്ങൾ,

കേൾക്കായിട്ടും, കർബ്ബാന കാണുക. എന്നാൽ ഒരു വീട്ടിൽ നിന്നും എല്ലാവർക്കും പോയി കർബ്ബാന കാണാൻ പാടില്ലാത്തപക്ഷം ഓരോ ദിവസവും ഒന്നോ രണ്ടോ ആളുകളെങ്കിലും മാറി മാറി പോയി കർബ്ബാന കാണേണ്ടതാകുന്നു.....പ്രധാന തിരുനാളുകളുടെ നവനാൾജപങ്ങളും പ്രത്യേകം ദൈവമാതാവിന്റെ തിരുനാളുകൾക്കു മുമ്പായുള്ള അപേക്ഷകളും, ദൈവമാതാവിന്റെയും മാർ യൗസേപ്പുപിതാവിന്റെയും വണക്കമാസങ്ങളും പള്ളിയിൽ പോയി കഴിപ്പാൻ പാടില്ലെങ്കിൽ വീട്ടിൽ വച്ചെങ്കിലും നടത്തുക." (6)

മുകളിൽ കാണുന്നതുപോലെ ആഴ്ചയിൽ ഓരോ ദിവസവും ഓരോ വിശുദ്ധന്മാർക്കും അർപ്പിതം പ്രതിഷ്ഠിച്ചു. അതിനു ലത്തീൻ ക്രമമാണും അനുകരിച്ചതു്. ശനിയാഴ്ച ദിവസം മാതാവിനു പ്രതിഷ്ഠിച്ചതു് പൗരസ്ത്യ സിറിയൻ റീത്തിന്റെ പ്രകൃതിക്കു ചേർന്നതല്ല. ഈ റീത്തിൽ ബുധനാഴ്ചയാണും മാതാവിനോടുള്ള പ്രത്യേക കേതി കാണിക്കുന്ന ദിവസമെന്നു നമ്മുടെ കാനോനനമസ്കാരം പരിശോധിച്ചാൽ കാണാവുന്നതാണും.

ദുഃഖശനിയാഴ്ച ക്രമം

ബ. ഛാവറയച്ചന്റെ കാലത്തിനു മുമ്പു് ഇവിടെ ദുഃഖശനിയാഴ്ച ക്രമം നടന്നിരുന്നതു് സുറിയാനി രീതിക്കനുസൃതമാണും. അതേപ്പറ്റി പാറപ്പുറത്തു വർക്കിയച്ചന്റെ—ഛാവറയച്ചന്റെ സമകാലീനനുണ്ടായിരുന്നു—നാളാഗമത്തിൽ കുറിച്ചിരിക്കുന്നതു് ഇപ്രകാരമാണും; "സുറിയാനി ക്രമത്തിൽ ദുഃഖശനിയാഴ്ച ഉച്ചകഴിഞ്ഞു മൂന്നു മണി വരെ ഉപവസിച്ചതിന്റെ ശേഷം കർബ്ബാനയും അതിന്റെ ശേഷം ഒരുനേരമുറയുള്ള ക്ഷീണം കഴിച്ചു് ആശ്വസിക്കും. പാതിരാവു കഴിഞ്ഞു മൂന്നു മണിയോടുകൂടെ ഉയർപ്പിന്റെ ക്രമങ്ങളും അതിനോടു ചേർന്ന ഘോഷങ്ങളും തുടങ്ങിക്കും. ലത്തീൻ ക്രമത്തിലോ എന്നാൽ, തിരുസ്സഭയുടെ ആദ്യകാലങ്ങളിൽ പറഞ്ഞ തിരുസ്സഭയുടെ ക്രമം ടി ദിവസങ്ങളിൽ പാതിരായ്ക്കു മുമ്പു തുടങ്ങി ഞായറാഴ്ച വെളുപ്പിനോടുകൂടെ ഉയിർപ്പിന്റെ ഘോഷങ്ങളും ഒക്കെയും നടത്തി വന്നിരുന്നു. പിന്നീടു തക്കതായ

(6) ഫാദർ വലേരിയൻ, 237—ാം വശം,

കാരണങ്ങളാൽ മേൽപ്പറഞ്ഞ ക്രമങ്ങളെല്ലാം ശനിയാഴ്ച പകൽ സമയം കഴിക്കുന്നതിനു് ഉണ്ടായ അനുവാദപ്രകാരം അതു അവർ നടത്തിവന്നതു്. സുറിയാനി ക്രമത്തിൽ ചേർന്നിട്ടി. ക്രമത്തിന്റെ നടത്തൽ ഈ നാട്ടിന്റെ ഉഷ്ണാധിക്യം കൊണ്ടോ, എന്തോ ഇവിടെ അതു വീഴ്ചയായി. എന്നാൽ ലത്തീൻ ക്രമത്തിൽ ചേർന്ന മേൽപ്പറഞ്ഞവിധം നടത്തുന്നതിനു വളരെ എളുപ്പമാണെല്ലാ എന്നു പലരും ആലോചിച്ചു് അതിൻപ്രകാരം നടത്തുന്നതിനു യത്നിക്കുകയും അനുവാദം വാങ്ങിക്കുകയും ചെയ്തു". (7)

ചാവറയച്ചന്റെ കാലത്തു സുറിയാനിയിലുള്ള ദുഃഖശനിയാഴ്ചക്രമം നടത്താറില്ലായിരുന്നു. ("വീഴ്ചയായിപ്പോയി" എന്നു മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ) ആ പോരായ്മനികത്താനാണു് ലത്തീൻക്രമം തർജ്ജമചെയ്തതു് എന്നു പോരുക്കര ഈച്ചൻ—ചാവറയച്ചന്റെ സഹപ്രവർത്തകൻ—പ്രസ്താവിക്കുന്നു. "വലിയ ആഴ്ചയിൽ പള്ളിക്കടുത്ത യാതൊരു ചിറ്റാഴ്മയും ഇല്ലാതെ ഇക്കാലംവരെയും കിടക്കയാൽ, അയതു ലത്തീനിൽനിന്നു സുറിയാനിയിൽ ഭാഷാന്തരപ്പെടുത്തി അയതും മേലിൽ നടത്തുന്നതിനുള്ള അനുവാദത്തോടെ അടിപ്പിച്ചു യാത്രയാക്കുന്നതിനു ശ്രേ. സിംഹാസനത്തിലേക്കു് അപേക്ഷയും കൊടുത്തയച്ചു." 1861 മെയ് 31-നു- ഈ അപേക്ഷ ചാവറ ബ. ഏലിയാസച്ചൻ പ്രൊപ്പഗാന്താ തിരുസ്സംഘത്തിന്റെ അദ്ധ്യക്ഷനായ കർദ്ദിനാളിനു് അയച്ചു. അതിൽ പല കാര്യങ്ങളും അപേക്ഷിച്ചിട്ടുണ്ടു്. എല്ലാംതന്നെ ലത്തീൻ അനുകരണമാണു് സുറിയാനിക്രമത്തിന്റെ തർജ്ജമ ചെയ്കയും

"വലിയ ആഴ്ചയിൽ ദുഃഖശനിയാഴ്ച അനുഷ്ഠിക്കേണ്ടുന്ന തിരുക്കർമ്മങ്ങളും ശ്രേ. റോമാപ്പള്ളിയുടെ ക്രമമനുസരിച്ചു് ലത്തീനിൽനിന്നും സുറിയാനിയിൽ ഭാഷാന്തരം ചെയ്തു് അങ്ങയുടെ പക്കലേക്കു് അയക്കുന്നു. എന്തുകൊണ്ടെന്നാൽ തെക്കുംഭാഗത്തു് വലിയ മെത്രാപ്പൊലീത്ത വിട്ടതിനുശേഷം മുതൽ കർത്താവിന്റെ പീഡാനുഭവത്തിന്റെ ദുഃഖവെള്ളിയാഴ്ചവരെയുള്ള ക്രമങ്ങളും ലത്തീൻ രീതി അനുസരിച്ചുള്ളതാകുന്നു. ശ്രേ. പള്ളിയുടെ ക്രമപ്രകാരം അനുഭിനം

(7) Ibid. 224 —ാം വശം

കുർബാനയുടെ അവസാനത്തിൽ വായിക്കുന്നതിനു നിശ്ച യിച്ചിരിക്കുന്ന വി. യോഹന്നാന്റെ സുവിശേഷം മറ്റു സ്ഥ ലങ്ങളിലുള്ള കൽദായ സുറിയാനിക്കാരും അവരുടെ കുർബാ നയുടെ അന്ത്യത്തിൽ എന്നും വായിക്കുന്നുണ്ട്. ഇപ്രകാരംത ന്നെ ഇവിടത്തെ അന്തർദിനപൂജയിൽ ഞങ്ങളും ധൂമകലശവും കുന്തിരിക്കവും ഉപയോഗിക്കുന്നുണ്ട്. ഈ ക്രമം ഇവിടെനി ന്നും വ്യത്യസ്തമായ സ്ഥലങ്ങളിൽ പ്രത്യേകിച്ച്, ലത്തീൻ കാരുടെ ഇടയിൽ ഞങ്ങളെ വളരെ വിഷമിപ്പിക്കുന്ന എന്തു കൊണ്ടെന്നാൽ ഇങ്ങനെയൊരു ക്രമം അവരുടെ ഇടയിൽ ഇല്ല. മറ്റു സ്ഥലങ്ങളിൽ ഉള്ള കൽദായസുറിയാനിപ്പള്ളി കളിൽ പാട്ടുകുർബാനയ്ക്കും, ഞായറാഴ്ചകളിലും പ്രത്യേകം തി രുനാളുകളിലുമുള്ള കുർബാനയ്ക്കും ഒഴിച്ച് മറ്റു കുർബാന കൾക്കും ഇതു് (ധൂമകലശം) ഉപയോഗിക്കുന്നില്ല. എന്നാൽ ഇവിടെയുള്ള യാക്കോബായ സുറിയാനിക്കാരും (ശീശ്മ) എല്ലാ ദിവസവും ധൂമകലശവും കൈമണിയും പലതരം മേളങ്ങ ളോടുകൂടെ ചിതമല്ലാത്തവിധത്തിൽ അത്രെ ഉപയോഗിക്കുന്ന തു്. അതിനാൽ വലിയ ആഴ്ചയുടെ ക്രമം നടത്തുന്നതിനും കുർബാനയുടെ അന്ത്യത്തിൽ രണ്ടാമത്തെ ഏവൻഗേലിയോൻ വായിക്കുന്നതിനും, ധൂമകലശവും കുന്തിരിക്കവും പാട്ടുകുർ ബാനയിൽ ഒഴിച്ചു നിത്യം ഉപയോഗിക്കാതിരിക്കുന്നതിനും, റോമ്മായിൽനിന്നുള്ള കല്പനപ്രകാരം ഞങ്ങളും അയച്ചിരിക്കു ന്ന ആണ്ടുവട്ടത്തിലുള്ള എല്ലാ ഞായറാഴ്ചകളിലെയും, തിരുനാ ളുകളിലെയും, ഓർമ്മദിനങ്ങളിലെയും, ചുരുങ്ങിയ നമസ്കാ രം ഉപയോഗിക്കുന്നതിനും ഉള്ള അനുവാദങ്ങളും അങ്ങയോ ടു ഞങ്ങളും സവിനയം യാചിക്കുന്നു. ഇപ്പോഴാകട്ടെ, വിശു ദ്ധന്മാരെ അനുസ്മരിച്ചുള്ള കുർബാന അർപ്പിക്കുകയും ആഴ്ച യുടെ നമസ്കാരം ചൊല്ലുകയുമാണു ചെയ്യുവരുന്നതു്. അതു കൊണ്ട് ഈ അനുവാദങ്ങളെല്ലാം അങ്ങു് ശ്ലൈഹ. സിംഹാസന ത്തിൽനിന്നും തരുവാറാകണമെന്നു് അപേക്ഷിക്കുന്നു" (8).

ഈ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതിൽ പലതും നിഷേധിച്ചുകൊണ്ടുള്ള മറുപടിയാണു് റോമിൽനിന്നു കിട്ടി യതു്. ഉദാ: ഒറാക്കുർബാനയിൽ ധൂപക്കുറ്റി ഉപയോഗി ക്കാതിരിക്കുക, വി. കുർബാനയുടെ അവസാനവും സുവിശേ

(8) Ibid. 225 – 26 വശങ്ങളം.

ഷം വായിക്കുക. ഭ:ഉശനിയാഴ്ചക്രമം ശരിപ്പെടുത്തിയതു് കുനമ്മാവു് ആശ്രമത്തിൽ മാത്രമേ ദൈവദാസന്റെ ജീവിതകാലത്തു നടത്തിയുള്ളൂ. ആ ക്രമം അദ്ദേഹത്തിന്റെ കൈപ്പടയിൽ മാന്നാനത്തുണ്ടു്. പിന്നീടു് അദ്ദേഹത്തിന്റെ തർജ്ജമ പരിഷ്കരിക്കുകയുണ്ടായി. ഇപ്പോൾ ഉപയോഗിച്ചുവരുന്ന തർജ്ജമ ബ. ലൂഡ്വിക് C. M. I. പരിഷ്കരിച്ചതാണു്.

ആരാധനക്രമാനുഷ്ഠാനത്തിൽ ക്രമവും വിശ്വാസികളിൽ ഭക്തിവർദ്ധനയും ഉണ്ടാകുന്നതിനു് പുണ്യശ്ലോകനും വികാരിജനറാളും എന്ന ഉത്തരവാദിത്വജോലിയുണ്ടായിരുന്നവനുമായ ബ. ഫാവറ അച്ചൻ പല നല്ല കാര്യങ്ങളും ചെയ്തു. അക്കാലത്തു് മലബാറിലുണ്ടായിരുന്ന ശിശുക്കൈതിരായി വിശ്വാസികൾക്കു ധൈര്യം നൽകുന്നതിനു് വി. കുർബാനയോടും പ. കന്യകയോടുമുള്ള ഭക്തി പ്രചരിപ്പിച്ചതു് വളരെ ഉപകാരപ്രദമായിരുന്നു. ഇവയിലെല്ലാം അക്കാലത്തെ ചിന്താഗതിക്കനുസൃതമായ 'ലത്തീൻ മയം ചേർക്കൽ' ഉണ്ടായിരുന്നുവെന്നു മാത്രം.

എന്നാൽ റീത്തു് താറുമാറാക്കുന്നതിനെ അദ്ദേഹം തികച്ചും എതിർത്തിരുന്നു. ലത്തീൻറീത്തിലെ പല ഭക്താഭ്യാസങ്ങളും അദ്ദേഹം അങ്ങേയറ്റം വിലമതിച്ചു. അവ നമുക്കും ഉണ്ടാകണമെന്നു് അദ്ദേഹം ആത്മാർത്ഥമായി ആഗ്രഹിച്ചു. അതേസമയം റീത്തിനു കോട്ടം തട്ടുകയുമരുതു്. ലത്തീനിൽ നിന്നു സ്വീകരിക്കുന്ന ഭക്താഭ്യാസങ്ങളെല്ലാം സുറിയാനിയിലാക്കണം (8a). അതോടൊപ്പംതന്നെ മിഷ്യനറിമാർ നമ്മുടെ റീത്തു പഠിക്കണമെന്നും മിഷ്യനറിമെത്രാന്മാർക്കുടിയും നമ്മുടെ റീത്തിൽ ശ്ലൈഹികം പരികർമ്മം ചെയ്യണമെന്നും അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ രഹസ്യക്കുറിപ്പിൽ (ആലോചന) ഒരിടത്തു് ഇപ്രകാരം കാണുന്നു:-

"പട്ടം കൊടുക്കുന്നതിലും മറ്റും മേല്പട്ടക്കാരന്റെ ഇച്ഛ പട്ടം നൽകുന്നവരുടെ ഇച്ഛ ക്രമവും ഒന്നല്ലാതെ ഭേദപ്പെട്ടിരിക്കകൊണ്ടു ഭക്തി കുറവു വരുവാനും അവർ തമ്മിൽ പിതാവും മക്കളുമെന്നുള്ള പക്ഷത്തിന്റെ ഭാവം വിട്ടു യജമാ-

---

(8a) റീത്തിന്റെ പ്രധാനമായ ഘടകം റീത്തുഭാഷയാണെന്ന ചിന്താഗതി അക്കാലത്തു സാധാരണമായിരുന്നു.

നന്നും അടിമകളും എന്നുള്ള ഭേദത്തിന്റെ ഭാവം വരുവാനും ഇടയുണ്ടു്. ഒരു ക്രമത്തിന്റെ ഭേദം–അല്ലെങ്കിൽ കലർച്ച മലയാളത്തല്ലാതെ (ഒരു സുറിയാനിക്കാർക്കല്ലാതെ) ഭൂമിയിൽ മറ്റൊരു സ്ഥലത്തും നടപ്പില്ല. ആകയാൽ വിനകളെ ഒഴിച്ചു–ജനങ്ങളും ബാബെലിനോടുള്ള ചർച്ച എന്നുണ്ടാക്കുമായി വെട്ടിക്കളവാനുള്ള ഏക വഴി ഒരു മലയാളത്തുള്ള എല്ലാ കൊവേന്തക്കാർക്കും കൂടെ ആലോചിച്ച സുറിയാനി പെച്ചു പഠിച്ചവരും–പഠിപ്പാൻ വശവും മനസ്സുമുള്ളവരും–സുറിയാനി പെച്ചിലും ക്രമത്തിലും കുർബാന ചൊല്ലുവാനുള്ള അനുവാദത്തോടെ മലയാളത്തേക്കു അയക്കണമെന്നും ഒരു മെത്രാപ്പോലീത്ത അമ്മന്റെ കാലം കഴിയുമ്പോൾ മെല്ലട്ടക്കാരനോടു തിരഞ്ഞെടുക്കപ്പെടുന്നതു് അവരിൽ ഒരുത്തൻ അയിരിക്കണമെന്നും–ഇപ്പോൾ പള്ളികാരു ബോധിപ്പിക്കുന്ന അപേക്ഷയോടുകൂടെ അല്ലെങ്കിൽ അതു കഴിഞ്ഞിട്ടു ഒരപേക്ഷ ബോധിപ്പിച്ചു. ശുദ്ധ. സിംഹാസനത്തിൽനിന്നു സാധിക്കുന്നതാകുന്നു. എറൊപ്പാക്കാരുടെ അറിവും ഭക്തിയും സുറിയാനിക്രമവും പെച്ചുംകൂടി ഒന്നിച്ച മിസ്യൊണാരിമാരെക്കിട്ടിയാൽ ഒരു ജാതിക്ക ഇതിനെക്കാളും വലിയൊരു ഭാഗ്യം വരുവാനില്ല. അവരു നമ്മുടെ പള്ളികളിൽ വിഗാരിമാരായിട്ടും മറ്റുമിരിക്കുമ്പോൾ പല ഗുണങ്ങളും മലയാളത്തിൽ പുണ്യവാളന്മാരുണ്ടാകുമെന്നു ശരണം. /

"ഇതു കൂടാതെയും പുത്തൻകുറുകാരോടും ഇങ്ങോട്ടു കൂടുവാൻ പറയുമ്പോൾ അവരുത്തരിക്കുന്ന തടസ്ഥം സുറിയാനി ക്രമത്തിൽ മെത്രാനില്ലെന്നുള്ളതാകുന്നു. ആയതുകൊണ്ടു മെല്ലട്ടക്കാരനോടു അപേക്ഷ സാധിച്ചാൽ പുത്തൻകുറുകാരും കൂടുവാൻ ഇടയാകും. കുർബ്ബാന ചൊല്ലിയ മിസ്യൊണാരിമാരെ പെച്ചു ക്രമവും മാറുവാൻ പാടില്ലെങ്കിൽ ഇവിടെ വന്നു സുറിയാനിയിൽ പുത്തൻകുർബാന ചൊല്ലുവാൻ തക്കവണ്ണം ക്ലൈറിക്കളെ അയച്ചാലും മതി" (9).

---

(9) മൂല കൈയെഴുത്തു പ്രതിയിൽനിന്നു.

B. ലെയൊനാർദ്ദ് മെത്രാപ്പോലീത്താ

(1868—1898)

കാനോനജപം

1868-ൽ സ്ഥാനാരോഹണം ചെയ്ത ലെയൊനാർദ്ദ മെത്രാപ്പോലീത്താ ഒന്നാം വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കുന്നതിനു പോയപ്പോൾ, ഇവിടെ ഉപയോഗിച്ചിരുന്ന കാനോനജപം ചുരുക്കി ക്രമപ്പെടുത്തുന്നതിനുള്ള അനുവാദം ൻപതാം പീയൂസ് മാർപ്പാപ്പായിൽ നിന്നു വാങ്ങി. വിശുദ്ധന്മാരുടെ കർമ്മിരറി പരിശോധിച്ചു തെറ്റുകൾ തിരുത്തി, ചുരുക്കി ക്രമപ്പെടുത്തിയ ആ കാനോൻ ജപം 1876-ൽ അച്ചടിച്ചു. അതുതന്നെയാണു് ഇപ്പോൾ സീറോ-മലബാർ കത്തോലിക്കർ ചൊല്ലുന്നതു്(10). "മിശിഹായുടെ മാതാവു്" എന്ന മൂലത്തിലുണ്ടായിരുന്ന പ്രയോഗം ഈ പുസ്തകത്തിൽ ദൈവത്തിന്റെ മാതാവു് എന്നാക്കിയിട്ടുണ്ടു്. അതുപോലെതന്നെ മറ്റു ചില ചെറിയ വ്യത്യാസങ്ങളും ഈ പതിപ്പിലുണ്ടു്.

തക്സാ

ലെയൊനാർദ്ദ മെത്രാപ്പോലീത്താ കൗൺസിലിൽനിന്നും തിരിച്ചെത്തിയപ്പോൾ മുതൽ 1844-ൽ അച്ചടിച്ച തക്സായിൽ ചില മാറ്റങ്ങൾ കണ്ടുതുടങ്ങി. 'പാത്രിയർക്കാ'യുടെ പേരു് അടിച്ചിരുന്ന കടലാസ്സുകഷണം അതിൽനിന്നും കീറി മാറ്റി; പകരം ആ പേരു കൂടാതെ ബാക്കി കട്ടി കുറഞ്ഞ കടലാസ്സിൽ അച്ചടിച്ചു് ഒട്ടിച്ചിരിക്കുന്നതായി കാണാം. ഒരു സമാപനാശീർവാദത്തിൽ (ഹത്താമ്മ) പാപ്പാ അപ്പസ്തോപ്പാ 'തറമാനായാ' 'കാസോലിക്കാസു്' എന്നൊക്കെ ചേർത്തിട്ടുണ്ടു് (11) കൂർബാനമദ്ധ്യേ കല്യാണവാഴ്വു് നൽകാനുള്ള

---

(10) ഇപ്പോഴും ഉപയോഗിക്കുന്ന കാനോന ജപത്തിന്റെ ആരംഭത്തിൽ ചേർത്തിട്ടുള്ള 'അംഗീകാരം' ലയൊനാർദ്ദ് മെത്രാപ്പോലീത്തായുടേതാണല്ലോ.

(11) പാത്രിയർക്കായുടെ വികാരി ജനറാൽ മാത്രമായ 'കാസോലിക്കാ' എന്ന ബഹുമതിയാണു്, വാക്കിന്റെ അർത്ഥം അറിയാതെ മാർപ്പാപ്പായ്ക്കു് നൽകിയിരുന്നതു്. നമ്മുടെ ചരിത്രം, വാല്യം 136),

ക്രമം കൂട്ടി കുറഞ്ഞ കടലാസ്സിൽ—റോമിൽ അടിച്ചതു്-തക്സാ കളിൽ കൂട്ടിച്ചേർത്തു. ലത്തീൻ ക്രമത്തിലേതുപോലെ കർമ്മാനയ്ക്കിടയ്ക്കു ഈ വാഴ്വു നൽകാവു എന്നു നിഷ്കർഷിച്ചു.

മാതാവിന്റെ ഹൃത്താമ്മ (ശ്ലാംലേകി മറിയം) യും മൂന്നു നോമ്പിന്റെ വായനകളും കർമ്മലീത്താരാത്രിരാപ്പകലുകളുടെ ക്രമവും ആദ്യമായി അച്ചടിച്ചു കാണുന്നതു് 1879-ലെ ക്നാമ്മാവു തക്സായിലാണു്.

റീത്തിനെ സ്പർശിക്കുന്ന ചില കായ്ക്കങ്ങൾ അദ്ദേഹം 1878-ൽ പുറപ്പെടുവിച്ച 'കല്പന'കളിലും 'നിയമ'ങ്ങളിലും കാണാം: പാട്ടുകാർ 'അങ്കർക്ക'യെ 'ഓപ്പ'യെ ധരിച്ചിരിക്കണം; വിശുദ്ധ കർമ്മാനയ്ക്കു സക്രാരി ഉണ്ടായിരിക്കണം. ശവസംസ്കാരത്തിനു് 'ഏറമാർമാകു' ചൊല്ലിക്കഴിയുമ്പോൾ ഹന്നാൻവെള്ളം തളിക്കണം. മാംസവർജ്ജനവും ഉപവാസവുമുള്ള ദിവസങ്ങളുടെ ഒരു പട്ടികയും അദ്ദേഹം നൽകിയിട്ടുണ്ടു് (12).

ബ. ചാവറയച്ചൻ ക്രമപ്പെടുത്തി വച്ചിരുന്ന മരിച്ചവരുടെ ഒപ്പീസു് 1880-ൽ അച്ചടിച്ചു. അതിൽ കൂട്ടികളെ സംസ്കരിക്കുന്ന ക്രമം ലത്തീൻ തർജ്ജമയാണെന്നു പ്രസാധകൻ ബ. പോരുക്കരയച്ചൻ മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ടു് (13).

ബ. ചാവറയച്ചന്റെ കാലത്തും അതിനുശേഷവും പല കർമ്മലീത്താ ആശ്രമങ്ങളും ഇവിടെ സ്ഥാപിതമായി. വേഷം, വ്രതവാഗ്ദാനം, ജോലിനശാലയിലെ പ്രാർത്ഥനകളും ആചാരങ്ങളും ഇവയിലെല്ലാം തന്നെ മിക്കവാറും ലത്തീൻ ക്രമമാണു് കൈവേലകളിൽ സ്വീകരിച്ചുപോന്നതു്. ഇവിടത്തെ സന്യാസിനീ സമൂഹങ്ങളും അതനുകരിക്കുകയുംചെയ്തു. ആദ്യത്തെ 25 വർഷത്തെ പരസ്യക്കല്പനകളിൽ, മുപ്പതോളം പ്രാവശ്യം മാതാവിന്റെയും യൗസേപ്പുപിതാവിന്റെയും മാസവണക്കത്തെപ്പറ്റി പരാമർശിക്കുന്നു. കൊന്തനമസ്കാരവും നിരവധി പരസ്യക്കല്പനകളുടെ വിഷയമാണു് (14).

---

(12) നമ്മുടെ റീത്തു് 138-ാം വശം,

(13) ബ. പോരുക്കരയച്ചനാണു് ഇവിടെ തിരുഹൃദയഭക്തി പ്രചരിപ്പിച്ചതും 'നിത്യാരാധന' പ്രസിദ്ധീകരിച്ചതും.

(14) ലയൊനാർദ് മെത്രാപ്പോലീത്തായുടെ 'ഇടയന്നടത്ത പരസ്യങ്ങം, Pastorales littersae Domini Leonardi, വരാപ്പുഴ, 1893 കാണുക.

ലെയൊനാർദ്ദോ മെത്രാപ്പോലീത്തായുടെ കാലത്തു പുത്തൻപള്ളി സെമിനാരി പ്രൊഫസറായിരുന്ന വലിയവീട്ടിൽ ഖ. ഗീവർഗീസച്ചൻ (1851–1929) വൈദികരുടെ "എൻകിരീദിയോൻ" ക്രമപ്പെടുത്തി; അതു് 1881–ൽ വരാപ്പുഴ അച്ചടിപ്പിച്ചു. ഈ ഗ്രന്ഥത്തിനു 812 പക്ഷങ്ങളുണ്ടു്. ത്രിസന്ധ്യാവന്ദനങ്ങളും, കുർബാനയുടെ മുൻപും പിൻപുമുള്ള സുദീർഘ ജപങ്ങളും, നിരവധി സ്തോത്രമാലകളും (ലിറ്റനികളും), പരി. കുർബാനയുടെ പല കീർത്തനങ്ങളും; പള്ളി, സിമിത്തേരി, സകീർത്തി, തീരുവസ്തുക്കൾ മുതലായവയുടെ വെഞ്ചരിപ്പു്; ദീനക്കാർ, മൃഗങ്ങൾ, സ്ഥലങ്ങൾ, ക്ഷേണസാധനങ്ങൾ മുതലായവയുടെ ആശീർവാദമന്ത്രങ്ങളും; പെരുന്നാളുകൾക്കുള്ള പ്രത്യേക പ്രാർത്ഥനകളും ആദിയായി അനേക വിഷയങ്ങളുണ്ടു് ഈ പുസ്തകത്തിലെ ഉള്ളടക്കം (15)

C. യാക്കോബായ സഭയും പാശ്ചാത്യ സിറിയൻ ആരാധനക്രമവും

മാർത്തോമ്മാ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം "തങ്ങളുടെയും റോമ്മാപ്പള്ളിയുടെയും ശത്രുക്കളായ പറങ്കി"കളോടുള്ള മൈത്രിയുടെ വിരോമമായിരുന്ന, 1665 ലെ കൂനൻകുരിശു സത്യം (16). അതേത്തുടർന്നു മലബാർ സഭാരണമായി പിളർന്നു. അക്കാലത്തു പന്ത്രണ്ടു പട്ടക്കാർ കൂടി മെത്രാനായി വാഴിച്ച ഇട്ടിത്തൊമ്മൻ കത്തനാർ "യഥാർത്ഥ മെത്രാനല്ലെന്നുള്ള ബോധ്യം നിമിത്തവും എങ്ങനെയെങ്കിലും അദ്ദേഹത്തിനു യഥാർത്ഥ കൈവയ്പു ലഭിക്കണമെന്നുള്ള ആഗ്രഹം നിമിത്തവും ഒരു മെത്രാനെ അയച്ചുതരുന്നതിനായുള്ള അപേക്ഷകളും പലേടത്തും മിന്നിച്ചുനിന്നിരുന്ന നസ്രാണികളും അയച്ചുകൊണ്ടിരുന്നു. തൽഫലമായി ക്രിസ്താബ്ദം 1665–ൽ യെരുശലേമിലെ ഒരു യാക്കോബായ മെത്രാനായിരുന്ന മാർ ഗ്രീഗോറിയോസ്സ് എന്ന ഒരാൾ മലങ്കരയിൽ വന്നുചേരുകയും, യാക്കോബായവിശ്വാസങ്ങളും ഇവിടെ പഠിപ്പിക്കുന്നതിനു പരിശ്രമിക്കുകയും ചെയ്തു. പോർട്ടുഗീസുകാരുടെ പ്രവ

(15) ഫാദർ വലിയ വീട്ടിൽ യൗസേപ്പ്, വലിയ വീട്ടിൽ ഗീവർഗീസ് കത്തനാർ–ജീവചരിത്രം, ആലുവാ, 1948, 58–54 വശങ്ങൾ.

(16) മാർത്തോമ്മാ ക്രിസ്ത്യാനികൾ II, 70–71 വശങ്ങൾ.

ർത്തനങ്ങളിൽ അതൃപ്തരായിരുന്നവരും കൂനൻകുരിശുസത്യം ചെയ്ത പറങ്കികളോടു വിരോധത്തിൽ വർത്തിച്ചിരുന്നവരുമായ നസ്രാണികളിൽ ഒരു പങ്കു് മാർ ഗ്രീഗോരിയോസിനെ അനുകൂലിച്ചു. മാർ ഗ്രീഗോരിയോസു് കല്പനകളും പ്രസംഗങ്ങളും വഴിയായി യാക്കോബായ വിശ്വാസങ്ങളും ആചാരങ്ങളും ഇവിടെ പ്രചരിപ്പിക്കുവാൻ പരിശ്രമിച്ചു. ഇങ്ങനെ യാക്കോബായ സഭയ്ക്കു കേരളത്തിൽ പ്രവേശനം സിദ്ധിച്ചു." "കേരളത്തിലെ ക്രൈസ്തവ സഭകം" എന്ന ഗ്രന്ഥത്തിൽ പണ്ഡിതനായ ബ. ഇഷയ്യാലോടി അച്ചൻ കേരളത്തിലെ യാക്കോബായ സഭയുടെ ആവിർഭവത്തെപ്പറ്റി പറയുന്നതാണിതു് (17).

അക്കാലത്തു പുത്തൻകൂറുകാർ റീത്തുകാര്യങ്ങളിലൊന്നും കാര്യമായ വ്യത്യാസം വരുത്തിയിരുന്നില്ല "വിശ്വാസമാറ്റം സാമൂഹികനടപടികളിലും കൽദായ സുറിയാനി ആരാധനക്രമത്തിലും യാതൊരു ഭേദഗതിയും വരുത്തിയില്ല" (18).

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മാത്രമേ അവർ പാശ്ചാത്യ സുറിയാനി ആരാധനക്രമം പരിപൂർണ്ണമായി സ്വീകരിച്ചുള്ളു. അതുവരെ ലത്തീൻ മയം ചേർന്ന പൗരസ്ത്യ സുറിയാനി ആരാധനക്രമമാണു് അവർ ഉപയോഗിച്ചിരുന്നതു്. എങ്കിലും അന്ത്യോക്യൻറീത്തിലെ കൈക്കുരിശും, പുളിച്ച അപ്പം തുടങ്ങിയവ അവർ സ്വീകരിച്ചിരുന്നു (19).

18-ാം നൂറ്റാണ്ടിൽ യാക്കോബായക്കാർ ഉപയോഗിച്ച ആരാധനക്രമത്തിന്റെ കൈയെഴുത്തു പ്രതികളിലും പൗരസ്ത്യവും പാശ്ചാത്യവുമായ സിറിയൻ ആരാധനക്രമങ്ങളിലെ പ്രാത്ഥനകളും ഇടകലർന്നു കിടക്കുന്നതായി കാണാം. 1734-ൽ പുത്തൻകൂറുകാരുടെ ഉപയോഗത്തിനായി എഴുതിയ ഒരു

(17) കേരളത്തിലെ ക്രൈസ്തവസഭകം, തിരുവല്ല, 1952, 102–103 വശങ്ങളം.

(18) ഫാദർ പ്ലാസിഡ്, അന്ത്യോക്യാ പാത്രിയർക്കീസ്, മാന്നാനം, 1931, 168.ാം വശം.

(19) Tisserant Cardinal, Eastern Christianity in India, p. 185.

കൽദായ സുറിയാനിപ്പുസ്തകത്തെപ്പറ്റി "നമ്മുടെ റീത്തും" പരാമർശിക്കുന്നുണ്ട് (201-ാം വശം). കൽദായ സുറിയാനിയിലാണ് "ജീവൻനിറഞ്ഞ ഈ പുസ്തക"ത്തിലെ പ്രാർത്ഥനകൾ. "ഇൻഡ്യയുടെ മാർതോമ്മാ അപ്പൊസ്തോലും മെത്രാപ്പോലീത്തീസിന്റെ നാളുകളിൽ മുളന്തുരുത്തി മാർത്തോമ്മാശ്ലീഹായുടെ പള്ളിയിലുള്ള നിർമ്മാഗ്യനും ബലഹീനനും പാപിയുമായ അബ്രഹാം 'ശെമ്മാശ്'നാൽ മിശിഹാ പിറന്നിട്ട് ആയിരത്തി എഴുന്നൂറിമുപ്പത്തിനാലാം വത്സരം എഴുതപ്പെട്ടു: ഗ്രീക്കവത്സരം 2045 മീഥുനം (ഫാസിറാൻ) മാസത്തിൽ" എന്ന് ആ പുസ്തകത്തിന്റെ 667-ാം പുറത്തു നമുക്കു കാണാം. യാക്കോബായക്കാരുടെ ആദ്യത്തെ 'മെത്രാന്മാ'രെല്ലാം 'മാർതോമ്മാ'മാർ ആയിരുന്നതിനാലാണ് അതിൽ "മാർതോമ്മാ അപ്പസ്തോലും" എന്നു ചേർത്തിട്ടുള്ളതു്. ഇതിൽ മാപ്പിളപ്പായുടെ പേരിനു പകരം ബാസേലിസ് കാസോലിക്ക എന്നു ചേർത്തിട്ടുണ്ട്. യാക്കോബായ കാസോലിക്കാമാരെല്ലാവരും ബാസേലിസ് നാമധാരികളാണ്. അതിൽ യാക്കോബായക്കാർ വണങ്ങുന്ന ചിലരുടെ പേരുകളും കൂട്ടിച്ചേർത്തിട്ടുണ്ട്:

അങ്ങനെ "കാനോൻ ക്ദീം ധന്മമാതം" 23-ാംനൂപീലക്സിനോസ് മല്പാനും "നീസാൻ മേടം" 18-ാംനൂവി. ബർസൗമ്മായും ഓർമ്മിക്കപ്പെടുന്നു. യാക്കോബായ വീശ്വാസത്തിനെതിരായ ചില ഭാഗങ്ങളും അവിടവിടെ തിരുത്തിയിട്ടുമുണ്ട്. ഇവയെഴിച്ചാൽ ഈ കയ്യെഴുത്തു പ്രതി കൽദായക്രമംതന്നെ.

അദ്ധ്യായം എട്ട്.

റീത്തുപുനരുദ്ധാരണം

A. നാട്ടുമെത്രാന്മാർക്കു ലഭിച്ച റീത്ത്.

റോസുമെത്രാന്റെ കാലംമുതൽ 19-ാംനൂറ്റാണ്ടിന്റെ അവസാനംവരെ മലബാർസഭയെ ഭരിച്ചതു് മിക്കവാറും ലത്തീൻ മെത്രാന്മാരാണു്. സഭയുടെ പുരോഗതിയ്ക്കും വൈദികരുടെ പുണ്യാഭിവൃദ്ധിയ്ക്കും വിശ്വാസികളുടെ സന്മാർഗ്ഗജീവിതത്തിനും ഉതകുന്ന വളരെയധികം കാര്യങ്ങളാണു് ഇവരിൽ പലരും ചെയ്തിട്ടുണ്ടു്. സഭയിൽ ചിട്ടയും ക്രമവും വരുത്തുവാൻ വളരെയധികം ശ്രമിച്ചവരിൽ പ്രത്യേകം ശ്ലാഘ്യരാണു്, മെനേസീസു്, റോസു്, ഖണ്ടാർഇനോസു്, ലെഒനാർദു് തുടങ്ങിയവർ. നമ്മുടെ കൃതജ്ഞത അർഹിക്കുന്നവരത്രെ ഇവരെല്ലാം. കൊടുങ്ങല്ലൂർ അഡ്മിനിസ്ട്രേറന്മാരായിരുന്നവർ സഭാരേണസംബന്ധമായി ഉണ്ടാക്കിയ പല നല്ല നിയമങ്ങളും ശ്രദ്ധാർഹമാണു്: വൈദികർ പള്ളിമുറികളിൽ സ്ഥിരമായി താമസിക്കണമെന്നും, ഭോഗം ധരിക്കണമെന്നും, കമ്പ സാഭാവസരത്തിൽ പണം വാങ്ങിക്കരുതെന്നും മറ്റും (1)

എന്നാൽ ആരാധനക്രമവും റീത്തുംസംബന്ധിച്ചു്, ഉപരിസ്സൂചകരെക്കുറിച്ചുള്ള അജ്ഞതയിൽ, അവർ ചെയ്ത പരിഷ്കാരങ്ങളിൽ ചിലതെല്ലാം നിർഭാഗ്യകരമെന്നതു വാസ്തവമാണു്. നമ്മുടെ റീത്തിന്റെ പ്രകൃതിയറിയാതെ ലത്തീൻക്രമങ്ങളുമായി കൂട്ടിക്കുഴച്ചു. പരിശുദ്ധ വിശ്വാസം കാക്കാൻ ഏറ്റവും മാർഗ്ഗമാണെന്ന കരുതിയാണു് അവർ അങ്ങനെ ചെയ്തതു്. ലത്തീൻ റീത്താണു് ആദർശപരവും ഔദ്യോഗികവുമായതെന്നു് അവർ കരുതി. അങ്ങനെ നമ്മുടെ ആരാധനക്രമം

---

(1) Mitra Lusitana No Orietne, II 2nd Ed. Nova Goa, 1924, P. 58 ff. ലെഒനാർദു് മെത്രാന്റെ മലയാളഭാഷാസേവനവും ശ്ലാഘനീയമാണു്. ഡോക്ടർ പി. ജെ. തോമ്മസു്: മലയാളസാഹിത്യവും ക്രിസ്ത്യാനികളും, കോട്ടയം, 1961, 214—213 വശങ്ങളം.

അംഗഭംഗപ്പെട്ട് ലത്തീൻറെയും പൗരസ്ത്യ സിറിയൻറെയും സങ്കരമായിത്തീർന്ന. ഈ റീത്താണ് നാട്ടുമെത്രാന്മാർക്കു ലഭിച്ചതു്. അതു വിശ്വാസികൾക്കറിയാമായിരുന്നു. റീത്തു പുനരുദ്ധരിച്ചു തരണമെന്നു് അപ്പഴപ്പോൾ അവർ അധികാരികളോടു് ആവലാതിപ്പെട്ടു. അർക്കദിയാക്കോന്മാർ പലപ്പോഴും തങ്ങളുടെ സങ്കടം വെട്ടിത്തുറന്നു പറഞ്ഞിട്ടുണ്ടു്. 1888-ൽ സുറിയാനിവൈദികരും വിശ്വാസികളും ചേർന്നു ലവീഞ്ഞുമെത്രാനു നൽകിയ മംഗളപത്രത്തിൽ തങ്ങളുടെ ആചാരങ്ങൾക്കും ആരാധനക്രമങ്ങൾക്കും നഷ്ടപ്പെട്ട ജ്യോതിസ്സു് വീണ്ടെടുത്തുകൊടുക്കണമെന്നു് അവർ ആവശ്യപ്പെട്ടു. പരിശുദ്ധപിതാവിൻറെ ആഗ്രഹവും തൻറെ പരിശ്രമവും അക്കാര്യത്തിൽ ഏകീഭവിക്കുന്നുവെന്നായിരുന്നു ലവീഞ്ഞുമെത്രാൻറെ മറുപടി. 1908-ൽ കേരളത്തിൽ മൂന്നു വികാരിയാത്തുകളിലേയും സുറിയാനിവൈദികർ മാർപ്പാപ്പായ്ക്കു സമർപ്പിച്ച ഒരു അപേക്ഷയിൽ സമ്പൂർണ്ണവും കുലർപ്പില്ലാത്തതുമായ സീറോ-കൽദായറീത്തു തങ്ങൾക്കു് അനുവദിച്ചുതരണമെന്നു് അഭ്യർത്ഥിച്ചു.

B. റീത്തുപുനരുദ്ധാരണത്തിനു മുൻപു്.

മാർ ളൂയീസ് പഴേപറമ്പിൽ, മാർ ആഗ്സ്തീനോസ് കണ്ടത്തിൽ എന്നീ വൈദികശ്രേഷ്ഠന്മാരുടെ കാലത്തു് (1896–1956) സീറോ മലബാർ ആരാധനക്രമത്തിൽ വന്ന വ്യതിയാനങ്ങളെ "എറണാകുളം മെത്രാപ്പോലീത്തായും അതിരൂപതയും" എന്ന ഗ്രന്ഥത്തിൽ കാണാം (95—100 വരെ ഭാഗങ്ങൾ). അവയുടെ ഏകദേശസംഗ്രഹം ഇതാണു്.

തക്സായിൽ "മൗസ്പ" (അനുബന്ധം) എന്ന തലക്കെട്ടോടുകൂടിയ തിരുനാളുകളും ആചരിക്കാനുള്ള അനുവാദം 1905-ൽ റോമിൽനിന്നു ചോദിച്ചുവാങ്ങി. ഞായറാഴ്ചകളിൽ നൽകുന്ന തിരുള്ള കർമ്മാനുഷ്ഠാനവിധി, പന്ത്രണ്ടു വികാരിജനറാളന്മാർക്കു കൊടുത്തിരുന്ന രൂപത്തിലല്ലാതെ, മെത്രാന്മാർക്കു പ്രത്യേകമായ ക്രമത്തോടുകൂടി അക്കാലംവരെ തയ്യാറാക്കപ്പെട്ടിരുന്നില്ല. ലത്തീനിൽനിന്നു വിവർത്തനംചെയ്തു് അതു പൂർണ്ണമായി അച്ചടിപ്പിച്ചു. അതുപോലെതന്നെ മെത്രാന്മാരുടെ

പള്ളിവിസിത്തയുടെയും കന്യാസ്ത്രീകളുടെ സമാവസ്ഥാരണത്തിന്റെയും ക്രമങ്ങളും മാർ ഇയിസം മെത്രാനച്ചൻ സുറിയാനിയിൽ അച്ചടിപ്പിച്ചു.

"സുറിയാനിപ്പാട്ടുകാരം ലത്തീൻ രാഗത്തിലാക്കി ചില വൈദികർ പാടാറുള്ളതും, വാസ്തവത്തിൽ റീത്തു സംബന്ധമായ ഒരു ക്രമക്കേടാണും. ലത്തീൻരാഗത്തിൽ സുറിയാനിഗീതങ്ങളും പാടുന്നതിനെ (കണ്ടങ്കിൽ) മെത്രാപ്പോലീത്താച്ചൻ 1921-ൽ മുടക്കി." 1926-ൽ 'ത്രുക്കാസ്' വീണ്ടും അച്ചടിപ്പിച്ചു.

ദ്വിശതാബ്ദിക്രമം കയ്യെഴുത്തുപ്രതികളിൽ കിടന്നിരുന്നപ്രകാരമാണു ചില സ്ഥലങ്ങളിൽ നടത്തിയിരുന്നതു് (2). കൈയെഴുത്തുപ്രതിയിലെ തെറ്റു തിരുത്തി ആ ക്രമം 1943-ൽ വീണ്ടും അച്ചടിപ്പിച്ചു.

"മിശിഹായുടെ രാജത്വത്തിന്റെയും വിശുദ്ധ കൊച്ചുത്രേസ്യയുടേയും തിരുനാളുകളും നമുക്കു് ആഘോഷിക്കുവാൻ അനുവാദം സമ്പാദിച്ചതും ആ തിരുനാളുകളുടെ കൂർബ്ബാനവായനകളും സുറിയാനിയിലാക്കി അംഗീകരിപ്പിച്ചതും മെത്രാപ്പോലീത്താച്ചന്റെ നേതൃത്വത്തിലാണു്".

1954-ൽ "കേരള കൽദായ സുറിയാനിറീത്തിലെ തിരുക്കർമ്മഗീതങ്ങളും" "നാട്ടു" ചേർത്തടിച്ച മംഗലപ്പുഴ സെമിനാരിയിൽനിന്നും പ്രസിദ്ധം ചെയ്തു.

നാട്ടുമെത്രാന്മാരുടെ കാലത്തു് ക്രമപ്പെടുത്തിയതാണു് ഇപ്പോഴും സുറിയാനിയിൽ നടത്തുന്ന ആഘോഷമായ പൊന്തിഫിക്കൽ കുർബ്ബാന. ലത്തീൻക്രമത്തിൽ മെത്രാൻ ആഘോഷമായി ബലി അർപ്പിക്കുന്നതിന്റെ ക്രമാനുഷ്ഠാന വിധികളും സുറിയാനിക്കുർബ്ബാനയിൽ ചേർത്തിരിക്കുന്നതാണിതു്. ഈ അവസരത്തിലിടുന്ന തിരുവസ്ത്രങ്ങളെല്ലാം ലത്തീൻ റീത്തിന്റേതു തന്നെ. തദവസരത്തിൽ മെത്രാൻ മാലയിടുന്നതു കുർബ്ബാനക്കുപ്പായത്തിനു പുറമെയാണെന്നു ഒരു വ്യത്യാസമേ ഉള്ളൂ (3).

---

(2) അതിന്റെ തർജ്ജമയെപ്പറ്റി മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ.

(3) ലത്തീൻ മെത്രാന്മാർ ഇതു കുർബ്ബാനക്കുപ്പായത്തിനു് അകത്താണു ധരിക്കുക.

ഇക്കാലത്തു് റോമിന്റെ അനുമതിയോടെ പലേ ലത്തീൻ തിരുനാളും ആഘോഷിക്കുവാൻ തുടങ്ങി. ഉപവാസം, മാംസവർജ്ജനം, കടമുള്ള ദിവസങ്ങളും, വിവാഹാഘോഷം, മുടക്കമുള്ള കാലം ഇവ ലത്തീൻകാരിൽനിന്നോടനുകൃപമാക്കി. നമ്മുടെ ഹയരാർക്കിയുടെ 1946 ഡിസംബർ 10-ാം തീയതിയിലെ തീരുമാനമനുസരിച്ചു് വൈദികരുടെ ശവസംസ്കാര ശുശ്രൂഷ ചുരുക്കി അച്ചടിപ്പിച്ചു. ഈ ക്രമമാണു് ഇപ്പോഴും ഉപയോഗത്തിലിരിക്കുന്നതു്. ആരാധനക്രമങ്ങളെല്ലാം തന്നെ ഇക്കാലയളവിൽ അച്ചടിക്കപ്പെട്ടു. പുത്തൻപള്ളിയിലും, ആലുവായിലും, മാന്നാനത്തുംനിന്നും കുർബാനതക്സായുടെ പല പതിപ്പുകളും പുറത്തുവന്നു. മറാരാധനക്രമങ്ങളെല്ലാംതന്നെ അച്ചടിക്കപ്പെട്ടു: കാനോനനമസ്കാരം, വേസ്പരപുസ്തകം. അമലോത്ഭവമാതാവിന്റെ സമൂഹത്തിൽ മാത്രം ഇപ്പോഴും (C. M. I.) ഉപയോഗിക്കുന്ന തിരുനാളുകൾക്കുള്ള കാനോനജപം, മരിച്ചവർക്കുവേണ്ടിയുള്ള ശുശ്രൂഷകളം, വലിയാഴ്ചക്രമം, ദുഃഖശനിയാഴ്ച ശുശ്രൂഷ, സ്ഥൈര്യലേപനം, പള്ളിയും സിമിത്തേരിയും വെഞ്ചരിക്കാനുള്ള ക്രമം, വൈദികരുടെ എൻഗ്രീഷിയോൻ (1881) ചുരുക്കിയെടുത്ത ആശീർവ്വാദപുസ്തകം, റാസക്രമം, നൊവേന, തുക്കാസ, മൈവാലയപ്രാർത്ഥനകളം, മൈവാലയഗീതങ്ങളും, ചെറിയ ഒപ്പീസും, ഇവയിൽ പലതിനും പല പതിപ്പുകളും ഉണ്ടായിട്ടുണ്ടു്. ഓരോ പതിപ്പിലും ഉള്ളടക്കത്തിനു വ്യത്യാസം കാണാം.

മാക്കീർ മാർ മത്തായി മെത്രാൻ പ്രസിദ്ധംചെയ്ത ദുക്റോനപുസ്തകത്തിൽ (മാന്നാനം, 1904) കുദാശകളുടെ പരികർമ്മം, തിരുന്നാളാഘോഷം, ഉപവാസദിവസങ്ങളും, "ശുദ്ധ. കുർബാനയുടെ പ്രത്യക്ഷസ്ഥാപനവും സ്ഥാപിച്ചുകൊണ്ടുള്ള കുർബാനയും സംബന്ധിച്ച സംക്ഷേപക്രമം", ഒസ്സൻസോരിയിൽ ദിവ്യകാരുണ്യം പ്രത്യക്ഷമായി സ്ഥാപിച്ചുകൊണ്ടു പാടുന്ന സ്തപസ്സുകുർബാനയുടെ ക്രമം", ശുദ്ധ. കുർബാനയുടെ ആശീർവാദം കൊടുക്കുന്നതിനും, ലദീഞ്ഞു നടത്തുന്നതിനുമുള്ള ക്രമങ്ങളും" "പള്ളിസന്ദർശനത്തിൽ സപ്രന മെത്രാൻ വരുമ്പോഴും അല്ലാതെയും ഘോഷമായി കൈക്കൊള്ളുന്ന ക്രമം" ഇവ വളരെ വിശദമായി നൽകുന്നുണ്ടു്. ഇവയിൽ ചില ക്രമങ്ങളൊക്കെല്ലാം പ്രഥമമായി കുറച്ചുരൂപം നല്കിയതു് ഈ ദുക്റോനയിലാണു്.

C. പൊന്തിഫിക്കൽ:

പുനരുദ്ധാരണത്തിനു മുമ്പ്.

മാർ ജോസഫ്, റോസ്, അലക്സാണ്ടർ പറമ്പിൽ, കരിയാറിൽ എന്നിവരുടെ ഉപയോഗത്തിനു റോമൻ പൊന്തിഫിക്കലിന്റെ ചില ഭാഗങ്ങൾ തർജ്ജമ ചെയ്തതായി മുകളിൽ കണ്ടല്ലോ. 1782-ൽ പാറേമ്മാക്കലച്ചൻ കരിയാറിലെത്രാപ്പോലീത്തായുടെ ഉപയോഗത്തിനായി ഒരു പൊന്തിഫിക്കൽ ക്രമപ്പെടുത്തിയതു മാർ ജോസഫ് (+ 1569) ചെയ്ത ലത്തീനിൽനിന്നുള്ള തർജ്ജമ തന്നെ ശരിപ്പെടുത്തിയതാണെന്നു അതിന്റെ ആമുഖത്തിൽ പറഞ്ഞിട്ടുണ്ട്. റീത്തുമാറ്റത്തിൽ സഹായിക്കാനല്ല, ഗതികേടുകൊണ്ടുമാത്രമാണു ഇപ്രകാരമൊരു സംരംഭത്തിലിടപെട്ടുപോയതെന്നു ആമുഖത്തിൽ പാറേമ്മാക്കലച്ചൻ പ്രസ്താവിക്കുന്നു. അദ്ദേഹത്തിനു മുമ്പു പലർക്കും ഇപ്രകാരം ചെയ്യേണ്ടിവന്നിട്ടുണ്ടെന്നു അദ്ദേഹം അനുസ്മരിപ്പിക്കുന്നു. വ്യക്തിപരമായി ഇത്തരത്തിലുള്ള സംരംഭങ്ങളോടു താൻ എതിരാണെന്നു തുറന്നുപറയുന്നതോടൊപ്പം കരിയാറിലും പിൻഗാമികളും പുരാതനകൽദായരീത്തു് അതിന്റെ എല്ലാവിധ ശോഭയോടുംകൂടി പരിരക്ഷിക്കണമെന്നു അദ്ദേഹം അഭ്യർത്ഥിക്കുകയും ചെയ്യുന്നു (4).

1875-ൽ പൊന്തിഫിക്കൽക്രമം അന്നത്തെ ആളുകൾക്കു തന്നെ ഉസ്സാഹമായിരുന്നു: "പട്ടമേൽക്കുന്ന ഓരോ മെത്രാനോടുകൂടി കർമ്മം ചൊല്ലുന്ന അവസരത്തിൽ എന്തു കുഴപ്പം! മെത്രാൻ ലത്തീനിൽ, പുത്തനച്ചൻ സുറിയാനിയിൽ. രണ്ടുപേർക്കും മനസ്സിലാകാത്ത കുഴപ്പത്തിനുമേൽ കുഴപ്പം"(5).

പത്തൊൻപതാംനൂറ്റാണ്ടിന്റെ അവസാനം ലത്തീൻ വികാരി അപ്പസ്തോലിക്കമാരുടെ വികാരിജനറാളന്മാരായിരുന്ന വൈദികന്മാരുടെ (Pontifically privileged) ഉപയോഗത്തിനായി പൊന്തിഫിക്കലിന്റെ ചില ഭാഗങ്ങൾ മാത്രം സുറിയാനിയിൽ ഉപയോഗിച്ചിരുന്നു. മൈവാലയങ്ങൾ, സിമി

(4) Bibliothecque Chaldeenne de Mardin, Codex 39, Scher A, Catalogue.....P. 76.

(5) വലിയവീട്ടിൽ ജോസഫ് കത്തനാർ, വലിയവീട്ടിൽ ഗീവർഗീസ് കത്തനാർ–ജീവചരിത്രം, ആലുവ, 1948, 63–ാംവശം

ത്തേരികയും ഇവ വെഞ്ചരിക്കുന്നതിനും സ്ഥൈര്യലേപനം നൽകുന്നതിനും ഉള്ള ക്രമങ്ങളും ഇപ്രകാരം സുറിയാനിയിലേക്കു തർജ്ജമചെയ്തിരുന്നവയാണു്. മറ്റുള്ള പൊന്തിഫികൽ കർമ്മങ്ങളെല്ലാം 1960 വരെ ലത്തീനിലാണു നടത്തിയിരുന്നതു്.

പുനരുദ്ധാരണം.

നമുക്കു് പൊന്തിഫികൽ പുനരുദ്ധരിച്ചുകിട്ടിയതിനു നീണ്ട ചരിത്രമുണ്ടു്. പൊന്തിഫികൽ പുനരുദ്ധരിക്കാൻ നിയമിച്ച കമ്മീഷനിലെ ഒരംഗമായിരുന്ന സിറിൽ കൊറൊളെവ്സ്കി നൽകുന്ന വിവരണം വളരെ വിശദമാണു് (6). സുറിയാനിറീത്തുകാരായ നാട്ടുകാരെ മെത്രാന്മാരാക്കിയപ്പോൾ അവർ ഉപയോഗിക്കേണ്ട പൊന്തിഫികൽ ഏതായിരിക്കണം എന്ന പ്രശ്നം ഉദിച്ചു (7).

പാശ്ചാത്യസുറിയാനി, കൽദായ, ലത്തീൻ ഇവറീത്തുകളിലെ ഏതെങ്കിലുമൊരു പൊന്തിഫികൽ തിരഞ്ഞെടുക്കാമെന്നായി. ലത്തീൻ പൊന്തിഫികൽ തിരഞ്ഞെടുക്കപ്പെട്ടു. അന്നത്തെ ഡെലഗേറ്റു് അപ്പസ്തോലിക്ക അയിരുന്ന ആർച്ചുബിഷപ്പു് സെലെസ്റ്റി 1909-ൽ പ്രൊപ്പഗാന്താ തിരുസ്സംഘത്തിനെഴുതിയ ഒരു റിപ്പോർട്ടിൽ മലബാർ റീത്തിനും കൽദായറീത്തിനോടെന്നതിനെക്കാളും ലത്തീൻറീത്തിനോടാണു കൂടുതൽ സാദൃശ്യം എന്നു പ്രസ്താവിച്ചിട്ടുണ്ടു്. ഒരുപക്ഷേ ബാഹുമായിട്ടതു ശരിയായിരുന്നിരിക്കണം. 1896-ൽ തന്നെ ലത്തീൻ പൊന്തിഫികൽ സുറിയാനിയിലേക്കു തർജ്ജമചെയ്യണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടതാണു്. സുറിയാനിയിലാക്കിയാൽ വിവിധ റീത്തുകളും കൂട്ടിക്കുഴച്ചുവെന്ന കുറ്റാരോപണം ഇല്ലാതിരിക്കുകയും ചെയ്യും! ഇരുപ്പട്ടമനവും മറ്റു പൊന്തിഫികൽ കർമ്മങ്ങളും തൽക്കാലം ലത്തീനിൽ തന്നെ നടത്തട്ടെ എന്നും അദ്ദേഹം നിർദ്ദേശിച്ചു. ഇപ്രകാരം വിവരം ധരിച്ച പ്രൊപ്പഗാന്തതിരുസ്സംഘം ഇക്കാര്യത്തിൽ വിശദ

(6) Korolevisky Cyril, Living Languages in Catholic Worship, London, 1957, PP. 134—138

(7) പള്ളിവീട്ടിൽ ചാണ്ടിമെത്രാന്റെ കൈവശമുണ്ടായിരുന്ന പൊന്തിഫികലിനെപ്പറ്റി അന്നാരും ചിന്തിച്ചില്ല.

ന്മാരെ കണ്ടാഞ്ഞതിനാൽ പൊന്തിഫിക്കലിന്റെ സുറിയാനി തർജ്ജമ തുടർന്നുകൊള്ളുവാൻ മലബാർ മെത്രാന്മാരോടു് ഉപദേശിച്ചു.

1908-ൽ പത്താംപീയൂസ് മാർപ്പാപ്പായുടെ മെത്രാൻപട്ടസ്ഥീകരണജൂബിലി ആഘോഷിച്ച അവസരത്തിൽ മലബാർ മെത്രാന്മാർ ചേർന്നു ജൂബിലിമംഗളങ്ങളും നേർന്നു. പൊന്തിഫിക്കലിന്റെ സുറിയാനിതർജ്ജമ അംഗീകരിച്ചുനവർക്കണമെന്നു് അവർ അപ്പോഴും അഭ്യർത്ഥിച്ചു.

1918-ൽ അന്നത്തെ ഡലഗേററും അപ്പസ്തോലിക്കാ ആയിരുന്ന ആർച്ചുബിഷപ്പു് ഫുമസോണി ബിയോണ്ടി പൊന്തിഫിക്കൽ അനുവദിക്കുന്നതിനെപ്പററി പരി. സിംഹാസനത്തെ അനുസ്മരിപ്പിച്ചു. മലബാർ മെത്രാന്മാർ തിരുപ്പട്ടം കൊടുക്കുന്ന ശുശ്രൂഷയിൽ കർഷോന സുറിയാനിയിലും ഗ്രീക്കുപട്ടമനപ്രാർത്ഥനകളും ലത്തീനിലും ചൊല്ലുന്നതു് — ഒരു കർമ്മത്തിൽ രണ്ടു റീത്തുകളും രണ്ടു ഭാഷയും ഉണ്ടായിരിക്കുക — അനുചിതമാണെന്നും അദ്ദേഹം അറിയിച്ചു. ഈ അക്ഷേപം മലബാർ മെത്രാന്മാർ (Vicar Apostolic) ഒന്നര വർഷത്തിനുശേഷം ഒരു സംയുക്താപേക്ഷയിൽ വീണ്ടും ഉന്നയിച്ചു.

1923-ൽ മലബാർ ഹയരാർക്കി സ്ഥാപിതമായി. ഒട്ടും താമസിയാതെ തന്നെ പൊന്തിഫിക്കൽ അനുവദിച്ചുതരണമെന്നു് അവർ റോമിൽ അപേക്ഷിച്ചു. ഏതാണ്ടു മുപ്പത്തഞ്ചു വർഷങ്ങളായി ശ്രമിച്ചുകൊണ്ടിരുന്ന പൊന്തിഫിക്കലിന്റെ സുറിയാനി തർജ്ജമ പൂർത്തിയായി അതു റോമിലേക്കയച്ചു. 1917 മുതൽ പൗരസ്ത്യരുടെ കാര്യങ്ങളൊക്കെ കൈകാര്യം ചെയ്യുന്ന 'പൗരസ്ത്യതിരുസംഘം' ഈ തർജ്ജമ പരിശോധിക്കാൻ മാർ ഫ്രാൻസീസ് മാറ്റർ എന്ന കൽദായ മെത്രാനെ ഏല്പിച്ചു. അതിലെ വ്യാകരണവും സാഹിത്യശൈലിയും പദപ്രയോഗങ്ങളും നിശിതമായി വിമർശിക്കപ്പെട്ടു. മെച്ചമായ മറെറാരു തർജ്ജമ ഉണ്ടാക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ നിഗമനം. 1932-ൽ കണ്ടത്തിൽ മാർ അഗസ്തീനോസ് തിരുമേനി വീണ്ടും പൊന്തിഫിക്കൽ അനുവദിച്ചുതരണമെന്നു് അഭ്യർത്ഥിച്ചു. മലബാറിലോ റോമിലോ സിറിയായിലോ തർജ്ജമയ്ക്കു് ഒരാളെ കണ്ടുപിടിക്കാമായിരിക്കും. പക്ഷേ പൗരസ്ത്യതിരുസംഘം സന്ദേഹിച്ചു. സീറോ മല

ബാർ ആരാധനക്രമം ഇപ്പോഴത്തെന്ന ലത്തീൻ സുറിയാനി സങ്കരമാണു്. ഇങ്ങനെ ഒരു തർജ്ജമ ഉണ്ടാക്കി ആ ആരാധനക്രമത്തിനു് ഇനിയും രൂപഭേദം വരുത്തുകയോ! റോമൻ പൊന്തിഫിക്കലിന്റെ തർജ്ജമയാണു് നല്ലതെന്നു ടലഗെത്തു് അപ്പസ്തോലിക്കാ വീണ്ടും അഭിപ്രായപ്പെട്ടു. ഇങ്ങനെയൊരു തർജ്ജമ പൂർത്തിയാക്കിക്കഴിയുമ്പോഴേക്കു അച്ചടിക്കായി പൗരസ്ത്യ സഭോപിതാക്കന്മാരുടെയും എഴുത്തുകാരുടെയും പ്രബന്ധങ്ങളുടെ (Patrologia orientalis) പ്രസാധകനായ മോൺ. ഗ്രഫനെ (Mgr. Graffin) 1933 ജനുവരി മാസത്തിൽ സമീപിച്ചു (8) മേലധികാരി ആവശ്യപ്പെട്ടാൽത്തന്നെയും ആ ജോലി താൻ ചെയ്യുകയില്ലെന്നും ആദർശപരമല്ലാത്ത ഈ തർജ്ജമ അച്ചടിക്കുന്നതു ക്രിസ്തീക്ക കൂട്ടുനിൽക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

1927-ൽ L'uniatisme എന്ന തലക്കെട്ടിൽ ഫാദർ കൊറൊളെവ്സ്കി പ്രസിദ്ധം ചെയ്ത ലേഖനം ഈ അവസരത്തിൽ പലരുടെയും ശ്രദ്ധയെ ആകർഷിച്ച മലബാർ റീത്തു് കൽദായറീത്താണു്; ഉടയംപേരൂർ സുന്നഹദോസിനു് ഒരിക്കലും റോമിൽനിന്നു് അംഗീകാരം ലഭിച്ചിട്ടില്ല പ്രബുദ്ധരായ മലബാറുകാർ ഇന്നല്ലെങ്കിൽ നാളെ ഈ സങ്കരറീത്തിനെതിരായി സ്വരം ഉയർത്തും. ഈ ലത്തീൻ സുറിയാനി റീത്തു് മലങ്കരയാക്കോബായക്കാർക്ക ഉത്പ്പിനു കാരണമാണു്; പ്രോട്ടസ്റ്റന്റുകാർ അതിൽനിന്നു മുതലെടുക്കുന്നു; അകത്തോലിക്കരുടെ പുനരൈക്യത്തിനു ഇതു വിഘാതമാണു്. ഇതിനൊരു പരിഹാരം റോമിൽനിന്നുള്ള ഒരു കരുനീക്കമായിരിക്കും. തൽക്കാലത്തേയ്ക്കു മലബാറിൽ ഇപ്പോഴും നടക്കുന്നതുപോലെ സംഗതികളും നടക്കട്ടെ. കൽദായ പൊന്തിഫിക്കൽ പുനരുദ്ധരിക്കുന്നതുള്ള ശ്രമങ്ങളും ആരംഭിക്കുകയാണു വേണ്ടതു്. ഇതൊക്കെയാണു മേല്പറഞ്ഞ ലേഖനത്തിന്റെ അന്തർഗതം.

റോമിൽ ഗ്രീക്ക കോളേജിലെ ലിറ്റർജി പ്രൊഫസറായിരുന്ന ഫാദർ പ്ലാസിഡ് ഡെ മെസ്മർ O. S B. യും വ

---

(8) പൗരസ്ത്യസഭാകാര്യങ്ങളിൽ വിദഗ്ധനും സുറിയാനി ഭാഷാപണ്ഡിതനുമാണു് മോൺ. ഗ്രഫൻ. നാല മാർപ്പാപ്പാമാരുടെ പ്രശംസയ്ക്കു യോഗ്യനായിട്ടുണ്ടു് അദ്ദേഹം; പ്രത്യേകിച്ചും പതിനൊന്നാം പീയൂസിന്റെ.

ത്തിക്കാൻ ഗ്രന്ഥശാലയുടെ പ്രീഫെക്ടായിരുന്ന മോൺ. ടിസറാങ്ങും (കർദ്ദിനാൾ) ഇക്കാര്യത്തെപ്പറ്റിയുള്ള അഭിപ്രായത്തോടു യോജിച്ചു. പൊന്തിഫിക്കലിന്റെ കാര്യം 1934 നവംബർ 14-ാം തീയതി പൗരസ്ത്യതിരുസംഘത്തിന്റെ ആലോചനക്കാരെല്ലാമുള്ള സമിതിയിൽ (Plenary session) ചർച്ച ചെയ്യപ്പെട്ടു. അതിലെ കർദ്ദിനാളന്മാർ അഭിപ്രായത്തിൽ രണ്ടു ഭാഗമായി തിരിഞ്ഞു. തീരുമാനമെടുക്കുക വിഷമമായി. രണ്ടാഴ്ചയ്ക്കു ശേഷം പതിനൊന്നാംപീയൂസ്, തന്റെ സ്വാഭാവികമായി വ്യക്തിപ്രഭാവം കാണിച്ചുകൊണ്ട് തീരുമാനമെടുത്തു. അന്നൊരു സന്ദർശനത്തിൽ അദ്ദേഹം ആധികാരികമായി പറഞ്ഞു: "പൗരസ്ത്യരുടെ ഇടയിൽ ലത്തീൻപ്രചരണം പ്രോത്സാഹിപ്പിക്കുന്നതു ശരിയല്ല.....ഇക്കാര്യത്തിൽ ഒരു തീർപ്പുകാരണമോ ഔദ്യോഗികപ്രഖ്യാപനമോ അല്ല. അതുകൊണ്ട് ഇപ്പോഴത്തെ നിലയിൽ (in statu quo) തുടരുക. പുരാതന പൊന്തിഫിക്കൽ പുനരുദ്ധരിക്കണമെന്നതിനു ഉടനെതന്നെ ഒരു കമ്മീഷൻ രൂപവൽക്കരിക്കുക....." മാർപ്പാപ്പാതാമസിയാതെ കമ്മീഷനിലേക്ക് മൂന്നംഗങ്ങളെ നിയോഗിച്ചു. പിന്നീടു രണ്ടുപേരെയും. സുറിയാനിസംബന്ധിച്ചുള്ള കാര്യങ്ങൾക്കുള്ള വിദഗ്ദ്ധാഭിപ്രായം നൽകാൻ രണ്ടു കൽദായ വൈദികരെയും ആ കമ്മീഷനിലാക്കി.

കമ്മീഷൻ 1936-ൽ ജോലി ആരംഭിച്ചു. അതിന്റെ പ്രസിഡണ്ട് ഫാദർ ജെയിംസ് വോസ്തേ O. P. ആയിരുന്നു(9). കൽദയക്കാർ അനുപയോഗിച്ചിരുന്ന പൊന്തിഫിക്കലും അവരുടെ നാട്ടിലും മറ്റു ഗ്രന്ഥശാലകളിലുമുണ്ടായിരുന്ന കൽദായ പൊന്തിഫിക്കലുകളുടെ ഫോട്ടോപ്പകർപ്പുകളും കമ്മീഷന്റെ ജോലിക്കു സഹായകമായി. ഇക്കൂട്ടത്തിൽപ്പെട്ടവയാണ് Ms. Berlin Syr. 38 (1496 A. D.), Vat. Syr. 66. (1569 AD, 1276-ലെ ഒരു പുസ്തകത്തിൽനിന്നുള്ള പകർപ്പാണിതു). Vat- Borg. Syr. 21 (1551 A. D.) Cambridge Add. 1988 (1558 A. D.), Mosul 55 (1568 A. D) എന്നിവ. ദൈവശാസ്ത്രപരമായുണ്ടായിരുന്ന ചില സംശയങ്ങളും നീക്കി പൊന്തിഫിക്കൽ ക്രമപ്പെടുത്തി.

(9) ഇദ്ദേഹത്തിനു മുമ്പ് മോൺ. (കർദ്ദിനാൾ) ടിസറാങ്ങ് ആയിരുന്നു.

1939 ജൂലൈ 3-ാം തീയതിയിലെ പൗരസ്ത്യ തിരുസംഘത്തിന്റെ സമ്പൂർണ്ണ സമിതി അതു് അംഗീകരിച്ചു. ഫാദർ വോസ്സായുടെ മരണവും തിരുസംഘ (Holy Office or Congregation for the doctrine of faith) ത്തിന്റെ രണ്ടു് ഉപടി് ലഭിക്കാനുള്ള താമസവും കാരണം പൊന്തിഫിക്കൽ ഉടനെ അച്ചടിക്കപ്പെട്ടില്ല. ബെയ്റൂട്ടിലെ സെന്റ് ജോസഫ് യൂണിവേഴ്സിറ്റിപ്രസ്സിൽ 1957-ൽ ആണു് അതച്ചടിച്ചതു്. പുനരുജ്ജീവിച്ച പൊന്തിഫിക്കൽ മലബാറുകാർക്കും കൽദായക്കാർക്കും പൊതുവായിട്ടുള്ളതാണു്.

1958-ൽ പൊന്തിഫിക്കലിനുള്ള കമ്മാനുഷ്ഠാനവിധികളും (Ordo persolvendi Ritus Pontificales) അച്ചടിച്ചു.

തിരുപ്പട്ടങ്ങളും നൽകുന്നതിനുള്ള ക്രമങ്ങളെല്ലാം മലയാളത്തിൽ തർജ്ജമചെയ്തു 1959-ൽ പ്രസിദ്ധപ്പെടുത്തി.

പുനരുജ്ജീവിച്ച പൊന്തിഫിക്കലിൽ മാമ്മോദീസായ്ക്കും രോഗീലേപനത്തിനും ആവശ്യമായ വി. തൈലങ്ങളും ഉണ്ടാക്കുന്നതിനുള്ള ക്രമങ്ങളും ഇല്ല. പൗരസ്ത്യ സുറിയാനി റീത്തനുസരിച്ചു് ഈ ക്രമങ്ങളും പരികർമ്മംചെയ്യുന്ന വൈദികർതന്നെയാണു് ഈ തൈലങ്ങളും ആശീർവദിക്കുക. ക്രമങ്ങളും പുനരുജ്ജീവിച്ചുകിട്ടുമ്പോൾ ഈ ക്രമങ്ങളും അക്കൂട്ടത്തിൽ ചേർത്തിരിക്കും. അതുവരെയും ഇപ്പോഴും ചെയ്യുകൊണ്ടിരിക്കുന്നതുപോലെ മെത്രാന്മാർ ലത്തീൻ പൊന്തിഫിക്കൽ ഉപയോഗിച്ചു് ആ തൈലങ്ങളും ആശീർവദിക്കേണ്ടിയിരിക്കുന്നു.

രോഗീലേപനത്തിനുള്ള തൈലം ആശീർവദിക്കുന്ന ക്രമവും പൊന്തിഫിക്കലിലുണ്ടു്. പൗരസ്ത്യ സുറിയാനിക്കാർക്കു് ഈ ക്രമത്തിൽ തൈലം ഉപയോഗിച്ചുള്ള പൂശൽ ഇല്ലായിരുന്നു. മാമ്മോദീസായോടുകൂടി പുരോഹിതൻ കൈവച്ചു് ഒരു പ്രാർത്ഥന ചൊല്ലിയാണു് ഈ ക്രമം നൽകിയതു്. അവർ ശ്ലീഹാക്കയ്യാത്തു് പാത്രിയർക്കാ (1895—99) ആണു് തൈലം ആശീർവദിക്കാനുള്ള പുതിയ ക്രമം ഉണ്ടാക്കിയതു്. അതിൽ പ്രാർത്ഥനകളും അവയുടെ ഘടനയും പൗരസ്ത്യ സുറിയനാണു്. വി. കർബാനയുടെ ഘടനയാണു് തൈലാശീർവാദ ശുശ്രൂഷയ്ക്കുള്ളതു്

മലബാറിൽ സാധാരണയായി മെത്രാന്മാർ മാത്രമാണ് സ്ഥൈര്യലേപനം നൽകിയിരുന്നതു്. എന്നാൽ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പൗരസ്ത്യ കത്തോലിക്കാ സഭകളെ സംബന്ധിച്ച ഡിക്രീ (art 13) യിൽ ഈ കൂദാശ പരികർമ്മം ചെയ്യുന്ന പുരാതന രീതി പൗരസ്ത്യ സഭകളിൽ പുനരുദ്ധരിക്കണമെന്നു് നിർദ്ദേശിച്ചിട്ടുണ്ടു്. അതിന്റെ വെളിച്ചത്തിൽ പലയിടത്തും വൈദികർക്കും ഈ കൂദാശ നൽകാനുള്ള അനുവാദം കൊടുത്തിട്ടുണ്ടു്.

പുതിയ ക്രമമനുസരിച്ചു് ദൈവാലയം തൈലം പൂശിയാണു് നിവ്വഹിക്കുക (consecration) ലത്തീൻക്രമത്തിലേതുപോലെ തൈലം പൂശാതെയുള്ള അശീർവ്വാദം benediction) ഇല്ല. ഈ ശുശ്രൂഷയിൽ പ്രധാനകർമ്മം അൾത്താരപൂശലും അതിനാവശ്യമായ തൈലാശീർവാദവുമാണു്. അൾത്താരയും മണ്ഡപാദായുടെ ഭിത്തികളും തൈലംപൂശി അശീർവദിക്കുന്നതോടെ ദൈവാലയം മുഴുവനും അശീർവദിക്കപ്പെട്ടുവെന്നാണു് ഈ ശുശ്രൂഷയിൽ അടങ്ങിയിരിക്കുന്ന ആശയം. കൂദാശ ചെയ്യാത്ത സ്ഥലത്തു് ദിവ്യബലി അർപ്പിക്കുന്നതിലേക്കായി കല്ലുകളും പലകകളും തൈലംപൂശി അശീർവദിക്കാം (dappa, portable altar). അശുദ്ധമാക്കപ്പെട്ട (desacrated) ദൈവാലയം വെഞ്ചരിക്കാൻ 'പൂശൽ' കൂടാതെയൊരു ശുശ്രൂഷയുണ്ടു്.

തിരുപ്പട്ടമെന്ന കൂദാശയെ സംബന്ധിച്ചു നൽകുന്ന ക്രമങ്ങളും വിവിധങ്ങളാണു്. കാറോയ, റൊവ്പ് ലൂക്കോന, ലൂക്കോന, കശീശ കോർ എപ്പിസ്കോപ്പാ, ആർച്ച് ഡീക്കൻ, മെത്രാൻ, മെത്രാപ്പോലീത്താ, പാത്രിയർക്കാ എന്നിവർക്കു പട്ടവും സ്ഥാനവും നൽകുന്നതിനുള്ള ക്രമങ്ങളും അതിലുണ്ടു്. മെത്രാൻ ശ്രുപത മാറുമ്പോഴും മെത്രാൻപട്ടം കഴിഞ്ഞു പരിപൂർണ്ണനാക്കപ്പെടുമ്പോഴും (ശുമ്ലായ) ചെയ്യുന്ന ഓരോ ശുശ്രൂഷകളും അതിലുണ്ടു്. ഇവയിൽ ചിലതെല്ലാം ഇന്നു് ഉപയോഗിക്കാറില്ല. എങ്കിലും ചരിത്രപരമായ പ്രാധാന്യം അവയ്ക്കുണ്ടു്.

അദ്ധ്യായം ഒൻപതു്

റീത്തു പുനരുദ്ധാരണം (തുടർച്ച)

D) കുർബാനക്രമം

നാട്ടുമെത്രാന്മാർക്കു ലഭിച്ച തക്സാ

മാർ ജോസഫിന്റെ തക്സാ, ഉദയംപേരൂർ സൂനഹദോസു് തിരുത്തിയ കുർബാന ക്രമം, റോസ്മെത്രാന്റെ റോസ, അച്ചടിക്കപ്പെട്ട തക്സാ ഇവയെപ്പറ്റിയെല്ലാം മുകളിൽ പറയുകയുണ്ടായി. തക്സായുടെ പുതിയ പതിപ്പുകളിൽ, ചിലതെല്ലാം കൂട്ടിച്ചേർത്തതായും നാം കണ്ടു. ഇത്തരത്തിൽ നാട്ടുമെത്രാന്മാർക്കു കിട്ടിയ കുർബാനക്രമം പൗരസ്ത്യസുറിയാനി റീത്തിന്റേതുതന്നെ. എന്നാൽ ബാഹ്യമായ ചില ചട്ടക്കൂട്ടും ആന്തരികമായ ചില ഘടകങ്ങളും ലത്തീൻറീത്തിന്റേതായിരുന്നു. ഈ വ്യത്യാസം 16-ാംനൂറ്റാണ്ടുമുതൽ പടിപടിയായി സംഭവിച്ചതാണു്.

ഉദയംപേരൂർ തക്സാ റോസ്മെത്രാൻ തിരുത്തിക്രമപ്പെടുത്തിയതായി നാം കണ്ടു. ഇപ്പോഴത്തെ (പുനരുദ്ധരിക്കാത്ത) കുർബാനക്രമം മെനേസസിന്റേതെന്നതിനേക്കാൾ റോസിന്റേതാണു്. മെനേസസിന്റെ ക്രമത്തിലേക്കാൾ കൂടുതൽ ലത്തീൻമയം ഇപ്പോഴത്തെ പുനരുദ്ധരിക്കാത്ത തക്സായിലുണ്ടു്: ബലിയുടെ ആരംഭത്തിൽ കാർമ്മികൻ "മുക്കാണത്തൊപ്പി" ധരിച്ചുകൊണ്ടു വേണം മദ്ബഹായിൽ പ്രവേശിക്കുക. ശുശ്രൂഷകൻ തക്സായുമായി അദ്ദേഹത്തിനു മുൻപേ നടക്കണം (1) ഉദയംപേരൂർ കുർബാന ആരംഭിക്കുന്നതു് 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി' എന്നാണു്. പുനരുദ്ധരിക്കാത്ത കുർബാന ലത്തീൻക്രമമനുസരിച്ചു് "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ" എന്നാരംഭിക്കുന്ന വേദപുസ്തകഭാഗങ്ങളുടെ വായനക്രമവും അവയ്ക്കു മുമ്പും പിമ്പുമുള്ള പ്രാർത്ഥനകളും ലത്തീൻറീ

(1) ഉദയം പേരൂർ തക്സായിൽ, ശുശ്രൂഷകൻ ധൂമക്കുറ്റി വീശിക്കൊണ്ടു പോകുന്നു എന്നാണു്.

തിയിലേതുപോലെതന്നെ നടത്തുന്നു (2). വൈദികൻ അൾത്താരയെ ആദ്യം സമീപിക്കുമ്പോൾ ചുംബിക്കുന്നു. അതുപോലെ ശ്ലൂമ്മായുടെ മുമ്പും. കുർബാനയുടെ ഇടയ്ക്കുള്ള 'സപ്രർഗ്ഗസ്ഥയ പിതാവേ' എന്നതിനുമുമ്പ് തിരുശരീരരക്തങ്ങൾ ഒന്നിച്ചു യത്തുന്നു. 'കർത്താവേ! നിന്റെ കുടാരത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല' (Domine non sum dignus) എന്നതു വൈദികന്റെ കുർബാന സ്വീകരണത്തിനുമുമ്പ് ചൊല്ലുന്നുണ്ട്. അതുപോലെതന്നെ Quid retribuam (മാനസനപ്രോലംമറിയ) എന്നതും. ഇവ രണ്ടും തക്സാ അടിച്ചപ്രോം (1774) ചേർത്തതാണ്. കുടാശവസ്ത്രം സ്പർശിച്ച ശേഷമെല്ലാമെല്ലാം മുട്ടുകുത്തി ആരാധിക്കുന്ന വിശ്വാസികൾക്കു വി. കുർബാന നൽകുമ്പോൾ ചൊല്ലുന്ന വാക്യത്തിൽ 'ലൗഹായേ ലൗആലം' (ad vitam aeternam) എന്നു കൂട്ടിച്ചേർത്തിട്ടുണ്ട് (3).

തക്സായുടെ പുനരുദ്ധാരണം.

1917-ൽ പൗരസ്ത്യ തിരുസ്സംഘം സ്ഥാപിതമായതു മുതൽ പൗരസ്ത്യരുടെ ആരാധനക്രമങ്ങളുടെ സംരക്ഷണവും മേൽനോട്ടവും ആ തിരുസ്സംഘംതന്നെ സ്വീകരിച്ചു. സീറോ-മലബാർ റീത്തുപോലെ ലത്തീൻക്രമം കടന്നുകൂടിയ എല്ലാ റീത്തുകളും (4) പുരാതന പവിത്രതയിലാക്കണമെന്നു തിരുസ്സഭ നിശ്ചയിച്ചു. പൗരസ്ത്യാരാധനക്രമങ്ങളും കൈകാര്യംചെയ്യുന്നതിനു ഒരു സ്ഥിര കമ്മീഷൻ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ 1931 ഡിസംബർ 5-ാംനു- നിയമിച്ചു. ഇതു കൂടാതെ ഓരോ റീത്തിന്റെ പ്രശ്നങ്ങളും പ്രത്യേകം പഠിക്കുന്നതിനു ഓരോ കമ്മീഷൻ സ്ഥാപിതമായി.

സീറോ-മലബാർ ആരാധനക്രമം പഠിക്കുന്നതിനുള്ള പ്രത്യേക കമ്മീഷൻ 1954 മാർച്ച് 10-ാംനു- ആണ് രൂപം കൊണ്ടതു്. അതിന്റെ അദ്ധ്യക്ഷൻ ഫാദർ റാസ് എസ്.

(2) റാസായിൽ ലത്തീൻ മയം കുറവുണ്ട്.

(3) Cfr. Father Placid, The Present Syro Malabar Liturgy Menezian or Rozian Pp. 316–317.

(4) ഉദാ:— മാറോനീത്താ, എത്യോപ്യൻ. വെള്ളിയാൻ, റീത്തും ബാലിയും 28.ാം വശം,

ജെ. ആണ്. പൗരസ്ത്യാരാധനക്രമങ്ങളിൽ വിദഗ്ദ്ധനായ ഇദ്ദേഹം റോമിലെ പൗരസ്ത്യ കലാലയത്തിന്റെ റെക്ടർസ്ഥാനം അലങ്കരിച്ചശേഷം ഇപ്പോൾ വത്തിക്കാൻ ലൈബ്രറിയുടെ പ്രീഫെക്ടാണ്. കമ്മീഷനിലെ രണ്ടംഗങ്ങളും ഫാദർ കൊറൊളെവ്സ്കിയും ഫാദർ പ്ലാസിഡ് C. M. I -യും ആയിരുന്നു. പൊന്തിഫിക്കലിനെപ്പറ്റി പരാമർശിച്ചപ്പോൾ ഫാദർ കൊറൊളെവ്സ്കിയുടെ പാണ്ഡിത്യത്തെപ്പറ്റിയും നാം പറയുകയുണ്ടായി. സീറോ-മലബാർസഭയുടെ ചരിത്രപരവും കാനോനികവും ആരാധനക്രമപരവുമായ വശങ്ങളെപ്പറ്റി വളരെയധികം പഠിച്ച വിജ്ഞാനസമ്പന്നനാണ് ഫാദർ പ്ലാസിഡ് എന്ന് അദ്ദേഹത്തെ അടുത്തറിഞ്ഞവരെല്ലാം സമ്മതിക്കും. ഈ അംഗങ്ങളെ സഹായിക്കുന്നതിനു് എമ്മാനുവേൽ മല്ലി എന്നൊരു കൽദായ വൈദികനും നിയമിതനായി. ഇദ്ദേഹം ഇപ്പോൾ മെത്രാനാണ് (5).

1953-ൽ പൗരസ്ത്യ തിരുസ്സംഘത്തിന്റെ അന്നത്തെ സെക്രട്ടറിയായ (പ്രസിഡന്റും മാർപ്പാപ്പായാണ്) അത്യുന്നത കർത്തിനാൾ ടിസറാങ്ങ് മലബാർ സന്ദർശിച്ച അവസരത്തിൽ നമ്മുടെ റീത്തു പുനരുദ്ധരിക്കണമെന്നും അതിനുള്ള പരിപാടികൾ ക്രമപ്പെടുത്തിക്കൊണ്ടിരിക്കുകയാണെന്നും പ്രസ്താവിച്ചു. ഇതിനായി നിയോഗിച്ച കമ്മീഷൻ മലബാറിൽ ഉപയോഗത്തിലിരുന്ന തക്സായുടെ പുരാതന കൈയെഴുത്തുപ്രതികളും കൽദായർ ഉപയോഗിക്കുന്ന തക്സായും അവരുടെ പുരാതന തക്സാകളും പലയിടത്തുനിന്നും ശേഖരിച്ചു പഠിച്ചു. അതിനുശേഷം. Liturgia Syro-Malabarese, revisione e ristampa del Messale Syro-Malabarese, (6) എന്ന ഗ്രന്ഥം അച്ചടിച്ചു. അതിന്റെ പ്രതികൾ സീറോ-മലബാർ മെത്രാന്മാർക്ക് അയച്ചുകൊടുത്തു.

അവയെപ്പറ്റി മെത്രാന്മാർ രണ്ടുപ്രാവശ്യമായി അയച്ചുകൊടുത്ത അഭിപ്രായങ്ങളും ഒരു പുസ്തകമായി അച്ചടിക്കുകയും (7)

---

(5) Oriente Catholico, Sacra Congregazione per la chiesa Orientale, Vatican: 1962, p 67,

6) Sacra Congregazione per la Chiesa Orientale, Prot. N 947/8, Rome, 1955.

(7) അച്ചടിക്കുന്നതിനു മുൻപ് 1956-ൽ മെത്രാന്മാരോട് ഒരു പ്രാവശ്യംകൂടി അഭിപ്രായം ആരായുകയുണ്ടായി.

അതു് ആദ്യത്തെ പുസ്തകത്തിന്റെ കൂടെ ചേർത്തു് മാർപ്പാപ്പായും പൗരസ്ത്യ തിരുസ്സംഘത്തിന്റെ അംഗങ്ങളായ കർദ്ദിനാളന്മാർക്കും പഠിക്കുന്നതിനു സമർപ്പിക്കുകയും ചെയ്തു.

ഏറ്റവും പ്രാധാന്യമർഹിക്കുന്ന സംഗതികൾ തിരുമാനിക്കുന്നതിനും പൗരസ്ത്യ തിരുസ്സംഘം സ്വീകരിക്കുന്ന നടപടിയാണും ഇതിലും സ്വീകരിക്കപ്പെട്ടതു്. വിഷയം ശരിയായി പഠിച്ചു് തിരുസംഘത്തിന്റെ അംഗങ്ങളായ എല്ലാ കർദ്ദിനാളന്മാരും സമ്മേളിക്കുന്ന സമ്പൂർണ്ണ യോഗത്തിൽ (Plenary Session) വിശദീകരിക്കുന്നതിനു് ഒരു കർദ്ദിനാൾ (ponens) നിയമിതനാകുന്നു. ആ യോഗത്തിനു മുൻപു് എല്ലാ അംഗങ്ങളും ഇതെപ്പറ്റി പഠിക്കുന്നു. മാർപ്പാപ്പായും, സ്വന്തമായോ തന്റെ പണ്ഡിതോപദേശകൻ വഴിയോ, പ്രശ്നം ശരിയായി മനസ്സിലാക്കുന്നു.

1957 മെയ് 27-നു നടന്ന സമ്പൂർണ്ണയോഗത്തിൽ പുതിയ കർബാനക്രമം അവതരിപ്പിക്കപ്പെട്ടു. അതിലെ നിഗമനങ്ങളും മാർപ്പാപ്പായ്ക്കു സമർപ്പിച്ചു. 1957 ജൂൺ 26-നു പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസ് പുതിയ കുർബാനക്രമം അംഗീകരിക്കുകയും ചെയ്തു. അതനുസരിച്ചു കുർബാനതക്സാ ആലുവായിൽ 1960-ലും കുമ്മാനഷ്യാനവിധികളും റോമിൽ 1959-ലും കാലത്തിനൊത്തു മാറി മാറി ചൊല്ലേണ്ട പ്രാർത്ഥനകളും (Proprium) ഉൾക്കൊള്ളുന്ന Supplementum Mysteriorum എന്ന പുസ്തകം റോമിൽ 1960-ലും പൗരസ്ത്യ തിരുസ്സംഘം അച്ചടിപ്പിച്ചു. ഇതിൽനിന്നും ഈ ഗ്രന്ഥങ്ങളും കമ്മീഷൻ ക്രമപ്പെടുത്തി, വൈദികമേലധ്യക്ഷന്മാരുടെ അഭിപ്രായമാരാഞ്ഞു, കർദ്ദിനാളന്മാരുടെ നിഗമനങ്ങളും ക്രമനുസൃതം മാർപ്പാപ്പാ അംഗീകരിച്ചതാണെന്നു വ്യക്തമാണല്ലോ.

റോമിൽ അദ്ധ്യയനം ചെയ്തിരുന്ന സീറോ-മലബാർ വൈദികർ 1958 നവംബർ 21-നു മുതൽ പുതിയ ക്രമം ഉപയോഗിക്കുന്നതിനു പൗരസ്ത്യ തിരുസംഘം അനുവാദം നൽകി. 1959 മുതൽ അവർ എല്ലാവരും പുനരുജ്ജീവിച്ച ദിവ്യബലിക്രമവും തിരുവസ്ത്രങ്ങളും ഉപയോഗിക്കണമെന്നും നിർദ്ദേശിക്കുകയും ചെയ്തു. 1962-ൽ തക്സാ മലയാളത്തിലേയ്ക്കു വിവർത്തനംചെയ്തും അച്ചടിപ്പിച്ചു. ഈ ക്രമം 1962

ജൂലൈ 3-ാംനു- സീറോ-മലബാർ വൈദിക മേലദ്ധ്യക്ഷന്മാർ ഇവിടെ ഉൽഘാടനം ചെയ്തു നടപ്പിലാക്കി വരുന്നു. അതിനു ശേഷം ഗ്രന്ഥപ്പട്ടമേൽക്കുന്നവരെല്ലാം പുനരുജ്ജീവിച്ചു റീത്തു് ഉപയോഗിക്കണമെന്നു നിർദ്ദേശമുണ്ടു്. മറ്റു വൈദികർക്കു് ഇപ്പോഴും പഴയ രീതി തുടരാൻ അനുവാദമുണ്ടെങ്കിലും ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ജനങ്ങളോടുകൂടുതലായി പങ്കെടുക്കുന്നതിനു് അവർ പുതിയ മലയാളക്രമം ഉപയോഗിക്കുന്നതിനെ അഭിവന്ദ്യ പിതാക്കന്മാർ പ്രോത്സാഹിപ്പിച്ചു വരുന്നു.

മലയാള തർജ്ജമയുടെ ദോഷം അല്പംകൂടി ലളിതവും കാര്യാത്മകവുമാക്കുവാൻ അഭിവന്ദ്യ പിതാക്കന്മാർ ആവശ്യപ്പെട്ടതനുസരിച്ചു പരിശ്രമിച്ചു വരികയാണു്.

E) കാനോനജപം

റോമസ് മെത്രാൻ കാനോന ജപത്തിൽ ചില ക്രമം വരുത്തിയെന്നും പരിഷ്കാരങ്ങളും ചെയ്തുവെന്നും ചാവറ ബെക്യൂക്കോസച്ചൻ സൗകര്യപ്രദമായ വിധത്തിൽ ആഴ്ചപ്പടി നമസ്കാരം ഉണ്ടാക്കിയെന്നും നാം മുകളിൽ കണ്ടു. ഒരു ഞായറാഴ്ചയും ഒരാഴ്ചയിലെ ഇടദിവസങ്ങളിലുമുള്ള നമസ്കാരം (കർമ്മായ. ഫറായ; വെള്ളിയാഴ്ചയും ഇവയും പുറമേ മെസ്രോയും) ചേർത്തുള്ള ആ ക്രമം ലെയൊനാർദ്ദോ മെത്രാപ്പോലീത്തായാണെല്ലാം അച്ചടിപ്പിച്ചതു്.

എന്നാൽ മലബാറിൽ ഉപയോഗിച്ചിരുന്ന നമസ്കാരം കൂടുതൽ ധന്യമായിരുന്നു. ഓരോ ദിവസങ്ങളിലേയും മാറി മാറി വരുന്ന പ്രാർത്ഥനകളും അതിലുണ്ടു്. ഇതയാഥാർത്ഥ്യം മലബാറിൽ ചിലേടത്തും വത്തിക്കാൻ ഗ്രന്ഥശാലയത്തിലും സൂക്ഷിച്ചിരിക്കുന്ന നമ്മുടെ നമസ്കാരപ്പുസ്തകം സാക്ഷിക്കുന്നു. ഇതു കൽദായരുടെ കാനോനജപംതന്നെ. പല പുസ്തകങ്ങളിൽ ചിതറിക്കിടന്നിരുന്ന പ്രാർത്ഥനകളെയെല്ലാം "Breviarium chaldaeorum" എന്ന പേരിൽ കൂട്ടിച്ചേർത്തു് 1881-ൽ പണ്ഡിതനായ ലാസറിസ്സ് വൈദികൻ പോപ്പ് ലെയോ പതിമൂന്നാമൻ കൽദായർക്കായി അച്ചടിപ്പിച്ചു. 1938-ൽ പൗരസ്ത്യ തിരുസംഘം ഈ കൽദായക്കാർക്കും മലബാർകാർക്കുമായി വീണ്ടും അച്ചടിപ്പിച്ചു.

മുന്നു വാല്യങ്ങളായിട്ടാണു് കൽദായർ കാനോന ജപം അച്ചടിച്ചിട്ടുള്ളതു്. I. മംഗലവാർത്തക്കാലം (സുവാറ) മുതൽ വലിയ നോമ്പുവരെ. II. വലിയ നോമ്പു മുതൽ പന്തക്കുസ്താവരെ. III. പന്തക്കുസ്താ മുതൽ മംഗലവാർത്തക്കാലം വരെ. ഓരോ വാല്യത്തിലും സങ്കീർത്തനം മുഴുവനും പൊതുവായ ഭാഗവും കൂടാതെ ഓരോ കാലത്തേയുള്ള പ്രത്യേക പ്രാർത്ഥന (propria) കളുമുണ്ടു്. ഈ പ്രത്യേക പ്രാർത്ഥനകളിൽ ഓരോ ഭാഗം ഓരോദിവസം മാറി മാറി ചൊല്ലുന്നതാണു്.

ഞായറാഴ്ചകളിലെയും തിരുന്നാളുകളിലെയും നമസ്ക്കാരം.

സീറോ മലബാർ വൈദികർ ഇന്നു് ഉപയോഗിക്കുന്ന "ആഴ്ചപ്പട്ടി" നമസ്ക്കാരം വളരെ ശ്രേഷ്ക്കമാണു്. സായംകാല നമസ്ക്കാരത്തിൽ (റംശ) മാറി വരുന്നവ അല്ലാമുള്ള സങ്കീർത്തനം, ഞായറാഴ്ചത്തെ 'ഒനിസാദ് ഖസാലി ക്കേ'യുടെ 'ആലം', അതിനെ തുടർന്നുള്ള 'സ്ലോസാ' ഇവയെയുള്ളൂ. ഇവയിൽ അവസാനം പറഞ്ഞ രണ്ടും പൗരസ്ത്യ സിറിയൻ ക്രമത്തിലെ ആരാധനക്രമവർഷമാണു് അനുസരിക്കുക. പുനരുദ്ധരിക്കാത്ത കർഷാനയിലാകട്ടെ ലത്തീൻ ആരാധനക്രമവർഷവും. ഇപ്പോഴുള്ള ഒനിസാദ് ഖസാലിക്കേയുടെ അല്ലാത്ത പല്ലവികളും അനുതാപസൂചകവുമാണു്. അതുതന്നെയാണു്, വർഷം മുഴുവനിലുമുള്ള എല്ലാ ഞായറാഴ്ചകളിലും ഉയിർപ്പു ഞായറാഴ്ചയും ചൊല്ലുക. ഞായറാഴ്ചത്തെ രാത്രിജപത്തിൽ (ലെലിയാ മുതൽവാ) എല്ലാ ദിവസവും മാറി വരേണ്ടതിനു പകരം ഒരാഴ്ചത്തേതുകൊണ്ടു തൃപ്തിയടയുന്നു. അതിനെ തുടർന്നുള്ള 'ശ്ലൂവ്ഹാലാറഹമ്മേ' എന്ന കീർത്തനം പൗരസ്ത്യ സിറിയൻ റീത്തനുസരിച്ച 'ദനഹാ' ക്കാലത്തും മറ്റുചില അവസരങ്ങളിലും മാത്രം ചൊല്ലുന്നതാണു്. നാമാകട്ടെ ആണ്ടുവട്ടം മുഴുവൻ ചൊല്ലുന്നതു് അതാണു്. മംഗലവാർത്തക്കാലത്തിനും തിരുപ്പിറവിക്കും 'ബ്രീക് ഹന്നാനാ' എന്നും ഒന്നുകൂടി ഉണ്ടെന്നു മാത്രം. ഞായറാഴ്ച പ്രഭാത ജപത്തിനു (സപ്ര) പ്രത്യേക പ്രാർത്ഥനകൾ ഒന്നുംതന്നെയില്ല.

ദുഃഖവെള്ളിയാഴ്ചത്തെ പ്രത്യേക പ്രാർത്ഥനകളിൽ ഒരു രോഗം ഇന്നും അമലോത്ഭവ മാതാവിന്റെ സഭയിലെ (സി. എം. ഐ.) നമസ്ക്കാരത്തിൽ ലത്തീൻ പ്രാർത്ഥനകളോട് ചേർത്തു് ആ ദിവസം ചൊല്ലുന്നുണ്ടു്. ഇതുപയോഗിക്കാത്ത ശ്രുതാവൈദികർ ഉയിർപ്പിന്റെ ആഴ്ചയിൽ സാധാരണ ഞായറാഴ്ചക്കുള്ള നമസ്ക്കാരം ചൊല്ലുന്നു. ക്രമലംഘനമായി ഉപക്ഷിക്കുന്നവരെന്നു മാത്രം. എങ്കിലും അന്ത്യതാപത്തിന്റേതാണു് മേല്പറഞ്ഞ ഞായറാഴ്ച നമസ്ക്കാരമെന്നതു ശ്രദ്ധേയമാണു്!!

ഇപ്പോൾ നാം ഉപയോഗിക്കുന്ന "തിരുനാൾ റംശ" (വേസ്പരപ്പസ്തകം) തിരുനാളുകൾ തരംതിരിച്ചു ക്രമപ്പെടുത്തിയതാണു്. മാതാവു്, അപ്പസ്തോലന്മാർ, എവങ്കേലിസ്തന്മാർ, രക്തസാക്ഷികൾ, വന്ദകന്മാർ, സഭോപിതാക്കന്മാർ, സഭോപിതാക്കന്മാരായ വന്ദകന്മാർ, സഭോപിതാക്കളും മെത്രാന്മാരുമായ വന്ദകർ, കന്യകകൾ, പരിശുദ്ധസ്ത്രീകൾ.....എന്നിങ്ങനെ വിശുദ്ധരെ തരംതിരിച്ചു് നമസ്കാരം ഉണ്ടാക്കുന്നതു റോമൻ റീത്തിനനുസൃതമാണു്. ഈ നമസ്കാരങ്ങളുടെ ആന്തരികഘടനയിൽ പൗരസ്ത്യ സിറിയൻരീതി അംഗീകരിച്ചിട്ടുണ്ടു്. പ്രാർത്ഥനകൾ പൗരസ്ത്യസിറിയൻ റീത്തിൽനിന്നും മറ്റു റീത്തുകളിൽനിന്നും സ്വീകരിച്ചിട്ടുണ്ടു്. തിരുനാളുകളിൽ റംശാനമസ്ക്കാരം മാത്രമേ ഇങ്ങനെ മാറി ചൊല്ലാറുള്ളൂ.

ക്രിസ്തുമസ്സു് രാത്രിയിലെ "തീയുഴൽച്ച" ശുശ്രൂഷയെപ്പറ്റി മുകളിൽ പറഞ്ഞിട്ടുണ്ടല്ലൊ. ആദിവസത്തെ പൗരസ്ത്യസിറിയൻ നമസ്ക്കാരത്തിൽ 'റംശാ'യിലുള്ള ചില പ്രാർത്ഥനകളും ചില ലത്തീൻ തർജ്ജമകളും ചേർത്തു് ഉണ്ടാക്കിയതാണു് ഈ ശുശ്രൂഷ.

ഇടദിവസങ്ങളിലെ നമസ്കാരം

ഇടദിവസങ്ങളിലെ നമസ്ക്കാരം രണ്ടാഴ്ചത്തെയുള്ളതാണു് (കൂദാശയ, ഫറായ). വെള്ളിയാഴ്ചയും മൂന്നും. കൊല്ലം മുഴുവൻ അതുതന്നെ ഉപയോഗിക്കുന്നു. ആരാധനാക്രമവർഷവുമായി ഇതിനു യാതൊരു ബന്ധവുമില്ല. 'സുവാറാ'കാലത്തി

ലെ ആദ്യത്തെ രണ്ടാഴ്ചയുടെ ഓനീസാ ദ് ഖസാലിക്കെ (റംശാ) ആണ് ഇതിൽ ചേർത്തിരിക്കുന്നതു്. ആണ്ടുവട്ടം മുഴുവൻ അതാണു ചൊല്ലുന്നതു്. രക്തസാക്ഷികളുടെ ഖണ്ഡമാനാർത്ഥമുള്ള "ഓനീസാ ദ് സഹദേ" ആണ്ടുവട്ടം മുഴുവൻ ചൊല്ലുന്നു. പൗരസ്ത്യസിറിയൻ റീത്തനുസരിച്ച് അതും വലിയ നോമ്പിൽ ഉപേക്ഷിക്കേണ്ടതാണു്. പ്രഭാത പ്രാർത്ഥനയിലെ "ഓനീസാദ് സഹദേ"യും വലിയ നോമ്പിൽ ഉപേക്ഷിക്കേണ്ടതു നാം ഉപേക്ഷിക്കാറില്ല.


ലെലിയായുടെ 'മൗത്തൂവാ'യും ഒരാഴ്ചയ്ക്കുള്ളതേയുള്ളു. (ബുധനാഴ്ചയുമാത്രം രണ്ടുണ്ടു്) ഏതു തിരുനാളിനും കാലത്തിനും അതുതന്നെ. ക്രിസ്മസ്സ് ഒരു ശനിയാഴ്ച വന്നാൽ അന്നത്തെ മൗത്തൂവാ ആരംഭിക്കുന്നതു "മിശിഹായെ, നീ കുരിശിന്മേൽ തൂങ്ങിക്കിടന്നപ്പോൾ" എന്നാണു്.

ലത്തീൻ റീത്തിൽ വലിയ നോമ്പിനു് ഒരുക്കമാരംഭിക്കുന്ന 70-ാം ഞായർ മുതൽ ലെലിയായുടെ സങ്കീർത്തനത്തിന്റെ കാനോനകൂടി ചൊല്ലുന്നു!! അതുപോലെതന്നെ 50-ാം സങ്കീർത്തനത്തിന്റെ അവസാനത്തെ രണ്ടു വാചകങ്ങളും വലിയ നോമ്പിൽ കൂട്ടിച്ചൊല്ലുന്നു. ലത്തീൻറീത്തിനെ അനുകരിച്ചു 70-ാം ഞായർ മുതൽ ദുഃഖശനിയാഴ്ചവരെ ഹല്ലേലൂയ്യായുടെ പകരം 'ശ്ലൂഖ'ഹാലാക് ആലാഹ' എന്നു ചൊല്ലുന്നു.

ലെലിയായുടെ അവസാനം വരുന്ന കാറോസൂസായും പ്രാർത്ഥനയും നമ്മുടെ കാനോന ജപത്തിൽ തെറ്റിച്ചു പ്രഭാത ജപത്തിന്റെ ആരംഭത്തിലിട്ടിരിക്കുകയാണു്. ഇപ്പോഴും നമ്മുടെ റംശായും ലെലിയായും ആരംഭിക്കുന്നതു് പുനരുദ്ധരിക്കാത്ത കൂർബാനയിലെപ്പോലെതന്നെ.

ആരാധനക്രമവർഷത്തിനു് യോജിക്കാത്തതും ആരാധനക്രമാരൂപിക്കു വിരുദ്ധവുമായ ഒരു രീതിയിലാണു നാമിപ്പോൾ കാനോനനമസ്ക്കാരം ചൊല്ലുന്നതു്. ഉയിർപ്പു ഞായറിൽ ദുഃഖവും ക്രിസ്മസ്സിനു് അനുതാപവും ജനിപ്പിക്കാൻ ഉതകുന്ന ഒരു രീതി!! അതുകൊണ്ടു് ഇതു മാറേണ്ടതു് ഒരാവശ്യമാണു്. പ. സിംഹാസനം പുരാതന പൗരസ്ത്യകാനോനരൂപം നമുക്കായിട്ടുകൂടി അച്ചടിപ്പിച്ചിട്ടുണ്ടു്. ആരാധ

നവർഷത്തിന്റെ അനുഗ്രഹം വിശ്വാസികൾക്കു ലഭിക്കുന്നതിനു വിധം ആ നമസ്കാരം നാം ഉപയോഗിച്ചു തുടങ്ങണം. എല്ലാ പ്രത്തിൽ മനസ്സിലാക്കാൻ അതു മലയാളത്തിലാക്കണം; സൗകര്യത്തിനു് അതു ചുരുക്കുകയും ചെയ്യണം. ആത്മാർത്ഥതകൂടി ചൊല്ലുന്നതിനു വിധം ചിലതെല്ലാം ഉപേക്ഷിച്ചു ക്രമപ്പെടുത്തണമെന്നു മാത്രം!



അദ്ധ്യായം പത്തു്

ചില പ്രത്യാശകർം.

വികസനത്തിനും വളർച്ചയ്ക്കും വിധേയമല്ലാതെ ചട്ടക്കൂട്ടിനുള്ളിൽ ഒതുക്കിനിറുത്തേണ്ടതല്ല ആരാധനക്രമം (Liturgy). അതു് കാലദേശസാഹചര്യങ്ങൾക്കനുസൃതമായി വളർന്നു്, സഭയുടെ യൗവ്വനത്തെ പ്രതിബിംബിപ്പിക്കണം. നമ്മുടെ റീത്തിനെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള വളർച്ച രണ്ടുതരത്തിലാകാം. റീത്തിൻറെ പ്രകൃതത്തിനൊത്ത വിധവും, എന്നാൽ ആരാധനക്രമത്തിൽ ഇന്നു പ്രോരണ ചെലുത്തിക്കൊണ്ടിരിക്കുന്ന മൗലികസിദ്ധാന്തങ്ങളുടെ വെളിച്ചത്തിലും, നമ്മുടെ റീത്തിൻറെ വികസനം പഠനവിഷയമാക്കുന്നതാണു്. ഭാരതീയസംസ്കാരത്തിനു അനുരൂപമായവിധം അതിനെ വളർത്തിയെടുക്കാം.

I. റീത്തിൻറെ പ്രകൃതത്തിനൊത്ത വളർച്ച.

ഈ പഠനത്തിനു് നമ്മുടെ ആരാധനക്രമത്തിൻറെ ഭൂതകാലത്തെയ്ക്കു് നാം കണ്ണോടിക്കേണ്ടിവരും. അതിൽ നാം സ്ഥാപിതരാകേണ്ടതു്. മരിച്ചു മണ്ണടിഞ്ഞ റീത്തിൻറെ "പുരാതന പവിത്രത" (Pristine purity) പുനർജ്ജീവിപ്പിക്കുകയെന്നതല്ല അതിൻറെ ഉദ്ദേശ്യം. പ്രത്യുത, റീത്തിൻറെ പ്രകൃതിക്കനുസൃതമായ വളർച്ച സാദ്ധ്യമാണോ എന്നും, അതിൻറെ അനുഷ്ഠാനം ചെയ്യ ഏതെങ്കിലുമൊരു ഘട്ടം, കർമ്മോൽസുകമാഗമഗിതപ്രദാനംചെയ്യുവാൻ ആരാധനക്രമത്തിൽ വരുത്തേണ്ട വ്യതിയാനങ്ങൾക്കു മാർഗ്ഗദർശകമാകുമോ എന്നും ആരായുകയാണു നമ്മുടെ ലക്ഷ്യം.

1. ബേമാ പുനരുദ്ധരിക്കുക.

ദൈവാലയത്തിൻറെ സംവിധാനത്തെപ്പറ്റി പറയുകയിൽ (Instruction of 26th Sept. 1964, n. VII) വേദപുസ്തകവായനകൾ നടത്തുന്നതിനു് ഉയർന്ന പീഠം (ഉയർന്ന പീഠങ്ങൾ, ambo) ഉണ്ടായിരിക്കുന്നതു് നല്ലതാണു് എന്നും, അവ വായനാക്കാരനെ കാണുന്നതിനും

കേന്ദ്രീകരിക്കുന്നതിനും തക്കവിധം സജ്ജീകരിക്കണമെന്നും റോമൻറീത്തിൻെറ ആരാധനക്രമപരിഷ്കരണം നിഷ്കർഷിക്കുന്നു. സിറിയൻറീത്തുകളെ സംബന്ധിച്ചിടത്തോളം ഇപ്രകാരമുള്ള ഉയർന്ന പീഠം (Platform) ഉപയോഗത്തിലിരുന്നു. ദൈവാലയത്തിൻെറ (ഹൈക്കല) മദ്ധ്യഭാഗത്തു് 'ബേമാ' എന്ന പേരോടുകൂടിയ ഇത്തരത്തിലുള്ള 'പ്ലാറ്റ്ഫോമി'ൽ വച്ചാണു് വിശുദ്ധ കുർബാനയുടെ ആദ്യഭാഗം (അല്ത്തായക്കുർബാന) നടത്തിയിരുന്നതു്. ബേമായിൽ കാർമ്മികനും മറ്റു ശെവാമികർക്കും ഉപവിഷ്ടരാകുന്നതുള്ള പീഠങ്ങളും, കുരിശും വേദപുസ്തകവും വച്ചിട്ടുള്ള 'ഗാഹൽത്താ' എന്ന പേരോടുകൂടിയ ഒരുപീഠത്തെയും ഉണ്ടായിരുന്നു.

വേദപുസ്തകപാരായണങ്ങൾക്കും സുവിശേഷപ്രസംഗത്തിനും ശേഷം സാർവ്വത്രികപ്രാർത്ഥന (കാറോസൂസ) ചൊല്ലുന്ന അവസരത്തിൽ ആർച്ചുഡീക്കൻ കാഴ്ചവയ്പു നടത്തിയിരുന്നു. കാർമ്മികൻ വിശ്വാസപ്രമാണത്തിനു ശേഷം മാത്രമാണു് അൾത്താരയെ സമീപിച്ചിരുന്നതു്. ആ അവസരത്തിലുള്ള സാഷ്ടാംഗപ്രണാമവും ചുംബനവുമൊക്കെ അൾത്താരയോടുള്ള പ്രത്യേക സ്നേഹബഹുമാനങ്ങൾ പ്രകടിപ്പിക്കുന്നവയാണു് (1). യഥാർത്ഥമായ അൾത്താര പ്രവേശനത്തിനുള്ള പ്രത്യേക രീതി (accessus ad altare) ആരംഭത്തിൽ കാണിക്കാത്തതു് കുർബാനയുടെ ആരംഭത്തിൽ സങ്കീർത്തനഭാഗത്തിനു ശേഷം കാർമ്മികൻ ഇപ്പോൾ അൾത്താരയെ സമീപിക്കുന്ന രീതി പണ്ടില്ലായിരുന്നുവെന്നതിൻെറ തെളിവാണു്. ഇപ്പോൾ കാഴ്ചവയ്പിനുശേഷം കാർമ്മികൻ അൾത്താരയിൽനിന്നു താഴെയിറങ്ങി വന്നശേഷം വിശ്വാസപ്രമാണം ചൊല്ലിയിട്ടു് അൾത്താരയിലേയ്ക്കു് വീണ്ടും കയറുന്നതു് പുരാതനമായ ഈ അൾത്താരപ്രവേശനം പ്രത്യേകമെടുത്തു കാണിക്കുന്നതിനാണു്. തന്നെയുമല്ല അൾത്താരപ്രവേശനത്തിനുള്ള പ്രാർത്ഥനകളും ഇപ്പോഴാണെല്ലാം ചൊല്ലുക. ഇതിൽനിന്നെല്ലാമുള്ള അനുമാനമിതാണു്: അല്ത്തായക്കുർബാന മദ്ബഹായ്ക്കു പുറത്തുവച്ചു നടത്തിയിരുന്നു.

---

1) Vellian Jacob, Les Prosternements dans le "Raza" Syro-Malabar, L' Orrient Syrien XI (1965) 371.

അദ്ധ്യയനക്കർബാന മദ്ബഹായ്ക്കു പുറത്തുവച്ചനുഷ്ഠിക്കുന്നതു് നമ്മെ സംബന്ധിച്ചിടത്തോളം ഒരു പുത്തരിയായി തോന്നാംവുന്നതല്ല വലിയ തിരുനാളുകളുടെ തലേദിവസമുള്ള ആഘോഷമായ വേസ്പര നടത്തുന്നതു് പള്ളിയുടെ നടക്കാണല്ലും (2). ഇതു ബേമായുടെ സ്ഥാനം കാണിക്കുന്നു.

വേദപുസ്തകവായനയ്ക്കു് അതിപ്രാധാന്യം നൽകുന്ന അദ്ധ്യയനക്കർബാന ജനങ്ങളുടെ മദ്ധ്യേയുള്ള ഉയർന്ന പീഠത്തിൽ വച്ചു നടത്തുന്നതു വളരെ അഭിലഷണീയമാണു്. അപ്പോഴം ജനങ്ങളോടു പ്രസംഗിക്കപ്പെടുന്ന സുവിശേഷം അവരുടെ ഇടയിൽനിന്നാണു് അറിയിക്കുക. അദ്ധ്യയനപ്രധാനമായ ആരാധനാഭാഗം അദ്ധ്യാത്മക്കളുടെ മദ്ധ്യേനിന്നു് അറിയിക്കപ്പെടുന്നതു ഉചിതമാണു് (3).

രണ്ടാമത്തെ ഭാഗം മദ്ബഹായിലും ആരാധനയുടെ പുറത്തും വച്ചു നടത്തുമ്പോഴും രണ്ടാമത്തെ ഭാഗത്തിനു് ഒരു പ്രത്യേകത സിദ്ധിക്കുന്നു. ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിൽ നിഗൂഢമായ ഒരു വശം ഉണ്ടെന്നുള്ള യാഥാർത്ഥ്യം, വി. കുർബാനയുടെ സാമൂഹ്യവശം ഇല്ലാതാക്കുന്നില്ലെന്നു നാം സ്മരിക്കണം. ഈ ദൈവിക നിഗൂഢതയ്ക്കു് മദ്ബഹായും തിരശീലയുമൊക്കെ ഉപകരിക്കും. അതേസമയം ദൈവവചനം ജനങ്ങളുടെ മദ്ധ്യേനിന്നു് അറിയിക്കുന്നതിലുള്ള അന്തയോജ്യത ബേമാകൊണ്ടു് ഉണ്ടാകുകയും ചെയ്യും.

പുരാതന സിറിയൻ ദൈവാലയങ്ങളുടെ മദ്ധ്യേ സ്ഥിരമായി പണിതുയർത്തിയിട്ടുള്ള ബേമാകാം ഉള്ളതായി ഭൂഗർഭശാസ്ത്രവും സിറിയൻ ആരാധനക്രമത്തെപ്പറ്റിയുള്ള പുരാതന ഗ്രന്ഥങ്ങളും സാക്ഷിക്കുന്നു. എന്നാൽ ഇക്കാലത്തു സൗകര്യത്തിനനുസരിച്ചു മാറാവുന്നതും തടികൊണ്ടുള്ളതുമായ ഒരു ചെറിയ പ്ലാറ്റ്ഫോം ഉപയോഗിക്കുന്നതായിരിക്കും അഭികാമ്യം. അതില്ലെങ്കിൽത്തന്നെയും ജനങ്ങൾക്കു കാണാനും കേൾക്കാനും കഴിയുമെങ്കിൽ ഇപ്പോഴം ആഘോഷമായ വേസ്പരയ്ക്കു് ചെയ്യാറുള്ളതുപോലെ വൈദികനു പീഠം സജ്ജീകരിച്ചാലും മതിയാകുന്നതാണു്.

---

(2) അദ്ധ്യയനക്കർബായയുടെ ഘടനതന്നെയാണു് ഈ വേസ്പരയ്ക്കുമുള്ളതു്.

(3) ഉച്ചഭാഷിണിയില്ലാത്ത പള്ളികളിൽ എല്ലാവർക്കും സുവിശേഷവും പ്രസംഗവും കേൾക്കുന്നതിനു ഇതു് ഉപകരിക്കുകയുംചെയ്യും.

സീറോ മലബാർ റീത്തിൽ ഏറ്റവും ആഘോഷമായ കുർബാനയപ്പണം, മെത്രാൻ കാർമ്മികനായി നടത്തുന്ന റാസയാണല്ലോ. അതിനു മേമായുപയോഗിച്ചാൽ കർമ്മങ്ങളും എത്രാണ്ടു് എപ്രകാരമായിരിക്കുമെന്നു നമുക്കു കാണാം: കുർബാനയുടെ ആരംഭത്തിലുള്ള 'പുക്ദാനകോൻ' 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി' 'സ്ഥാപിതനായ പിതാവേ, സങ്കീർത്തനം ഇവ വിശുദ്ധ കുർബാനയുടെ ആരംഭത്തിൽ നടത്തുന്ന കാനോന നമസ്ക്കാരത്തിന്റെ ഒരു ഭാഗമാണു്. അതു മെത്രാനെ കൂടാതെ വൈദികഗണം മേമായിൽവച്ചു നടത്തണം. അതിന്റെ അവസാനമുള്ള 'ഓനീസാദ് കുങ്കു' എന്ന കീർത്തനം (4) മെത്രാൻ ആർച്ചുഡീക്കനോടും ശുശ്രൂഷികളോടും കൂടി പ്രവേശിക്കുമ്പോഴം പാടുന്നുള്ളതാണു്. അതുകൊണ്ടു് ആ സമയത്തു് മെത്രാൻ ആർച്ചുഡീക്കനോടുകൂടി സങ്കീർത്തിയിൽ നിന്നു മദ്ബഹായിലൂടെ കടന്നു ദൈവാലയത്തിന്റെ മദ്ധ്യഭാഗത്തുകൂടെ മേമായിലേക്കു വന്നു് അവിടെ ആസനസ്ഥനാകുന്നു. റാസയിലേതുപോലെ കുമ്മാനുഷ്ഠാനങ്ങളും തുടരുന്നു 'ലാകുമാറാ'.. (സകലത്തിന്റെയും നാഥാ...) ത്രിശുദ്ധ കീർത്തനം ("പരിശുദ്ധനായ ദൈവമേ) ഇവയ്ക്കു ശേഷം മേമായിലെ പീഠങ്ങളിൽ നിന്നു വേദപുസ്തകഭാഗങ്ങളും ഇടയ്ക്കുള്ള തുർഗാമ, സുമാറാ തുടങ്ങിയുള്ള കീർത്തനങ്ങളും പാടുന്നു. മെത്രാനൊ ആർച്ചുഡീക്കനൊ വേറൊരു വൈദികനൊ മേമായുടെ നടുവിൽ നിന്നു സുവിശേഷം വായിക്കുന്നു.

തുടർന്നു്, സാർവത്രികപ്രാർത്ഥന (കാറോസൂസ. "നമുക്കെല്ലാവർക്കും സന്തോഷത്തോടും....)യുടെ സമയത്തു് ആർച്ചുഡീക്കൻ മദ്ബഹായിൽ ഇരുവശങ്ങളിലുള്ള മേശകളിൽ കാഴ്ചവസ്തുക്കളും കാസായിലും പീലാസായിലും ഒരുക്കിവയ്ക്കുന്നു. സ്ഥാനാർത്ഥികളുടെ 'കൈവയ്പു പ്രാർത്ഥനയും' അയോഗ്യരെ പിരിച്ചുവിടീലും നടത്തുന്നു. തുടർന്നു് ആർച്ചുഡീക്കൻ ബലിവസ്തുക്കളും കാഴ്ചവയ്ക്കുന്നു. മെത്രാൻ സാഷ്ടാംഗപ്രണാമം നടത്തിയശേഷം കൈകളും കഴുകുകയും വിശ്വാസപ്രമാണം ആരംഭിക്കുകയും പ്രാർത്ഥനകളും ചൊല്ലിക്കൊണ്ടു് അംശത്താര

(4) റാസയിൽ ചൊല്ലാറുള്ള 'സ്ലീവാ ദഹമോലൻ' പോലെയുള്ളവ.

ക്രമ ആടുമായി സമീപിക്കുകയും ചെയ്യുന്നു. റാസ സാധാരണ ക്രമവിധികളും അനുസരിച്ച തുടരുന്നു.

ഇത്തരത്തിലുള്ള ദിവ്യപൂജാർപ്പണം മുകളിൽ കൊടുത്തിട്ടുള്ള പ്രത്യേക ഗുണങ്ങളുടെ പുറമെ, മെത്രാൻ ചൊല്ലുന്ന ആ ശ്ലോഷമായ കുർബാനയ്ക്ക് ഒരു പ്രത്യേകതയായിരിക്കുകയും ചെയ്യും.

സഹകാർമ്മിക കുർബാന (Concelebration), ഇടവകയിലെ ഞായറാഴ്ചകളിലേയും തിരുനാളുകളിലേയും പ്രധാന കുർബാന ഇവയിൽ ആവശ്യപ്പെടുന്ന അല്പസ്വല്പവ്യത്യാസങ്ങളോടെ 'ബോമാസിസ്റ്റം' സ്വീകരിക്കുന്നതു് ഉപകാരപ്രദമല്ലേ എന്നു ചിന്തിക്കേണ്ടതാണു്.

2. വേദപുസ്തകവായനകൾ.

സിനഗോഗിൽ 'പ്രവാചകനും' 'പ്രമാണ'വും വായിക്കുന്ന രീതി ആദിമ ക്രൈസ്തവ സമ്മേളനങ്ങളിലും തുടർന്നു പോന്നിരുന്നു. ക്രമേണ അദ്ധ്യയനകുർബാനയിൽ (സ്ഥാനാർത്ഥികളുടെ കുർബാനയിൽ) പുതിയനിയമത്തിലെ വായനകളും കൂട്ടിച്ചേർത്തുതുടങ്ങി. പുരാതനകാലങ്ങളിൽ സാധാരണമായി പുതിയനിയമത്തിൽനിന്നും ഈരണ്ടു വായനകൾ എടുത്തിരുന്നു. ആ രീതി നിലനിർത്തിക്കൊണ്ടുപോരുന്ന ഏകറീത്താണു് പൗരസ്ത്യ സിറിയൻ റീത്തു്. റാസയിൽ നാലു വായനകളുണ്ടു്. ഞായറാഴ്ചകൾക്കും തിരുനാളുകൾക്കും പഴയനിയമത്തിലെ രണ്ടു വായനകൾ കൊടുത്തിട്ടുണ്ടെങ്കിലും അതു റാസയ്ക്കു മാത്രമേ ഇപ്പോൾ ഉപയോഗിക്കുന്നുള്ളൂ. തിരുസ്സഭയിൽ വേദപുസ്തകപാരായണവും പഠനവും വളരെയധികം ഇപ്പോൾ പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ടു്. സാമാന്യമായിപ്പറഞ്ഞാൽ നമ്മുടെ അള്ളകളുടെ അത്ര മെച്ചമല്ലാത്ത വേദപുസ്തകപരിജ്ഞാനത്തെ പരിപോഷിപ്പിയ്ക്കേണ്ടതു് ഒരാവശ്യമാണു്. ആരാധനക്രമത്തിൽ ദൈവവചനത്തിനു് വളരെയധികം പ്രാധാന്യം നൽകണമെന്നു് ആരാധനക്രമഭദ്രിക്രിയും പഠിപ്പിക്കുന്നുണ്ടു് (art. 35). അതിനാൽ പുതിയനിയമത്തിലെ രണ്ടു വായനകളോട് ബന്ധമുള്ള പഴയനിയമവായനകളും ഞായറാഴ്ചകളിൽ ദിവ്യബലിക്കിടയ്ക്കു വായിക്കുന്നതു് അഭികാമ്യമാണു്. പുതിയനിയമ വായനകളെ പുരസ്കരിച്ചുള്ള പ്രസംഗത്തിനു് പശ്ചാത്തലവും ആമുഖവുമായിരിക്കും പഴയ

നിയമവായനകം. വേദപുസ്തകത്തിന്റെ കൂടുതൽ ഭാഗങ്ങളും ജനങ്ങൾക്കു പരിചിതമാകുന്നതിനു് ഞായറാഴ്ച കുർബാനക്കും തിരുനാളുകുർബാനക്കും ആരാധനക്രമവർഷത്തിന്റെ സ്വഭാവത്തിനനുസൃതമായി, ഇപ്പോഴുള്ള വായനകളെ കൂടാതെ, രണ്ടോ മൂന്നോ ഗണം വായനകൾകൂടി നൽകി ഓരോ വർഷവും അവയിൽ ഓരോ ഗണം വായനകൾ മാറിമാറി ഉപയോഗിക്കുന്നതും അഭിലഷണീയംതന്നെ.

3 ദൈവ വചന ശുശ്രൂഷ.

ദൈവവചനം കൂടുതൽ അറിയപ്പെടുന്നതിനും വേദപുസ്തകത്തിൽ ക്രിസ്തുവിനെ ദർശിക്കുന്നതിനും ജനങ്ങളെ പ്രാപ്തരാക്കുന്നതിനു 'വചനശുശ്രൂഷ' (Bible Service) നടത്തുന്നതു നല്ലതാണു്. അകത്തോലിക്കരുടെ ഇടയിൽ വളരെ പ്രാബല്യത്തിലിരുന്ന ഈ ശുശ്രൂഷ വേദപുസ്തകത്തിൽനിന്നുള്ള പല ഭാഗങ്ങളും വായിക്കുന്നതിലും സങ്കീർത്തനങ്ങളും മറ്റും ആലപിക്കുന്നതിലുമാണു് അടങ്ങിയിരിക്കുക. ആരാധനക്രമ ഡിക്രി അനുശാസിച്ചു് ഇത്തരത്തിലുള്ള വചനശുശ്രൂഷയ്ക്കു് അല്ഫോൻസാമ്മയുടെ ഘടനതന്നെ ആയിരിക്കണം (5).

നോമ്പിലും പ്രധാനപ്പെട്ട തിരുനാളുകളുടെ തലേ ദിവസങ്ങളിലും, വൈദികനെ കൂടാതെ ഞായറാഴ്ച ആചരിക്കേണ്ടി വരുമ്പോഴും ജനങ്ങൾ ഒന്നിച്ചുകൂടി ഇത്തരം വചനശുശ്രൂഷ നടത്തുന്നതു് പ്രോത്സാഹനീയമാണെന്നു കൗൺസിൽ ഡിക്രി പ്രസ്താവിക്കുന്നുണ്ടു്. തിരുനാളുകൾ അടിസ്ഥാനമാക്കിയോ സഭൈക്യം, സുകൃതങ്ങൾ എന്നിങ്ങനെ ഓരോ വിഷയത്തെ ആസ്പദമാക്കിയോ അനുയോജ്യമായ വായനകൾ തെരഞ്ഞെടുക്കണം. ഉദാഹരണമായി പാപത്തെയും പശ്ചാത്താപത്തെയും പുരസ്കരിച്ചു നടത്തുന്ന വചനശുശ്രൂഷയിൽ താഴെക്കാണുന്ന വായനകൾ ഉപയോഗിക്കാവുന്നതാണു്: സൃഷ്ടി 3, 1-13 (ആദിമാതാപിതാക്കളുടെ പാപം); ഏശയ്യ 53, 2-9. പാപഭാരം ഏറുവാങ്ങുന്ന

(5) art 35 4; ദൈവ വചനശുശ്രൂഷ എന്ന പേരിൽ കോട്ടയം കത്തോലിക്ക മിഷ്യൻപ്രസ്സിൽ നിന്നു പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ ആമുഖം കാണുക,

ഈശോയെപ്പറ്റിയുള്ള പ്രവചനം); ലൂക്കാ. 23, 33, 46 (പാപത്തിന്റെ ശോചനീയമായ പരിണിതഫലം); വിജ്ഞാനം 11: 15-12, 2 (പാപികളുടെനേർക്കുള്ള ദൈവത്തിന്റെ സ്നേഹം), 1 യോഹ. 1, 5—2, 2. (പാപി ദൈവത്തിങ്കലേക്കു തിരിയുന്നതായാൽ പാപവിമുക്തനാകും), ലൂക്കാ. 15, 11-24 (ധൂർത്തപുത്രൻ); പശ്ചാത്താപ സങ്കീർത്തനങ്ങൾ 6, 31, 37, 50, 129)

മാതാവിന്റെ സ്വർഗ്ഗാരോപണത്തിനാധാരങ്ങൾ: സുന്ദരിയായ രാജകന്യകയെ പാടിപ്പുകഴ്ത്തുന്നതിനു്: 44(45) സങ്കീർത്തനം 10-15; ദൈവത്തിന്റെ സന്നിധിയിലുള്ള രാജ്ഞിയുടെ മാധ്യസ്ഥശക്തി അനുസ്മരിക്കുന്നതിനു്; യൂദിത്തു് XIII 22-25, XV 10; കർത്താവിനു മനുഷ്യസ്വഭാവം നൽകിയ അവളോടുള്ള കടപ്പാടിനു്: പീലിപ്പോ II 5-11; മാതാവിന്റെ മഹത്വത്തിനു കാരണമായതു് എളിമയാണെന്നു് ഗ്രഹിക്കുന്നതിനു്: ലൂക്ക. I, 41, 50. ഇവ വായിക്കാം.

4. കാറോസൂസാ.

സാവ്ത്രികപ്രാർത്ഥനയെന്ന പേരിലറിയപ്പെടുന്നതും സുവിശേഷവായനയ്ക്കു ശേഷം ചൊല്ലുവുന്നതുമായ ഈ ലുത്തിനിയായിൽ സഭയുടെ ആവശ്യങ്ങൾക്കെല്ലാംവേണ്ടി പ്രാർത്ഥിക്കുന്നു. ഓരോ ശ്രുതിയ്ക്കും ഓരോ ഇടവകയ്ക്കും അതതിനേറ്റവുമായ പ്രത്യേകാവശ്യങ്ങളുണ്ടു്; അതും സമയകാലങ്ങളനുസരിച്ചു വിടുന്നമാകുന്നവയുമാണു്. ഇടവകയുടെ പ്രത്യേകാവശ്യമനുസരിച്ചു പ്രാർത്ഥിക്കുന്നതു് ഇടവകക്കാരുടെ കടമയാകയാൽ ഇടവക വികാരിക്കു് ആവശ്യാനുസരണം അപേക്ഷകരെ ഈ ലുത്തിനിയായോടുകൂടി ചേർക്കാവുന്നതാണു്. പ്രാണവേദനയനുഭവിക്കുന്ന ഒരു രോഗി, ഇടവകയിലുള്ള പകർച്ചവ്യാധി, കുട്ടികളുടെ ആത്മരക്ഷാനസ്പീകരണം, സ്ഥൈര്യലേപനം, ദൈവവിളിധ്യാനം ഇവയൊക്കെ അപേക്ഷയുടെ വിഷയങ്ങളാകാവുന്നതാണല്ലോ.

ഇപ്രകാരം ചെയ്യുന്നതു് പൗരസ്ത്യരുടെയും, ആദിമ ക്രിസ്ത്യാനികളുടെയും (6) യഹൂദന്മാരുടെ തന്നെയും സാർവത്രികാപേക്ഷയുടെ സ്പിരിറ്റിനു് യോജിച്ചതുമാണു്.

---

(6) വി. ജസ്റ്റിന്റെ കുർബാനവിവരണം കാണുക.

5. മറ്റു ക്രൈാശകളുടെ ആദർശപരമായ അനുഷ്ഠാനം.

വി. ജസ്റ്റിൻ ദിവ്യബലിയെപ്പറ്റി നൽകുന്ന രണ്ടു വിവരണങ്ങളിലൊന്നു് മാമ്മോദീസാ വിവരണത്തിനു ശേഷമുള്ളതാണു്. മാമ്മോദീസാ നൽകിയതിനു ശേഷം നേരിട്ടു് 'അനാഫറാ' ആരംഭിക്കുന്നതായിട്ടാണു പ്രതിപാദിക്കും. മാമ്മോദീസായും മറ്റും അനുഷ്ഠിയ്ക്കപ്പെട്ടന്ന ഞായറാഴ്ച വി. കുർബാനയുടെ ആദ്യ (അല്ഫായന) രൂപം ഉപേക്ഷിയ്ക്കാറുണ്ടെന്നു് അദ്ദേഹം സാക്ഷിക്കുന്നു.

വി. കുർബാനയെപ്പോലെ മറ്റുള്ള ക്രൈാശകളും സഭയുടെ അനുഷ്ഠാനങ്ങളാണു്. അവ സഭയെ ഒന്നാകെ ബാധിക്കുന്നവയാണു്. ഒരിടവകയിൽ ഒരു കുഞ്ഞിനു മാമ്മോദീസാ നൽകുന്നതു ഇടവകക്കാരെ എല്ലാം ബാധിക്കുന്നതായി കണക്കാക്കണം. കാരണം മാമ്മോദീസായിൽ ഒരുവൻ ക്രിസ്തുവിൽ ജനിച്ചു് ഇടവക–കുടുംബത്തിന്റെ അംഗമായിത്തീരുന്നു. തൈസ്തുലേപനംമൂലം ഈ പുതിയ ക്രിസ്തുനി പരിശുദ്ധാത്മാവിയുടെ ശക്തിയാൽ പവിത്രതയും ഉത്തരവാദിത്വവുമുള്ള കുടുംബാംഗമാകുന്നു. പാപംമൂലം ബലഹീനമായ കുടുംബ ബന്ധത്തെ ശക്തിപ്പെടുത്തുന്നതാണു കുമ്പസാരം. കുടുംബത്തിന്റെ നേതൃത്വത്തിനും നിലനില്പിനും ആവശ്യമായ ഉത്തരവാദിത്വത്തിലേയ്ക്കു കുടുംബാംഗങ്ങളെ ഉയർത്തുന്നതിനാണു് വിവാഹം, തിരുപ്പട്ടം എന്നീ ക്രൈാശകർമം. രോഗിലേപനം രോഗിയുടെ ആരോഗ്യത്തിനുവേണ്ടി കുടുംബാംഗങ്ങളും എല്ലാവരുംകൂടി നടത്തുന്ന ആചാരാനുഷ്ഠിതമായ പ്രാർത്ഥനയാണു്. ഇടവക ഒരു സമൂഹമാണെന്നും, സ്ഥലത്തെ സഭയാണെന്നും ആരാധനയിലൂടെ ഒരു സാമൂഹ്യപ്രകൃതിയുണ്ടെന്നും മനസ്സിലാക്കിക്കഴിയുമ്പോൾ വി. കുർബാനപോലെ മറ്റു ക്രൈാശകളും സാമൂഹ്യപ്രകൃതിയുള്ളവയാണെന്നു്, എല്ലാ വിശ്വാസികളേയും ബാധിക്കുന്നവയാണെന്നു്, മനസ്സിലാകും. അതിനാൽ മാമ്മോദീസാ, വിവാഹം, മറ്റു ക്രൈാശകളിൽ സഭാകർമ്മമുള്ള ചിലതെങ്കിലും വല്ലപ്പോഴുമെങ്കിലും ഞായറാഴ്ചദിവസങ്ങളിൽ ആഘോഷമായി ആദർശപരമായ രീതിയിൽ അനുഷ്ഠിക്കുന്നതു് അഭിലഷണീയമാണു് (7). ഇതു് ഇടവക ഒരു കുടുംബമാ

(7) വെള്ളിയാൻ, ആരാധനക്രമ നവോത്ഥാനം, ആളൂർ, 1966, 26–27 വശങ്ങൾ.

ണെന്നുള്ള ചിന്ത വർദ്ധിപ്പിക്കാൻ ഉപകരിക്കും. ആരാധനക്രമത്തിന്റെ സാമൂഹികപ്രകൃതി അവർ കൂടുതൽ മനസ്സിലാക്കുകയും ചെയ്യും. അതു് ആ കൂടാശകളെപ്പറ്റി ജനങ്ങളെ പഠിപ്പിക്കുവാൻ ഒരവസരമാകും. ഇങ്ങനെയുള്ള അവസരങ്ങളിൽ പുരാതന രീതിയനുസരിച്ചു കുർബാനയിലെ വേറെപുസ്തകപാരായണമുൾക്കൊള്ളുന്ന അല്ത്യായനഭാഗം വൈദികമേലദ്ധ്യക്ഷനുമതിയോടെ ഉപേക്ഷിക്കാവുന്നതാണു്. ശവസംസ്കാരക്രമത്തിൽ വീട്ടിൽവച്ചു നടത്തുന്ന ഭാഗത്തിനും അല്ത്യായനക്കുർബാനയുടെ ഘടനയുണ്ടു്. അതുകൊണ്ടു്, തുടർന്നു് ശവം പള്ളിയിൽ വച്ചുകൊണ്ടു് അർപ്പിക്കുന്ന ബലിയിലും അല്ത്യായനഭാഗം ഉപേക്ഷിക്കാവുന്നതല്ലേ? അപ്പോഴും കുർബാനയുടെ ആദ്യഭാഗം വീട്ടിലും രണ്ടാംഭാഗം പള്ളിയിലും നടത്തിയതായി കരുതാം. ഭവനവും ദൈവാലയവും തമ്മിലുള്ള അടുപ്പവും അതു ദ്യോതിപ്പിക്കുകയും ചെയ്യും.

6. കാനോന നമസ്കാരം.

ദിവ്യബലിയുടെ മുമ്പു് കാനോന നമസ്കാരത്തിന്റെ ഒരു ഭാഗം വിശ്വാസികളുമൊന്നിച്ചു ചൊല്ലുന്ന രീതി എല്ലാ റീത്തുകളിലുമുണ്ടായിരുന്നതും ഇപ്പോഴും മിക്കവാറും ഉള്ളതുമാണു്. കൽദായരുടെയും നെസ്തോറിയൻകാരുടെയും ദിവ്യബലിയുടെ മുമ്പു ഞായറാഴ്ചകളിലും തിരുനാളുകളിലും രാവിലെ 'സപ്ര' ചൊല്ലുന്നുണ്ടു്. അതുപോലെതന്നെ വലിയ തിരുനാളുകളുടെ തലേദിനം ആഘോഷമായി സായംകാല ശുശ്രൂഷ (Vespers) നടത്തുന്നു. അതു നല്ലൊരു തഴക്കമാണു്. പള്ളിയിൽ നേരത്തെ വരുമ്പോഴും നിവൃത്തിയുള്ള ആളുകൾക്കു സമയുടെ ഔദ്യോഗികപ്രാർത്ഥനയിൽ പങ്കുകൊള്ളാൻ സാധിക്കും. വൈദികർ ഇല്ലെങ്കിൽ തന്നെയും പരിചയിപ്പിച്ചിട്ടുള്ള അത്മേനിക്കാർ ഈ നമസ്കാരം വായിക്കുവാൻ സാധിക്കുന്നതാണു്. അനർഘനിധിയായ നമ്മുടെ കാനോന നമസ്കാരത്തിൽ നിന്നും ആദ്ധ്യാത്മികതത്പരർ പകർന്നെടുക്കാൻ വിശ്വാസികൾക്കു് അവസരം കൊടുക്കുകയാണതു്"..... ഞായറാഴ്ചകളിലേയും ആഘോഷതിരുനാളുകളിലെയും പ്രധാനമായ പ്രാർത്ഥനകളെ പ്രത്യേകിച്ചു സായംകാലപ്രാർത്ഥന (റംശ) ദൈവാലയത്തിൽവച്ചുതന്നെ കൂട്ടമായി നടത്തുവാൻ ആത്മപാല

Dharmaram College Library

കർ ശ്രമിക്കണം. അൽമായരും വൈദികരോടൊന്നിച്ചോ, അവർതന്നെ കൂട്ടമായോ, അല്ലെങ്കിൽ തനിച്ചെങ്കിലുമോ കാനോനികപ്രാർത്ഥന നടത്തുവാൻ അവരെ പ്രോത്സാഹിപ്പിക്കണം" (art. 100).

7. തിരുപ്പട്ടങ്ങൾ

തിരുപ്പട്ടങ്ങൾ നൽകുന്നതിനുള്ള ക്രമത്തിൽ പറഞ്ഞിട്ടുണ്ട്, "കർഖാനയുടെ മുമ്പാണ് പട്ടം കൊടുക്കുന്നതെങ്കിൽ, 'ഓനിസാദ്കൻകെ' മുതൽ (ആരംഭത്തിലുള്ള സങ്കീർത്തനത്തിനു ശേഷം) കർഖാനയാരംഭിക്കുന്നു" എന്നും. തിരുപ്പട്ടങ്ങൾ കർഖാനയുടെ സമയത്തോ അല്ലാതെയോ നൽകാമെന്നും സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെങ്കിലും അവ കർഖാനയിൽ തന്നെ — കർമ്മവിധികളനുസരിച്ചിട്ടുള്ളതുപോലെ സങ്കീർത്തനത്തിനു മുമ്പോ അതു കഴിഞ്ഞോ, വിശ്വാസപ്രമാണത്തിനു മുൻപോ കഴിഞ്ഞോ, ഉത്തമയാദ്ഭേമായുടെ (ദിവ്യകാരുണ്യസ്വീകരണത്തിനു) മുമ്പോ ഹ്രഞ്ഞാമ്മായുടെ (സമാപനാശീർവ്വാദത്തിനു) മുമ്പോ — നൽകുന്നതു് ഉത്തമമായിരിക്കും. ദിവ്യബലിയും തിരുപ്പട്ടവും തമ്മിലുള്ള ഗാഢബന്ധത്തെ അതുല്യോതിപ്പിക്കും. ആ കർഖാനയിലെ വേദപുസ്തകവായനകളും തിരുപ്പട്ടത്തെ സംബന്ധിക്കുന്നവ ആയിരിക്കണമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. സഹകാർമ്മികർഖാന ഇപ്പോൾ പ്രോത്സാഹിപ്പിക്കപ്പെട്ട വരികയാണല്ലോ. വിശ്വാസപ്രമാണം കഴിഞ്ഞു കർഖാനപ്പട്ടം നൽകിയാൽ നവവൈദികന്മാർക്കും തുടർന്നു മെത്രാൻ അർപ്പിക്കുന്ന ബലിയിൽ സഹകാർമ്മികന്മാരാകുവാനുതാണ്. ഈ നവപൗരോഹിത്യത്തിന്റെയും ബലിയുടെയും ഏകതാ സ്പഷ്ടമാക്കത്തക്കവിധത്തിൽ ക്രമമാക്കുകയാണു ഉചിതം. ഒരുമിച്ച് ഒരേ മെത്രാനിൽ നിന്നു തിരുപ്പട്ടം സ്വീകരിച്ചവർ ബലി അർപ്പിക്കാനായി ഉടനെ ചിതറി പല അംത്തോരകളിലേക്കു നീങ്ങുന്നതു വിശ്വാസികൾക്കു കൂടെയും അത്ര ഹൃദ്യമായിരിക്കുകയില്ല. മറിച്ച് തത്സമയം നവവൈദികന്മാർ മെത്രാനോടുകൂടി അർപ്പിക്കുന്ന സഹകാർമ്മികർഖാന വൈദികനു മെത്രാനോടുള്ള അടുത്തേയുമായ ബന്ധത്തെക്കുറിച്ചുള്ള ഒരു പ്രബോധനമായിരിക്കും.

അനുരൂപണം (adaptation)
സീറോ-മലബാർ റീത്തിൽ

റീത്തുകളുടെ സ്വകീയ സുന്ദരപ്രഭ വീണ്ടെടുക്കുകയെന്നതാണ് പുനരുദ്ധാരണത്തിന്റെ ലക്ഷ്യങ്ങളിലൊന്ന്. ഇതു രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനത്തിനു തികച്ചും ചേർന്നതാണ്. സീറോ-മലബാർ റീത്തിന്റെ പുനരുദ്ധാരണം കൊണ്ടു പ. സിംഹാസനം പ്രധാനമായും ശ്രദ്ധിച്ചതു മലബാറുകാർക്കു പൗരസ്ത്യ സുറിയാനി റീത്തിന്റെ അനുപമ സ്വഭാവം കാത്തുസൂക്ഷിക്കത്തക്കവിധമുള്ള ആരാധനക്രമം നൽകുകയെന്നതാണ്.

പുനരുദ്ധാരണം റീത്തു പരിഷ്കരണത്തിൽ ഒരു വശം മാത്രമാണ്. മറുവശം അനുരൂപണമാണ് (adaptation). അതിലൂടെ ആരാധനക്രമം നാനാസ്ഥാനത്തിന്റെ പ്രഥമ ലക്ഷ്യമായ സജീവമാംഗമാഗിതാത്മം വിശ്വാസികൾക്കു സുഗമമാകും. ദേശാനുസൃതം ഇന്നത്തെ ജനപഥത്തിന്റെ ചിന്താഗതിയോടും സാഹചര്യങ്ങളോടും ആരാധനക്രമത്തെ പൊരുത്തപ്പെടുത്തുകയാണ് ഈ പ്രക്രിയയിലൂടെ ചെയ്യുന്നതു. "ആവശ്യം നേരിടുന്ന സന്ദർഭങ്ങളിൽ സജീവമായ പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ, റീത്തുകളും സൂക്ഷ്മം പരിഷ്കരിക്കപ്പെടണമെന്നും ആധുനിക കാലത്തിന്റെ ആവശ്യങ്ങളേയും പരിതഃസ്ഥിതികളേയും അഭിമുഖീകരിക്കത്തക്കവണ്ണം അവയ്ക്കു പുതിയ ചൈതന്യം പ്രദാനം ചെയ്യണമെന്നും ഈ സൂനഹദോസ് അഭിലഷിക്കുന്നു." (C S L 4. 50, 37-40)

നമ്മുടെ റീത്തിൽ വരുത്താവുന്ന ചില പൊതുവായ അനുരൂപണ മാർഗ്ഗങ്ങളെപ്പറ്റി ചിന്തിക്കുന്നതു അസ്ഥാനത്താവുകയില്ല (1). കൂടുതൽ വിശദാംശങ്ങളും ഓരോ പ്രത്യേക സാഹചര്യത്തിലും കണ്ടുപിടിച്ചു പ്രാവർത്തികമാക്കാനേ പറ്റൂ. ദൈവാലയങ്ങളുടെ കലാശില്പം തികച്ചും ഓരോ തീയമാക്കാം. മദ്ബഹായുടെ മുമ്പിലുള്ള ദീപം മുൻകാല

---

(1) സീറോ-മലബാർ റീത്തിൽ ഇതുവരെ നടന്നിട്ടുള്ള അനുരൂപണങ്ങളെപ്പറ്റി മുകളിൽ പറഞ്ഞിട്ടുണ്ടല്ലൊ.

ങ്ങളിലേപ്പോലെ എന്തുകൊണ്ട് ഒരു കോലുവിളക്കായിക്കൂടാ? കെട്ടുപോകാതിരിക്കുവാൻ വേണ്ട കരുതലുകളും ചെയ്യാൽ മതിയാവും. ഭാരതത്തിൽ അഗ്നിക്കും ദീപത്തിനും ഇത്രയുമൊക്കെ പ്രാധാന്യമുണ്ടായിരിക്കെ, ഞായറാഴ്ച ഒരു കോലുവിളക്കു പള്ളിയുടെ നടുക്കു വയ്ക്കുകയും പ്രകാശഗീതവും പ്രത്യാശാകീർത്തനവുമായ (hymn of light and hope) ലൂക്കോസ്-'സകലത്തിന്റേയും നാഥാ'-ചൊല്ലുമ്പോൾ വിശ്വാസികളിൽ ചിലരെങ്കിലും അതിലെ തിരികൾ കത്തിക്കുകയും ചെയ്യുക അഭികാമ്യമല്ലേ? പ്രകാശത്തിന്റെ രാജാവായ ക്രിസ്തുവിന്റെ വരവിനെപ്പറ്റിയുള്ള ഗാനമായ 'ലൂക്കോസ്' യുടെ സമയം ഇപ്രകാരം ദീപം കൊളുത്തി വയ്ക്കുന്നതു കേവലം വികാരങ്ങളുടെ മാറ്റു കൂട്ടുകയില്ലേ?

'വിളവെടുപ്പുതിരുനാൾ' എല്ലാ ജനങ്ങൾക്കുമുണ്ട്. പല ആരാധനക്രമങ്ങൾക്കും. നമ്മുടെ ഋതുവിൽ മെയ് 15-ാം തീയതി ഘോഷിക്കുന്ന വിത്തുകളുടെ പരിരക്ഷകയായ പകുനുകയുടെ തിരുനാൾ ഇത്തരത്തിലുള്ളതാണ്. ഈ തിരുനാൾ നമ്മുടെ വിളവെടുപ്പുകളോട് അനുബന്ധിച്ച് ആഘോഷിക്കുക ചേർന്നതല്ലേ? സമൃദ്ധിയുടെയും വിളവിന്റെയും പ്രതീകമായ ഏതു സാമൂഹ്യകർത്തിരുനാളും ക്രൈസ്തവമാക്കാം. ദേശീയതിരുനാളായി ആഘോഷിക്കുന്ന ഓണം ക്രൈസ്തവമാക്കുന്നതിനെപ്പറ്റി ചിന്തിക്കുന്നതു നന്നായിരിക്കുകില്ലേ? വിളവെടുപ്പുതിരുനാളുകളിലും ഞായറാഴ്ചകളിലും വിശ്വാസികളും തങ്ങളുടെ നെറ്റിയിലെ വിയർപ്പിന്റെ ഫലം കാഴ്ചയായി പള്ളിയിൽ കൊണ്ടുവരട്ടെ; അരിയും ആട്ടും കോഴിയും കൂപ്പക്കിഴങ്ങും പൂക്കളും പഴങ്ങളുമെല്ലാം. 'പുഷ്പാർച്ചന' തികച്ചും ഭാരതീയമാണല്ലോ.

ശവസംസ്കാരകർമ്മത്തിൽ പനിനീരും ചന്ദനത്തിരിയും നാം ഉപയോഗിക്കുന്നുണ്ട്. ഫനാൻഷ്വെള്ളത്തിനു പകരം ഇനിയും എന്തുകൊണ്ട് എല്ലായിടത്തും പനിനീരായിക്കൂടാ? ജനങ്ങളം തിങ്ങിക്കൂടുമ്പോൾ വായുവിന്റെ നൈർമ്മല്യത്തിനും, മനസ്സിന്റെ സന്തുഷ്ടിക്കുമൊക്കെ ഉപകരിക്കുവുന്ന പനിനീരും കളഭവും മറ്റ് സാമൂഹികചടങ്ങുകളിലെന്നതുപോലെ ദൈവാലയത്തിലും ഉപയോഗിച്ചുകൂടേ?

ദൈവാലയത്തിൽവച്ചു വിശ്വാസികൾ തമ്മിൽ സമാധാനം നൽകുമ്പോൾ ഇൻഡ്യൻരീതിയനുസരിച്ചു് പത്മകമുദ്രമായി കൈകൾ കൂപ്പിയാൽ മതിയാവുകില്ലേ?

ഉള്ളൂരുജ്യമായ ഇൻഡ്യയ്ക്കു പറ്റുന്ന രീതിയിൽ തിരുവസ്ത്രങ്ങൾ ലളിതവും മൃദുലവുമായിക്കൂടെ? ഷൂസു് ധരിച്ചു് മദ്ബഹായിൽ പ്രവേശിക്കുന്നതു് നമ്മുടെ നാടിനു പറ്റിയതാണോ? ഒന്നുകിൽ നിഷ്പാദുകരായി; അല്ലെങ്കിൽ നമ്മുടെ നാട്ടിലെ ചൂടിനു പറ്റിയവിധം വള്ളിച്ചെരുപ്പോ മെതിയടിയോ മാത്രം ഉപയോഗിച്ചു് മദ്ബഹായിൽ പ്രവേശിക്കുക. ഈ പാദരക്ഷകൾ ദൈവാലയത്തിൽ മാത്രമേ ഉപയോഗിക്കാവൂ.

ആശീർവ്വാദങ്ങൾ.

ജനത്തിന്റെമേൽ കർത്താവിന്റെ അനുഗ്രഹവും കൃപയും ആശംസിക്കുമ്പോൾ കൈകൾ നിവർത്തി അവരുടെ മീതെ ഉയർത്തിപ്പിടിക്കുന്നതു നല്ലതാണു്. സഹായി കാർമ്മികന്റെ കരം ചുംബിക്കുന്നതിനു പകരം സഹായിയുടെ നെറ്റിമേലൊ, തലയുടെ മീതെയൊ കാർമ്മികൻ കൈകൾ വയ്ക്കുക അഭിലഷണീയമാണു്. വിയർത്തിട്ടുള്ള കരം ചുംബിക്കുന്നതിലുള്ള അരോചകത്വം അങ്ങനെ മാറിക്കിട്ടും.

സംഗീതം ഇൻഡ്യൻരാഗങ്ങളിൽ.

സംസ്കാരവുമായി ദൃഢമായി ബന്ധപ്പെട്ടതാണു് സംഗീതം. മനുഷ്യമനസ്സിന്റെ ചലനങ്ങളെ പ്രത്യോതിപ്പിക്കുന്നതാണതു്. സ്വാഭാവികമായി ബഹിർഗമിക്കുന്ന സംഗീതം വ്യക്തിയുടെ വികാരങ്ങളെ സൂചിപ്പിക്കുന്നു. ഈ ഉന്നത ഗുണങ്ങളോടുകൂടിയ സംഗീതത്തിനു് ആരാധനക്രമത്തിൽ വളരെയധികം സ്ഥാനമുണ്ടു്. കേട്ടുപരിശീലിച്ചിട്ടുള്ളതും നൈസർഗ്ഗികമായി ആലപിക്കുന്നതുമായ രീതികൾ ഉപയോഗിച്ചാൽ മനസ്സിനേയും വ്യക്തിയേയും ദൈവികചിന്തകളിലേയ്ക്കുയർത്താൻ വളരെയധികം ഉപകരിക്കാതിരിക്കയില്ല. അതുകൊണ്ടു് ഭക്തിദ്യോതകങ്ങളായ ഇൻഡ്യൻ ഗാനാലാപരീതികൾ ആരാധനക്രമസംഗീതത്തിലും ഉപയോഗിക്കുക എന്നതു് ഉത്തമമാണു്.

ഇതുപോലെ ഈ സംഗതിയിൽ നമ്മുടെ പരിചിന്തനത്തിനു വിഷയമായേക്കാവുന്ന വേറെ പല നല്ല കാര്യങ്ങളുമുണ്ടാവാം. ധനുമായ ഇന്തുൻസംസ്കാരത്തിനു് നമുക്കു നല്കാവുന്ന ഓഹരി വലുതാണെന്നതിൽ സംശയമില്ല. ക്രൈസ്തവാരാധനയോടുമാംവിധം നാം അതിനെ ക്രമവൽക്കരിക്കണമെന്നു മാത്രം. ഇന്നാട്ടിൽ ഉപയോഗത്തിലിരിക്കുന്ന മുന്നേറീത്തുകാരും യോജിച്ചു് ഈ അന്തരുപണപദ്ധതിയെപ്പറ്റിപഠിക്കുന്നതും ഏവക്കും ഉപകരിക്കാവുന്നവിധത്തിലായ അന്തരുപണങ്ങളും സ്വീകരിക്കുന്നതും വളരെ അഭിലഷണീയവുമാണു്. അതോടൊപ്പം ജനങ്ങൾക്കു് ഇൻഡ്യൻ സംസ്കാരത്തെയും ക്രൈസ്തവാരാധനക്രമത്തിനു് അന്തരുപണനത്തിനുള്ള കഴിവിനെയും പറ്റി കൂടുതൽ പ്രബോധനം നൽകണം. സ്വീകരിക്കുന്ന രീതികളുടെ അർത്ഥം സാധാരണക്കാർക്കു ഗ്രഹിക്കാൻ കഴിവില്ലെങ്കിൽ അന്തരുപണപദ്ധതി ഉപയോഗശൂന്യമായിരിക്കും.



ഉപസംഹാരം

സീറോ-മലബാർ ആരാധനക്രമത്തെപ്പറ്റി നാം ചരിത്ര പരമായൊരു സമഗ്ര പഠനം നടത്തി. ഇതിനു സഹായകമായ ആധികാരിക രേഖകളും ഇതര ചരിത്രവസ്തുതകളും, ആദ്യത്തെ നൂറാണ്ടുകളിഴിച്ചാൽ, വിരളമായിരുന്നില്ല. ആരാധനക്രമത്തെ നേരിട്ടു സ്പർശിക്കുന്ന ആദ്യത്തെ രേഖ 1301-ലെ കുർബാനയിൽ വായിച്ചിരുന്ന ഏങ്കുത്താ ഭാഗങ്ങളാണു്. അതു കൽദായ പഞ്ചാംഗത്തിനനുസൃതമാണു് (1). അതിനു മുമ്പുള്ള ആരാധനക്രമത്തെപ്പറ്റി എന്തെങ്കിലും അറിയുവാൻ അക്കാലത്തു് ഇവിടത്തെ മെത്രാന്മാർ ആരായിരുന്നുവെന്ന വസ്തുത കുറെച്ചൊക്കെ സഹായിക്കും. പൗരസ്ത്യ സിറിയൻ സഭയുമായി മലബാർ സഭയ്ക്കുണ്ടായ ബന്ധം ഏതുതരത്തിലായിരുന്നൊന്ന ചരിത്രവസ്തുതകളും ആധാരമാക്കി നാം പഠിക്കുകയുണ്ടായി. ഇവിടെ ഉപയോഗത്തിലിരിക്കാമായിരുന്ന ആരാധനാക്രമം, മറ്റു സാഹചര്യങ്ങളും ചരിത്രരേഖകളും മനസ്സിലാക്കുമ്പോൾ, പൗരസ്ത്യ സിറിയൻ രീതിയനുസൃതമായിരുന്നുവെന്നു പറയുന്നതിൽ സന്ദേഹത്തിനവകാശമില്ല. മലബാർ സഭ, പേർഷ്യൻ സഭയുടെ, സെലൂഷ്യൻ ടെസ്സിഫോൺ പാത്രിയാർക്കീസിന്റെ, ഭരണത്തിൻ കീഴിലുള്ള ഒരു സഭയായിരുന്നു (2). ഇവിടത്തെ ആരാധനക്രമം പൗരസ്ത്യ സുറിയാനിക്കാരുടേതും. ഇതു പോർട്ടുഗീസുകാർ വന്ന ഘട്ടത്തിൽ തികച്ചും ശരിയായിരുന്നു; തർക്കമില്ല.

എന്നാൽ കൽദായ രീത്തു് അതേപടി അപ്പാടേ, പകർത്തുകയല്ല ചെയ്തതു്. പൗരസ്ത്യ രീത്തുകളുടെ സ്വാതന്ത്ര്യം വിനിയോഗിച്ചു് ഇൻഡ്യൻ സംസ്കാരവും സാമൂഹ്യികരീതികളും ആരാധനക്രമത്തിലേക്കു പകർത്തി. അതിനൊരുപക്ഷേ നൂറാണ്ടുകൾതന്നെ വേണ്ടിവന്നിരിക്കാം. അക്കാലമൊക്കെയും ആരാധനാക്രമത്തിന്റെ അനുരൂപണ ഘട്ടമായി കണക്കാക്കുന്നതിൽ തെറ്റില്ല. ഏതെല്ലാം കാര്യങ്ങളിൽ അനുരൂ

---

(1) 6, 7 വശങ്ങൾ.

(2) സീറോ-മലബാർ കുർബാന തക്സാ, കല്ലുപ്പാറ, 1966 P. VI
The Book of Common Prayer of the Syrian Church Transl. Bede Griffiths, Kurusumale, 1966, P. VII.

പണം നടത്തിയെന്നു നാം മൂന്നാം അദ്ധ്യായത്തിൽ കാണുകയുണ്ടായി.

ഈ അനുരൂപണരീതി പോർട്ടുഗീസുകാരുടെ വരവിനു ശേഷം അസാദ്ധ്യമായിത്തീർന്നു. ക്രൈസ്തവസ് സുനഹദോസിന്റെ ചിന്താഗതിയിൽ ഈ മാതിരി ഒരുവിധവും അഭിലഷണീയമായിരുന്നില്ല. ലത്തീൻ റീത്തിൽ ആരാധനക്രമത്തിന്റെ ഐവിധവും ദുസ്വാതന്ത്ര്യത്തിനു വഴിതെളിച്ചതുകൊണ്ടും, പ്രൊട്ടസ്റ്റന്റിസത്തിനെതിരായി പാശ്ചാത്യസഭയ്ക്കു ശക്തിയായി പോരാടേണ്ടിവന്നതിനാലും ക്രൈസ്തവസുനഹദോസ് വിശ്വാസത്തിലെന്നതുപോലെ ആരാധനക്രമത്തിലും ഐകരൂപ്യം തേടി. അംഗവിനുസത്തിൽപ്പോലും അങ്ങേയറ്റം സൂക്ഷ്മനിർവചനം നൽകാൻ അന്നത്തെ റോമൻതകസ് (1570) ശ്ലൈഹപതിച്ചതിൽ അത്ഭുതമില്ല. ഈ സാഹചര്യത്തിൽ അനുരൂപണ പദ്ധതി തുടരുക സാദ്ധ്യമായിരുന്നില്ല.

പോർട്ടുഗീസ് മിഷനറിമാർ ഇവിടെക്കണ്ട ആരാധനക്രമം അതേപടി പ്രോത്സാഹിപ്പിക്കുവാൻ സന്നദ്ധരായില്ല. കാരണം അതിൽക്കണ്ട പുതുമയും, ചരിത്രപരമായി അതിനു പേർഷ്യൻ സഭയോടുള്ള ബന്ധവും, അനുരൂപണ ഫലമായി ഇൻഡ്യൻ സാമൂഹ്യികരീതിയോടുള്ള സാധർമ്മ്യവും മിഷനറിമാരിൽ സംശയമുളവാക്കി. 'പാഷണ്ഡതകളും ശീശ്മകളും' അക്കാലത്തു യൂറോപ്പിൽ 'പേടിസ്വപ്നം'മായിരുന്നു. വിശ്വാസപവിത്രതകാത്തുപാലിക്കാൻ റീത്തു കഴിവതും ലത്തീൻ മയം ആക്കണമെന്നായി. ഉദയംപേരൂർ സുനഹദോസ് അതിന്റെ മൂർത്തീഭാവമായിരുന്നു. സദുദ്ദേശത്തോടുകൂടിയവയെങ്കിലും അജ്ഞതയിലടിയുറച്ചവയായിരുന്ന ഇത്തരത്തിലുള്ള നീക്കങ്ങളും. ഉദയംപേരൂർ സുനഹദോസ് ഒരുത്തുമല്ലായിരുന്നു; ഒരാരംഭം മാത്രമായിരുന്നു. നാലഞ്ചു നൂറ്റാണ്ടുകളിലൂടെ നീണ്ടുനിൽക്കേണ്ട ഒരു പരിപാടിയുടെ ഔപചാരികോദ്ഘാടനമായിരുന്നു അതു്. അതിൽ നിർവിശങ്കം സ്വീകരിച്ച 'പുസ്തക നശീകരണ പദ്ധതി' മൂലം 16-ാം നൂറ്റാണ്ടിനു മുമ്പു് ഉപയോഗിച്ചിരുന്ന ഇവിടത്തെ ആരാധനക്രമത്തെപ്പറ്റി പഠിക്കാനുള്ള സ്രോതസ്സുകളൊന്നുതന്നെയും ഇല്ലാതായി. റോസുമെത്രാനും കമ്പോറി എസ്. ജെ. യും കൂടി കി

ട്ടുവുന്നിടത്തോളം ആരാധനക്രമ പുസ്തകങ്ങളും നെസ്തോറിയൻ പാഷണ്ഡതയെ ഭയന്നു "കീറിക്കളയുകയും നശിപ്പിച്ചുകളയുകയും കത്തിച്ചുകളയുകയും" ചെയ്തതായി (3) രേഖയുണ്ടു്.

തെയോസു് സുനഹദോസിന്റെ പ്രഥമലക്ഷ്യങ്ങളിലൊന്നു് വി. കുർബാനയിലെ യഥാർത്ഥ സാന്നിദ്ധ്യം നിഷേധിച്ച പ്രോട്ടസ്റ്റന്റുകാരുടെ കെതിരായി ഒരു ദൈവശാസ്ത്രം ക്രമപ്പെടുത്തിയെടുക്കുക എന്നതായിരുന്നു. ആ ദൈവശാസ്ത്രം (Theology) വി. കുർബാനയിലേക്കു പകർത്തിയപ്പോൾ പരമപ്രധാനം നൽകിയതു് കുർബാനയിലെ യഥാർത്ഥ സാന്നിദ്ധ്യം (Real Presence) ആരാധന (Adoration) ഇവയ്ക്കാണു്. ഇവ മാത്രമല്ല ബലി. കൃതജ്ഞതാപ്രകടനവും കാഴ്ചയർപ്പിക്കലും സ്തോത്രഗീതവുമൊക്കെയാണതു്—അതോടൊപ്പംതന്നെ ഒരു ദൈവികവീരുന്നും. പിൽക്കാലങ്ങളിൽ ബലിയുടെ ഇങ്ങനെയുള്ള വശങ്ങളിൽ ശ്രദ്ധ കുറയുവാൻ തുടങ്ങി. അതു യൂറോപ്പിൻ മിഷനറിമാരിലൂടെ നമ്മുടെ റീത്തിലും കടന്നുപറ്റി. ബലിയെപ്പറ്റിയുള്ള ദൈവശാസ്ത്രത്തിൽ ഇടക്കാലത്തു് അവഗണിക്കപ്പെട്ട വശങ്ങളെല്ലാം വേണ്ടവിധം പുനഃസ്ഥാപിക്കാൻ പാശ്ചാത്യസഭകളും ഇന്നു ശ്രമിക്കുകയാണു്. ആരാധനക്രമനവോത്ഥാനം അതാണു് ചെയ്യുക.

ഉദയംപേരൂർ മുതൽ അടുത്തകാലം വരെ ലത്തീൻറീത്തു് സഭയുടെ ഉത്തമറീത്താണെന്നും അതിനോടു യോജിക്കാത്തതെല്ലാം രണ്ടാംതരമാണെന്നുമുള്ള തെറ്റിദ്ധാരണ പലരിലും കടന്നുകൂടി. റീത്തിന്റെ പ്രധാനഘടകം ഭാഷയായി കരുതിക്കൊണ്ടു് ചിലർ ലത്തീൻ ക്രമങ്ങളും സുറിയാനിയിലേക്കു തർജ്ജമചെയ്തു് റീത്തു പരിപാലിച്ചുവെന്ന സംതൃപ്തിയോടെ ഇവിടെ ഒരു സങ്കരറീത്തുണ്ടാക്കാൻ സഹായിച്ചു.

ഈ സാർവത്രികസഭയുടെ ചിന്താഗതിക്കെതിരാണു്. ഈ ചിന്താഗതി ചില ശീർഷകംതന്നെയും സഭയിലുണ്ടാക്കാനിടയാക്കി എന്ന കാരണത്താൽ ആധുനികകാലത്തെ മാർപ്പാപ്പാമാർ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുണ്ടു്. റീ

(3) 1599 28നവമ്പർ 28—ാംതീയതി കമ്പോറി S. J, ചേന്നമംഗലത്തുനിന്നു് റോമിനെഴുതിയ കത്തിൽ നിന്നു്.

ത്തുകൾ എല്ലാം തിരുസ്സഭയിൽ തുലുങ്ങളാണെന്നു്. രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ ചിന്താഗതിയും ഇക്കാര്യത്തിൽ ഏകീഭവിക്കുന്നു.

അക്കാരണത്താൽ ഒൻപതാം പീയൂസു മുതൽ ഇന്നത്തെ മാർപ്പാപ്പാ വരെ ആവർത്തിച്ചുശാസിച്ചിട്ടുണ്ടു്, പൗരസ്ത്യ റീത്തുകളും അഭംഗുരം പലിക്കപ്പെടണമെന്നു്. ഇതിനു് തെളിവാണു്. ചില കാനോനായ യാക്കോബായ വൈദികന്മാരുടെ പുനരൈക്യത്തെപ്പറ്റി "സഗൗരവം പരിഗണിച്ചശേഷം വിശ്വാസ നൈർമ്മല്യത്തിനു വിഘാതമായോ അന്ധവിശ്വാസത്തിനു വഴിതെളിക്കുന്നതോ ആയ യാതൊന്നും ഇല്ലാത്തപക്ഷം കത്തോലിക്കാ സഭയിലേക്കു തിരിച്ചുവരുന്ന വൈദികർക്കു് അവരുടെ റീത്തു തുടർന്നു പാലിക്കുവാൻ" പ. സിംഹാസനം 1921 ജൂലൈ 5-ാംനു- അനുവാദം നൽകിയതു്. പിന്നീടു സീറോ-മലങ്കര റീത്തുതന്നെയും അംഗീകരിച്ചു ഹൈരാർക്കി സ്ഥാപിച്ചതു് ഏവർക്കും അറിയാവുന്നതാണല്ലൊ. ഉപദേശത്താലൊ പ്രേരണയാലൊ പൗരസ്ത്യ കത്തോലിക്കരെ ലത്തീൻ റീത്തു സ്വീകരിക്കുവാൻ കാരണമാക്കുന്ന മിഷനറിമാർക്കു് ലഭിയോ പതിമൂന്നാമൻ മാർപ്പാപ്പാ കഠിനമായ ശിക്ഷ (suspensio a sacris) നല്കിയതു് ഇത്തരുണത്തിൽ അനുസ്മരണീയമാണു്.

"സഭയിൽ നിയമാനുസൃതം അംഗീകൃതമായ എല്ലാ റീത്തുകൾക്കും വിശുദ്ധ മാതാവായ സഭ തുല്യാവകാശവും പദവിയുമാണു് നൽകുന്നതെന്ന വസ്തുത ഈ പ. സുനഹദോസ് സംപാരമ്പര്യാനുസരണം പ്രഖ്യാപിക്കുന്നു. മേലിലും എല്ലാ റീത്തുകളും അഭംഗുരം സംരക്ഷിക്കപ്പെടണമെന്നതാണു് സഭയുടെ അഭിലാഷം." (ആരാധനക്രമത്തെസ്സംബന്ധിച്ച കൊൺസ്റ്റിട്യൂഷൻ, 4-ാം വകുപ്പു്.)

"പൗരസ്ത്യറീത്തുകൾക്കു് തങ്ങളുടെ ആരാധനക്രമങ്ങളും ആചാരങ്ങളും സഭാ പാലിക്കുവാൻ കഴിയുമെന്നും അതു തങ്ങളുടെ കടമയാണെന്നും സ്പഷ്ടമായും സ്പഷ്ടതയെ സംബന്ധിക്കുന്നതുമായ ഉൽക്കർഷത്തെപ്രതിയല്ലാത്ത ഏതൊരു പരിവർത്തനവും നടപ്പാക്കുവാൻ പാടില്ലെന്നും അവർ അറിയട്ടെ.....ആരെങ്കിലും കാലത്തിന്റെയോ വ്യക്തികളുടെയോ പരിതസ്ഥിതികളുടെ മൂലം ഇവയിൽനിന്നു വ്യതിചലിക്കു

വാൻ ഇടയായിട്ടുണ്ടെങ്കിൽ അവർക്കപേക്ഷകൊച്ചാരങ്ങളിലേക്ക തിരിച്ചുവരുവാൻ തയ്യാറാകട്ടെ!! (പൗരസ്ത്യ കത്തോലിക്കാ സഭകളെ സംബന്ധിച്ച ഡിക്രി, 6-ാം വകുപ്പ്).

ഒൻപതാംപീയൂസ് മാർപ്പാപ്പാ മുതൽ രണ്ടാം വത്തിക്കാൻ സൂനഹദോസുവരെയുള്ള നീണ്ടൊരു കാലഘട്ടത്തിലെ തിരുസ്സഭയുടെ നിരവധി ആധികാരികപ്രഖ്യാപനങ്ങളുടെ നേർക്ക് അലസ മനോഭാവം കാണിക്കുവാൻ ആർക്കുംതന്നെ സാധുമല്ല.

അവിഹിതമായ ഘടകങ്ങളെ കയറിപ്പറ്റി, ആവശ്യമായ വ നഷ്ടപ്പെട്ട രീത്തിന്റെ പുനരുദ്ധാരണം അവശ്യാവശ്യമാണ്. സീറോ-മലബാർ രീത്തിനെസംബന്ധിച്ചിടത്തോളം അതെ പ്രകാരം ലത്തീൻമയമാണെന്ന നാം മുകളിൽ കണ്ടു. അതതു രീത്തിന്റെ പ്രകൃതി സൂക്ഷിക്കണമെന്ന പ്രമാണം നടപ്പാക്കുവാനുള്ള മാർപ്പാപ്പാമാരുടെ നിർദ്ദേശങ്ങളെ കല്പനകളെ നമുക്കു മാർഗ്ഗദർശകമാകണം.

ധന്യമായ രീത്ത്.

പുനരുദ്ധാരണംകൊണ്ട് നമ്മുടെ രീത്ത് കൂടുതൽ ധന്യമായി. കാനോന നമസ്കാരത്തിന്റെ ധന്യതയെപ്പറ്റി നാം നേരത്തെ കണ്ടു. അതുപോലെ കുർബാനക്രമവും ധന്യമായിട്ടുവരികയാണിപ്പോൾ. അതിലും ഞായറാഴ്ചകളിലും തിരുനാളുകളിലും മാറിമാറിവരുന്ന പ്രാർത്ഥനകളുണ്ട്. പുനരുദ്ധരിക്കപ്പെട്ട രീത്തിൽ മൂന്നു കുർബാനക്രമങ്ങളാ (അനാഫറ, കാനൻ)ണുള്ളത് അവയിലൊന്നു മാത്രമേ നാം മലയാളത്തിലുപയോഗിച്ചുതുടങ്ങിയിട്ടുള്ളൂ. വി. കുർബാനയിലെ മാറിമാറിവരുന്ന പ്രാർത്ഥനകൾ (proprium) പലതുണ്ട് — ആരംഭത്തിലെ സങ്കീർത്തനങ്ങൾ, ഓനീ സാ ദ് കങ്കെ (റാസയിലേ സ്തുതിവാ ദഹ് വാലന്റെ പകരം) ഓനിസാദ് റാസേ (മിസ്സാപ്പാ സഖ്റേസ്- കാഴ്ചവയ്പിനുള്ള കീർത്തനം) ദ് ഹിലത്ത് (സാധാരണകുർബാനയ്ക്കില്ല). ഓനിസാദ് ഖേമ, ഖാത്തേ(ആഹൈകമ്പെൽ-ദിവ്യകാരുണ്യസ്ഥാപനത്തിനു മുമ്പ്). ഇങ്ങനെ പ്രാർത്ഥനകൾ മാറിമാറി വരുമ്പോൾ ആരാധനക്രമം കൂടുതൽ ആകർഷകമാകുമല്ലോ.

മാറിമാറി വരുന്ന പ്രാർത്ഥനകൾ ഓരോ തിരുനാളിനെയുംപറ്റി വേണ്ട വിജ്ഞാനം വിശ്വാസികൾക്കു നൽകു

കയും കേരളചിന്തകളെ ഉദ്ദീപിപ്പിക്കുകയുംചെയ്യുന്നു. ലളിതമായ രീതിയിൽ സാധാരണക്കാർക്കു മനസ്സിലാകത്തക്കവിധം നൽകുന്ന വിവരണങ്ങളും വിശദീകരണങ്ങളും പ്രബോധനാത്മകവും കേരളവികാരജനകവുമത്രെ.

എന്നാൽ പുനരുദ്ധാരണംകൊണ്ടു് ആരാധനക്രമത്തിന്റെ സർവ്വവളർച്ചയും 'അടച്ചു മൂടേച്ചു' എന്നാരും ധരിക്കരുതു്. വളർച്ചയ്ക്കു വിധേയമാണു് ആരാധനക്രമം. മനുഷ്യന്റെ സംസ്കാരവും ചിന്താഗതിയും സാഹചര്യങ്ങളും മാറുന്നതിനൊത്തു് അനുരൂപപ്പെട്ടുമാവുന്ന പലതുമുണ്ടതിൽ. പുനരുദ്ധാരണംകൊണ്ടു പൗരസ്ത്യസിംഹാസനം റീത്തുപരിഷ്കാരത്തിൽ നമുക്കൊരടിസ്ഥാനം നൽകിയെന്നേ ഉള്ളൂ. അങ്ങനെ ശരിയായ പൗരസ്ത്യ സിറിയൻ അനുപമമായുള്ള ഒരാരാധനക്രമം നമുക്കു ലഭിച്ചു. ഇനിയും നാം അതിനെ ഇൻഡ്യൻ സംസ്കാരത്തോടനുരൂപപ്പെടുത്തണം.

ഇവിടെ ഒരു കാര്യം നാം വിസ്മരിക്കരുതു്. മറ്റു റീത്തുകളിൽനിന്നു നല്ല കാര്യങ്ങളും സ്വീകരിക്കുന്നതു തെറ്റായിട്ടല്ല റീത്തു പുനരുദ്ധരിക്കണമെന്നു പറയുന്നതു്. ആദ്യംതന്നെ സ്വന്തം റീത്തിന്റെ ധനാഢ്യതയെന്തെന്നറിയുക. ആ ധനം മുഴുവൻ കണ്ടെടുത്തതിനു ശേഷമേ പോരാത്തതെന്തെന്നു ചിന്തിക്കാവൂ. മറ്റു റീത്തുകളിൽനിന്നു് എന്തെങ്കിലും കൊള്ളണമെങ്കിൽ വെറും കടമെടുപ്പായിരിക്കരുതു്. റീത്തിന്റെ പ്രകൃതിക്കനുസരണമായി സ്വീകരിക്കയേ പാടുള്ളൂ. ഉദാഹരണത്തിനു ജറുസലേമിലെ ദു:ഖവെള്ളിയാഴ്ച അചരണത്തിൽനിന്നു് 'വി. കുരിശിനെ ആരാധിക്കുക' എന്നചടങ്ങുമീക്കവാറും എല്ലാ റീത്തുകളിലും സ്വീകൃതമായി. അത്തരത്തിൽ വി. കുരിശിനെ ആ ദിവസം ബഹുമാനിക്കുന്നതു് ചിതമെന്നു കരുതിയതിനാൽ പല റീത്തുകളും സ്വീകരിച്ചു. എന്നാൽ ചെയ്യുന്നരീതിയും ചൊല്ലുന്ന പ്രാർത്ഥനകളും ഓരോ റീത്തിലും പ്രത്യേകമാണു്. ഇതു് ആദിമ നൂറ്റാണ്ടുകളിൽ ആരാധനക്രമത്തിന്റെ അവ്യവസ്ഥാപിതഘട്ടത്തിൽ നടന്നതാണെങ്കിലും മറ്റു റീത്തുകളിൽനിന്നുള്ള സ്വീകരണരീതി വ്യക്തമാക്കുന്നു. നമ്മുടെ റീത്തിലില്ലാത്ത പലേ കേരളകൃത്യങ്ങളും ലത്തീൻ റീത്തിലുണ്ടു്. അവ നമുക്കു സ്വീകരിക്കാം. പലതും സ്വീകരിച്ചിട്ടുണ്ടു്. എന്നാൽ അവ സ്വീകരിക്കു

മ്പോഴും അതതു റീത്തിന്റെ രീതിക്കനുസരിച്ചു ക്രമവൽക്കരിക്കണമെന്നു മാത്രം.

പരി. കുർബാനയുടെ വാഴ്വു് ലത്തീൻ റീത്തിൽനിന്നു നാം സ്വീകരിക്കുന്നു. എന്നാൽ തത്സമയത്തുള്ള ഗാനങ്ങളും എന്തുകൊണ്ടു് റീത്തനുസരിച്ചു്, പരി. കുർബാനയെ പാടിപ്പുകഴ്ത്തുന്നതായിക്കൂടാ? ലത്തീൻ സഭയിൽത്തന്നെയും ശ്ലഹാലെശാൻ (Pangelingua) ആലപിക്കാതെ മിവുകാരണത്തെക്കരുതിച്ചുള്ള ഏതെങ്കിലും ഒരു ഗാനം ചൊല്ലിയാൽ മതിയെന്നായിട്ടുണ്ടെങ്കിൽ നാമെന്തിനു ലത്തീൻ റീത്തിലുപയോഗിക്കുന്ന പ്രാർത്ഥനകളെന്തിനുപയോഗിക്കണം. നാല്പതു മണി ആരാധനയും 13 മണി ആരാധനയുമൊക്കെ നമ്മുടെ ജനങ്ങൾക്കു പ്രിയംകരമാണു്, ഉപകാരപ്രദമാണു്. അതുകൊണ്ടു് നാം അതു പരിരക്ഷിക്കണം. പക്ഷേ അതിലും നമ്മുടെ ആരാധനക്രമത്തിന്റെ വ്യക്തിത്വം നാം പാലിക്കണമെന്നു മാത്രം. പുനരുദ്ധാരണത്തോടെ ഇത്തരത്തിലുള്ള കേന്ദ്രീകൃസങ്കടം നീങ്ങുമെന്നോ നീക്കംചെയ്യണമെന്നോ പറയുന്നതു് ശരിയല്ല.

റീത്തു പുനരുദ്ധാരണം കൊണ്ടു മാത്രം സർവത്രമായില്ല. അതതു വശമേ ആയുള്ളൂ. ഇനിയും സജീവമാംഗമോഗീതത്വം സുഗമമാകത്തക്കവിധം കുർബാന ക്രമം ലളിതമാക്കണമെങ്കിൽ അങ്ങനെ ചെയ്യണം. വേദപുസ്തകത്തിനു കൂടുതൽ പ്രാധാന്യം നൽകാൻ ദൈവവചന ശുശ്രൂഷകളും പ്രോത്സാഹിപ്പിക്കപ്പെടണം. സഭയോടൊന്നിച്ചു പ്രാർത്ഥിക്കാൻ കാരണഭൂതനായ നമ്മുടെ രക്ഷകനെ വിശ്വാസികൾക്കു പരിചിതമാക്കണം. ഇതിലെല്ലാം ഉപരിയായി നമ്മുടെ റീത്തിൽ ആദ്യകാലത്തുണ്ടായിരുന്ന അനുഷ്ഠാനസ്വാതന്ത്ര്യം നാം പുനഃസ്ഥാപനം ചെയ്യണം. അങ്ങനെ കാലത്തിനും ദേശത്തിനും അനുസൃതമായി പരിഷ്കാരങ്ങൾ വരുത്താം. അതുകൊണ്ടു് എന്നും മാറി മാറി വരുന്ന ഒരു വസ്തുവായി ആരാധനക്രമം തീരുകയില്ല. ന്യായമായ വ്യതിയാനങ്ങളോടൊത്തു പോകാൻ മടിക്കാത്തതാണു് ആരാധനക്രമം. ഒരു ജനത്തിന്റെ സംസ്കാരവും സമ്പ്രദായങ്ങളും അനുദിനമോ അനുവർഷമോ മാറുന്നതല്ലല്ലോ.

അനുബന്ധം I

ആരാധനക്രമത്തെപ്പറ്റി

ഉദയംപേരൂർ സൂനഹദോസിന്റെ തീരുമാനങ്ങൾ.

മാമോദീസാ—നാലാം ഖണ്ഡം.

മറ്റെല്ലാ സ്ഥലങ്ങളിലേയും പതിവനുസരിച്ചു മലങ്കരയിലും ശിശുക്കൾക്കു് എട്ടാംദിവസം തന്നെ മാമോദീസാ നല്കണം.

അതിനു് മേല്പട്ടക്കാരൻ കൂദാശചെയ്ത തൈലത്തു മാത്രമേ ഉപയോഗിക്കാവൂ.

തൈലത്തു പൂശുമ്പോഴും ചൊല്ലാനുള്ള പ്രാർത്ഥനകളും റോമൻക്രമത്തിൽനിന്നു തർജ്ജമചെയ്തുപയോഗിക്കണം. മാമോദീസാ നല്കുമ്പോൾ കൈവൈദികൻ 'സൂർപ്ലീസും' 'ഊറാറ'യും ധരിക്കണം.

മാമോദീസാ സ്വീകരിക്കുന്നവർക്കു് ഇപ്പോൾ സാധാരണ വിളിക്കുന്ന പേരുകളും അല്ലാതെ പഴയനിയമത്തിലെ പേരുകളും നൽകരുതു്.

ഓരോ പള്ളിയിലും ധനസ്ഥിതിക്കനുസൃതമായി ഓരോ മാമോദീസാ തൊട്ടി പണിയിക്കണം.

സ്ഥൈര്യലേപനം—നാലാം ഖണ്ഡം.

മെത്രാന്മാർ മാത്രമേ ഈ കൂദാശ പരികർമ്മം ചെയ്യാവൂ.

മലങ്കരയിൽ "ഈ കൂദാശകൊണ്ടു് ഏറെ പ്രയോജനം ഇല്ലാത്തതിനാലത്രെ" (1) സൂനഹദോസു് കല്പിക്കുന്നു: ആ കൂദാശനൽകാൻ മെത്രാൻ വരുമ്പോൾ 'ഭദ്രത' ഉള്ളവരൊക്കെ അതു സ്വീകരിക്കണം.

(1) പൗരസ്ത്യ സിറിയൻറീത്തിലും മറ്റു പൗരസ്ത്യ റീത്തുകളിലും മാമോദീസായോടുകൂടെ, ഒരു ശുശ്രൂഷയിൽത്തന്നെയാണു്, സ്ഥൈര്യലേപനം സാധാരണ നൽകിയിരുന്നതു്; ഒരു പ്രത്യേക ശുശ്രൂഷയായിട്ടല്ല.

VI. കുർബാന—അഞ്ചാം ആക്ട്.

കുർമ്മികൻ കൂദാശചെയ്യുന്നതു് സ്വന്ത വാക്കുകളുപ നോഗിച്ചല്ല; പ്രത്യുത കർത്താവിന്റെ വാക്കുകളും കൊണ്ടാണു്. അതുകൊണ്ടു് എത്ര നല്ലതെങ്കിലും, അവയോടു മറ്റു വാക്കുകളും കൂട്ടിച്ചേർക്കരുതു്. കാസാ കൂദാശ ചെയ്യുമ്പോൾ സുറിയാനിയിൽ ചൊല്ലുന്ന "ഉഹാനാ മെഹ്വെ ല്ഹോൻ റഹവോന ല്ആലം അൽമീൻ" എന്നതു് ഏവൻഗേലിയോനിലും മറ്റു വേദപുസ്തകങ്ങളിലും കാണുന്നില്ല. അതുകൊണ്ടു കാസാ ഉയർത്തി ത്രൊണോസിന്മേൽ വച്ചു മൂടുകത്തിയശേഷമേ മേല്പറഞ്ഞ വാക്യം ചൊല്ലാവൂ.

കാസായുടെ മേൽ ചൊല്ലേണ്ടുന്ന കൂദാശ വചനങ്ങളിൽ കർത്താവു് അരുൾചെയ്ത വാക്കുകളെല്ലാം കാണുന്നില്ല: "ദിയാ സേക്കെ ഹദത്ത വമ്സോമ്മായ്ത്താ റാസാ ദ് ഹൈമ്മാനൂസ." ഇതിലൊക്കെ ലത്തീനിൽനിന്നുള്ള ശരിയായ തർജ്ജമ ക്രമപ്പെടുത്തണം. നുകംശപ്പീർ എന്ന നമസ്ക്കാരത്തിൽ (സാവിത്രീക പ്രാർത്ഥന) രണ്ടു മൂന്നിടത്തു ബാശാദിലെ പാത്രിയർക്കായുടെ പേരു പറയുന്നുണ്ടു്. അതിനു പകരം മാർപ്പാപ്പായുടെ പേരു ചൊല്ലണം.

പരി. കന്യകയെ 'മിശിഹായുടെ മാതാവു്' എന്നു നാമകരണം ചെയ്തിരിക്കുന്നിടത്തു 'ദൈവമാതാവു്' എന്നാക്കണം. തെയഭോർ, ദിയഭോർ തുടങ്ങിയവരുടെ പേരുകൂടി പകരം വിശുദ്ധരുടെ പേരുകൂടി ചേർക്കണം. വിശ്വാസപ്രമാണത്തിൽ പോരാത്ത വാക്കുകൂടി കൂട്ടിച്ചേർക്കുകയും അനാവശ്യമായുള്ളവ നീക്കിക്കളയുകയും വേണം.

ചില കുർബാനതക്സാകളിൽ നെസ്റ്റോറിയസിന്റെയും തെയഭോറിന്റെയും നാമത്തിലുള്ള കുർബാനകളുണ്ടു്. അവ നീക്കിക്കളയണം. ആ കുർബാനകൾ ചൊല്ലുന്നവർക്കു മഹാരോൻ ശിക്ഷ.

സുറിയാനിക്കുർബാനയ്ക്കു ദൈർഘ്യം അധികമാണു്. അതുകൊണ്ടു ലത്തീൻ കുർബാന സുറിയാനിയിൽ തർജ്ജമചെയ്തതു ഇഷ്ടമുള്ളവർക്കു പഠിച്ചു ചൊല്ലാവുന്നതാണു്.

ക്ലേശം ചെയ്യപ്പെട്ട ഓസ്തിയിന്മേൽ തിരുക്കർമ്മം പൂർത്തി ഉയർത്തുന്നതു വിശ്വാസത്തിനു വിരുദ്ധമാണു്. അതാരും ചെയ്യരുതു്.

അറിവുപട്ടമില്ലാത്തവർ, ദിവ്യബലിയിൽ ശുശ്രൂഷകരായി വർത്തിക്കുന്നെങ്കിൽ തന്നെയും, ഊറാറ ഇടരുതു്.

ഞായറാഴ്ചകളിലും പെരുന്നാളുകളിലും 'മുഴുവൻകുർബാന' കാണാതിരുന്നാൽ ചാവദോഷം ചെയ്യുന്നുവെന്നു് എല്ലാവരും അറിയുന്നില്ല. അതുകൊണ്ടു സുന്നഹദോസു് അറിയിക്കുന്നു: നസ്രാണികളെല്ലാം ഞായറാഴ്ചകളിലും പെരുന്നാളുകളിലും വി. കുർബാന കാണണം.

മരിച്ചവരുടെ ആത്മാക്കൾക്കുവേണ്ടി കുർബാന ചൊല്ലിക്കണം.

പാപസങ്കീർത്തനം—ആറാം ആക്ടു്

വീട്ടുകാരണവർ മാത്രം ആണ്ടുകുമ്പസാരം നടത്തിയാൽ പോരാ; ഭാര്യയും കുട്ടികളും ആണ്ടുകുമ്പസാരം നടത്തുവാൻ ശ്രദ്ധിക്കണം.

രോഗിലേപനം—ആറാം ആക്ട്.

മലങ്കര നസ്രാണികൾക്കു് ഈ ക്ലേശമെപ്പോഴും പൂർണ്ണ അറിവു് ഇല്ലാത്തതുകൊണ്ടു് ഈ ക്ലേശം ചുരുക്കമായേ പരികർമ്മം ചെയ്യപ്പെട്ടുള്ളു (2). എന്നാൽ ഈ സുന്നഹദോസു് കല്പിക്കുന്നു: മേലിൽ ഈ ക്ലേശം സ്വീകരിക്കണം. തത്സമയം കൺപോളകളിലും ചെവികളിലും കൈകളിലും മൂക്കിന്മേലും ചുണ്ടുകളിലും കാലുകളിലും അരയിലും കുരിശടയാളത്തിൽ പൂശണം.

തിരുപ്പട്ടം—ഏഴാം ആക്ടു്

തെക്തോസു് സുന്നഹദോസിന്റെ കല്പനകൾക്കനുസരിച്ചേ പട്ടം സ്വീകരിക്കാവൂ.

---

(2) 36–ാം വശം കാണുക.

വിവാഹം—ഏഴാംഅക്ട്

യഹൂദരുടെയും വിജാതിയരുടെയും രീതിയനുസരിച്ച് നസ്രാണി ദമ്പതികളും വിവാഹത്തിന്റെ നാലാം ദിവസം സ്നാനം ചെയ്തേ മൈവാലയത്തിൽ പോകാറുള്ളൂ. ഈ സമ്പ്രദായം നിറുത്തണം.

കാനോന നമസ്കാരം

കുടാശപ്പട്ടം സ്വീകരിച്ചവരെല്ലാം തങ്ങളുടെ പദവികൾക്കനുസൃതമായി നമസ്ക്കാരം ചൊല്ലണമെന്നതാണു തിരുസ്സഭയുടെ കല്പന. എന്നാൽ ഈ ഇടവക (സഭ)യിലെ വൈദികന്മാരിൽ പലരും പള്ളിയിൽ ചെന്നെങ്കിലേ നമസ്ക്കരിക്കാറുള്ളൂ. പള്ളിയിൽ ചെല്ലുമ്പോഴും ആരെങ്കിലും നമസ്ക്കാരം ചൊല്ലുന്നുണ്ടെങ്കിൽ കൂടെ ജപിക്കാം. അതുകൊണ്ടു തുപ്പിയടയുകയും ചെയ്യും. പുസ്തകം ഇല്ലാത്തതിനാൽ മറ്റു ചിലർ നമസ്ക്കാരം ചൊല്ലാറില്ല. അവർക്കും അതുകൊണ്ടു വിഷമമൊന്നും തോന്നിക്കുന്നില്ല. അതുകൊണ്ടു ശ്രേഷ്ഠനായ സുനഹദോസ് കല്പിക്കുന്നു: കുടാശപ്പട്ടം സ്വീകരിച്ചവരൊക്കെ കാനോനിക നമസ്ക്കാരം നിത്യവും ചൊല്ലാതിരുന്നാൽ ദാവദോഷം പിഴയ്ക്കും.

തിരുനാളുകൾ–അഞ്ചാം അക്ട്

ജോലിയും കച്ചവടവും മുടക്കിയുള്ള തിരുനാളുകളുടെ പട്ടിക 9, 10 എന്നീ ഡിക്രികളിൽ നല്കുന്നു.
വീ. കുർബ്ബാനയുടെ തിരുനാളും റോമൻ സഭയിലേതുപോലെ ആഘോഷിക്കണം. (V, I. 1)

സൈത്ത്, കുർബ്ബാനക്കല്ല്, സുർപ്പ്ലീസ്

ഇവ ഓരോ പള്ളിക്കാരും സുനഹദോസ് സമാപനത്തിനു മുമ്പ് മെത്രാനിൽനിന്നു വാങ്ങിച്ചുകൊള്ളണം.

ഹനാൻവെള്ളം

ചില പള്ളികളിൽ ദൈലാപ്പുഴയിൽനിന്നുകൊണ്ടുവന്ന മണ്ണു വെള്ളത്തിൽ കലക്കിയും മറ്റു ചില പള്ളികളിൽ കുന്തുരുക്കം വെള്ളത്തിലിട്ടും ഹനാൻവെള്ളം ഉണ്ടാക്കുന്നു.

എല്ലാ ഞായറാഴ്ചയും കുർബ്ബാനയ്ക്കു മുമ്പ്, വെള്ളത്തിൽ ഉപ്പിട്ട് ആശീർവദിച്ചുണ്ടാക്കുന്ന ഹനാൻവെള്ളം ജനങ്ങളുടെ മേൽ തളിക്കണം (VIII 17)

നോയ്മ്പു്

പെന്തുർത്തായ്ക്കു പിറേറദിനമായ തിങ്കളാഴ്ച (Monday after Quingquagesima) മുതൽ വലിയ നോയ്മ്പു് ആരംഭിക്കുന്ന പുരാതനരീതി ബഹുമാനപുരസ്സരം സുനഹദോസു് വീക്ഷിക്കുന്നു. എന്നാൽ മറു സഭകളും ചെയ്യുന്നതുപോലെ ഓശാന ഞായറാഴ്ച കഴിഞ്ഞുവരുന്ന ബുധനാഴ്ച വെഞ്ചരിച്ചു കുരുത്തോല ചുട്ടെടുത്തു കരി അശീർവദിച്ചു വിശ്വാസികളുടെ 'നിറു'കയിൽ പൂശണം (VIII, II).

ശനിയാഴ്ച മാംസം ഭക്ഷിക്കരുതു്, എന്നാൽ മൊട്ടയും നെയ്യും പാലും ഉപയോഗിക്കാം. ഇവ നോയ്മ്പില്ലാത്ത ദിവസങ്ങളിൽ മത്സ്യം ഭക്ഷിക്കാനനുവാദമുള്ളപ്പോളെല്ലാമെപ്പോലെയും ഉപയോഗിക്കാവുന്നതാണു്. ഇവിടെ ബുധനാഴ്ച മാംസവർജ്ജന പാലിക്കുന്നതു ബഹുമാനപുരസ്സരം സുനഹദോസു് വീക്ഷിക്കുന്നു. എങ്കിലും ബുധനാഴ്ച മാംസം ഭക്ഷിച്ചാൽ ചാവുദോഷമാകുകയില്ല.

മാംസവർജ്ജനയുള്ള ദിവസങ്ങളിൽ അതു പാലിക്കേണ്ടതു പാതിരാ മുതൽ പാതിരാവരെയാണു്. സന്ധ്യതൊട്ടു സന്ധ്യവരെ ദിവസം കണക്കാക്കുന്നതു് യഹൂദന്മാരുടെ രീതിയാണു്.

പ്രാർത്ഥനകർമ്മം

വികാരിമാർ കുട്ടികളെ വേദപാഠം പഠിപ്പിക്കണം. സ്ലീവായുടെ അടയാളവും കർത്തൃപ്രാർത്ഥനയും 'നന്മനിറഞ്ഞ മറിയ'വും വിശ്വാസപ്രമാണവും മറും കുട്ടികൾക്കു പറഞ്ഞുകൊടുക്കണം. അതു് അളകർമ്മങ്ങളറ്റുതമായ സുറിയാനിയിലാകാതെ മലയാളത്തിലായിരിക്കണം. നന്മനിറഞ്ഞമറിയം എന്ന ജപത്തിന്റെ രണ്ടാമത്തെ ഭാഗം ചൊല്ലുന്നില്ല (1). അതു കൂട്ടി ചൊല്ലണം. (VIII, 19).

ഈശോ എന്ന തിരുനാമം ഉച്ചരിക്കുമ്പോൾ മലങ്കരക്കാർ പ്രത്യേകാചാരമൊന്നും കാണിക്കുന്നില്ല.

---

(1) ഈ ഭാഗം ലത്തീൻസഭയിൽത്തന്നെയും പ്രചാരത്തിൽ വന്നതു് പതിനാറാം നൂറ്റാണ്ടിലാണു്.

ത്രപങ്ങർം

മിക്ക പള്ളികളിലും ത്രപങ്ങർം ഇല്ല. സാമാന്യമായി ഓരോ കുരിശേ കാണാറുള്ളു. ഈ പതിവുണ്ടായതു് ഈ ത്രയും നാം ഇവിടെ നെസ്റ്റോറിയൻകാർ ഭരിച്ചതിനാലാണു്. ഓരോ ദേവാലയവും പണുതു തീർക്കുന്നതിനോടെ അതിൽ വയ്ക്കാനുള്ള ത്രപങ്ങളുമുണ്ടാക്കണം—പ്രധാന അംത്താരയ്ക്കും ചെറിയ അംത്താരയ്ക്കും (VIII, 29).

പ്രസംഗപീഠം

കഴിവുള്ള പള്ളികളിലൊക്കെ ഉടനെ പ്രസംഗപീഠം നിർമ്മിക്കണം.

മണി

എല്ലാ പള്ളികളിലും മണിഗോപുരം പണിയണം.

അംത്താര

വെടിപ്പുള്ള മൂന്നു തുവാലകം അംത്താരക്കല്ലിനു മീതെ വിരിക്കണം. (V, II, 10)

കുരിശടയാളം

കുരിശടയാളം വരയ്ക്കുമ്പോഴും ആശീർവദിക്കുമ്പോഴും ഇടത്തുനിന്നു വലത്തോട്ടാണു വരയ്ക്കുന്നതു്. എന്നാൽ ഈ മലങ്കരസഭയിൽ വലത്തുനിന്നു ഇടത്തോട്ടാണു് കുരിശുവരയ്ക്കുന്നതു്. പരി. സൂനഹദോസു് കല്പിക്കുന്നു: ഇടത്തുനിന്നു വലത്തോട്ടു വരയ്ക്കണം. (VIII, 37).

വിശ്വാസപ്രമാണം

മാർ അത്തനേഷ്യസു് രചിച്ച വിശ്വാസപ്രമാണം നിത്യവും കാനോന നമസ്ക്കാരത്തിൽ ചൊല്ലണം (VII, 1).

പൈതൃകസമ്പ്രദായങ്ങർം

ഒരുവൻ മരിക്കുന്നതോടെ അയാളുടെ കുടുംബത്തിലുള്ളവർ പുല'യുള്ളവരായിത്തീരുന്നു. അതിൽനിന്നു നിർവൃതി

നേടാനാഗ്രഹം കളിക്കാറുണ്ട്. അതു വർജ്ജിക്കേണ്ട രീതി കളിലൊന്നാണ്. അതുപോലെ കളിച്ചുടാതെ ആരംഭിക്കുന്ന നോയ്മ്പ് ശരിയല്ലെന്നു കരുതുന്നതും.

ക്രമം

എല്ലാം റോമാപ്പള്ളിയുടെ ക്രമവിധികം അനുസരിച്ചു നടത്തണം.

തിരുക്കർമ്മത്തിനുള്ള പുസ്തകങ്ങൾ

ശുശ്രൂഷകം കാവശ്യമുള്ള ക്രമങ്ങളും എല്ലാംകൂടി എഴുതി കുത്തിക്കെട്ടിയ ഒരു പുസ്തകം എല്ലാ പള്ളികളിലും ഉണ്ടായിരിക്കണം. ഓരോരുത്തരും ഇഷ്ടംപോലെ എഴുതാതിരിക്കുന്നതിനു അതു് ഓരോ വൈദികനും സൂക്ഷിക്കണം. പള്ളിയുടേതായി ഇരുന്നാൽ മതി. അതിലുണ്ടായിരിക്കേണ്ട ക്രമങ്ങൾ: മാമോദീസാ, രോഗീലേപനം, വിവാഹം, പാപസങ്കീർത്തനം എന്നീ കൂദാശകം നൽകാൻ; വി. കുർബാന എഴുന്നള്ളിച്ചുകൊടുക്കുന്നതിനു; ഫാനാൻവെള്ളം വെഞ്ചരിക്കുന്നതിനു; വിളതിത്തിരുന്നാളിൽ ചാരം വെഞ്ചരിക്കുന്നതിനു; മെഴുകുതിരി കുരുത്തോല ഇവ അനുഗ്രഹിക്കുന്നതിനു; കുട്ടികളേയും പ്രായംചെന്നവരേയും സംസ്കരിക്കുന്നതിനു; അശുദ്ധമാക്കപ്പെട്ടവ വീണ്ടും വിശുദ്ധീകരിക്കാൻ.

അനുബന്ധം II

പോർട്ടുഗീസ് ഭാഷ മലയാളത്തിൽ

പോർട്ടുഗീസുകാരുമായുള്ള സമ്പർക്കം മൂലം നമ്മുടെ ആരാധന ക്രമത്തിലും സാധാരണഭാഷയിലും പല പോർട്ടുഗീസു പദങ്ങളും കൂടി സിദ്ധിച്ചിട്ടുണ്ട്. തദ്ഭവവും തന്മമവുമായ ഇത്തരത്തിലുള്ള കുറെ പദങ്ങൾ താഴെ ചേർക്കുന്നു.

a) പോർട്ടുഗല്ലിൽ പ്രചുരപ്രചാരം സിദ്ധിച്ചതും ഇവിടെ പിന്നീട് ഏർപ്പെടുത്തിയതുമായ 'ദർശനത്തിരുനാൾ' സംബന്ധിച്ചവയാണ് അവയിൽ പലതും:

കൊമ്പീരിയം കൊന്ത്രിയം	Confraria =	Confraternity
ഒപ്പസ്യാരം—	Official officer.	
തോച്ച	Tocha	Torch
യമ്മദോർ	Ilamador	announcer
കൂമ്മഞ്ഞിമെന്തു്	accompanhamento	accompaniment
വങ്കേത്തി	Banquete	Banquet
പ്രസ്സേന്തി	Presidente	President
കപ്പ്ലാൻ	Capelao	Chaplain

b) ആരാധനക്രമത്തിലുപയോഗിക്കുന്ന മറ്റു പദങ്ങൾ.

റത്താം	Retabulo	Reredos
ബവഞ്ചരിപ്പു്	Benecao	Benediction
വീഞ്ഞു്	Ninho	Wine

പടത്തിഞ്ഞു°	Partido	Particles of hosts
തമ്പോർ	Tambor	Drum
കുമ്പസാരം	Confessar se	Confession
കുരിശു°	Cruz	Cross
കൊന്ത	Conta	Reckoning; Rosary

c) സാധാരണ ഭാഷയിലുള്ളവ

അലമാരി	Armerio	Almeira
മേശ	Mesa	Table
കസേര	Cadeira	Chair
ജനല	Janela	Window
ചിന്തേർ	Sinzel	Burnishing chisel
തുവാല	Toalha	Towel
തുറുങ്കു°	Tronco	Jail
താരിഫ°	Tarifa	Tariff
കോപ്പ	Copa	Cup
കപ്പിത്താൻ	Capitao	Captain
കുശിനി	Cozinha	Kitchen
കമ്മീസു°	Camisa	Shirt
ഗോവർണ്ണദോർ	Governador	Governor
മെസ്ത്രീരി	Mastre	Maistry
ലേലം	Leilao	Auction
റോന്തു°	Ronda	Night Patrol
വാര	Vara	A rod
ഷോടതി (സോടതി)	Sorte	Sort
സപ്പാത്തു°	Sapato	Shoe
മേസു°	Meja	Stockings

സൂചിക (1)

അക്കദിയാക്കോൻ ഗീവർഗീസ് 47

അനാഫൊറ

ഉദയംപേരൂർ സൂനഹദോസിന്റെ തീരുമാനം 19, 116, പുനരുദ്ധരിച്ച രീത്തിൽ—111

അനുരൂപണം (adaptation)

ഉദയംപേരൂർ സൂനഹദോസിനു മുമ്പ്—32 ff, 107. രണ്ടാം വത്തിക്കാൻ സൂനഹദോസ് 38, 39, 103. ഇനിയും വരുത്താവുന്നവ 103 ff.

അബ്രഹാം മാർ—11

ആരാധനക്രമം—

അവ്യവസ്ഥാപിതഘട്ടം—1, മലബാർ സഭ 16—ാം നൂറ്റാണ്ടുവരെ ഉപയോഗിച്ചിരുന്നതു്—2, 6, 9, 107. ഉദയംപേരൂർ സൂനഹദോസ് വരുത്തിയ മാറ്റങ്ങൾ—18. അന്ത്യോക്യൻ രീത്തിന്റെ ആഗമം—71 ff പുനരുദ്ധാരണം—93 ff. വളച്ചു 93 ff. 113, സജീവ ഭാഗഭാഗിത്വം—114.

ആരാധനക്രമപഞ്ചാംഗം

മാർ യാക്കോബ് ലത്തീൻ മയമാക്കുന്നു—10, 50.

ഇൻഡ്യയും പേർഷ്യയും—2 ff

സഭകളും തമ്മിലുള്ള ബന്ധം 4—7.

ഉദയംപേരൂർ സൂനഹദോസ്—13 ff, 108.

നിയമസാധുത്വം—14, 16, 80, സൂനഹദോസ് തീരുമാനങ്ങൾ—18, 115 ff. കുർബാനയിലും മറ്റും വരുത്തിയ മാറ്റങ്ങൾ 18 ff,

ഏകരൂത്വാ

വായനകൾ—97, 107. 'എപ്പിസ്തോളാരിയും'—6—7, വലിയ ആഴ്ചയിലെ വായനകൾ—50.

കരിയാറ്റിൽ— ലത്തീൻ രീതി അവലംബിച്ചു— 51 f.

കണ്ടത്തിൽ ആഗ്നുസ്തീനോസ് മെത്രാപ്പോലീത്താ—59, 74, 79.

കമ്പോറി എസ്. ജെ.—42, 108.

കാനോനനമസ്കാരം—11, 22, 88, 111, 112.

ഉദയംപേരൂർ സൂനഹദോസോടുകൂടി തിരുത്തലുകൾ—25, 28, 117 ആഴ്ചപ്പടിനമസ്കാരം—62. റോസുമെത്രാൻ പരിഷ്കരിച്ചു—41. ലെയൊനാർദ്ദ മെത്രാപ്പോലീത്താ ചുരുക്കുന്നു—68 പുതിയ പതിപ്പുകൾ—76, ആദർശപരമായ അനുഷ്ഠാനം—101.

---

1) താഴെ വരുന്ന അക്കങ്ങൾ ഈ പുസ്തകത്തിന്റെ വശങ്ങളെ കുറിക്കുന്നു.

കുർബാന

ഉദയംപേരൂർ സൂനഹദോസോടുകൂടിവന്ന മാററങ്ങളം—18, 116. അനാഫൊറാ—19. കൂദാശവചനങ്ങളം—19. ലത്തീനിന്റെ സുറിയാനി തർജ്ജിമ—25, 116. സ്ലീവസ്സകുർബാന—26. തിരുവസ്ത്രങ്ങളം—26, മൂന്നുപേർ ചേർന്നുള്ള റാസ—53. പൊന്തിഫിക്കൽ കുർബാന—75. കുർബാനസ്സ്ശേഷം 'എത്രയും ദയയുള്ള മാതാവേ' മുതലായപ്രാർത്ഥനകളം—56. മറു ചില പരിഷ്ക്കാരങ്ങളം—57. കുർബാനാനുഷ്ഠാന വിധികളം (തുക്കാസാ)—59, 76. സ്ലീവസ്സ കുർബാനയുടെ ക്രമം—62. കുർബാനയിൽ ദേശീയ രീതികളം—33. കുർബാന സ്വീകരണം—43. റോസുമെത്രാന്റെ റാസ—41, 42, 44, 45 റാസ-76. വി. കുർബാന പരസ്യമായി സ്ഥാപിച്ചുകൊണ്ട—76, സഹകാർമ്മിക കുർബാന (concelebration) —97. വേദപുസ്തകവായന—97. കാറോസൂസ—99, 110. വി. കുർബാനയുടെ വാഴ്വ് 61, 114, അംത്താര—119

കുർബാനക്കല്ല്—117.

കുർബാനപ്പുസ്തകം (തക്സാ)—

മാർ ജോസഫിന്റെ—11 ഉദയംപേരൂർ സൂനഹദോസോടുകൂടി—22, 24. റോസുമെത്രാന്റെ—41 ff, 48. ലത്തീൻ പ്രാർത്ഥനകളം കൂട്ടിച്ചേർത്തു—49, 1844—ൽ റോമിൽ അച്ചടിക്കുന്നു—45, 54 ആവാദ്'ക്കുദശാ, മ്വാറക്കുമറിയ, കുദാത്രൊണോസ്....49. ലത്തീൻ മാതൃകയിൽ—50, 1774—ലെ തക്സാ—51. ലെയൊനാർദ്ദ മെത്രാപ്പോലീത്താ പരിഷ്ക്കരിക്കുന്നു—68, 69 പുതിയ പതിപ്പുകളം—76 നാട്ടുമെത്രാന്മാർക്കുലഭിച്ചതു—84 f. പുനരുദ്ധാരണം—85 ff മലയാളത്തിലേക്കു വിവർത്തനം—87.

കൂദാശകളം—

ഉദയംപേരൂർ സൂനഹദോസോടുകൂടി—27, 15 ff, മൂറോൻ, സ്നാനാർത്ഥികളുടെ തൈലം-27 ff, കൂദാശകളിലെദേശീയത്വം 33 ff. മാമ്മോദീസാ—35, 82, 115. രോഗിലേപനം—36, 82, 117. വിവാഹം—37, 117 സ്ഥൈര്യലേപനം—74, 82, 115. തിരുപ്പട്ടം—83, 102 f. 117, കൂദാശകളുടെ ആദർശപരമായ അനുഷ്ഠാനം. 100. പാപസങ്കീർത്തനം—117. സൈത്തു—117.

കൂദാശവചനം

ഉദയംപേരൂർ സൂനഹദോസിൽ—19, 20, 116.

കൂദാശാനുകരണങ്ങളം—26 ff, മൂറോൻ, സ്നാനാർത്ഥികളുടെ തൈലം ഇവ വെഞ്ചരിക്കൽ—27 ff. വൈദികരുടെ വെള്ളോവ മുതലായവ—53 f. 69. മാസവണക്കങ്ങളം 55 f. ഹനാൻവെള്ളം—58, 117. കുമ്പസാരക്കൂട്—58. തീ ഉഴൽച്ച നിറുത്തലാക്കുന്നു—58. നാല്പതുമണി ആരാധന—60, 114. വി. കുർബാനയുടെ വാഴ്വ്, പ്രദക്ഷിണം—61, 114. വേസ്പര—62, 76, 90 ദുഃഖശനയാഴ്ച ക്രമം—75. സുറിയാനി റീത്തിലെ തിരുക്കർമ്മഗീതങ്ങളം—75. പൊന്തിഫിക്കൽ—77 ff. ദൈവാലയാശീർവാദം

—83. ദൈവവചനശ്രുശ്രൂഷ—98. സംഗീതം ഇൻഡ്യൻ രാഗങ്ങളിൽ—105. കുരിശടയാളം— 1 2, ശ്രുപങ്ങൾ—119. പ്രേ സംഗപീഠം—119. മണി—1 19.

ക്ലനൻകുരിശുസത്യം— 70.

കൊറൊളൊവ്സ്കി, സിറിൽ—78, 80, 86

ഗോവൻ സുനഹദോസ' തീരുമാനങ്ങൾ—11.

ചാവറ അച്ചൻ—54, 59 ff., 66 f., 69, 88.

ജോംബ് കെ, ഇ. 13, 15.

ടിസറണ്ട് കാർഡിനൽ—2, 81, 8 .

തളിയത്തു്, ഫാദർ—15.

തിരുനാളുകൾ

ദർശനത്തിരുന്നാൾ—29, വിഭൂതി, ഓശാന, പെസഹാവ്യാഴം 50. തിരുനാളുകളിൽ ദേശീയത—35. ശ്രുശ്രൂഷകൾ ലത്തീനിൽ— 45. കൂട്ടിച്ചേർത്ത (മൗസ്പ) തിരുനാൾ—74. മിശിഹായുടെ രാജത്വത്തിരുനാൾ—75. വി. കൊച്ചുത്രേസ്യായുടെ—75. വിളവെടുപ്പുതിരുനാൾ—104. ഉദയംപേരൂർ സുനഹദോസിന്റെ തീരുമാനം— 117

തിരുവസ്ത്രങ്ങൾ 11

കുർബാനക്കുപ്പായം ധരിക്കുന്ന രീതി—26, 57. കുർബാനക്കുപ്പായത്തിന്റെ നിറം—57. ദേശീയത കലർത്താം—105. സൂർപ്പെസ്— 117, ഭാരതത്തിനു യോജിച്ചവ— 105

ത്രെന്തോസ് സുനഹദോസ്—108, 109.

ദൈവാലയ നിർമ്മാണം

17—ാം നൂറാണ്ടിനു മുമ്പുണ്ടായിരുന്ന രീതി 31 f. അനുരൂപണം സാധിക്കാം—103 f.

നോയ്മ്പുകാലം

എട്ടുനോമ്പ്—29, പതിനഞ്ചുനോമ്പ് എട്ടുനോമ്പ് മുതലായവ നിർത്തുന്നു. 1 - 54, ഉദ. സുനഹദോസോടുകൂടി 118

പള്ളിവീട്ടിൽ ചാണ്ടിമെത്രാൻ—47,78.

പാലയ്യൂർ മല്പാൻ—53 f.

പാറപ്പുറത്തു വർക്കിയച്ചൻ—63

പാറേമ്മാക്കലച്ചൻ (വർത്തമാനപ്പുസ്തകം) 47, 51, 77.

പീയൂസ് പതിനൊന്നാമൻ—81, 85.

പൊന്തിഫിക്കൽ

പുനരുദ്ധാരണത്തിനു മുമ്പ്—77. പുനരുദ്ധാരണം—78 f. ഉള്ളടക്കം 82 f.

പോർട്ടുഗീസുകാരുടെ വരവ്—7, 8. സെമ്മിനാരി സ്ഥാപിക്കുന്നു—9. വരുത്തിയ ചില പരിഷ്കാരങ്ങൾ. 10. ആരാധനക്രമം പ്രോത്സാഹിപ്പിച്ചില്ല -108.

പോത്തക്കരയച്ചൻ—62, 64, 69.

പ്രാർത്ഥനകൾ

മാസവണക്കങ്ങൾ—55 f 69, അമ്പത്തുമൂന്നു മണി ജപം—56, 69. നാല്പതുമണി ആരാധന—60, 114. വി. കുർബാനയുടെ വാഴ്വ്, പ്രദക്ഷിണം—61. അനുദിനദിവ്യകാരുണ്യ സ്വീകരണം - 61, നവനാൾ ജപങ്ങൾ—63. ദിവസങ്ങളെ വിശുദ്ധന്മാരുടെ ഓർമ്മയ്ക്കായി വീതിക്കുന്നു—62 വൈദികരുടെ 'എൻ കിരീടിയോൻ'—70 പള്ളി വിസീത്ത (മെത്രാന്മാരുടെ —75 f. സാധാരണക്രമം——75, ദക്രേത്ത് 'പുസ്തകം മാക്കീൽ മെത്രാൻ) ——76. വേസ്പര, തീയുഴൽച്ച——58, 62, 76. 90. നന്ദി നിറഞ്ഞമറിയം——

പ്രാസിഡ് സി. എം. ഐ. 15, 17, 20, 25, 44 47, 53, 62, 69 71 86.

പ്രാസിഡ്, ഡെമെസ്റ്റർ O S B 80

ബർണ്ണാർദ്, ഫാദർ——52,

ബർണ്ണർദീനോസ് മെത്രാപ്പോലീത്ത ——54 ff.

ബേമാ——95 ff.

ഭക്താഭ്യാസങ്ങൾ——'പ്രാർത്ഥനകൾ' കാണുക.

മരിച്ചവർക്കുള്ള കർമ്മങ്ങൾ

17—ാം നൂറ്റാണ്ടിനു മുമ്പുണ്ടായിരുന്ന രീതി——32. 'ഏറമർമാക്കു' ——69. മരിച്ചവരുടെ ഒപ്പീസ്——69 76. വൈദികരുടെ ശവസംസ്കാരം——76. ദേശീയമാക്കൽ—— 104. മരിച്ചവർക്കുവേണ്ടി കുർബാന ചൊല്ലിക്കണം (ഉദ. സൂനഹദോസ്)....117, ഹൈന്ദവ സംപ്രദായങ്ങൾ: പൂല, നാലുകളി ——119

മാക്കീൽ മത്തായി മെത്രാൻ——76.

മെനേസസ് മെത്രാപ്പോലീത്താ

ഉദയംപേരൂർ സൂനഹദോസ് വിളിച്ചുകൂട്ടുന്നു—— 3, 20, 29 f. സ്ഥൈര്യലേപനം നൽകുന്നു——27. തകസാ 84.

യാക്കോബ്, മാർ——10.

ലെയൊനാർദ് മെത്രാപ്പോലീത്താ——68 ff.

വലിയവീട്ടിൽ ഗീവർഗീസച്ചൻ——70, 77.

വിശ്വാസപ്രമാണം—— ഉദയംപേരൂർ സൂനഹദോസിൽ——84.

വോസ്സ് ജെയിംസ് ഒ. പി——81, 82.

വൈദിക പഞ്ചാംഗം——62.

ഹൃത്താമ്മ——19, 49. മാതാവിന്റെ ഹൃത്താമ്മ——69,

റാസ് എസ്. ജെ.——85.

റിച്വൽ Ritual)

റോമൻ——11; ബ്രാഗൻ റിച്വൽ നാട്ടിലെ വൈദികർക്കു കൊടുക്കുന്നു——26. 1775—ൽ അച്ചടിക്കുന്നു, (ഉള്ളടക്കം)——51. തിരുക്കർമ്മ പുസ്തകങ്ങൾ—— 120 (Cfr. കുർബാനപ്പുസ്തകം, പൊന്തിഫിക്കൽ, വൈദികരുടെ എൻകിരീടിയോൻ)

റീത്തുകൾക്കു തുല്യസ്ഥാനം 109 f.

റോസ് എസ്. ജെ.——9, 11, 15 16, 40 ff, 84, 85 108.

BIBLIOGRAPHY

ASSEMANI J. S., Bibliotheca Orientailis, 3 tomi in 4 vols, Rome, 1719-1728

BAR HEBRAEUS, Chronieon Eccl. ed Lamy, Paris-Louvain, 1877.

BELTRAMI G. La Chiesa Caldea nel secolo dell' unione, Rome, 1903

BERNARD of St. Thomas, A Brief Sketch of the History of the St. Thomas Christians, Trichinopoly, 1924.

" " മാർത്തോമ്മാ ക്രിസ്ത്യാനികൾ 2 vols. Palai. 1916, 1921

BREVIARIUM CHALDAICUM, 3 vols.

BULLARIUM PATRONATUS, Portugalliae Curante Vicegerente De Paiva Maso, Appendix. Tomus I, Olisipiore, 1872

BURNET, A., Aramaic Inscriptions from Taxila, Journal of Asiatic Studies, 1915

GEORGE Cathanar C. T , The Orthodoxy of the St. Thomas Christians, Kottayam, 1904

DIVINE PRAYERS and services of the Catholic Orthodox Church of Christ, N. Y.. 1961

D'SOUZA, Oriente conquista, 2 vols. Bombay, 1881

Ferroli D., Jesuits in Malabar 2 vols. Bangalore, 1939-51

FORTESQUE A., The Lesser Eastern Churches, London 1913

Geddes M., The History of the Church of Malabar, London, 1694

GIAMIL S. Genuinae Relationes inter sactam sedem et···Chaldaeorum Ecclesiam, Rome, 1902

GISMONDI H., Maris Amri et Slibae de Patriarchis Nestorian orum commentaria, Rome 1896—99

GOUVEA A., Journada do Archbishop de Goa, Don Frey Aexio de Menezes, Coimbra, 1606

HANSSENS J. M. Institutiones Liturgicae de Ritibus Orientalibus, 2, vols. Rome, 1930

HOUGH J., History of Christianity in India, London, 1839, vols. 2

JARIUS P., Thesaurus rerum indicarum, Cologne. 1615

JEWISH ENCYCLOPEDIA, vol. V. "India."

K. E. JOB, കേരളത്തിലെ ക്രിസ്തുമതം Changanacherry 1927

K. N. Daniel, ഉദയം പേരൂർ സൂനഹദോസിന്റെ കാരണനാകം, തിരുവല്ല, 1952

KOROLEVSKY, Living languages in Catholic Worship, London, 1957

KEAY F. E., A History of the Syrian Church in India, Delhi, 1960

KRISHNA AYER A., Anthropology of the Syrian Christians, Ernakulam 1926

MEDLYCOTT A., India and the Apostle St. Thomas, London, 1905

LITURGIA SYRO-MALABARESE Revisione e ristampa del Messale Syro-Malabarese, Rome, 1955

MELLANO Leonard Archbp. ഇടയനടുത്തപ്രസ്ഥങ്ങൾ, Verapoly, 1893.

MINGANA A., The Early Spread of Christianity in India, Manchester, 1926

MONSERRETE, Informacion de los christianos de St. Thome, Rome 1579

NAU F., Fragments de Mar Aba VI, Trois Petits calandriers, Paris, 1912.

ORIENTE CATTOLICO, Sacra Congregazione per la Chiesa Orientale, Vaticano, 1962

P. THOMAS, Christians and Christianity in India and Paksitan, London, 1954

PANJIKARAN J. C. The Syrian Church in Malabar, Trichinopoly, 1914

PAOLINO DA S. BARTOLOMEO, Viaggio alle Indie Orientali, Rome, 1796

PAREMAKIL വർത്തമാനപ്പുസ്തകം Athirampuzha 1936

PASCAL A, The Latin and Syrian Hierarchies of Malabar, Trichur, 1937

PLACID of St. Joseph, അന്ത്യോക്യാ പാത്രിയക്കീസ്. Mannanam, 1931

,, ,, ക്നാൻകുരിശിനുമുമ്പ്, Tiruvalla, 1940

,, ,, നമ്മുടെ റീത്ത്, Mannanam, 1951

,, ,, De fontibus Juris Eccl.

" " Syro-Malankarensium, Rome, 1937

PLACID of St. Joseph Hindu in Culture, Christian in Religion, Oriental in worship, Ostkirchliche Studien, Wuerzburg, 1956, pp. 84-104.

" " The Present Syro-Malabar Liturgy Menezian or Rozian, Orient. Christ. Periodica, XXIII '57-324.

" " Three Apologetic Treatises in Malayalam, The scholastic, Chethipuzha, 1943

" " The Syrian Church of Malabar, Changanacherry 1938

PUTHIAKUNNEL T., The Syro-Malabar Clergy, Pachalam, 1965.

RAULIN J. F., Historia Ecclesiae Malabaricae cum Synodo Diamperitana, Rome, 1745

ROZ S. J., De erroribus Nestorianorum qui hac in India Orientali versantur, Orient. Christiana, vol. XI, No. 40, Rome, 1928

SCHURHAMMER U., The Malabar Church and Rome, Rome, 1934

SOLEDAD F., Historia Seraphica de ordem des Frades Minores de S. Francisco na provincia de Portugal, Lisbon, 1775.

STEWART J., Nestorian Missionary Enterprise, Edinburg, 1928

T. K. JOSEPH, കരിയാറിൽ മല്പാന്റെ വേദതർക്കം, കോട്ടയം മാസിക, Sept. 1920

THALIATH JONAS, The Synod of Diamper, Rome, 1958

TISSERANT E. Cardinal, Eastern Christianity in India, Culcutta, 1957

VALERIAN C. D., ചാവറകുര്യാക്കോസ് ഏലിയാച്ചൻ Mannanam 1939

VATICAN COUNCIL II, Decree on Catholic Oriental Churches

" Constitution on the Sacred Liturgy

V. C. GEORGE, The Syro-chaldean Church in Malabar, Tiruvalla 1956


VELLIAN J., പുനരുദ്ധരിക്കപ്പെട്ട സീറോമലബാർ കുർബാന, Irinjalakuda, 1962

" ആരാധനക്രമനവോത്ഥാനം. Irinjalakuda 1966

" " റീത്തും ബലിയും, Irinjalakuda 1964

" " Prosternements dans le "Raza" Syro-Malabar, L' Orient

Syrien XI (1966) 367 - 378
„ „ Liturgy in Malabar, Adaptations, Kenosis, Oct. 1966
VINCEZO Maria, II Viaggio all 'Indie Orientali, Venice, 1678
WERTH KARL, Das Schisma der Thomas Christen unter Erzbischof Franciscus Garzia, Limburg, 1937



DHARMARAM LIBRARY
BANGALORE - 560 029

Due Date	Due Date	Due Date

CT Library
00088025
F96 V545